നവലോക പര്യടനം

TRAVELS IN AMERICA

E
9/444

E. A. VARGHESE, M. A. (New York), B. L.

നവലോകപര്യടനം

TRAVELS IN AMERICA

ഈ. ഏ. വർഗീസ്
എം. ഏ. (ന്യൂയോർക്ക്), ബി. എൽ.

Eralil Publications
Statue Road, Trivandrum.

All Rights Reserved. As. 12.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതം.

വിഷയസംഗ്രഹം

		പുറം.
1.	അമേരിക്കാ	1
2.	ഓക്സ്ഫോർഡോ ന്യൂയാർക്കോ?	2
3.	"ഗാലി, ഗാലി"	5
4.	കയ്ച്ച വിരുന്നു്	7
5.	എല്ലിസ്ദ്വീപിലെ തടങ്കൽ	9
6.	"ഭൂലോകസ്വർഗ്ഗം"	15
7.	പ്രായോഗിക വിദ്യാഭ്യാസം	18
8.	മി. റോബട്ട്—യന്ത്രമനുഷ്യൻ	24
9.	അംബരചുംബികൾ	28
10.	"സ്വാമി ഈശ്വരാനന്ദൻ"	34
11.	"കളർബാർ"—വർണ്ണവൈഷമ്യം	36
12.	വിനോദങ്ങൾ	41
13.	നയാഗ്രായിലെ ധൂമകന്യക	48
14.	റോക്ക്ഫെല്ലരുടെ വിരുന്ന്	51
15.	കോടീശ്വരന്മാർ	55
16.	വർത്തമാനപത്രങ്ങൾ	60
17.	ഹെലൻ കെല്ലർ	65
18.	കൊള്ളക്കാർ	69
19.	കാപ്പിരികൾ	77
20.	ന്യൂയോർക്കിലെ സ്റ്റോക്ക്എക്സ്ചേഞ്ച്	81
21.	വാണിജ്യസമ്പ്രദായങ്ങൾ	84
22.	യന്ത്രഗീതം	89
23.	ഭാരതീയ വിദ്യാർത്ഥിബഹിഷ്കരണം	97
24	കാപ്പിട്ടോൾ	103
25.	ചില അനുകരണീയതകൾ	111
26.	വൈദ്യുത ശവദാഹം	118
27.	പ്രസംഗക്കമ്പനികൾ	123
28.	നീതിന്യായക്കോടതികൾ	130
29.	തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ തിരുനാളാഘോഷം	137

കേരള സാഹിത്യ അക്കാദമി

		പുറം.
30.	ഹോളിവുഡ്	140
31.	മംഗളം	151

കവർ മുൻപുറം ... സ്വാതന്ത്ര്യപ്രതിമ (Statue of Liberty)
,, പിൻപുറം .... എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ്

കേരള സാഹിത്യ അക്കാദമി

Cover Designed and Engraved

BY

Jacob I. Jacob
The Eastern Engravers, Trivandrum.

Blocks by curtesy of Educational Book Depot.

Trivandrum:
Printed at the Popular Press.

നവലോകപര്യടനം

1. അമേരിക്കാ

പ്രഥമദർശനം—സ്വാതന്ത്ര്യപ്രതിമ—അംബരചുംബികളായ
തുംഗസൗധപംക്തികൾ.

കടൽ—എങ്ങോട്ടുനോക്കിയാലും കണ്ണെത്താത്ത നീലജലപ്പരപ്പ്—ദൂരെ ചക്രവാളത്തിന്റെ സൂക്ഷ്മരേഖയിൽ ആഴിയും ആകാശവും തമ്മിൽ ലയിച്ച് ജീവാത്മാവു പരമാത്മാവിലെന്നപോലെ ഐക്യം പ്രാപിക്കുന്നു. ഇങ്ങനെ അനന്തവിസ്തൃതമായ അററ്‌ലാന്റിക് മഹാസമുദ്രത്തിന്റെ വിരിമാറിടത്തിൽ നൃത്തംവെച്ച് ഞങ്ങളുടെ കപ്പൽ ദീർഘയാത്രക്കുശേഷം അമേരിക്കൻഭൂഖണ്ഡത്തെ സമീപിക്കുന്നു.

നേരം കഷ്ടിച്ചു വെളുത്തുവരുന്ന ആ പുലരിയിൽ, അമേരിക്കയിലെ അംബരചുംബികളായ തുംഗസൗധപംക്തികൾ മേഘപടലങ്ങളിലൂടെ തലയുയർത്തി എത്തിനോക്കുംവണ്ണം വിദൂരത്തിൽ ഞങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചു. കൂടിയതു നാലോ അഞ്ചോ നിലകളുള്ള കെട്ടിടങ്ങൾ മാത്രം കണ്ടു പരിചയമുള്ള നമുക്കു നൂറും നൂററിരണ്ടും നിലകളുള്ള മഹാമന്ദിരങ്ങളുടെ ഔന്നത്യം ഭാവനാതീതമാണെന്നു തന്നെ പറയണം. അമേരിക്കരുടെ ധനൈശ്വര്യത്തിന്റെയും മഹാപ്രഭാവത്തിന്റെയും വിജയസ്തംഭങ്ങളെന്നവണ്ണം പരിലസിക്കുന്ന ആ രമ്യഹർമ്മ്യപരമ്പരകൾ ആകാശമണ്ഡലത്തിന്റെ ഉപരിതലങ്ങളെ ഭേദിക്കുന്നതായി തോന്നി...... ഞങ്ങൾ കണ്ടതു് ഒരു നവഖണ്ഡമല്ലാ ഒരു നവലോകം തന്നെയാണ്. പ്രഥമദർശനത്തിൽ ന്യൂയോർക്കിലെ ഈ കാഴ്ചകൾ കണ്ടു ഞാൻ കപ്പൽത്തട്ടിൽ അചഞ്ചലനായി നിന്നുപോയി.

തുറമുഖത്തോടടുത്തപ്പോൾ കപ്പലിന്റെ വേഗത കുറഞ്ഞു. ഞങ്ങളുടെ മുമ്പിൽ ഐക്യനാട്ടുകാരുടെ സ്വാതന്ത്ര്യലബ്ധിസ്മാരകമായി വിലസുന്ന "സ്റ്റാറ്റ്യൂ ഓഫ് ലിബേർട്ടി" പ്രത്യക്ഷപ്പെടുന്നു. അമേരിക്കരുടെ അഭിമാനസർവസ്വമായ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ ചിഹ്നമാണ് ഈ പ്രതിമ. ഇതിന്റെ വലുപ്പം ഭീമമെന്നേ പറയാനുള്ളൂ.

കേരളസാഹിത്യ അക്കാദമി

അതിന്റെ വലത്തുകൈയിൽ ഒരു ദീപം കത്തിയെരിഞ്ഞു നില്ക്കുന്നുണ്ടു്. സർവ്വലോകത്തിനും സ്വാതന്ത്ര്യപ്രകാശം നൽകുന്ന ധർമ്മദീപമാണിതു്.

വിശ്വവിഖ്യാതമായ സ്വാതന്ത്ര്യപ്രതിമയും, അതിന്റെ പശ്ചാത്തലമെന്നോണം ആകാശഭേദികളായ ഉന്നത ഗോപുരപരമ്പരകളും— ഇതാണു് ആദ്യമായി ഞങ്ങളുടെ ദൃഷ്ടിക്കു ലക്ഷീഭവിച്ച അമേരിക്കൻ ഭൂഖണ്ഡത്തിന്റെ സാമാന്യരൂപം.

---

2. ഓക്സ്ഫോർഡോ ന്യൂയോർക്കോ ?

കേരള സാഹിത്യ അക്കാദമി

അമേരിക്കയിലേക്ക്—"ടേബിൾ മാനേഴ്സ്"

അനേകവർഷങ്ങൾ അമേരിക്കയെക്കുറിച്ചു ദിവാസ്വപ്നം കണ്ടതിനുശേഷം ഉപരിവിദ്യാഭ്യാസത്തിനായി ഞാൻ അങ്ങോട്ടു കപ്പൽ കയറി. ഇംഗ്ലണ്ടിലേക്കു പോകുന്നതിനു പകരം ഞാൻ അമേരിക്കയിലേക്കു പുറപ്പെട്ടതു് എന്താണെന്നു പറഞ്ഞുകൊള്ളട്ടെ. ഓക്സ്ഫോർഡും കേംബ്രിഡ്ജും പ്രസിദ്ധവും പുരാതനവുമായ സർവ്വകലാശാലകൾ തന്നെ. സാഹിത്യം, ചരിത്രം, കണക്കു മുതലായ വിഷയങ്ങൾ പഠിക്കുന്നതിനായിരുന്നെങ്കിൽ ഞാൻ തീർച്ചയായും ഇതിൽ ഏതെങ്കിലും ഒരു സർവ്വകലാശാലയെ അവലംബിക്കുമായിരുന്നു. എന്നാൽ എന്റെ വിഷയം ധനശാസ്ത്രമായിരുന്നു. അതു പഠിക്കാൻ ലോകത്തിൽ ഏററവും ധനസമൃദ്ധിയുള്ള നാട്ടിൽ പോകണമെന്നു തന്നെ ഞാൻ തീരുമാനിച്ചു. വെറും ശാസ്ത്രീയപരമല്ലാതെ പ്രായോഗികമായ രീതിയിലാണു് അവിടത്തെ വിദ്യാഭ്യാസം എന്നു ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. അമേരിക്കയിലേക്കു പഠിക്കാൻപോകുന്നതിനു വേറൊരു കാരണംകൂടിയുണ്ടായിരുന്നു. വീട്ടിൽനിന്നു പണംവരുത്താതെ ഒരു വിദ്യാർത്ഥിക്കാവശ്യമുള്ള ചെലവിനു വേണ്ടതു സമ്പാദിക്കുന്നതിനു് അവിടെ സാധിക്കുമെന്നു ഞാൻ കേട്ടിരുന്നു. അമേരിക്കരുടെ ജീവിതാദർശങ്ങൾ നമ്മുടേതിൽനിന്നും വ്യത്യ

സ്തവും നവീനവുമാണ്. ഇതെല്ലാം പരീക്ഷിച്ചു് അറിയുകതന്നെ ! നവഖണ്ഡത്തിലെ നവാദർശങ്ങൾ ! പുതിയ ഖണ്ഡമായ അമേരിക്കാ കണ്ടുപിടിച്ചതു പഴയ ഖണ്ഡങ്ങളുടെ പാപം തീക്കാനാണെന്നു് ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ പറഞ്ഞിട്ടുണ്ടല്ലോ. ഇതിനെല്ലാം പുറമേ കോടീശ്വരന്മാരെക്കൊണ്ടും സിനിമാതാരങ്ങളെക്കൊണ്ടും നിബിഡമായ ആ ദേവലോകം ഒന്നു കാണുന്നതിനു് മററു പലക്കുമെന്നപോലെ എനിക്കും അതിയായ ഒരാഗ്രഹം ജനിച്ചു.

അരുണോദയപതാകപറത്തിയ ജപ്പാൻകാരുടെ ഒരു കപ്പലിലാണു ഞാൻ ഇംഗ്ലണ്ടിലേക്കു യാത്ര ആരംഭിച്ചതു്. (അമേരിക്കയിലേക്കു പോകുന്നതു സാധാരണ ഇംഗ്ലണ്ടിൽ ചെന്നാണു്.) പനാമയിൽ ലേസും എംബ്രോയിഡെറിയും കച്ചവടംചെയ്തുവന്നിരുന്ന ബംഗാളികളായ രണ്ടു മുഹമ്മദീയർ ഈ കപ്പലിൽ ഉണ്ടായിരുന്നു. അവക്കു് ഇംഗ്ലീഷു നല്ല വശമുണ്ടായിരുന്നില്ല. എനിക്കു ഹിന്ദുസ്ഥാനിയും അറിഞ്ഞുകൂടായിരുന്നു.

ബംഗാളിയെന്നും മലയാളിയെന്നുമുള്ള വ്യത്യാസം ഒന്നുരണ്ടുദിവസം കഴിഞ്ഞപ്പോൾ മാറിത്തുടങ്ങി. വ്യത്യസ്തമായ ഭാഷയും, വേഷവും, മതവും ആയിരുന്നു ആരംഭത്തിൽ ഉണ്ടായിരുന്ന ഈ അകൽച്ചയുടെ കാരണം. പക്ഷേ, ദിവസങ്ങൾ കഴിഞ്ഞുവന്നതോടുകൂടി ബംഗാളിയും, മലയാളിയും കൂടുതൽ പരിചയപ്പെടുന്നതിനു് ഇടയായി. ഇതിനു ചില കാരണങ്ങളുമുണ്ടായിരുന്നു. അവ ഭാരതീയർ പൊതുവെ അനുഭവിക്കുന്ന അവശതകൾ തന്നെയാണു്. അതു വിചാരിക്കുമ്പോൾ ജാതിമതവ്യത്യാസങ്ങൾ മറന്നു നാം എല്ലാവരും ഭാരതസന്താനങ്ങളാണെന്ന ബോധം സ്വതേ നമ്മിൽ ഉദിക്കും.

ഭക്ഷണസമയത്തു വെള്ളത്തൊലിയെന്നും കറുത്തതൊലിയെന്നുമുള്ള വ്യത്യാസം കപ്പലിൽ കണ്ടുതുടങ്ങി. ഇൻഡ്യക്കാരായ ഞങ്ങൾ മൂന്നുപേരെയും ഒരു സിംഗാളിസ്ത്രീയെയും ഒരുമിച്ചു് ഒരു മേശയ്ക്കരികിലും, വെള്ളക്കാരെ വേറൊരു മേശയ്ക്കരികിലുമായിട്ടാണു ഭക്ഷണത്തിനിരുത്തിവന്നതു്. ഇൻഡ്യയ്ക്കു വെളിയിൽ നാം വെറും അയിത്തജാതി ! ബ്രാഹ്മണന്റെയും വിധി ഇതുതന്നെ. അയിത്തം നിലനിറുത്തിക്കൊണ്ടുപോരുന്ന ഭാരതീയക്കു ദൈവം കല്പിച്ച ശിക്ഷയാണു് അന്യരാജ്യങ്ങളിൽ അവർ അനുഭവിക്കുന്നതു്.

കേരള സാഹിത്യ അക്കാദമി

പന്തിയിലെ ഈ പക്ഷത്തെ സംബന്ധിച്ചു കപ്പലിലെ സ്റ്റീവേർഡിനോടു ഞാൻ മനസ്സുചുട്ടു കുറെയെല്ലാം ഇംഗ്ലീഷിൽ പറഞ്ഞു. ഇൻഡ്യാക്കാർക്കു പാശ്ചാത്യരുടെ "ടേബിൾ മാനേഴ്സ്" (ഭക്ഷണമര്യാദകൾ) സാധാരണ പരിചയമില്ലാത്തതുകൊണ്ടാണു ഞങ്ങളെ പ്രത്യേകം ഇരുത്തിയതെന്നു് അയാൾ എന്നെ മനസ്സിലാക്കി. ഇതിൽ വളരെ വാസ്തവമുണ്ടു്. കത്തിയും, മുള്ളും വേണ്ടപോലെ പ്രയോഗിക്കാൻ നമുക്കു വശമില്ല. (ഇറച്ചിയും, മീനും, പഴങ്ങളും ഭക്ഷിക്കുന്നതിനു് ഓരോന്നിനും പ്രത്യേകതരം കത്തികളും മുള്ളുകളുമുണ്ടു്.) വാ തുറന്നു ചവയ്ക്കുന്നതും, ശബ്ദബഹളങ്ങളോടെ കാപ്പികുടിക്കുന്നതും തീരെ വർജ്ജ്യമാണു്. ഇഷ്ടംപോലെ കോട്ടുവാ ഇടാനോ, തുമ്മാനോ, ചീറ്റാനോ പാടില്ല. ഇതെല്ലാം തുവാലകൊണ്ടു മറച്ചു് ഒളിച്ചു പ്രവത്തിക്കേണ്ടതാണു്. പിന്നെ പല്ലിട കുത്തുക, ചെവിയിൽ വിരലിടുക, തുപ്പുക, മുതലായവയും വർജ്ജ്യമാണു്. ചില്ലറ സംഗതികളാണെങ്കിലും, ഇതെല്ലാം നേരത്തെ അറിഞ്ഞിരിക്കുന്നതു കപ്പൽയാത്രയ്ക്കു് അത്യാവശ്യമാണു്.

കപ്പൽച്ചൊരുക്കു് എന്നെ നല്ലപോലെ ബാധിച്ചു. ഉപ്പും മുളകും ഇടാതെ ഇന്നു പാശ്ചാത്യരീതിയിൽ, നാളെ ജപ്പാൻ രീതിയിൽ എന്നിങ്ങനെ മാറി മാറി വിളമ്പിയ ഭക്ഷണം കാണുമ്പോൾത്തന്നെ ഉള്ള വിശപ്പു നശിക്കും. ജപ്പാൻകാർ മീൻ ചീയിച്ചു തിന്നുമെന്നു് എനിക്കു് ഒരിക്കൽ തോന്നി. (ചീഞ്ഞ മീൻകൊണ്ടു ബമ്മാക്കാർ നെപ്പി എന്ന ഒരു വിശേഷ കറിയുണ്ടാക്കുമെന്നു ഞാൻ കേട്ടിരുന്നു.) അവരുടെ ചായയ്ക്കു് ഒരു പച്ചനിറം. ഇതാണത്രേ, ചൈനാക്കാരുടെ ഏററവും പ്രിയപ്പെട്ട "ഗ്രീൻ ടീ." കപ്പൽച്ചൊരുക്കുകൊണ്ടും, പാശ്ചാത്യ ഭക്ഷണത്തിനോടുള്ള വെറുപ്പുകൊണ്ടും ആദ്യത്തെ ആഴ്ച ഞാൻ മിക്കവാറും എൻെറ കാബിനിൽതന്നെ പട്ടിണികിടന്നു കഴിച്ചുകൂട്ടേണ്ടിവന്നു. വല്ലതും കഴിച്ചാൽ ചൊരുക്കുകൊണ്ടു് അതു് അങ്ങനെതന്നെ വമിക്കും. ഛർദ്ദിച്ചു വശംകെട്ടു. ചെറുനാരങ്ങാ മണപ്പിച്ചിട്ടു് ഒരു ഫലവും കണ്ടില്ല. പട്ടിണി തന്നെ ഏററവും നല്ല മരുന്നു് എന്നു ഞാൻ നിശ്ചയിച്ചു. ചൊരുക്കു ദുസ്സഹമായി, ഛർദ്ദിച്ചു ഛർദ്ദിച്ചു ക്ഷീണിച്ചുകിടന്നപ്പോൾ അമേരിയ്ക്കയും കാണണ്ടാ, പഠിക്കയും വേണ്ടാ വല്ല വിധവും തിരിച്ചു നാട്ടിൽ എത്തിയാൽ മതിയെന്നു തോന്നിയിരുന്നു.



“കഷിമാ മാറു” എന്ന ജപ്പാൻ കപ്പൽ (൩-ാം പുറം)



സൂയസ്സ് (൬-ാം പുറം)

3. "ഗാലി, ഗാലി"

വിനോദങ്ങൾ—സൂയസ്സ് തോട്.

ജപ്പാൻകാരുടെ ഒരു വിശേഷദിവസം കപ്പലിൽ വളരെ ആഘോഷത്തോടെ കൊണ്ടാടി. അവരുടെ നാട്ടിൽ ഏററവും കമനീയമായ വൃക്ഷം ചെറി ബ്ളോസ്സമാണ്. വിവിധ വൎണ്ണക്കടലാസുകൊണ്ട് ഈ വൃക്ഷവും പുഷ്പങ്ങളുമുണ്ടാക്കി ആസകലം വിതാനിച്ചു. അരുണോദയപതാക എല്ലായിടത്തും പാറി. യാത്രക്കാർ വിവിധ വിനോദവേഷങ്ങൾ ധരിച്ചു നൃത്തം തുടങ്ങി. സുന്ദരിയും യുവതിയുമായ ജപ്പാനിലെ ഒരു രാജകുമാരിയും, അവരുടെ ഭൎത്താവും ഇക്കൂട്ടത്തിലുണ്ടായിരുന്നു. രാജകുമാരിയുടെ സാധാരണ വസ്ത്രരീതി പല നിറമുള്ള കിമോണൊ ഉടുപ്പും പുൽചെരിപ്പും ആയിരുന്നെങ്കിലും, നൃത്തസമയത്തു മദാമ്മമാരെപ്പോലെ നെഞ്ചും പുറവും തുറന്ന ബ്ളൗസും, കൊടയാണി മുനയൻ ചെരിപ്പുമായിരുന്നു ആ മഹതി ധരിച്ചിരുന്നതു്. പാശ്ചാത്യ മൎയ്യാദപ്രകാരം ഭാൎയ്യയും ഭൎത്താവും ഒരിക്കലും ഒന്നിച്ചു നൃത്തം ചെയ്യുക പതിവില്ല. രാജകുമാരിയും കുമാരനും ഈ സമ്പ്രദായം അനുകരിച്ചു വേർതിരിഞ്ഞ് അന്യരുമായി നൃത്തം ചെയ്യുകയുണ്ടായി.

പാശ്ചാത്യപൌരസ്ത്യപരിഷ്കാരങ്ങളുടെ സമ്മിശ്രസന്താനങ്ങളായി ആധുനിക ജപ്പാൻകാർ ജീവിതം നയിച്ചുവരുന്നു. ഇവരുടെ വസ്ത്രരീതിതന്നെ ഇതിന്ന് ഉത്തമസാക്ഷ്യം വഹിക്കുന്നു. വീട്ടിലിരിക്കുമ്പോൾ നാട്ടുവേഷവും എന്നാൽ ആഫീസിൽ പോകുമ്പോൾ പുരുഷന്മാർ സൂട്ടും, സ്ത്രീകൾ ഫ്രോക്കും ധരിക്കുന്നു. ഈ പാശ്ചാത്യപൌരസ്ത്യപരിഷ്കാരമത്സരത്തിൽ ഏതാണു ജപ്പാനിൽ നിലനില്ക്കാൻ പോകുന്നതെന്നു കണ്ടുതന്നെ അറിയണം. ഇപ്പോൾ കണ്ടിടത്തോളം കാരിരുമ്പും കരിമരുന്നും കൊണ്ട് അടിസ്ഥാനമുറപ്പിച്ച പാശ്ചാത്യപരിഷ്കാരവും സംസ്കാരവുമാണു വിജയിക്കാൻ പോകുന്നതെന്നു തോന്നുന്നു. അവരുടെ രമണീയമായ സംസ്കാരം ഇങ്ങനെ അസ്തമിക്കുകയാണെങ്കിൽ അതു ലോകത്തിനു വലിയ ഒരു നഷ്ടം തന്നെയായിരിക്കും.

ഈ ചിന്താപരമ്പരകൾക്കിടയിൽ കപ്പൽ ഏഡനിൽ എത്തി. കുറേ പാറകളും പടക്കപ്പലുകളും മാത്രമേ അവിടെ കാണാനുണ്ടായിരുന്നുള്ളു. ഏഡൻ പട്ടണം തുറമുഖത്തുനിന്ന് ആറുമയിലപ്പുറമാണത്രേ.

ചെങ്കടലിൽ പ്രവേശിച്ചതോടുകൂടി ഉഷ്ണം സഹിക്കാൻവഹിയാതായി ത്തുടങ്ങി. അതുകൊണ്ടു പകലും രാത്രിയും ഡെക്കിൽത്തന്നെ കഴി ച്ചുകൂട്ടി. പിന്നെ സൂയസ്സ് തോട്ടിൽ എത്തി. തോട്ടിന്റെ ഇരുവശവും ചുട്ടുപഴുത്ത മണൽനിറഞ്ഞ മരുഭൂമികളായിരുന്നു. എന്നാൽ അവിട വിടെയായി ചില പൂങ്കാവനങ്ങളും ഇടയ്ക്കിടെ നവീനരീതിയിൽ പണി കഴിപ്പിച്ചിട്ടുള്ള ചില ഹർമ്മ്യങ്ങളും കാണാറുണ്ടായിരുന്നു. സൂയസ്സ് തോടു സൂക്ഷിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാരുടെ വസതികളാണിവ. വെള്ള ക്കാർ മരുഭൂമിയെ പൂങ്കാവനമായി രൂപാന്തരപ്പെടുത്തുന്നു............

സെയ്യദ് തുറമുഖത്തു ഞങ്ങൾ കാലുകുത്തിയ ഉടനെ "ഗാലി," "ഗാലി," എന്നാട്ടഹസിച്ച് ഒരു സംഘം പിള്ളേർ ചുററംകൂടി. ചെപ്പ ടിവിദ്യ കാണിക്കാം എന്നൊരുകൂട്ടർ; "ബാക്ക്ഷീഷ്, സാഹിബ്" എന്നു വേറൊരുകൂട്ടർ;ഇതു കേട്ടുനിന്ന ഒരു വെള്ളക്കാരൻ "ഈ ഏഷ്യ ക്കാർക്കു ജോലിചെയ്യാതെ കൂലിവാങ്ങാൻ എന്തൊരു മോഹം "എന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

ഈജിപ്ത്കാരുടെ വസ്ത്രധാരണരീതി യൂറോപ്യന്മാരുടേതുതന്നെ. ഹാററിനു പകരം ഫെസ് തൊപ്പി എന്നുമാത്രം ഭേദം. മുഹമ്മദീയ രായ ഇവരുടെ സ്ത്രീകൾ "പർദാ" അനുഷ്ഠിച്ചു വീട്ടിൽ ഇരിക്കുകയില്ല. അവരും വലിയ പരിഷ്കാരികൾ. ഫ്രോക്കാണ് അവർ ധരിക്കുന്നതു്. പഴയ മട്ടുകാർ കണ്ണുമാത്രം മറയുന്ന "ബുർക്ക" എന്ന മൂടുപടം മുഖത്തു വെച്ചു നടക്കുന്നു.

റോഡിനിരുവശവും ആളുകൾ നടക്കുന്ന ഭാഗത്തു "കാഫെ" എന്ന കാപ്പിക്കടകൾ ധാരാളമുണ്ട്. ആളുകളെ ആകർഷിക്കുന്നതിനു താളമേളങ്ങളോടുകൂടെ ഇവിടെ നൃത്തം നടത്തുന്നു. ഹുക്കയും വലിച്ച് ഒരുവശത്തു തുപ്പിയും പിന്നെ കാപ്പികുടിച്ചും അനവധി ആളുകൾ ഇവി ടങ്ങളിൽ ഇരുന്നു വെടിപറയുന്നതു കാണാം. സൂയസ്സ് തോടു കഴി ഞ്ഞാൽ നമ്മുടെ പഴയ മര്യാദകൾ മറന്നു പുതിയ ഒരു മാനദണ്ഡം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇവിടെവെച്ചു നമുക്കു പൗരസ്ത്യസംസ്കാ രത്തോടു യാത്രപറയാം.

"സൂയസ്സിനു കിഴക്കു നല്ലതു ചീത്തപോലെ" എന്നാണ് ഇംഗ്ലീ ഷ്കവിയായ കിപ്ളിങ്ങ് പറയുന്നതു്. ഏഷ്യാക്കാരുടെ സൽപ്രവൃത്തി യൂറോപ്യന്മാരുടെ ദുഷ്പ്രവൃത്തിപോലെയിരിക്കുമെന്നാണ് ഇതിന്റെ താല്പര്യം. സൂയസ്സ് തോട്ടിലെത്തുമ്പോളാണ് വെള്ളക്കാർ അവരുടെ

അഹങ്കാരം പ്രദർശിപ്പിച്ചുതുടങ്ങുന്നതെന്ന് എന്റെ തിരിച്ചുവരവിൽ മനസ്സിലായി. എന്നാൽ അങ്ങോട്ടുള്ള യാത്രയിൽ അനുഭവം വേറൊന്നായിരുന്നു. ഇതുവരെ ഞങ്ങളിൽനിന്ന് അകന്നുനിന്നിരുന്ന സായ്വന്മാർ പോർട്ട്സെയ്ദിനു പടിഞ്ഞാറോട്ടു കപ്പൽ വിട്ടപ്പോൾ പെൻഷ്യൻപററിയ ഉദ്യോഗസ്ഥന്മാരെപ്പോലെ കുറേശ്ശെ അടുത്തുവന്ന് എന്നോടു സംസാരിക്കാൻതുടങ്ങി.

പടിഞ്ഞാട്ടു പോകുന്തോറും പൌരസ്ത്യസംസ്കാരം കുറഞ്ഞു കുറഞ്ഞ് ഈജിപ്തിൽവെച്ചു പാശ്ചാത്യസംസ്കാരത്തിൽ ലയിക്കുന്നു. ഏഷ്യാ അസ്തമിച്ചു.

---

4. കായ്ച്ച വീഞ്ഞ്

നേപ്പിൾസ്—ഫാസിസ്റ്റ് പൊല്ലീസുകാരൻ—മാർസെയിൽസിലെ വീഞ്ഞുകുടി—ലണ്ടൻ—ഇൻഡ്യൻ വിദ്യാർത്ഥികളുടെ ക്ലബ്ബ്.

മെഡിററേനിയൻ കടൽ—ഒരുദിവസം രാവിലെ ഞങ്ങൾ നേപ്പിൾസ് ഉൾക്കടലിൽ എത്തി. പായ്കെട്ടിയ അനവധി തോണികളിൽ സ്ത്രീപുരുഷന്മാർ പാട്ടുപാടി അവിടെയെല്ലാം ഉല്ലസിച്ചു കളിച്ചു പോകുന്നു.

നേപ്പിൾസിൽ ഇറങ്ങിയപ്പോൾ ഈജിപ്റ്റിലെപ്പോലെ "ഗാലി, ഗാലി" എന്നും "ബാക്ഷീഷ്" എന്നുമുള്ള ശബ്ദങ്ങൾ കേൾക്കുന്നില്ല. ഭിക്ഷുക്കളും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരും ഇല്ല. ഇതു യൂറോപ്പാണല്ലോ! തുറമുഖവും ചുററുപാടും പട്ടാളമട്ടിൽ സൂക്ഷിക്കപ്പെടുന്നു. വെറും ഒരു പൊല്ലീസുകാരന്റെ വേഷം കണ്ടാൽ അയാൾ വലിയ കപ്പിത്താനാണെന്നു തോന്നും! നേപ്പിൾസ് നഗരം ഒന്നിനുമുകളിൽ ഒന്നായി, തട്ടുതട്ടായി കിടക്കുന്ന കാഴ്ച വളരെ മനോഹരമാണ്. പട്ടണം നടന്നു കണ്ടുവരവേ കപ്പലിലേക്കുള്ള വഴി തെററി

ഒരു പൊല്ലീസ്‌കാരനോടു ചോദിച്ചു. ഞാൻ ഇംഗ്ലീഷിൽ പറഞ്ഞതു് അയാൾക്കും, ഇറ്റാലിയനിൽ അയാൾ പറഞ്ഞതു് എനിക്കും മനസ്സിലായില്ല. ഇംഗ്ലീഷുകൊണ്ടു യൂറോപ്പിൽ വലിയ പ്രയോജനം ഇല്ല. ഇങ്ങനെ വിഷമിച്ചു നില്ക്കുമ്പോൾ, അയാൾ "എന്റെകൂടെ വരൂ" എന്നു കർക്കശമായി എന്നോടു പറഞ്ഞതു് അയാളുടെ ആംഗ്യംകൊണ്ടു മാത്രം ഞാൻ മനസ്സിലാക്കി. അയാൾ മുമ്പിലും ഞാൻ പിറകിലുമായി ഞങ്ങൾ ഒരു വലിയ കെട്ടിടത്തിന്റെ മുൻവശത്തെത്തി. "ഉള്ളിൽ കയറിക്കോ!" എന്നു് അയാൾ അലറി. ഇതു ജയിൽതന്നെ! എന്നാൽ വാസ്തവത്തിൽ അതൊരു വലിയ ഹോട്ടലായിരുന്നു. അവിടത്തെ ദ്വിഭാഷി ഇംഗ്ലീഷിൽ എനിക്കു വഴിപറഞ്ഞുതന്നു.

നെപ്പോളിയൻ ജനിച്ച കോഴ്സിക്ക, അദ്ദേഹത്തെ നാടുകടത്തി താമസിപ്പിച്ച എൽബ എന്നീ ദ്വീപുകൾ കടന്നശേഷം ഞങ്ങൾ മാഴ്സെയിത്സ് തുറമുഖത്തെത്തി. ഫ്രാൻസിൽ വീഞ്ഞു് സുലഭമായി കിട്ടുമെന്നു കേട്ടിരുന്നതുകൊണ്ടു് ഒരു മദ്യഷാപ്പിൽ കയറി വീഞ്ഞിനു് ഓർഡർ കൊടുത്തു. കയിച്ചിട്ടു വീഞ്ഞു് ഇറക്കാൻ നിവൃത്തിയില്ലാതെ എന്റെ മുഖഭാവം കണ്ട ഒരു ഫ്രഞ്ചുകാരൻ "മധുരവീഞ്ഞു" ചോദിക്കാൻ ഉപദേശിച്ചു. എന്നാൽ ആ നാട്ടുകാർക്കു കയ്പുള്ള വീഞ്ഞാണത്രേ ഇഷ്ടം. വെള്ളത്തിനു പകരം ഇവർ കുടിക്കുന്നതു് ഈ കയ്ച്ച വീഞ്ഞാണു്. ഇതു വില്ക്കുന്നവർ സ്ത്രീകളാണു്; പാശ്ചാത്യരുടെ വാണിജ്യം സ്ത്രീലാവണ്യത്തിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതുപോലെ തോന്നും.

ഞങ്ങൾ അവിടത്തെ മാക്കറ്റിൽക്കൂടി പോയപ്പോൾ കൂടെയുണ്ടായിരുന്ന ചില വെള്ളക്കാർ കക്കഇറച്ചി പച്ചയോടെ വിഴുങ്ങുന്നതു കണ്ടു ഞാൻ ആശ്ചര്യപ്പെട്ടു. കുറെ ദൂരെ "ആർക് ഡി ട്രയംഫ്" മുതലായ നെപ്പോളിയന്റെ വിജയസ്തംഭങ്ങൾ കാണാമായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ രാഷ്ട്രീയനേതാക്കന്മാരുടെയും യോദ്ധാക്കളുടെയും പ്രതിമകളും അനവധി കാണാം.

ജിബ്രാൾട്ടർ—അതും ഏഡനെപ്പോലെ ഒരു കരിങ്കൽക്കോട്ട മാത്രമാണു്. പടക്കപ്പലുകളും അനവധി അവിടെ കിടപ്പുണ്ടു്. യൂറോപ്പും ആഫ്രിക്കയും ഇരുവശങ്ങളിലായി കാണുന്ന കാഴ്ച നമ്മുടെ ശ്രദ്ധയെ ഹഠാൽ ആകർഷിക്കുന്നതാണു്. ആഫ്രിക്കയിലെ ഒരു കൊടുമുടി



നേപ്പിൾസു തുറമുഖവും വെസൂവിയസ് അഗ്നിപർവ്വതവും

(7-ാം പുറം)



ലണ്ടനിലെ പാർലിമെൻറ് മന്ദിരം (9-ാം പുറം)

യാണു് അവിടെ കാണുന്നതു്. ബിസ്കേ ഉൾക്കടലിൽ പ്രവേശിച്ചപ്പോൾ വലിയ കാററും പിശറും ഉണ്ടായി. കപ്പലിൽ മൂന്നാമത്തെ നിലയിലുള്ള തട്ടിൽക്കൂടി വെള്ളം വന്നടിച്ചു. അവസാനമിതാ ഇംഗ്ലീഷ് ചാനൽ!

ലണ്ടൻ! ഇവിടെ രണ്ടാഴ്ചയോളം താമസിച്ചു് ചരിത്രത്തിലും, സാഹിത്യത്തിലും പ്രഖ്യാതങ്ങളായ പാർലിമെൻറമന്ദിരം, വെസ്റ്റ്മിനിസ്റ്റർ ആബെ, ബ്രിട്ടീഷ് മ്യൂസ്യം, മുതലായ പല സ്ഥാപനങ്ങൾ ഞാൻ സന്ദർശിച്ചു. ലണ്ടനിൽ അനവധി ഭാരതീയവിദ്യാർത്ഥികളെ ഞാൻ കണ്ടു. ഇവരിൽ പലരും മലയാളികൾ തന്നെ. തിരുവിതാംകൂറകാരായ അനവധി നായന്മാരും ഈഴവരും സുറിയാനി ക്രിസ്ത്യാനികളും ഈ കൂട്ടത്തിലുണ്ടായിരുന്നു. ഇവർ മിക്കവരും ഗൌവ്വർ തെരുവിലുള്ള വൈ. എം. സി. ഏ. യിലാണു താമസിച്ചിരുന്നതു്. ലണ്ടനിലെ ഈ വിഭാഗം കണ്ടാൽ തിരുവനന്തപുരമോ, എറണാകുളമോ ആണെന്നു തോന്നും.

രണ്ടാഴ്ച ലണ്ടനിൽ താമസിച്ചശേഷം ഞാൻ അമേരിയ്ക്കയിലേക്കു കപ്പൽ കയറി. യാത്രയാരംഭിച്ചു നാലുദിവസം കഴിഞ്ഞു ഞങ്ങളുടെ കപ്പലിൻെറ ചുററും കടൽകാക്കകൾ തനിച്ചും കൂട്ടമായും പറന്നുതുടങ്ങി. കരയടുത്തു എന്നുള്ളതിൻെറ നാന്ദിയാണിക്കാഴ്ച.

കേരള സാഹിത്യ അക്കാദമി

---

5. എല്ലിസ് ദ്വീപിലെ തടങ്കൽ

എന്നെ തടങ്കലിൽ പാർപ്പിക്കുന്നു—അർമ്മീനിയൻ ദമ്പതിമാരുടെ കഥ—സ്വാതന്ത്ര്യപ്രതിമയുടെ ചില വിവരങ്ങൾ—എന്നെ വിസ്തരിക്കുന്നു—ഞാൻ രക്ഷപ്പെടുന്നു.

ഒടുവിൽ ഞങ്ങൾ ന്യൂയോക്കു തുറമുഖത്തെത്തി. ഇമ്മിഗ്രേഷൻ ഉദ്യോഗസ്ഥന്മാരും, കൂട്ടരും കപ്പലിൽ പ്രവേശിച്ചു ഞങ്ങളുടെ പാസ്സ്പോർട്ടും ആരോഗ്യസ്ഥിതിയും പരിശോധിച്ചുതുടങ്ങി. കുറെ

കഴിഞ്ഞു വെള്ളക്കാരെല്ലാം തന്നെ കപ്പലിൽനിന്നും ഇറങ്ങി ബന്ധുമിത്രാദികളുമായി പരസ്പരം കെട്ടിപ്പിടിച്ചു ചുംബനംചെയ്തു. (ഇതു പാശ്ചാത്യരാജ്യങ്ങളിലെ പതിവാണ്). എന്നാൽ എന്നെയാകട്ടെ, സ്വാഗതംചെയ്യാനോ, കെട്ടിപ്പിടിക്കാനോ ആരും ഉണ്ടായിരുന്നില്ല. "കരയ്ക്കിറങ്ങാൻ വരട്ടെ" എന്നൊരു ഉദ്യോഗസ്ഥൻ ഇതിനിടയ്ക്ക് എന്നോട് ആജ്ഞാപിച്ചു. ഏഷ്യാക്കാരെ വിദ്വേഷിച്ച് അമേരിക്കയിൽ ചില നിയമങ്ങളുള്ളതായി ഞാൻ കേട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ടായിരിക്കണം എന്നെ തടഞ്ഞുനിറുത്തിയതെന്ന് എനിക്ക് അപ്പോൾ തോന്നി.

ഒരുമണിക്കൂർ കാത്തിട്ടും ആരുംവന്ന് എന്റെ കഥ അന്വേഷിക്കുന്ന ലക്ഷണം കണ്ടില്ല. കരയ്ക്കിറങ്ങാൻ എന്നെ അനുവദിക്കുമോ എന്നു ഞാൻ കപ്പിത്താനോടു ചോദിച്ചപ്പോൾ "ഒരുപക്ഷെ എല്ലിസ് ദ്വീപുവരെ നിങ്ങൾക്കു പോകേണ്ടിവന്നേക്കും. ഇമ്മിഗ്രേഷൻഡിപ്പാർട്ടുമെൻറ് അവിടെയാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഇതിനുശേഷം തോക്കുപിടിച്ച് ഒരു പട്ടാളക്കാരനും സാധാരണ വേഷത്തിൽ വേറൊരുത്തനും, ഞാൻ നിന്ന മുറിയിൽ കയറിവന്നു. പട്ടാളക്കാരൻ ബൂട്ട്സ് "ക്ലിക്ക്"ചെയ്ത് എന്റെ ഇടത്തും മറേറയാൾ അങ്ങനെചെയ്ത് വലത്തും അകമ്പടിനിന്നു. കോണിപ്പടിവഴി ഞങ്ങൾ കരയിലറങ്ങി. ഇങ്ങനെയാണ് "ഭൂലോകസ്വർഗ്ഗമായ" അമേരിക്കയിൽ ഞാൻ ആദ്യം കാലുവെച്ചത്.

പിന്നീട് ഒരു ബോട്ടിൽകയറി ഞങ്ങൾ എല്ലിസ് ദ്വീപിൽ എത്തി. വലിയ കണ്ണാടിജനലുകളുള്ള ഒരു ചെങ്കൽകെട്ടിടത്തിൽ പ്രവേശിച്ചു. ഇരുന്നൂറോളം സ്ത്രീപുരുഷന്മാർ അതിലുണ്ടായിരുന്നു. അവരിൽ ചിലർ തനിച്ച് ഉലാത്തുകയും മററു ചിലർ കൂട്ടമായിനിന്നു സംസാരിക്കയും ചെയ്തുകൊണ്ടിരുന്നു. ഭൂരിഭാഗവും യൂറോപ്യന്മാർതന്നെ. ചിലരോടു സംസാരിക്കാൻ ശ്രമിച്ചെങ്കിലും, അവരിൽ ആർക്കും ഇംഗ്ലീഷ് നിശ്ചയമില്ലായിരുന്നതുകൊണ്ട് ഉദ്യമം നിഷ്ഫലമായി. ഇങ്ങനെയിരിക്കെ ഇംഗ്ലീഷു അറിയാവുന്ന ഒരു അറബിയുവാവിനെ കണ്ടുമുട്ടി കാര്യങ്ങൾ മനസ്സിലാക്കി.

അറബി: ഈ ഇമ്മിഗ്രേഷൻ ആഫീസിൽവച്ചാണ് ഇങ്ങോട്ടു വരുന്നവരുടെ പാസ്പോർട്ട്, ധനസ്ഥിതി, സന്ദർശനോദ്ദേശം മുതലായ പല വിവരങ്ങളും അധികൃതന്മാർ ആരാഞ്ഞറിയുന്നത്. എന്റെ

കഥതന്നെ പറയട്ടെ! ഈ നാട്ടിൽ കുടിപാൎക്കുന്നതിനു ഞാനും ഭാൎയ്യയും രണ്ടുവയസ്സു പ്രായമുള്ള ഞങ്ങളുടെ ഒരു കുട്ടിയുമായി വന്നപ്പോൾ. വഴി മദ്ധ്യേ കുട്ടിക്കു ചൊറിപിടിച്ചതുകൊണ്ടു് അതിനെ അധികൃതർ ഇവിടെയുള്ള ആശുപത്രിയിൽ പാർപ്പിച്ചു. കുട്ടിക്കു സുഖമായാൽ ഉടനേ ഞങ്ങളെ വിട്ടയക്കും."

ഒരു ജൎമ്മൻ പെൺകുട്ടി അപ്പോൾ ഞങ്ങളുടെ അടുത്തുകൂടി തുള്ളി ച്ചാടിപ്പോയി.

" ആ ബാലിക അവളുടെ അച്ഛനമ്മമാരോടുകൂടി ഇവിടെയെത്തി. എന്നാൽ അവളുടെ പേരു പാസ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്താ ത്തതിനാൽ അവളെ ഇവിടെ തടങ്കലിൽ പാർപ്പിച്ചു്, അവരെ വിട്ട യച്ചു. അവൾക്കു ജൎമ്മൻ മാത്രമേ അറിയാവൂ. ആ ഭാഷ സംസാരിക്കുന്ന വേറേ സ്ത്രീകളാരും ഇവിടെയില്ലായിരുന്നതിനാൽ അവൾക്കു കുറെ വിഷമമായി. അങ്ങനെയിരിക്കെ, മരിച്ചുപോയ ജ്യേഷ്ഠത്തിയുടെ പാസ്പോർട്ടു തന്റേതാക്കി ഒരു ജൎമ്മൻയുവതി ഇവിടെയെത്തി. ഇങ്ങനെ ഇവർ വലിയ കൂട്ടുകാരായിട്ടു കഴിഞ്ഞുകൂടുകയാണു്"..........

കൊമ്പൻമീശക്കാരനായ ഒരു ഇററാലിയൻ ഗർവിഷ്ഠനായി ഞ ങ്ങളുടെ അരികിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു. അറബി തുടൎന്നു:

" ഒരു വിപ്ലവകാരിയാണെന്നു് അമേരിയ്ക്കൻ ഗവൺമെൻറിനു സംശയം തോന്നുകയാൽ കരയ്ക്കിറങ്ങാൻ സമ്മതിക്കാതെ ഇയാളെ ഇ വിടെ പാർപ്പിച്ചിരിക്കയാണു്. കുറേകഴിഞ്ഞു തിരിച്ചു് ഇററലിയിലേ ക്കയയ്ക്കും. അവിടെ ചെന്നാൽ മുസ്സോളിനി ഇയാളെ വെടിവച്ചു കൊല്ലു മത്രേ."

ഒരു മൂലയിൽ, അമ്മീനിയാക്കാരായ ഒരു വൃദ്ധനും അയാളുടെ വൃദ്ധ യായ ഭാൎയ്യയും ഇരിപ്പുണ്ടായിരുന്നു. അവരുടെ ചരിത്രവും ആ അറബി പറകയുണ്ടായി.

"കഴിഞ്ഞ മഹായുദ്ധകാലത്തു് ഇവർ തുൎക്കിയിൽനിന്നും ഒളി ച്ചോടി, ക്യൂബായിൽ ജോലി ഉണ്ടായിരുന്ന ഒരു പുത്രന്റെകൂടെ താമസിച്ചിരിക്കെ ഐക്യനാട്ടിൽ കൂലിവേലചെയ്തു വന്നിരുന്ന വേറൊരു പുത്രനെ കാണാൻ വന്നതാണു്. അമേരിയ്ക്കയിൽ ആറു മാസംമാത്രം താമസിക്കാനേ ഇവൎക്കു് അനുവാദം നൽകിയിരുന്നുള്ളു.

എന്നാൽ അമേരിക്കയിലെ സുഖജീവിതം ആസ്വദിച്ച ഇവർ തിരിയെ പോകയില്ലെന്നായപ്പോൾ, ഇവരെ അറസ്റ്റ്ചെയ്ത ക്യൂബായിലേക്ക് അയച്ചു. എന്നാൽ ക്യൂബൻഗവമ്മെൻറാകട്ടെ, ഇവരെ അവിടെയിറങ്ങാൻ അനുവദിക്കാതെ ആ കപ്പലിൽത്തന്നെ തിരിച്ച് അമേരിക്കയിലേക്ക് അയച്ചു. പിന്നീട് അമേരിക്കൻഗവമ്മെൻറ് ഇവരെ തുർക്കിയിലേക്ക് അയയ്ക്കാൻ എഴുത്തുകുത്തു ചെയ്തെങ്കിലും,യുദ്ധകാലത്തു സ്വരാജ്യത്തിൽനിന്ന് ഒളിച്ചോടിപ്പോയകാരണത്താൽ അവിടുത്തെ ഗവമ്മെൻറ് ഇവരെ സ്വീകരിക്കാൻ വിസമ്മതിച്ചു. ഇവരെ ക്യൂബായിലേക്കു വീണ്ടും അയയ്ക്കുന്നതിന് അമേരിക്കൻ ഗവമ്മെൻറു തീരുമാനിച്ചതിന്റെ ഫലമായി ഇവിടെ താമസിപ്പിച്ചിരിക്കയാണ്".

അന്നു വൈകുന്നേരം വാർഡറന്മാരുടെ അകമ്പടിയോടെ കാററു കൊള്ളാൻ ഞങ്ങളെ പുറത്തുകൊണ്ടുപോയി. യുദ്ധത്തിൽ പിടിച്ച തടവുപുള്ളികളേപ്പോലെ അധികൃതർ ഞങ്ങളോടു പെരുമാറി. വെള്ളത്തിൽ ചാടി നീന്തി ആരും അമേരിക്കയിൽ പ്രവേശിക്കാതിരിക്കാൻ ദ്വീപിനു ചുററും ധ്രുതഗതിയിൽ അനേകം റോന്തുകപ്പലുകൾ ചുററിക്കൊണ്ടിരുന്നു.

വിശ്വവിഖ്യാതമായ സ്വാതന്ത്ര്യപ്രതിമ ഞങ്ങളുടെ മുമ്പിലെന്നോണം അടുത്തുതന്നെയുള്ള ബെഡ്ലോ ദ്വീപിൽ നിൽക്കുന്നുണ്ടു്. ഇതു ഭീമാകൃതിയിലുള്ള ഒരു രൂപമായിരുന്നു. അമേരിക്കരുടെ സ്വാതന്ത്ര്യലബ്ധിയിൽ അനുമോദിച്ചു്, ഫ്റെഞ്ചുകാർ അവർക്കു് ഒരു ശാശ്വതസ്മാരകമായി സമ്മാനിച്ചതായിരുന്നു ഈ പ്രതിമ. നൂററിയൻപതടി പൊക്കമുള്ള ഈ പ്രതിമ അത്രയുംതന്നെ പൊക്കമുള്ള ഒരു അധിഷ്ഠാനവേദിയിലാണു സ്ഥാപിച്ചിരിക്കുന്നതു്. മൂക്കിനു് നാലടിയും, ചൂണ്ടുവിരലിനു് എട്ടടിയും, നഖത്തിനു് ഒരടിയും നീളമുണ്ടു്. തലയിൽ നാല്പതുപേർക്കും, കൈയിലെ ദീപശിഖയുടെ മുകൾഭാഗത്തു പന്ത്രണ്ടുപേർക്കും നില്ക്കത്തക്ക വിസ്താരമുണ്ടെന്നു പറഞ്ഞാൽ പ്രതിമയുടെ വലുപ്പം ഊഹിക്കാമല്ലോ.

ആറുമണിക്കായിരുന്നു അത്താഴം. നെടുനീളത്തിൽ അനവധി മേശകളും അവയ്ക്കു ചുററും കസേരകളും ഇട്ടിരുന്നു. എന്നാൽ ഇരിപ്പിടത്തിനും, റൊട്ടിക്കും സൂപ്പിനും അവിടെയുള്ളവർ തമ്മിൽ വലിയ പിടിയും വലിയുമായി. അത്താഴത്തിനുശേഷം അറബിയും ഞാനും വീണ്ടും ഒന്നിച്ചുകൂടി.

അറബി: നിങ്ങൾ ഒരു ഈസ്റ്റ്ഇൻഡ്യാക്കാരനാണെന്ന് ആരോടും പറയരുത്. അക്കൂട്ടരെ ഈ നാട്ടിൽ വലിയ പുഛമാണ്.

ഇൻഡ്യാക്കാരെ അമേരിയ്ക്കർ സാധാരണ ഹിന്ദു എന്നാണു വിളിക്കുന്നതെന്നു മുമ്പൊരിക്കൽ പറഞ്ഞല്ലോ. എന്നാൽ സർക്കാർ എഴുത്തുകുത്തുകളിൽ നമ്മെ ഈസ്റ്റ്ഇൻഡ്യാക്കാരെന്നാണു പറയുന്നതു്.

ഏഴരമണിക്കു നിദ്രയ്ക്കുള്ള സമയമായി. ഒന്നിനു പുറകേ ഒന്നായി ഉറക്കമുറിയിലേക്കു ഞങ്ങൾ നടന്നുതുടങ്ങി. ഒരു മൂലയിൽ എത്തിയപ്പോൾ ഒരു വാർഡർ എന്റെ പുറത്തു തട്ടിക്കൊണ്ടു് എന്നോടുമാത്രം നില്ക്കാൻ ആജ്ഞാപിച്ചു. എന്നെ ഒരു മുറിയിൽ ഇട്ടുപൂട്ടി. ചുററുപാടും നിശ്ശബ്ദം! കാലത്തു് ആറുമണിക്കു വാതിലിൽ "ക്ലിക്ക്" എന്നൊരു ശബ്ദംകേട്ടു, തുറന്നു പുറത്തിറങ്ങിയപ്പോൾ, അറബി ഓടി എന്റെ അടുത്തെത്തി.

അറബി: ഞങ്ങളുടെ ഉറക്കറയിൽ അങ്ങയെക്കണ്ടില്ലല്ലോ. എവിടെയായിരുന്നു ?

ഞാൻ: എനിക്കു മുകളിൽ ഒരു മുറി കിട്ടി.

അറബി: നിങ്ങൾ ഭാഗ്യവാൻ ! ഞങ്ങൾ ഒരു നൂറുപേരൊന്നിച്ചാണ് ഒരു മുറിയിൽ ഉറങ്ങുന്നതു്. കപ്പലിലെപ്പോലെ ഒന്നിനുമുകളിൽ ഒന്നായി ഉറപ്പിച്ചിട്ടുള്ള ബെഞ്ചുകളിലാണ് ഉറക്കം. ഒരിക്കലും സുഖമായുറങ്ങാൻ സാധിക്കയില്ല. രാത്രി മുഴുവൻ ചിലർ പാട്ടും, മററു ചിലർ ചിരിയും ചുമയും; ആകപ്പാടെ വലിയ ബഹളം!

ഞാൻ: അപ്പോൾ എന്റെ ജാതിയേയോ, നാടിനേയോ പററി നാണിച്ചിട്ടാവശ്യമില്ല?"

ആഫീസിലെ ജോലിക്കാരായ ചില യുവതികൾ ബാൽക്കണിയിൽനിന്നു വർത്തമാനക്കടലാസ്സുകളും, മാസികകളും ഞങ്ങൾക്കു വലിച്ചെറിഞ്ഞുതന്നു. അവയ്ക്കും വലിയ പിടിയും വലിയും; ആ യുവതികൾ ഈ തമാശ നോക്കി കുറേനേരം നിന്നശേഷം മറഞ്ഞു.

മണി ഒൻപതായി. ഒരു വാർഡർ എന്നെ വിളിച്ചു് അടുത്ത ഒരു മുറിയിലേക്കു കൊണ്ടുപോയി. അതു് ഒരു കോടതിയായിരുന്നു. ഒരു പീഠത്തിൽ രണ്ടു ജഡ്ജിമാർ സഗൌരവം ഇരിക്കുന്നു. എന്റെ പാസ്സ്പോർട്ടു്, വിസാ, മുതലായ പ്രത്യക്ഷപത്രങ്ങൾ എടുത്തു ജഡ്ജിമാർ ചോദ്യങ്ങൾ തുടങ്ങി.

കേരള സാഹിത്യ അക്കാദമി

ഒരു ജഡ്ജി: നിങ്ങളുടെ പേരു്?... വയസ്സ്?.... ജാതി?.... മതം?....

ഇതുമാതിരി കുറേ ചോദ്യങ്ങൾക്കുശേഷം,

മറെറ ജഡ്ജി: നിങ്ങൾക്കു ഭ്രാന്തുണ്ടായിട്ടുണ്ടോ? പൂർവിക ന്മാരിൽ ആക്കെങ്കിലും ഭ്രാന്തുണ്ടായിരുന്നോ ?............

ഒരു ജഡ്ജി: നിങ്ങൾക്കു് എത്ര ഭാര്യമാരുണ്ടു്?

ഞാൻ: ഒന്നേ ഉള്ളു.

മറേറ ജഡ്ജി: ബഹുഭാര്യാത്വം നിങ്ങളുടെ നാട്ടിൽ സാധാരണ നടപ്പുണ്ടല്ലോ. നിങ്ങളും അക്കൂട്ടത്തിലാണോ ?

ഞാൻ: ഒരു ഭാര്യതന്നെ വലിയ വിഷമം. പിന്നെ രണ്ടാ യാലോ ?

ജഡ്ജിമാർ പരസ്പരം നോക്കി പുഞ്ചിരിക്കൊള്ളുന്നു.

(ബഹുഭാര്യാത്വമുള്ള ജാതിക്കാക്കു് ആ നാട്ടിൽ പ്രവേശനമി ല്ലത്രെ !)

പകരുന്ന വ്യാധികൾ ഉണ്ടോ? പഠിത്തത്തിനു വേണ്ട പണം അയക്കാൻ വീട്ടിൽ സ്വത്തുണ്ടോ? ഇപ്പോൾ കൈവശം എത്ര പണം ഉണ്ടു്? (അമേരിക്കയിൽ വരുന്നവരോടെല്ലാം ഈ കാര്യങ്ങൾ സകലതും ചോദിച്ചറിയണമെന്നാണു നിയമം.) ഒടുവിൽ ഒരു ജഡ്ജി എന്നോ ടു് ഇങ്ങനെ പറഞ്ഞു:—

"സർ, ഞങ്ങളുടെ സ്വതന്ത്രരാജ്യത്തിലേക്കു നിങ്ങളെ സസന്തോ ഷം സ്വാഗതംചെയ്തുകൊള്ളുന്നു........................എന്നാൽ ഞങ്ങളുടെ നാട്ടിൽനിന്നു പണം സമ്പാദിച്ചേക്കാം എന്നു വിചാരിക്കേണ്ട! അതു ഞങ്ങളുടെ നിയമത്തിനു വിരോധമാണു്. നിങ്ങൾ പഠിക്കാനാണു ഇവിടെ വന്നിരിക്കുന്നതു്. അതിനു മാത്രമേ അനുവാദവുമുള്ളു. കഴിയും വേഗം അതു പൂർത്തിയാക്കി മടങ്ങിപ്പൊയ്ക്കൊള്ളണം ! O. K."

ഈ സ്വാഗതം കേട്ടു ഞാൻ വിയർത്തു.

ആവൂ, ബദ്ധപ്പാടുകളെല്ലാം ഇപ്പോൾ അവസാനിച്ചു എന്നു വി ചാരിച്ചു ഞാൻ സമാധാനപ്പെട്ടു. ന്യൂയോക്കിലേക്കു പോകാൻ പുറത്തേക്കു ഇറങ്ങിയപ്പോൾ ഒരു കാവൽ പടയാളി എന്നെ തടഞ്ഞു. മിഷിഗൻ സർവകലാശാലയിൽ എനിക്കു പ്രവേശനം തന്നതായി

കേരള സാഹിത്യ അക്കാദമി

എൻെറ വിസായിൽ ദരഖപ്പെടുത്തിയിരുന്നതുകൊണ്ടു ന്യൂയോക്കിൽ ഇറങ്ങാൻ അനുവദിക്കയില്ലെന്നായി. "മിഷിഗൻ" എന്നു് ഇംഗ്ലീഷിൽ അച്ചടിച്ച ഒരു ചെറിയ കടലാസ്സുകൊടി അപ്പോൾതന്നെ എൻെറ കോട്ടിൽ അയാൾ കുത്തി. എന്നെപ്പോലെ കൊടികുത്തിയ വേറെ അനവധി സ്ത്രീപുരുഷന്മാർ നിന്നിരുന്ന ഒരു മുറിയിലേക്കു കൊണ്ടുചെന്നാക്കി.

ഞാൻ: ഹേ! ഈ കൊടി എന്തിനാണു് ?

"അതു നിങ്ങൾ വഴിതെററിപ്പോകാതിരിക്കാനാണു്!"

ഇത്രടം വന്നിട്ടു് ന്യൂയോക്കു് ഒന്നു കാണാൻ സാധിക്കയില്ലേന്നോ ? ഇംഗ്ലണ്ടിൽനിന്നും പുറപ്പെടുന്നതിനുമുമ്പു്, അപരിചിതനായ എന്നെ ന്യൂയോക്കിൽ സ്വീകരിക്കണമെന്നു് അമേരിക്കയിലെ ഹിന്ദുസ്ഥാൻ അസ്സോസിയേഷനെ അറിയിച്ചിരുന്നതനുസരിച്ചു് അവരിലൊരാൾ പീയറിൽ കാത്തുനില്പുണ്ടായിരുന്നെങ്കിലും, ഒടുവിൽ എന്നെ കാണാതിരുന്നതുകൊണ്ടു് എല്ലിസ് ദ്വീപിലേക്കു കൊണ്ടുപോയിരിക്കുമെന്നു് അനുമാനിച്ചു് അദ്ദേഹം അവിടെ വന്നുചേന്നു.

"മി. വറുഗീസ് ?" എന്നു് എൻെറ തോളിൽ തട്ടി അദ്ദേഹം ചോദിച്ചു. ഇദ്ദേഹം സ്വദേശിയാണെന്നുമാത്രമല്ല, മലയാളി കൂടിയാണെന്നറിഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കേണ്ടല്ലോ.

ഇതിനുശേഷം ഞങ്ങളുടെ സംഭാഷണം എല്ലാം മലയാളത്തിൽ തന്നെ. അദ്ദേഹത്തിൻെറ ജാമ്യത്തിൽ ഞാൻ ന്യൂയോക്കിൽ ഇറങ്ങി. ന്യൂയോക്കിലേക്കു് ഉടൻ പുറപ്പെടാൻ തയ്യാറായി ചൂളംവിളിച്ചു കിടന്ന ബോട്ടിൽകയറി ഞാൻ എല്ലിസ് ദ്വീപിൽനിന്നു് രക്ഷപ്രാപിച്ചു.

---

6. "ഭൂലോകസ്വർഗ്ഗം"

പൌരാവകാശം വെള്ളക്കാക്കു മാത്രം—ഭാരതീയരെ വേണ്ടാ.

എല്ലിസ് ദ്വീപിൽവെച്ചുണ്ടായ അനുഭവങ്ങൾകൊണ്ടും വേറെ അന്വേഷണങ്ങൾകൊണ്ടും, ഐക്യനാട്ടിലേക്കു പ്രവേശനം നിയന്ത്രി

ക്കുന്നതിന് അനവധി വ്യവസ്ഥകൾ ഉണ്ടെന്ന് എനിക്കു മനസ്സിലായി. ഏഷ്യാക്കാരെ വിദ്വേഷിച്ചു പല നിയമങ്ങളും അവിടെ പാസ്സാക്കിയിട്ടുണ്ട്. ആര്യവംശസന്താനങ്ങൾക്കു മാത്രമേ അമേരിക്കയിൽ പൌരാവകാശമുള്ളു എന്ന് ആദ്യം ഒരു നിയമം പാസ്സാക്കി, മംഗോൾ ജാതീയരും മഞ്ഞനിറക്കാരുമായ ജപ്പാൻകാരേയും ചൈനാക്കാരേയും ബഹിഷ്കരിച്ചുതുടങ്ങി. ഹൂണർ, ദ്രാവിഡർ മുതലായവരുമായി അനേക ശതാബ്ദങ്ങളായി സങ്കരമുണ്ടാകയാൽ ഭാരതീയർ പരിപൂർണ്ണ ആര്യന്മാരല്ലെന്നുള്ളതുകൊണ്ട് അവക്കും പൌരാവകാശം നിഷേധിച്ചു.

ഭാരതീയരെ പൌരന്മാരാക്കയില്ലെന്നുതന്നെയല്ല ആ നാട്ടിൽ, വസ്തുക്കൾ സമ്പാദിച്ചു സ്ഥിരമായി താമസിച്ചിരുന്നവരെ പലവിധങ്ങളിലും അസഹ്യപ്പെടുത്താനും അമേരിക്കൻ ഗവൎമ്മേണ്ടു ഉദ്യമിച്ചു. അവക്കു വോട്ടുചെയ്യുന്നതിനോ, വസ്തുക്കൾ സമ്പാദിക്കുന്നതിനോ അവകാശമില്ലെന്നു തീരുമാനിച്ചതുകൂടാതെ ഈ നിയമങ്ങൾ കഴിഞ്ഞകാലത്തേക്കുകൂടി ബാധകമാക്കി അവരുടെ വസ്തുക്കൾ ഉടനെ വിററുകൊള്ളണമെന്നാജ്ഞാപിച്ചു. എന്നാൽ ഈ നിർബന്ധവില്പനകൊണ്ടു വലിയ നഷ്ടവും സങ്കടവും അവക്കുണ്ടാകുമായിരുന്നു. അതിനാൽ ആ നാട്ടിലുണ്ടായിരുന്ന ഭാരതീയരും, അവരിൽ സഹതാപം തോന്നിയിരുന്ന അമേരിക്കരും, ബ്രിട്ടീഷ് ഇന്ത്യൻ ഗവൎമ്മേണ്ടും, ഈ പുതിയ നിയമം റദ്ദുചെയ്യിക്കാൻ നിരന്തരപരിശ്രമങ്ങൾ ചെയ്തു. പ്രതികാരമായി അമേരിക്കൻ മിഷണറിമാർ ഇന്ത്യയിൽ സമ്പാദിച്ചിട്ടുള്ള വസ്തുക്കൾ വില്പിക്കുന്നതിനു ഇവിടെ നിയമം പാസ്സാക്കുമെന്ന് അമേരിക്കൻഗവൎമ്മേണ്ടിനെ അറിയിച്ചു. ഇതിന്റെ എല്ലാം ഫലമായി അമേരിക്കയിൽ ഭാരതീയക്ക് എതിരായി ഉണ്ടായ നിയമത്തിന്റെ ആ ഭാഗം റദ്ദുചെയ്തില്ലെങ്കിലും നടപ്പിൽ വരുത്തിയില്ല.

പക്ഷേ ഈ നിയമങ്ങൾക്കുശേഷം വിദ്യാഭ്യാസത്തിനായി ഭാരതീയക്ക് അവിടെ വേണ്ടിടത്തോളംകാലം താമസിക്കാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ പണം സമ്പാദിക്കുന്നതിനു പ്രത്യേകം സൌകൎയ്യമുള്ള അമേരിക്കയിൽ വിദ്യാർത്ഥികൾ എന്ന വേഷത്തിൽ അനവധി വിദേശിയർ വന്നതുകൊണ്ട് അതിനെ തടയാനായി വീണ്ടും ചില പുതിയ നിയമങ്ങൾ അവർ പാസ്സാക്കി. ഇപ്രകാരം വിദ്യാർത്ഥികളായി അവിടെ ചെല്ലുന്നവർ പഠിയ്ക്കുകയല്ലാതെ കച്ചവടത്തിലോ ജോലിയിലോ ഒന്നും പ്രവേശിക്കാൻ പാടില്ലെന്നു നിഷ്കർഷചെയ്തു. പിന്നെ

വിനോദയാത്രക്കാരായി അവിടെ ചെല്ലുന്ന വിദേശീയൎക്കു് ഒരു ക്ലിപ്തകാലംമാത്രം താമസിക്കുന്നതിന്നു് അനുവാദമുണ്ടു്. എന്നാൽ വിദ്യാൎത്ഥികളാകട്ടെ, വിനോദയാത്രക്കാരാകട്ടെ അവിടെനിന്നു പണം സമ്പാദിയ്ക്കാതിരിയ്ക്കാൻ വേണ്ട പ്രതിവിധികൾ ചെയ്തിട്ടുണ്ടു്. പണം സമ്പാദിച്ചാൽ ഉടനെ അവരെ നാടുകടത്തും. ഇതിന്റെ എല്ലാം ഉദ്ദേശം വിദേശീയർ അവരുടെ പണം തട്ടിക്കൊണ്ടുപോകാതിരിയ്ക്കണമെന്നാണു്.

ബഹുഭാൎയ്യാസമ്പ്രദായാനുഷ്ഠാതാക്കൾക്കു് ആ നാട്ടിൽ പ്രവേശനമില്ലെന്നു പറഞ്ഞല്ലോ. ഇങ്ങിനെയിരിയ്ക്കെ ഒരു മുഹമ്മദീയവിദ്യാൎത്ഥി അമേരിയ്ക്കയിൽ വരാനിടയായി. തന്റെ മതത്തിൽ ബഹുഭാൎയ്യാത്വം അനുവദിച്ചിട്ടില്ലേ എന്നു് അധികൃതർ ചോദിച്ചതിന്നു് ഉണ്ടെന്നു മറുപടിപറഞ്ഞപ്പോൾ അയാളെ തിരിച്ചയയ്ക്കാനുള്ള നടപടികൾ ആരംഭിച്ചു. ഒടുവിൽ ഇതിന്റെ കാരണം മനസ്സിലാക്കിയശേഷം തന്റെ മതം ബഹുഭാൎയ്യാത്വം അനുവദിച്ചിട്ടുണ്ടെങ്കിലും, അതു് അബദ്ധമാണെന്നു തനിയ്ക്കു ബോദ്ധ്യമുണ്ടെന്നും, ഏതുനിലയിലും തനിയ്ക്കു ഭാൎയ്യതന്നെ ഇല്ലെന്നും അവരെ ബോദ്ധ്യപ്പെടുത്തി. അങ്ങനെ നമ്മുടെ മുഹമ്മദീയസഹോദരൻ അമേരിയ്ക്കയിൽ പ്രവേശിച്ചു. സ്വജാതിയിൽ ഒരു ഭാൎയ്യ ഇരിയ്ക്കെ തങ്ങളുടെ നാട്ടിൽനിന്നു് ഒരു തരുണിയേക്കൂടി തട്ടിക്കൊണ്ടുപോയി മററുള്ള ഭാൎയ്യമാരുടെ കൂട്ടത്തിൽ ഇട്ടു കഷ്ടപ്പെടുത്തിയേക്കുമോ എന്നുള്ള ഭയംകൊണ്ടായിരിക്കാം ഈ നിയമം പാസ്സാക്കിയിരിക്കുന്നതു്.

ഏഷ്യാക്കാൎക്കു് ഇങ്ങനെ പൌരാവകാശം നിഷേധിച്ചിരിയ്ക്കവെ യൂറോപ്യൎക്കു് അവിടെ കുടിയേറിത്താമസിയ്ക്കുന്നതിന്നു സൎവ്വസ്വാതന്ത്ര്യമുണ്ടു്. ന്യൂയോർക്കിൽ സ്ഥാപിച്ചിട്ടുള്ള സ്വാതന്ത്ര്യപ്രതിമ വെള്ളക്കാരെമാത്രം ഉദ്ദേശിച്ചാണെന്നു് ഇപ്പോൾ മനസ്സിലാകുമല്ലോ. വെള്ളക്കാരാൽ സ്ഥാപിതമായ ഐക്യനാട്ടിലെ സംസ്കാരം പുലൎത്തിക്കൊണ്ടുപോകാൻ വെള്ളക്കാൎക്കുമാത്രമേ സാധിയ്ക്കയുള്ളു എന്നാണു് അഭിമതം. എന്നാൽ കുടിയേറിപ്പാൎക്കാൻവരുന്നവരുടെ സംഖ്യ കൊല്ലത്തിൽ ഒരു ലക്ഷത്തിൽകൂടുതലാകാൻ പാടില്ലെന്നു ഗവൎമ്മെന്റ നിൎണ്ണയിച്ചിട്ടുണ്ടു്. ഭ്രാന്തന്മാൎക്കും, ചെകിടന്മാൎക്കും, ശിക്ഷയേററവൎക്കും, അക്ഷരജ്ഞാനമില്ലാത്തവൎക്കും, പകരുന്ന വ്യാധിയുള്ളവൎക്കും, അംഗവൈകല്യമുള്ളവൎക്കും അവിടെ പ്രവേശനമില്ല. കായികമായും മാനസികമായും സൎവ്വഥാ യോഗ്യതയുള്ളവൎക്കുമാത്രം പൌരാവകാശം നൽകുന്നു.

ഇപ്രകാരം ബുദ്ധിപൂർവ്വമായ അനേകം നിബന്ധനകൾമൂലമാണു് അമേരിക്കാ "ഭൂലോകസ്വർഗ്ഗം" (God's Own Country) ആയി അവർ പുലർത്തിക്കൊണ്ടുപോകുന്നതു്. ജർമ്മനി, ഫ്രാൻസ്, ഇററലി, സ്പെയിൻ, ഹോളൻറ് മുതലായ രാജ്യങ്ങളിൽനിന്നു വന്നുചേരുന്ന അനേകലക്ഷം ജനങ്ങളെ ഇംഗ്ലീഷുപഠിപ്പിച്ചും, നക്ഷത്രങ്ങളാലും വരകളാലും അലംകൃതമായ അമേരിക്കൻപതാക വന്ദിപ്പിച്ചും, അഭിനവഭൂഖണ്ഡത്തിനനുയോജ്യമായ ഒരന്തരീക്ഷം മനസ്സിൽ സൃഷ്ടിച്ചും അവരെ ഉത്തമഅമേരിക്കരായി രൂപാന്തരപ്പെടുത്തുന്നു.

---

7. പ്രായോഗിക വിദ്യാഭ്യാസം

ഇൻറർനാഷനൽ ഹൌസ്—നാല്പതിനായിരം വിദ്യാർത്ഥികളുള്ള സർവകലാശാല—ഡിഗ്രിക്കച്ചവടം—കൂലിവേല അഭിമാനകരം.

ന്യൂയോക്കിൽ "റിവർസൈഡ് ഡ്രൈവ്" എന്ന നടക്കാവിൽ 500-ാംനമ്പരായ ഇൻറർനാഷനൽ ഹൌസിലാണു ഞാൻ താമസമുറപ്പിച്ചതു്. പതിനാലു നിലകളും അഞ്ഞൂറിൽപരം വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഈ മന്ദിരം, കോടീശ്വരനായ റോക്ക്ഫെല്ലർ തൊണ്ണൂറുലക്ഷം രൂപാ ചെലവാക്കി പണിയിച്ചു, വിദ്യാഭ്യാസാർത്ഥം ന്യൂയോക്കിൽ വന്നുചേരുന്ന വിദേശീയർക്കു താമസിക്കുവാൻ വിട്ടുകൊടുത്തതാണു്. ഇവിടെ മുന്നൂററിയൻപതു പുരുഷന്മാരും, നൂററിഎഴുപത്തഞ്ചു സ്ത്രീകളും ഒരുമിച്ചു്—എന്നാൽ കെട്ടിടത്തിൻെറ ഓരോ വശത്തായി—താമസിച്ചുവരുന്നു. വിദ്യാർത്ഥിനികൾക്കും വിദ്യാർത്ഥികൾക്കും ഒരുമിച്ചിരുന്നു സൈ്വരസല്ലാപംനടത്തുന്നതിനു പല വിശാലശാലകളും അലങ്കാരമുറികളുമുണ്ടു്. ഈ പരിതസ്ഥിതികളിൽ ഉത്ഭവിക്കുന്ന പരിചയം ചിലപ്പോൾ പ്രണയമായിത്തീർന്നു വിവാഹബന്ധത്തിൽ പരിണമിക്കാറുണ്ടു്. ഈ കൂട്ടത്തിൽ ഭാരതീയരിൽചിലർ മദാമ്മമാരെയും, ഒരു ബർമ്മാക്കാരി ഒരു സ്വിററ്സർലണ്ടുകാരനെയും കല്യാണം കഴിച്ചതു് എനിക്കറിയാം. ഇവിടെ താമസിക്കുന്ന വിദ്യാർത്ഥികൾ പഠിക്കാത്ത വിഷയങ്ങളില്ല. മതം, തത്വജ്ഞാനം, നൃത്തം, സംഗീതം, ധനശാസ്ത്രം, ഭക്ഷണശാസ്ത്രം, ശില്പശാസ്ത്രം, ഇഞ്ചിനീയറിംഗ്, പ്രസിദ്ധീകരണം ഇത്തരം നൂറുകാര്യങ്ങൾ പഠിക്കുവാനാണു ഭൂലോകത്തിൻെറ

നാനാഭാഗങ്ങളിൽനിന്നും ഇവർ വന്നുചേരുന്നതു്. ഇംഗ്ലണ്ടു്, ജപ്പാൻ, ജർമ്മനി, ദക്ഷിണാഫ്രിയ്ക്കാ, റഷ്യാ, നൈജീറിയ (ആഫ്രിക്കയിൽ), തുർക്കി, ആസ്റ്റ്രേലിയാ, സ്വീഡൻ, ഇൻഡ്യാ, ഫ്രാൻസ്, ബ്രസീൽ, ന്യൂസിലണ്ടു്, ചിലെ, ചൈനാ, സയാം, പേർഷ്യ എന്നിങ്ങനെ എഴുപതിലധികം കൂടുതൽ രാജ്യങ്ങളിൽനിന്നു അഞ്ഞൂറിൽപ്പരം സ്ത്രീപുരുഷന്മാർ ആ മന്ദിരത്തിൽ സമാധാനസന്തോഷത്തോടെ ഒരുമിച്ചു താമസിക്കുന്ന കാഴ്ച കണ്ടാൽ, അവിടം സർവലോകസമുദായമൈത്രിയുടെ കേളീരംഗമാണെന്നു തോന്നും. റോക്ക്ഫെല്ലരുടെ ഒരാദർശമായ 'സാഹോദര്യം വിജയിക്കട്ടെ' എന്ന മുദ്രാവാക്യം ഈ മന്ദിരത്തിന്റെ മുകപ്പിൽ കൊത്തിവെച്ചിട്ടുണ്ടു്.

റോക്ക്ഫെല്ലരുടെ ദാനമാണെങ്കിലും, ഇതൊരു സത്രമോ, ഊട്ടുപുരയോ അല്ല; അവിടെ ഒരു മുറിക്കു് ആഴ്ചയിൽ പതിനഞ്ചുരൂപാമുതൽ ഇരുപത്തേഴുരൂപാവരെ വാടകയുണ്ടു്. ഭക്ഷണത്തിനു സാധാരണമായി ദിവസമൊന്നിനു ചുരുങ്ങിയതു നാലുരൂപാ വേണ്ടിവരും. ന്യൂയോർക്കിലെ ഈ പുതിയ ജീവിതരീതിയിൽ പ്രവേശിച്ചെങ്കിലും, മിഷിഗനിലേക്കു പോകാഞ്ഞതുകൊണ്ടു ഗവണ്മെണ്ടു് എന്നെ പിടികൂടുമെന്ന ഭയംകൊണ്ടും, വീണ്ടും എല്ലിസ്ദ്വീപിലേക്കു പോകാനുള്ള വൈമനസ്യംകൊണ്ടും, ഇൻറർനാഷനൽഹൌസിൽ താവളമുറപ്പിച്ചു് ആ നാട്ടിലെ അദ്വിതീയമായ കൊളമ്പിയാ സർവകലാശാലയിൽച്ചേർന്നു ഞാൻ അമേരിയ്ക്കാജീവിതം ആരംഭിച്ചു. പിന്നീടു സർവകലാശാലാധികൃതർ ഗവണ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി എനിക്കു പ്രയാസമൊന്നും നേരിട്ടില്ല.

അമേരിയ്ക്കയിൽ അറുനൂറിൽപ്പരം ഉപരിവിദ്യാഭ്യാസസ്ഥാപനങ്ങളുള്ളതിൽ, മൂന്നു സർവകലാശാലകൾക്കാണു പ്രാധാന്യം—ഹാർവാർഡ്, യേൽ, കൊളമ്പിയാ; ഹാർവാർഡിനേയും, യേലിനേയും, ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ സർവകലാശാലകളോടു സാമ്യപ്പെടുത്താം. കൊളമ്പിയാ, ലണ്ടൻ യൂനിവേഴ്സിററിയെപ്പോലെ, ഒരു വലിയ നഗരത്തിലാണു സ്ഥിതിചെയ്യുന്നതു്. ഈ സർവകലാശാലയ്ക്കു് ഏകദേശം മുപ്പത്തിഅഞ്ചുകോടി രൂപയുടെ സ്വത്തുണ്ടു്; നടത്തിപ്പിനു പ്രതിവർഷം മൂന്നുകോടിരൂപാ ചെലവുണ്ടു്. ഇവിടെ ശരാശരി മുപ്പത്തയ്യായിരംമുതൽ നാല്പതിനായിരംവരെ വിദ്യാർത്ഥികൾ പഠിച്ചുവരുന്നുണ്ടെന്നും, അദ്ധ്യാപകന്മാരായി ആയിരത്തിഎഴുനൂറു പേരുണ്ടെന്നും പറഞ്ഞാൽ, ഈ സ്ഥാപനത്തിന്റെ സാമാന്യരൂപം

ഗ്രഹിക്കാമല്ലോ. അമേരിക്കയിലെ മററചില സർവകലാശാലകളിലെ വിദ്യാത്ഥികളുടെ സംഖ്യ കേട്ടാൽ, അതു വല്ല പട്ടണത്തിലെ ജനസംഖ്യയാണോ എന്ന തോന്നിപ്പോകും. ബോസ്റ്റണിൽ പതിനാലായിരവും, കാലിഫോർണിയായിൽ പത്തൊൻപതിനായിരവും, ഷിക്കാഗോയിൽ പതിമൂവായിരവും, ന്യൂയോക്കിൽ ഇരുപത്തെണ്ണായിരവും വിദ്യാത്ഥികൾ പഠിച്ചുവരുന്നു. അമേരിക്കയിലെ സർവകലാശാലകളിൽ പഠിപ്പിക്കാത്ത വിഷയങ്ങളില്ലതന്നെ. അവിടെ വൈദ്യംമുതൽ നൃത്തംവരെയും, ശില്പശാസ്ത്രംമുതൽ നീന്തൽവരെയും പഠിക്കാം.

ഏതെങ്കിലും ഒരു വിഷയത്തെസ്സംബന്ധിച്ച് ഒരു പ്രബന്ധം എഴുതി അയക്കമാത്രം ചെയ്താൽ എം. ഏ., പിഎച്ച്. ഡി. മുതലായ ഡിഗ്രികൾ കെട്ടുകെട്ടായി അവിടത്തെ സർവകലാശാലകളിൽനിന്ന വാങ്ങാമെന്ന നമ്മുടെനാട്ടിൽ പലരും ധരിച്ചിരിക്കുന്നു. വാസ്തവം അങ്ങിനെയൊന്നുമല്ല. ഉദാഹരണമായി ഞാൻ പഠിച്ച കൊളമ്പിയാ സർവകലാശാലയെ എടുക്കാം. അവിടെ ഏതുകലയും വിഷയവും പഠിപ്പിക്കുവാൻ പണ്ഡിതന്മാരായ ഉപാദ്ധ്യായന്മാരും, പതിനഞ്ചു ലക്ഷം പുസ്തകങ്ങളുടങ്ങിയ ഒരു ഗ്രന്ഥശാലയുമുണ്ട്. വേണ്ടുന്നവക്ക് നീന്തലും, നൃത്തവും പഠിക്കാം. പക്ഷെ, ഇതുകൊണ്ടു ബിരുദം സമ്പാദിക്കാൻ വയ്യ. വൈദ്യം, ഇഞ്ചിനീയറിംഗ്, ധനശാസ്ത്രം മുതലായി ലോകസമ്മതങ്ങളായ പ്രധാന വിഷയങ്ങൾ പഠിച്ചാലേ ബിരുദം കിട്ടൂ. നൃത്തവും, നീന്തലും പഠിച്ചാൽ ആ കലകളിലുള്ള നിപുണതയ്ക്ക് ഒരു സർട്ടിഫിക്കററുമാത്രം കൊടുക്കും. സാധാരണമായി വിനോദവ്യായാമങ്ങളിൽ ജനങ്ങൾ ഉൽസുകരായ ആ നാട്ടിൽ, അത്തരം കലകൾ പഠിച്ചവരെ ധാരാളം ആവശ്യമുള്ളതുകൊണ്ട്, അവ പഠിക്കാൻ അനവധി ആളുകളുമുണ്ട്. കല്ക്കത്തയിലും, ബോംബെയിലും, ഇംഗ്ലണ്ടിൽ തന്നെയുമുള്ളതുപോലെ, അമേരിക്കയിലും ഇന്നലെപ്പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകരകളായ സ്വകാര്യകോളേജുകൾ വളരെയുണ്ട്. അവക്കു കുറെപണവും ഒരുപന്യാസവുമയച്ചാൽ തങ്കലിപിയിലച്ചടിച്ച ബിരുദപത്രം അയച്ചുതരും; അതു ചില്ലിട്ടു വീട്ടിന്നാലങ്കാരമായി വെക്കാമെന്നല്ലാതെ, അതിന്ന വല്ല ബഹുമാനമോ, അംഗീകാരമോ അമേരിക്കയിലില്ല. വിദേശീയരുടെ പണം തട്ടിപ്പറിക്കുന്ന ഇത്തരം ചില കള്ളക്കമ്പനികൾ ഇംഗ്ലണ്ടിലുള്ളതിലേറെ അമേരിക്കയിലുണ്ടെന്ന സമ്മതിക്കതന്നെ വേണം. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് അമേരിക്കയിൽ സ്ഥാനമില്ല.

ഞാൻ കൊളമ്പിയാസർവകലാശാലയിൽ ചേർന്നപ്പോൾ എന്റെ വിരലടയാളവും പടവും എടുക്കയുണ്ടായി. പടമെടുത്തതു് ഒരു പുതുമയായിത്തോന്നി. വിദ്യാർത്ഥി, ഒരുകാലത്തു മഹാകവിയോ, ശാസ്ത്രജ്ഞനോ, രാഷ്ട്രനേതാവോ, ആയിപ്പരിണമിക്കാറുന്നതുകൊണ്ടാവാം, നേരത്തെ പടമെടുത്തുവെക്കുന്നതു്.

അവിടത്തെ മിക്ക കോളേജുകളിലും സ്ത്രീകളേയും പുരുഷന്മാരേയും ഇടകലർത്തിയിരുത്തിയാണു് പഠനം നടത്തിവരുന്നതു്. നമ്മുടെനാട്ടിലേതുപോലെ, സ്ത്രീകൾക്കു വാദ്ധ്യാരുടെ അടുത്തു പ്രത്യേകം ഇരിപ്പിടമില്ല. വിശ്രമസമയത്തു ചീട്ടുകളിക്കുവാനും, നൃത്തം ചെയ്യാനും ഏർപ്പാടുകളുണ്ടു്. കോണികൾ കേറിയിറങ്ങി, പല കെട്ടിടങ്ങളിലായി ഓടിനടന്നു പഠിച്ചു കാൽകുഴഞ്ഞ വിദ്യാർത്ഥിനികൾക്കു കിടന്നു വിശ്രമിക്കുവാൻ കട്ടിലും മെത്തകളുംകൂടി സജ്ജീകരിക്കപ്പെട്ടിട്ടുണ്ടു്.

കേരള സാഹിത്യ അക്കാദമി

അദ്ധ്യയനവർഷം രണ്ടായി വിഭജിച്ചു്, ക്ലാസുകൾ സെപ്റ്റംബർ മാസാന്ത്യത്തിൽ തുടങ്ങി ജൂണിൽ അവസാനിക്കുന്നു. നമ്മുടെ സർവകലാശാലകളെപ്പോലെ ബിരുദലാഭത്തിനു് ഇത്രകൊല്ലം പഠിക്കണമെന്നു് ഒരു നിശ്ചയവുമില്ല. പകരം ഇത്ര "പോയിൻറുകൾ" ലഭിക്കണമെന്നാണു്. ഉദാഹരണമായി, എം. ഏ. ബിരുദം ലഭിക്കുവാൻ ഇരുപത്തിയൊന്നു 'പോയിൻറ' കിട്ടണമെന്നുള്ളതിനു പുറമേ, ഗവേഷണം ചെയ്തു് ഒരു പ്രബന്ധവും സമർപ്പിക്കണം.

നമ്മുടെനാട്ടിൽ നടപ്പില്ലാത്ത ഈ 'പോയിൻറ'രീതിയെ ഒന്നു വിശദീകരിച്ചുകൊള്ളട്ടെ. ദിവസം ഒരു മണിക്കൂർവീതം ആഴ്ചയിൽ മൂന്നുദിവസം പഠിപ്പിക്കുന്ന ഒരു വിഷയത്തിനു മൂന്നു പോയിൻറും രണ്ടുദിവസം പഠിപ്പിക്കുന്ന ഒരു വിഷയത്തിനു രണ്ടു പോയിൻറും കിട്ടും. ഇങ്ങിനെ ആവശ്യമുള്ളതുപോലെ ഇരുപത്തിയൊന്നോ, മുപ്പതോ പോയിൻറുകൾ പഠിച്ചു പരീക്ഷ പാസ്സായവൻ ബിരുദാർഹനാകുന്നു. വൈദേശികവിദ്യാർത്ഥികൾ "സെമസ്റ്റർ" എന്ന വർഷവിഭാഗത്തിൽ ചുരുങ്ങിയതു പന്ത്രണ്ടു പോയിൻറിനുള്ള വിഷയങ്ങൾ പഠിക്കണമെന്നു നിർബന്ധമുണ്ടു്. തദ്ദേശീയർക്കു് ഏഴു പോയിൻറ പഠിച്ചാൽമതി. ഈ

സമ്പ്രദായംമൂലം, ധനത്തിന്റെയും, സമയത്തിന്റെയും സൌകൎയ്യമനുസരിച്ചു കുറേശ്ശെ പഠിച്ചു ബിരുദ സമ്പാദിക്കാം.

ഒരു വിദ്യാൎത്ഥിക്കു വൎഷത്തിൽ ശരാശരി തൊള്ളായിരം രൂപയോളം ഫീസുകൊടുക്കേണ്ടതുണ്ടു്.

ക്ലാസ്സുകൾ കാലത്തു് എട്ടുമണിമുതൽ രാത്രി പത്തുമണിവരെയുമുണ്ടു്. വിദ്യാൎത്ഥികളുടെ സൌകൎയ്യാൎത്ഥം ഒരു വിഷയം പഠിപ്പിയ്ക്കുവാൻ ഒരു ദിവസത്തിൽത്തന്നെ പല സമയങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. ഡെസ്കിനുപകരം കയ്യുള്ള കസേരകളിലിരിയ്ക്കുന്ന വിദ്യാൎത്ഥികൾ പ്രഫസ്സർ വരുമ്പോൾ എഴുന്നേല്ക്കുക പതിവില്ല. സകലൎക്കും സമത്വമാണു്. എന്നാൽ നമ്മുടെ കോളേജുകളിൽ ചിലപ്പോൾ കേൾക്കാവുന്ന ചവിട്ടും കൂവലുമൊന്നുമില്ല. നേരത്തെ അച്ചടിച്ചു വിതരണംചെയ്യുന്ന 'അനുക്രമണിക'യനുസരിച്ചു പ്രഫസ്സർ പ്രസംഗിയ്ക്കുന്നു. വിദ്യാൎത്ഥികൾ വേണ്ടുന്ന പുസ്തകങ്ങൾ പഠിച്ചു തയ്യാറായിവരും. പ്രഫസ്സരുടെ വായിൽനിന്നു വീഴുന്ന വാക്കുകൾ ഒന്നുവിടാതെ അവർ ചുരുക്കെഴുത്തിലും സാധാരണരീതിയിലും കുറിച്ചെടുക്കുന്നു. സംശയം തോന്നുന്നേടത്തു വിദ്യാൎത്ഥികൾ കൈ പൊക്കിയാൽ, പ്രഫസ്സർ വേണ്ടുന്നവിധം വിശദീകരിയ്ക്കും. ഇത്ര ശ്രദ്ധയോടെ ഇതെല്ലാം കുറിച്ചെടുക്കുന്നതെന്തിനാണെന്നു ഞാൻ ഒരു അമേരിയ്ക്കൻവിദ്യാൎത്ഥിയോടു ചോദിച്ചപ്പോൾ "ഞങ്ങൾ പോയന്റു് ഒന്നിനു പത്തു ഡോളർ (മുപ്പതുരൂപ)വെച്ചു കൊടുക്കുന്നതു മുതലാക്കണം" എന്നുത്തരം കിട്ടി.

ഇതിൽനിന്നു് അമേരിയ്ക്കരുടെ വേറൊരു സ്വഭാവവിശേഷം വെളിപ്പെടുന്നുണ്ടു്.

അമേരിയ്ക്കയിൽ നോബൽസമ്മാനംലഭിച്ച പണ്ഡിതന്മാർ പന്ത്രണ്ടുപേരുണ്ടെന്നും, ഇൻഡ്യയിലാകട്ടെ രണ്ടുപേർമാത്രമേ ഉള്ളുഎന്നും, ഉപരിവിദ്യാഭ്യാസത്തിനായി ജപ്പാൻ, ചൈനാ, റഷ്യാ മുതലായ രാജ്യങ്ങളിൽനിന്നു വിദ്യാൎത്ഥികൾ ആയിരക്കണക്കിനു് അമേരിയ്ക്കയിൽ വന്നുചേരുന്നുണ്ടെന്നും, എന്നാൽ നമ്മുടെനാട്ടിൽ അങ്ങനെയാരും വരുന്നില്ലെന്നും അറിഞ്ഞാൽ അമേരിയ്ക്കയിലെയും ഇൻഡ്യയിലെയും വിദ്യാഭ്യാസരീതിയുടെ അന്തരം ബോദ്ധ്യമാകും.

മുറിക്കു മാസത്തിൽ എഴുപത്തിഅഞ്ചുരൂപാ വാടകയും ഭക്ഷണത്തിനു ചുരുങ്ങിയതു നൂറുരൂപയും വേണം. പഴത്തിനും മുട്ടയ്ക്കും ഒന്നിനു നന്നാലണയും, ഒരുതവിച്ചോറിനു രണ്ടര അണയും, ഒരു ഷർട്ടു് അലക്കുന്നതിനു പന്ത്രണ്ടു് അണയും ഇങ്ങനെയാണു് അവിടത്തെ നിരക്കു്.

ഭക്ഷണശാലകളിൽ അപ്പഴപ്പോൾ രൊക്കം പണംകൊടുക്കുന്ന പതിവു നടപ്പിലാകകൊണ്ടു്, കയ്യിൽ കാശില്ലെങ്കിൽ പട്ടിണിയെ ശരണമുള്ളൂ. അതുകൊണ്ടു് അവിടത്തെ വിദ്യാത്ഥികൾക്കു സാധിയ്ക്കുമെന്നു കേട്ടിരുന്നതുപോലെ, ഒഴിവുള്ള സമയത്തു വല്ല ജോലിയും നോക്കുവാൻ ഞാൻ ശ്രമംതുടങ്ങി. ഹോട്ടലുകളിൽ കാപ്പിപലഹാരങ്ങൾ എടുത്തുകൊടുക്കുക, പാത്രം കഴുകുക, ടൈപ്പുചെയ്യുക, പ്രസംഗിയ്ക്കുക ഇങ്ങനെ പല തരം ജോലികൾ ചെയ്തു പണം സമ്പാദിയ്ക്കാമെന്നു കേട്ടിരുന്നു. മിക്ക സർവ്വകലാശാലകളിലുമുള്ളതുപോലെ,കൊളമ്പിയായിലും ഒരു ഉദ്യോഗാന്വേഷണവകുപ്പുണ്ടു്. ഉദ്യോഗാത്ഥികൾ അവരുടെ കഴിവുകൾ വിശദമാക്കി കൊടുക്കുന്ന അപേക്ഷകൾ അവിടെ റജിസ്റ്റർചെയ്യുന്നു. വ്യവസായശാലകൾ, വൃത്താന്തപത്രാലയങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ മുതലായവകളുടെ ഉടമസ്ഥന്മാരുമായി അധികൃതർ എഴുത്തുകുത്തുകൾചെയ്തു വിദ്യാത്ഥികൾക്കു വിശ്രമസമയങ്ങളിലും ഒഴിവുദിവസങ്ങളിലും ജോലിചെയ്തു പണം സമ്പാദിയ്ക്കുവാൻ വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. ഇങ്ങിനെ പ്രതിവർഷം മൂന്നും നാലും ആയിരം രൂപ സമ്പാദിയ്ക്കുന്ന വിദ്യാത്ഥികളുണ്ടു്.

ഞാനും ഒരു ജോലിയ്ക്കു് അപേക്ഷിച്ചു. "ഹിന്ദു"വായ എനിയ്ക്കു ചെപ്പടിവിദ്യയിൽ നല്ല നൈപുണ്യമുണ്ടായിരിയ്ക്കുമെന്നും, അതുകൊണ്ടു പണം നേടുവാൻ പ്രയാസവുമുണ്ടാകയില്ലെന്നും പറഞ്ഞു് ഉദ്യോഗാന്വേഷണവകുപ്പിൻെറ മേലദ്ധ്യക്ഷ എന്നെ ആശംസിപ്പിച്ചു. ദൌർഭാഗ്യവശാൽ ചെപ്പിടിവിദ്യയും ഇന്ദ്രജാലവുമൊന്നും എനിയ്ക്കറിവില്ലെന്നു സമ്മതിക്കേണ്ടിവന്നു. ഞാൻ ബുദ്ധിമുട്ടുകയാണെന്നു് അവൾക്കു തോന്നുകയാൽ, സർവ്വകലാശാലയിലെ ഭോജനശാലയിൽസൌജന്യമായി ഭക്ഷണം കഴിച്ചുകൊള്ളുവാൻ ഒരു പാസ്സു് തന്നു. എന്നാൽ അവരുടെ ഔദാര്യത്തിനു നന്ദിപറഞ്ഞു ഞാൻ അതു തിരസ്കരിച്ചു.

ഒടുവിൽ എനിക്കു ഹോട്ടലിൽ ഒരു ജോലികിട്ടി. അമേരിയ്ക്കയിൽ മിക്കവരും ഇമ്മാതിരി തൊഴിലുകൾ ജീവിതത്തിലൊരിയ്ക്കലെങ്കിലും ചെയ്തിട്ടുണ്ടാവും. അതിൽ അവക്കപമാനമില്ല. കോടീശ്വരനായ റോക്ക്ഫെല്ലറിൻെറ മകൻതന്നെ കോളേജിൽ പഠിയ്ക്കുമ്പോൾ ഒരു 'ലിഫ്റ്റ്ബോയി' ആയി ജോലിചെയ്തിരുന്നു. പണത്തിൻെറ വിലയും കൂലിവേലയുടെ അന്തസ്സും ഉൽബോധിപ്പിയ്ക്കുവാനാണു ധനികരായ പിതാക്കന്മാർ മക്കളെ ഇങ്ങിനെ പരിശീലിപ്പിയ്ക്കുന്നതു്. ഒരിക്കൽ ഞാൻ ജോലിചെയ്തുകൊണ്ടിരിക്കെ, എൻെറ ഒരദ്ധ്യാപകൻ

യാദൃച്ഛികമായി എന്നെ കണ്ടു. "നിങ്ങളുടെ ഇന്ത്യയിൽ ഇതെല്ലാം ചെയ്യുന്നതു കുറച്ചിലാണെന്നു ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ചെറുപ്പത്തിൽ ഇതുപോലെ പല ജോലികളും ചെയ്താണു ഞാൻ പഠിച്ചതു്. അതുകൊണ്ടു നിങ്ങൾ ഒരിക്കലും കുണ്ഠിതപ്പെടരുതു്" എന്നുപദേശിച്ചു. ദുരഭിമാനികളായ നമ്മുടെയും, കൂലിവേല അഭിമാനകരമായി വിചാരിക്കുന്ന അമേരിക്കരുടെയും മനസ്ഥിതികളുടെ അന്തരം ഇപ്പറഞ്ഞ ദൃഷ്ടാന്തത്തിൽനിന്നു വ്യക്തമാകും.

---

8. മി. റോബട്ട്—യന്ത്രമനുഷ്യൻ

വെള്ളക്കാർ റെഡ് ഇൻഡ്യാക്കാരെ കബളിപ്പിച്ചതു്—ഭൂമിയുടെ അടിയിലും മുകളിലുമുള്ള തീവണ്ടികൾ—"ഓട്ടോമാററുകൾ"— മി. റോബട്ടു—യന്ത്രമനുഷ്യൻ.

ഏഴുപതു രൂപാ വിലയ്ക്കുള്ള പളുങ്കുമാലകളും, തുണിത്തരങ്ങളും, കുറേ പുകയിലയും, വിസ്കിക്കുപ്പികളും ശുദ്ധഗതിക്കാരായ റെഡ്ഇൻഡ്യാക്കാൎക്കു കൊടുത്തു്, ന്യൂയോക്ക് ഇപ്പോൾ സ്ഥിതിചെയ്യുന്ന പ്രദേശം ഡച്ചുകാർ പണ്ടുതന്നെ തട്ടിഎടുത്തു. കുശാഗ്രബുദ്ധികളായ വെള്ളക്കാരും സാധുക്കളായ റെഡ്ഇൻഡ്യാക്കാരും തമ്മിൽനടത്തിയ ആ ഉടമ്പടി ഒപ്പുവെച്ചതു്, ഹഡ്സൺനദീതീരത്തു വാർദ്ധക്യമേറി ഇപ്പോൾ ഉണങ്ങിനില്ക്കുന്ന ഒരു വൃക്ഷത്തിന്റെ തണലിൽവച്ചാണു്. ചരിത്രപ്രധാനമായ ആ വൃക്ഷത്തെ അത്ഭുതകരങ്ങളായ ചില ശസ്ത്രക്രിയകളാലും കുത്തിവെപ്പുകളാലും തങ്ങളുടെ കച്ചവടസാമൎത്ഥ്യത്തിന്റെ ചിരസ്മാരകമായി അവർ നിറുത്തിയിരിക്കുന്നു. ഡച്ചുകാർ ന്യൂആംസ്റ്റർഡാം എന്നു പേരിട്ട ഈ നഗരത്തെ സ്വതസിദ്ധമായ തങ്ങളുടെ കരബലം പ്രയോഗിച്ചു ഇംഗ്ലീഷുകാർ പിന്നീടു കൈവശപ്പെടുത്തി, ന്യൂയോക്ക് എന്ന നവനാമധേയം നൽകി. അക്കാലത്തു അവിടത്തെ ജനസംഖ്യ ഇരുനൂററിയെഴുപതുപേർ മാത്രമായിരുന്നു. എന്നാൽ ആ കുഗ്രാമം, പ്രതിദിനം അറുപതിൽക്കുറയാതെ കപ്പലുകൾ വരുന്നതും നൂറും നൂററിരണ്ടും നിലകളുള്ള അംബരചുംബികളാൽ നിബിഡീകൃതവുമായ അത്യത്ഭുതനഗരമായി ഇന്നു പരിലസിക്കുന്നു.

ന്യൂയോക്ക് ഐക്യനാടിന്റെയോ ന്യൂയോക്ക്സ്റ്റേറ്റിന്റെയോ തലസ്ഥാനമല്ല. ഐക്യനാടിന്റെ തലസ്ഥാനം, കാപ്പിറ്റോളും, കോൺഗ്രസ്സുമന്ദിരവും, പ്രസിഡൻറിന്റെ ഔദ്യോഗികവസതിയായ വൈറ്റ്ഹൌസ്സും സ്ഥിതിചെയ്യുന്ന വാഷിംഗ്ടൺപട്ടണവും, ന്യൂയോക്ക്സ്റ്റേറ്റിന്റെ തലസ്ഥാനം ആൽബനി എന്ന ഒരു ചെറിയ പട്ടണവുമാകുന്നു. ന്യൂയോക്കാകട്ടേ, ധനസമൃദ്ധിയിലും വ്യവസായത്തിലും അമേരിക്കയിലെ അദ്വിതീയമായ നഗരമാണെന്നുമാത്രം. ഇവിടെ ഭരണംനടത്തുന്ന മുൻസിപ്പൽകെട്ടിടത്തിൽ ആറായിരം ഉദ്യോഗസ്ഥന്മാർ ഇരുന്നു നിരന്തരമായി ജോലിചെയ്തുവരുന്നു. മുൻസിപ്പാലിറ്റിയുടെ ശരാശരി വരവു പ്രതിവർഷം നൂററിയമ്പതുകോടിരൂപയാണ്. ഇതിൽ റോഡ് അടിച്ചുവാരുന്നതിനുമാത്രം പ്രതിവർഷം എട്ടുകോടിരൂപാ ചെലവുണ്ടത്രേ. സമാധാനപരിപാലനത്തിനായി പതിനെണ്ണായിരം പോലീസുകാരുമുണ്ട്.

ലക്ഷക്കണക്കിനുള്ളയാത്രക്കാരുടെ സൌകര്യത്തിനായി ട്രാമിനും, ബസ്സിനും പുറമേ, ഭൂമിയ്ക്കടിയിലൂടെഓടുന്ന 'സബ്‌വേ'കളും ഇരിമ്പുതൂൺ നാട്ടി തെരുവിൻമുകളിലൂടെ ഓടുന്ന "എലിവേറററ്ഡ്" (മേൽതീവണ്ടി)കളുമുണ്ട്. സബ്‌വെകളിൽത്തന്നെ ഒരുദിവസം പത്തു ലക്ഷത്തിൽ കുറയാതെ ജനങ്ങൾ യാത്രചെയ്യാറുണ്ട്. അടുത്തടുത്ത സ്റ്റേഷനുകളിൽ നില്ക്കുന്ന 'ലോക്കൽ'വണ്ടികളും, പ്രധാന സ്റ്റേഷനുകളിൽമാത്രം നില്ക്കുന്ന 'എക്സ്'പ്രസ്സ്'വണ്ടികളും ഇത്തരത്തിലുണ്ട്. വിളക്കുകളുടെ ചുവപ്പു പച്ചനിറങ്ങൾകൊണ്ട് ഇവയെ തിരിച്ചറിയാം. ഭൂമിയുടെ അടിയിൽക്കൂടിപോകുന്നതുകൊണ്ടു ശരിയായവണ്ടിയിൽ കയറാതെയിരുന്നാൽ വഴിതെററിയാലും അറിയുകയില്ല. ആദ്യകാലങ്ങളിൽ എനിക്കും ഇങ്ങനെ പററമായിരുന്നു. ഈ വണ്ടിയിൽ എവിടെയെങ്കിലും പോകുവാൻ അഞ്ചുസെൻറ (രണ്ടരഅണ)ആണു നിരക്ക്. ഈ തീവണ്ടികൾ ഭൂമിക്കുള്ളിലൂടെയാണുപോകുന്നതെങ്കിലും, വെളിച്ചവും ശുദ്ധവായുവും വേണ്ടുവോളം ഉണ്ട്. തണുപ്പുകാലത്തു വേണ്ടുന്ന ചൂടും, ഉഷ്ണകാലത്തു വേണ്ടുന്ന തണുപ്പും നൽകുവാൻ ചില നിയന്ത്രണങ്ങളും ചെയ്തിട്ടുണ്ട്. കാലത്ത് ഒൻപതുമണിയ്ക്കും, വൈകിട്ട് അഞ്ചുമണിയ്ക്കും ആഫീസ്സുജോലിക്കാരായ സ്ത്രീപുരുഷന്മാർ വണ്ടികളിൽ തിങ്ങിയിരിക്കും. ഇരിക്കാനോ, സുഖമായി നില്ക്കാനോ സൌകര്യമില്ലാതെ, മുകളിൽനിന്നു തൂക്കിയിട്ടിരിക്കുന്ന തുകൽച്ചരടുകളിൽപിടിച്ചാണു യാത്ര. എന്നാൽ ഗുഹാസ്റ്റേഷനുകളിൽ പല വലിയ ഷാപ്പുകളും, കാപ്പിക്കടകളുമുണ്ട്.

പ്രതിദിനം പത്തുലക്ഷത്തിൽക്കുറയാതെ യാത്രക്കാരുള്ളതുകൊണ്ടു് ഓരോരുത്തനും ടിക്കററുകൊടുക്കുവാൻ പ്രയാസമാണു്. പകരം, വട്ടംകറങ്ങുന്ന അനേകം ചെറുവാതിലുകളിൽ ഘടിപ്പിച്ചിരിക്കുന്ന "സ്ലോട്ടു"പെട്ടികളിൽ നിക്കൽ എന്ന അഞ്ചുസെൻറുനാണയം ഇട്ടാൽ യാത്രക്കാരനു് അതു തള്ളിത്തുറന്നു പ്ലാററുഫോറത്തിൽ കയറാം. നാണയം ഇട്ടില്ലെങ്കിൽ അതനങ്ങുകയേ ഇല്ല! പെട്ടിയിൽവീഴുന്ന നാണയം വിളക്കിൻെറ സാഹായ്യത്താൽ ഒരു കണ്ണാടിയിൽ പ്രതിബിംബിക്കുന്നതുകൊണ്ടു കള്ളനാണയം ഇട്ടുപററിക്കാൻ സാധിക്കയില്ല. വണ്ടിയിൽനിന്നു് ഇറങ്ങുവാൻ വാതൽ താനേ ചുററിത്തരും. ഈ ഗുഹാസ്റ്റേഷനുകളിൽ ഇറങ്ങാനും കയറാനും "എസ്കലേററർ" എന്ന കോണിയന്ത്രമുണ്ടു്. ഇതിൻെറ പടികൾ താനേ ഉയരുകയും, താഴുകയും ചെയ്യുന്നതുകൊണ്ടു യാത്രക്കാരൻ പടിയിൽ വെറുതെ നിന്നാൽമതി. എന്നാൽ ഇതു 'ലിഫ്ററ'ല്ല. തൊട്ടിയാട്ടച്ചക്രംപോലെ ചുററിക്കൊണ്ടിരിക്കുന്ന കോണിമാത്രമാണു്. സകല വാതലുകളും അടഞ്ഞാലേ അതു് ഓടുകയുള്ളു എന്നാണു സബ്‌വേയുടെ വേറൊരു വിശേഷം. ന്യൂയോക്കിലുള്ള ട്രാംവണ്ടികളിലും ലിഫ്ടുകളിലുമെല്ലാം ഈ ഏർപ്പാടുകൾ ഉള്ളതുകൊണ്ടു യാത്രക്കാർക്കു് അപായശങ്ക വേണ്ടാ.

ഹോട്ടലുകളിൽ ബില്ലു 'കാഷ് മെഷീനിൽ' ടൈപ്പുചെയ്തു കൂട്ടിയാണുതരിക. ആകെ ഒരു ദിവസം എന്തുപിരിവുണ്ടെന്നു് ആ യന്ത്രത്തിൽ സ്പഷ്ടമായിക്കാണാം. "കണക്കെഴുത്തുകാരൻ എന്നെ പററിച്ചല്ലോ" എന്നു മുതലാളികൾ സങ്കടപ്പെടുന്നതിനു് അമേരിക്കരുടെ നിർമ്മാണബുദ്ധി കണ്ടുപിടിച്ച ഒരു പോംവഴിയാണിതു്. മനുഷ്യനു തെററുപററാം; നിർജ്ജീവങ്ങളായ ഈ യന്ത്രങ്ങൾക്കു തെററുപററുകയില്ല. അതുകൊണ്ടു ശരിയായി കൂട്ടാനും, കുറയ്ക്കാനും അറിയുന്ന വിദ്യാർത്ഥിയെ ബുദ്ധിസമർത്ഥനായി പരിഗണിക്കുന്നരീതി വാദ്ധ്യാന്മാർ ഇനിയെങ്കിലും ഉപേക്ഷിക്കുമോ ?

സാധനവിലയുടെ കൂടുതൽക്കുറവനുസരിച്ചു് അമേരിക്കയിലെ ഭോജനശാലകളെ മൂന്നു തരമായി തിരിക്കാം. ഒന്നാമത്തു, വിളമ്പുവാൻ ഭൃത്യന്മാരുള്ള ഹോട്ടൽ. ഇവിടെ സാമാനങ്ങൾക്കു വില കൂടുമെന്നതിനുപുറമേ, കണക്കുതീർക്കുമ്പോൾ ബില്ലിലെ സംഖ്യയുടെ ദശാംശം ഭൃത്യനു ടിപ്പു് (കൈമടക്കു്) കൊടുക്കണമെന്നു് ഒരു നടപ്പുണ്ടു്. രണ്ടാമത്തു, 'കാഫെറേററിയാ' എന്ന ഒരുതരം ഭോജനശാലകൾ പട്ടണത്തിൽ എവിടെയും കാണാം. ഇഷ്ടമുള്ള സാധനങ്ങൾ നാംതന്നെ പെറുക്കിയെടുത്തു്

ഒരു ട്രേയിൽവെച്ചു മേശയിൽകൊണ്ടുചെന്നു ഭക്ഷണം കഴിക്കാം. ഉപ്പു, കുരുമുളകുപൊടി, പഞ്ചസാര, കത്തികൾ, മുള്ളുകൾ, മുഖം തുടയ്ക്കാനുള്ള കടലാസ്സുതൂവാലകൾ എന്നിവ മേശമേൽത്തന്നെ ഉണ്ടായിരിക്കും. കുടിക്കാനുള്ളവെള്ളം ഒരു 'ഫൌണ്ട'നിൽ ഐസിട്ടു തണുപ്പിച്ചുവെച്ചിരിക്കുന്നു.

'കാഫെറേറിയ'യേക്കാൾ രസാവഹങ്ങളായ ഭോജനശാലകളാണ് 'ഓട്ടോമാററ'കൾ. വിശാലങ്ങളായ മുറികളിൽ ചുമരുകളോടു ചേർത്ത് അനവധി ചില്ലിട്ട അലമാരികൾ നിരത്തിയിട്ടുണ്ടാവും. ഇവയുടെ തട്ടുകളിൽ കൊതിതോന്നുമാറു, പാകംചെയ്ത അപ്പം, ബിസ്കററ, കേക്ക മുതലായവ പാത്രങ്ങളിൽവെച്ചിരിയ്ക്കും. ഇതിൽ ഓരോന്നിൻെറ വില അഞ്ചുസെൻറാണ്. ചുമരിൽവെച്ചിട്ടുള്ള സ്ലോട്ടുപെട്ടിയിൽ ഒരു 'നിക്കലി'ട്ടാൽ കണ്ണാടിവാതിൽ തനിയേ തുറക്കും: പലഹാരം നമുക്കെടുക്കാം. എടുത്തുകഴിഞ്ഞാൽ, കണ്ണാടിവാതിൽ താനേ അടയുകയും, മുകളിൽനിന്ന് അത്തരം വേറൊരു പലഹാരം യന്ത്രം വഴി ഇറങ്ങിവരികയുംചെയ്യും. മറെറാരു 'നിക്കലി'ട്ടു കോപ്പകാണിച്ചാൽ, ഒരു 'ഫൌണ്ട'നിൽനിന്നു കാപ്പിയോ, ചായയോ, കൊക്കോയോ വരും; മുക്കാൽ കോപ്പയായാൽ അതു നില്ക്കും. അതിൻെറ അടുത്തുള്ള 'ഫൌണ്ട'നിൽനിന്നുപാലും കിട്ടും. കോപ്പ നിറഞ്ഞാൽ അതും താനെനിന്നു! ഇംഗ്ലണ്ടിൽ സ്റ്റാമ്പുവിൽക്കുന്നതും, ഇന്ത്യയിൽ ചില വലിയ തീവണ്ടിസ്റ്റേഷനുകളിൽ പ്ലാററ്ഫോറംടിക്കററ തരുന്നതും, ഈമാതിരി യന്ത്രങ്ങളാണ്.

ഒരു ഹോട്ടലിൽ, വാതുക്കൽനിന്നു ഒരു യോദ്ധാവു സകലരേയും—അക്കൂട്ടത്തിൽ എന്നെയും—സ്വീകരിക്കയുണ്ടായി. കൈപൊക്കി സലാം വെച്ച് എന്നെ ക്ഷണിച്ചശേഷം അയാൾ എൻെറകൂടെ നടന്നുവന്നു. വാതലിനടുത്തിരിക്കുന്ന മാനേജരോടു സ്വകാര്യമായി സംസാരിക്കുന്ന ഭാവത്തിൽ ചെവിയിൽ എന്തോ മന്ത്രിക്കുന്നതു കണ്ടു. ഇതിനിടയ്ക്ക് യോദ്ധാവു ചിരിക്കയും കണ്ണുചിമ്മുകയുംചെയ്തു. ഈ രീതിതന്നെ രണ്ടുമൂന്നുതവണ ആവർത്തിച്ചപ്പോൾ എനിയ്ക്കു സംശയം തോന്നി, അയാളെ ഒന്നു സൂക്ഷിച്ചു. അയാളുടെ നടപ്പിന് ഒരു മയമില്ല; കൈയും കാലും അനക്കുന്നതു് ഒരു വടിപോലെ; ചിരിക്കും ചിമ്മലിനും ഒരസാധാരണകൃത്രിമത്വം! സാക്ഷാൽ മനുഷ്യനാണെന്നും, അതല്ലാ, 'റോബട്ടു'' ആണെന്നുമുള്ള സംശയം വളരെ നേരമായിട്ടു തീരാതെ ഞാൻ മാനേജരോടു ചോദിച്ചപ്പോൾ, അയാൾ ഒരു പച്ചച്ചിരി ചിരിച്ചത

ല്ലാതെ ഒന്നും ഉത്തരം പറഞ്ഞില്ല. മൂന്നു മാസം കഴിഞ്ഞു്, ഐക്യനാടുകൾ സന്ദർശിക്കാൻവന്ന ഒരാംഗ്ലേയയുവതിക്കു് അംഗസൌഷ്ഠവമുള്ള ഈ യോദ്ധാവിൽ പ്രേമംജനിച്ചു് അയാളെ തൂക്കിയെടുത്തുകൊണ്ടുപോകുന്ന ചിത്രം 'ന്യൂയോൿടൈംസി'ൽ കണ്ടപ്പോഴാണു നമ്മുടെ പട്ടാളക്കാരൻ യന്ത്രമനുഷ്യനായ "മി: റോബട്ടു്" ആണെന്നു ഞാൻ മനസ്സിലാക്കിയതു്.

---

9. അംബരചുംബികൾ

"സ്കൈസ്ക്രേപ്പേഴ്സ്"—മുപ്പതിനായിരം പേൎക്കിരിക്കാവുന്ന മന്ദിരം—മൂവായിരം മുറിയുള്ള ഹോട്ടൽ—വലിയ ചിത്രശാലകൾ—ഹോട്ടൽ ജീവിതത്തിന്റെ ശ്രേഷ്ഠത.

യാന്ത്രികജീവിതസമ്പ്രദായംകൊണ്ടു് അമേരിക്കരുടെ സംസ്കാരം ആത്മശൂന്യമാണെന്നു ചില ചിന്തകർ പറയാറുണ്ടു്. അവർ ബാഹ്യക്രീഡകളിൽ കൂടുതൽ സംതൃപ്തി ഉള്ളവരായി കാണപ്പെടുന്നു. ഏതുനിലയിലും യാന്ത്രികജീവിതം യാദൃച്ഛികമായി വന്നുകൂടിയതല്ല. ആ നാട്ടിൽ ജോലിക്കാരുടെ ദൌർലഭ്യംനിമിത്തം കൂലിനിരക്കു വർദ്ധിച്ചതുകൊണ്ടു ചെലവുകുറയ്ക്കാനുള്ള ഉപായങ്ങൾ കണ്ടുപിടിക്കുക അത്യന്താപേക്ഷിതമായിത്തീൎന്നതുകൊണ്ടാണു വ്യയലഘൂകരണനിയന്ത്രണങ്ങളും പദ്ധതികളും നടപ്പിലാക്കാൻ ഇടയായതു്.

അമേരിക്കാ "സ്കൈസ്ക്രേപ്പറു"കളാൽ നിറഞ്ഞിരിക്കുന്നു. അംബരചുംബികളായ ഈ മഹാമന്ദിരങ്ങൾ നിൎമ്മിച്ചു സൂൎയ്യപ്രകാശത്തെ തടയുന്നതെന്തിനാണു് ?

ഷിക്കാഗോ മുതലായ ന്യൂയോൿനഗരങ്ങളുടെ ത്വരിതവളർച്ചമൂലം ജനങ്ങൾക്കു ഭൂനിരപ്പിൽ നിവസിക്കുന്നതിനു സ്ഥലം പോരാതെ വന്നതുകൊണ്ടാണു് ഇത്തരം കെട്ടിടങ്ങൾ ഉത്ഭവിച്ചതു്. പരന്നു വ്യാപിക്കുന്നതിനു സ്ഥലം ഇല്ലാതെയായപ്പോൾ പിന്നെ മേല്പോട്ടല്ലാതെ ഗത്യന്തരമില്ലല്ലോ.

അമേരിക്കയിൽ, പ്രത്യേകിച്ചും ന്യൂയോക്കിൽ, നമ്മെ ഏററവും അത്ഭുതപരതന്ത്രരാക്കുന്ന കാഴ്ചകൾ ഈ മഹാസൌധങ്ങൾതന്നെയാണു്.

ആയിരത്തിഇരുന്നൂററിഅൻപതു് അടി പൊക്കവും നൂററിരണ്ടു നിലകളുമുള്ള 'എമ്പയർസ്റ്റേററ് ബിൽഡിംഗിൻെറ' മുകളിൽകയറി കാണേണ്ടതുതന്നെ! ഇതിൻെറ എല്ലാററിലും മുകളിലത്തെ നിലയിൽ വിമാനങ്ങൾനിറുത്തി സഞ്ചാരികൾക്കു് ഇറങ്ങുന്നതിനു് ഇരുന്നൂറു് അടി പൊക്കവും അലൂമിനംകൊണ്ടു നിർമ്മിതവുമായ ഒരുന്നതഗോപുരവുമുണ്ടു്. എന്നാൽ ആ ഉയരത്തിൽ കാററിൻെറ ശക്തികൊണ്ടു് ഇതുവരെ വിമാനങ്ങൾ അവിടെ താവളമടിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ താവളമടിച്ചാൽ കെട്ടിടത്തിനും വിമാനങ്ങൾക്കും ആപത്തുവരുമെന്നു വിചാരിച്ചു് ആ ആലോചന തല്ക്കാലം ഉപേക്ഷിച്ചിരിക്കയാണു്. ഈ മന്ദിരത്തിൽ മുപ്പതിനായിരംപേർക്കു് അതായതു നമ്മുടെനാട്ടിലെ ഒരു സാധാരണപട്ടണത്തിൽ താമസിക്കുന്ന ജനങ്ങൾക്കു സൌകര്യമായിരുന്നു ജോലിചെയ്യുവാനുള്ള സ്ഥലവിസ്താരമുണ്ടു്. ഇതിൽ അറുപത്തിനാലു 'ലിഫ്ററുകൾ' ഉള്ളതിൽ ചിലതു് എക്സ്പ്രസ്സ് എന്നും ചിലതു ലോക്കൽ എന്നും, നമ്മുടെ നാട്ടിലെ തീവണ്ടികൾപോലെ രണ്ടുതരമായി തിരിച്ചിരിക്കുന്നു. ലോക്കൽലിഫ്ററുകൾ ഓരോനിലയിലും നിന്നുനിന്നു് ഉദ്ദേശം ഒന്നേമുക്കാൽ മണിക്കൂർകൊണ്ടു മുകളിൽ എത്തുന്നു. എന്നാൽ സമയം വിലകേറിയതാണെന്നു കരുതുന്നവരും ഓരോമിനിററും പൊന്നായി മാററാൻ തക്ക വ്യവസായകുശലരുമായ അമേരിക്കർ എക്സ്പ്രസ്സ്ലിഫ്ററിൽകയറി പത്തും, ഇരുപത്തിഅഞ്ചും, അൻപതും നിലകൾ ഒന്നിച്ചു ചാടിക്കയറാൻതക്കവണ്ണം ഇവ സജ്ജീകരിച്ചിരിക്കുന്നു. അങ്ങിനെ സമയംലാഭിക്കുന്നു. അൻപതാമത്തേയും നൂറാമത്തേയും നിലകളിൽ മാത്രം നിൽക്കുന്ന ഒരു എക്സ്പ്രസ്സ്ലിഫ്ററിൽകയറി മുകളിലേക്കുപാഞ്ഞപ്പോൾ എൻെറ വയററിൽ ഒരു പ്രത്യേകതരം അസ്വാസ്ഥ്യമുണ്ടായി. വിമാനത്തിൽ കയറുമ്പോഴും ഉണ്ടാകുന്ന വയററിലെ ഈ സംഭ്രമം വേഗത്തിൽ ഊഞ്ഞാൽ ആടുമ്പോൾ ഉണ്ടാകുന്നതിൻെറ ഒരായിമിരട്ടിയാണെന്നു പറഞ്ഞാൽ ഇതിൻെറ ധ്രുതഗതി ഏറെക്കുറെ മനസ്സിലാക്കാം. ലിഫ്ററുകളിൽ ചിലതു സ്വയം നിയന്ത്രിക്കപ്പെടുന്നവയാണു്. ഈ തരം 'ഓട്ടോമാററിക് ലിഫ്ററുകൾ' ഓടിക്കുവാൻ പ്രത്യേകം ആരുടേയും സഹായം ആവശ്യമില്ല. ഒരു ബട്ടൺ അമർത്തിയാൽ അതു താനേ ആവശ്യമുള്ള തട്ടിൽ താണുവരികയും, നാം കയറിയശേഷം വേറൊരു ബട്ടൺ അമർത്തിയാൽ ഉയർന്നു വേണ്ടതട്ടിൽ ചെന്നു നില്ക്കയും ചെയ്യുന്നു.

എമ്പയർസ്റ്റേറ്റുബിൽഡിംഗിന്റെ മുകളിൽനിന്നു കണ്ട കാഴ്ച അത്യത്ഭുതകരമായിരുന്നു. അൻപതു മൈൽ അകലെവരെയുള്ള സകല കാഴ്ചകളും നമ്മുടെ കാൽച്ചുവട്ടിൽ എന്നപോലെ കാണാം. വിദൂരമായി കപ്പലുകൾ വരുന്നതും പോകുന്നതും, പാമ്പുകൾപോലെ ഹഡ്സൺ, ഈസ്റ്റ് എന്നീ നദികൾ ഹിമാലയ ശൃംഗനിരകൾപോലെയുള്ള മന്ദിരങ്ങളുടെ താഴ്‌വരയിലൂടെ മന്ദംമന്ദം ഇഴഞ്ഞുപോകുന്നതും, അവിടവിടെ കാടുകൾപോലെ വളർന്നുനില്ക്കുന്ന ഉദ്യാനങ്ങളും, ആകാശത്തിലൂടെ ർ-ർ-ർ എന്നു പറന്നുപോകുന്ന വിമാനങ്ങളും കണ്ടു ഞാൻ അത്ഭുതപരതന്ത്രനായി. ഈ ഉന്നതഗോപുരം ഹിമാലയപർവ്വതനിരയിൽ എവറസ്റ്റ്കൊടുമുടി എന്നപോലെ ധൂമപടലങ്ങൾക്കിടയിൽ ശിരസ്സുയർത്തി അഹങ്കാരഭാവേന നിലകൊള്ളുന്നു. ഇരുപതുമുതൽ നൂറുവരെ നിലകളുള്ള നൂററിഅൻപതിൽചില്വാനം മഹാമന്ദിരങ്ങൾ ന്യൂയോർക്കിലുണ്ട്. ഈ കെട്ടിടങ്ങൾക്കു മൂന്നുമുതൽ പത്തുകോടിവരെ രൂപ ചെലവായിട്ടുണ്ട്. ഇരുപതു നിലകളിൽ താഴെയുള്ള അനവധി കെട്ടിടങ്ങൾ ആരും ഗൌനിക്കാറില്ല. മേൽപ്പറഞ്ഞ മഹാമന്ദിരങ്ങളുടെ അകത്തെ സ്ഥലവിസ്താരം പത്തുമുതൽ അൻപതു് ഏക്കർവരെയുണ്ടത്രേ! അവയിൽ ഹഡ്സൺടെർമിനൽ എന്ന കെട്ടിടത്തിൽ ഇരുപതിനായിരവും, ക്രൈസലർക്കെട്ടിടത്തിൽ പതിനയ്യായിരവും ആളുകൾക്കു സുഖമായിരുന്നു ജോലിചെയ്യാം.

എമ്പയർസ്റ്റേറ്റുബിൽഡിംഗിന്റെ മുകൾത്തട്ടിൽനിന്നു കീഴ്പോട്ടു നോക്കിയപ്പോൾ വിശാലവിസ്തൃതങ്ങളായ തെരുവീഥികൾ നിറഞ്ഞു ത്വരിതഗതിയിൽ നടന്നുപോകുന്ന മനുഷ്യസമൂഹം ഇടതൂന്ന എറുമ്പിൻകൂട്ടംപോലെയും, മോട്ടോർവാഹനങ്ങൾ വണ്ടുകൾപോലെയും, ഘോഷയാത്രയായി അപ്പോൾ പോയ്ക്കൊണ്ടിരുന്ന പട്ടാളക്കാരുടെ വാദ്യമേളങ്ങൾ ചെവിയിൽ കൊതുകു മൂളുന്നതുപോലെയും എനിക്കു തോന്നി. മനുഷ്യനെ ഇപ്രകാരം ആകൃതിയിൽ നിസ്സാരനാക്കിയതു മനുഷ്യന്റെ ബുദ്ധിവൈഭവംതന്നെയാണല്ലോ. ഈ മഹാമന്ദിരത്തെ മുതലാളിത്തത്തിന്റെ മണികിരീടമെന്നു് ഒരു കൂട്ടരും, അതിന്റെ ശവകുടീരമെന്നു മറെറാരു കൂട്ടരും, അവരവരുടെ മനോധർമ്മമനുസരിച്ചു ചിത്രീകരിച്ചുവരുന്നു. പരീസ്സിലെ പ്രസിദ്ധമായ ഐഫെൽഗോപുരത്തിനു തൊള്ളായിരത്തി എൺപത്തിനാലു് അടിയും, ഈജിപ്തിലെ പിറമിഡിനു നാനൂററമ്പതു അടിയും എന്നാൽ എമ്പയർ സ്റ്റേററു ബിൽഡിംഗിനു് ആയിരത്തിഇരുനൂററിഅൻപതു

അടിയുമാണ് പൊക്കമെന്നു പറയുമ്പോൾ, ലോകത്തിലേക്ക് ഏററവും ബൃഹത്തായ ഈ ഉന്നതസൌധങ്ങളുടെ വലുപ്പം താരതമ്യപ്പെടുത്താമല്ലൊ. ഒന്നുകൂടി വ്യക്തമാക്കുന്നപക്ഷം, ഒരു കൊന്നത്തെങ്ങിനു നൂറടി പൊക്കമുണ്ടെങ്കിൽ ആ മാതിരി പന്ത്രണ്ടു കൊന്നത്തെങ്ങുകൾ ഒന്നിനുമുകളിൽ ഒന്നായി നാട്ടിയാലുള്ള പൊക്കം ഈ മന്ദിരത്തിനുണ്ട്. ഭൂലോകത്തിൽവെച്ച് ഏററവും പൊക്കമുള്ള ഈ കെട്ടിടത്തെ താഴെ റോഡിൽനിന്നു മേല്പോട്ടു നോക്കിനില്ക്കുന്ന കാഴ്ചക്കാരന്റെ തല ചുററിപ്പോകുമെന്നുപറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. അങ്ങിനെ ഒരിക്കൽ നോക്കിനിന്ന് എന്റെ കഴുത്തു മിക്കവാറും ഇടറിപ്പോയി. ഈ മന്ദിരം കയറിക്കാണുവാൻ ഒരു ഡോളർ (രണ്ടേമുക്കാൽ രൂപ) കൊടുക്കണം. ഈ ഇനത്തിൽത്തന്നെ പ്രതിവർഷം അൻപതിനായിരംഡോളർ അവിടെ വരവുണ്ട്. നൂററിരണ്ടാമത്തെനിലയിൽ ശീതളപാനീയങ്ങളും പലഹാരങ്ങളും വില്ക്കുന്ന ഒരു കാപ്പിക്കടയുള്ളതിൽ നാന്നൂറപേക്ക് ഒന്നിച്ചിരിക്കാൻ വേണ്ട സൌകര്യവും ഉണ്ട്. ഇവിടെ സാധനങ്ങൾക്കു വില സാധാരണയുള്ളതിൽ കൂടുതലായിരിക്കും. മേഘങ്ങൾക്കിടയിലെന്നപോലെ അന്നു ഞാൻ ഒരു കാപ്പിയും കഴിച്ചു.

ഈ കെട്ടിടം കുടുംബതാമസത്തിനായുള്ളതല്ല. വലിയ കമ്പനികളുടെ ആപ്പീസുകൾ ഇടുവാൻ വാടകക്കുകൊടുത്തു ലാഭമുണ്ടാക്കുവാൻ വേണ്ടി ചില ധനാഢ്യന്മാർ കൂടിച്ചേർന്നു സ്ഥാപിച്ചതാണ്. എന്നാൽ കൂലിയുടെ ആധിക്യത്താൽ മുകളിൽ പകുതിയും ഒഴിഞ്ഞുകിടക്കയാണ്.

ഒരുകാലത്തു ന്യൂയോക്ക് സ്റ്റേററിന്റെ ഗവർണ്ണരായിരുന്ന ആൽഫ്രഡ് സ്മിത്താണ് ഈ കമ്പനിയുടെ മേലദ്ധ്യക്ഷൻ. ഈ ജോലി നിർവഹിക്കാൻമാത്രം അദ്ദേഹത്തിനു പ്രതിവർഷം അമ്പതിനായിരം ഡോളർ ശമ്പളമുണ്ട്. ബാല്യകാലത്തിൽ മീൻവിററുനടന്ന് ഒടുവിൽ ഗവർണ്ണരുദ്യോഗംവരെ കയറിയ ഇദ്ദേഹത്തിന്റെ ജീവിതം, പരിശ്രമശീലം സാമർത്ഥ്യം ഇവകൾകൊണ്ടു് ഒരു പൌരന് ആ നാട്ടിൽ ഏതു് ഉന്നതപദവിയിലും എത്താമെന്നു തെളിയിക്കുന്നു.

റിയിൻഫോർസ്ഡ് കോൺക്രീററും ഇരുമ്പുകളും ഉറപ്പിച്ച് ഇതിന്റെ അടിസ്ഥാനമിടുന്നതു ഞാൻ കണ്ടു. പിന്നീടു് ഇതിന്റെ സ്റ്റീൽ ഫ്റെയിം (ഇരിമ്പു ചട്ടക്കൂടു) നിലനിലയായി ദിവസംപ്രതിയെന്നവണ്ണം ഉയർന്നു രണ്ടുവർഷംകഴിഞ്ഞു് ഇതിന്റെ പണി പൂർണ്ണമായി എന്നു പറഞ്ഞാൽ, എത്ര ത്വരിതഗതിയിലാണ് അമേരിക്കയിൽ ഓരോസംഗതിയും നടത്തുന്നതെന്നു നമുക്ക് ഊഹിക്കാം. ഒരുകാലത്തു

ഞാൻ ജോലിനോക്കിവന്നിരുന്ന നാഷനൽസിററിബാങ്ക് ഓഫ് ന്യൂയോക്കുവക അൻപത്തിനാലു നിലകളുള്ള ഒരു കെട്ടിടം മൂന്നുമാസം കൊണ്ടു പണിതീൎത്തു എന്നു പറഞ്ഞാൽ അതു വിക്രമാദിത്യകഥകളിലോ മറേറാ ഉള്ള ഒരു കെട്ടുകഥയാണെന്നുതോന്നാം.

ഈ മഹാമന്ദിരങ്ങളുടെ മതിലുകളും ഇരുമ്പുകൂട്ടിൻെറപുറത്തു് അടുക്കിവെക്കുന്ന ഇഷ്ടികകളും പൊള്ളയാണ്. ഇതുമൂലം കിഴക്കാൻതൂക്കായ കെട്ടിടങ്ങളുടെ ഘനം ലഘൂകരിക്കുമെന്നു മാത്രമല്ല, വായു നിറഞ്ഞ ഈ പൊള്ളമതിലുകൾക്കും ഇഷ്ടികകൾക്കും ബലംകൂട്ടുകയുംചെയ്യുന്നു. അതിനുംപുറമേ, മുറികളിലെ ശീതോഷ്ണാവസ്ഥ നിയന്ത്രിക്കാൻ, അതായതു,വേനല്ക്കാലത്തു ചൂടു കുറയ്ക്കാനും, ശീതകാലത്തു തണുപ്പു കുറയ്ക്കാനും ഈ ഏൎപ്പാടു സഹായിക്കുമത്രേ. ഇടിയും മിന്നലുംകൊണ്ടു യാതൊരുഹാനിയും ഭവിക്കാതിരിക്കാൻ വേണ്ടമുൻകരുതലുകൾ അവകളിൽസ്ഥാപിച്ചിട്ടുണ്ടെങ്കിലും, ഒരു ഭൂകമ്പമുണ്ടായാലുള്ള കഥ എന്തായിരിക്കുമെന്നുവിചാരിച്ചു ഞാൻ അമ്പരന്നു ! എന്നാൽ പാശ്ചാത്യശാസ്ത്രജ്ഞന്മാർ അതിനും വേണ്ടമുൻകരുതലുകൾ കണ്ടുപിടിച്ചിട്ടുണ്ടു്.

ന്യൂയോക്കിലെ പല ഹോട്ടലുകളും മഹാമന്ദിരങ്ങളിലാണു സ്ഥാപിച്ചിരിക്കുന്നതു്. അമേരിയ്ക്കയിലെ വാൾഡോർഫ്-അസ്റ്റോറിയാ എന്ന ഹോട്ടലിൽ മൂവായിരം മുറികളും ഹോട്ടൽകമ്മഡോറിൽ രണ്ടായിരത്തിഅഞ്ഞൂറു മുറികളും ഉണ്ടു്. ഈ ഹോട്ടലുകളിൽ ഓരോ മുറിക്കും ഓരോ കുളിമുറി ഉള്ളതിനുംപുറമേ, പൊതുവായി നൃത്തശാല, ഭോജനശാല, പൂന്തോട്ടങ്ങളുള്ള മട്ടുപ്പാവു, നീന്തൽക്കുളം എന്നീ സജ്ജീകരണങ്ങളും ഉണ്ടായിരിക്കും. ലോകത്തിലുള്ളതിൽ ഏററവും വലുതും മനോഹരവുമായ നൃത്തശാലയും ഭോജനശാലയും മേല്പറഞ്ഞ ഹോട്ടൽകമ്മഡോറിൽ ആണെന്നു പറയപ്പെടുന്നു. ഈ ഹോട്ടലുകളിൽ താമസിക്കാനുള്ള ചെലവു വളരെ കൂടുതലാകകൊണ്ടു ധനികന്മാൎക്കേ അതു സാധിക്കൂ. പുത്രകളത്രാദിസമേതം ആജീവനാന്തം ഹോട്ടലുകളിൽതാമസിക്കുന്ന കുടുംബങ്ങളും അത്ര ചുരുക്കമല്ല. ഇതു പാശ്ചാത്യരാജ്യങ്ങളിലെ ഒരു കൃത്രിമജീവിതരീതിയാണെന്നു് അടുപ്പിനുചുററും കഴിച്ചുകൂട്ടുന്ന നമ്മുടെസ്ത്രീകൾക്കു തോന്നുമായിരിക്കും. അതു് ഏറെക്കുറെ വാസ്തവമാണെങ്കിലും, ഈ സമ്പ്രദായത്തിനു പല സൌകൎയ്യങ്ങളുമുണ്ടു്. വേലക്കാരെ അന്വേഷിക്കേണ്ടാ, ഭക്ഷണം സമയത്തിനു കിട്ടാത്തതുകൊണ്ടു ഭാൎയ്യയോടു ദേഷ്യപ്പെടേണ്ടാ, ചോറിനു വേവു കൂടിപ്പോയി, കറിക്കു് ഉപ്പു കുറഞ്ഞുപോയി എന്നൊന്നും വിചാരിച്ചു മുഖംവീൎപ്പിക്കേണ്ടാ.



ഇൻറർനാഷനൽ ഹൌസ് (18-ാം പുറം)

"സ്കീയിങ്ങ്"—മഞ്ഞുകാലവിനോദം (45-ാം പുറം)

ഇതെല്ലാം പാകംചെയ്യുന്നതിന്ന വലിയ ശമ്പളംകൊടുത്തു് "പണ്ഡിതാഗ്രേസരന്മാരായ" പാചകന്മാരെ വെച്ചിട്ടുണ്ടു്. വിശക്കുമ്പോൾ ഭോജനശാലയിൽ ചെന്നിരുന്ന "മെനു" നോക്കി ഇഷ്ടമുള്ള ആഹാരപദാൎത്ഥങ്ങൾ ആവശ്യപ്പെട്ടാൽ "എടുകുടുക്കെ ചോറുംകറിയും" നല്ല ചൂടോടെ മേശപ്പുറത്തു് എത്തിക്കഴിഞ്ഞു. സ്ത്രീകൾക്ക തീയും ഊതേണ്ടാ, പുകയും ഏല്ക്കേണ്ടാ; പക്ഷെ പണം ധാരാളം വേണമെന്നേയുള്ളു.

ഭീമാകൃതിയിൽ വേറെയും പല സ്ഥാപനങ്ങൾ ആ നഗരത്തിലുണ്ടു്. പന്തുകളികാണാൻ കെട്ടിയിട്ടുള്ള യാങ്കിസ്റ്റേഡിയത്തിൽ അറുപതിനായിരംപേൎക്കും, ന്യൂ റോക്സി ചലച്ചിത്രശാലയിൽ ആറായിരംപേൎക്കും ഇരിക്കാം. ചിത്രശാലകളിൽ ടിക്കറെറടുക്കുന്നതിന്ന നമ്മുടെ നാട്ടിലുള്ളതുപോലെ തിക്കും തിരക്കും ഉന്തും തള്ളും ഒന്നുമില്ല. വരിവരിയായിനിന്ന മുമ്പുമുമ്പു നില്ക്കുന്നവർ ടിക്കറെറടുത്തു് അകത്തേക്ക പോകയാണ്പതിവു്. റോക്സി തിയേററിൽ സൈൻ ഓഫ് ദി ക്രോസ്സ് എന്ന ചലചിത്രം പ്രദൎശിപ്പിച്ചപ്പോൾ പാമ്പുപോലെ രണ്ടുമൂന്നായി വളഞ്ഞു് ഏകദേശം ഒരുമൈൽ നീളമുള്ള ജനസമൂഹത്തിൽ ഞാനുംകൂടി ഉൾപ്പെട്ടിരുന്നു. ഓരോരോഅടി മുന്നോട്ടുവെച്ചു് ഒരുമുക്കാൽ മണിക്കൂർകൊണ്ടു് ഒടുവിൽ ടിക്കറെറടുക്കുന്നസ്ഥലത്തെത്തി. ഇങ്ങിനെയാണ് റെയിൽവേസ്റ്റേഷനിലും പോസ്റ്റാപ്പീസിലും ആ നാട്ടുകാർ സ്വയം സ്വീകരിക്കുന്ന സമ്പ്രദായം.

റോക്സി ചിത്രശാലയിൽ ചിത്രം പ്രദൎശിപ്പിക്കുന്നതിനിടയ്ക്കു സാക്ഷാൽ സ്ത്രീപുരുഷന്മാർ അഭിനയിക്കുന്ന ചില നാടകശകലങ്ങളും കാണിക്കുമെന്നുതന്നെയല്ലാ, പ്രദൎശനം തുടങ്ങുന്നതോടുകൂടി വിവിധ സാമഗ്രികൾസഹിതം മേളിച്ചുകൊണ്ടിരിക്കുന്ന ഒരു സംഗീതസമൂഹം കാണാൻപാടില്ലാത്ത ഒരിടത്തിൽനിന്ന വൈദ്യുതശക്തിയാൽ താനെ പൊങ്ങി കാഴ്ചക്കാരുടെ മുമ്പിൽ ആവിൎഭവിക്കുന്നു. റോക്സിയോടു കിടപിടിക്കുന്ന ഒരു നൂറു ചലചിത്രശാലകൾ ന്യൂയോൎക്കിൽതന്നെ കാണും. ചിലതിൽ കാലത്തു പത്തുമണിമുതൽ കളിതുടങ്ങിയാൽ രാത്രി പന്ത്രണ്ടുമണിക്കേ അവസാനിക്കയുള്ളു. കഥയിലെ ഏതെങ്കിലും ഭാഗം കാണിക്കുന്ന സമയത്തു ചെന്നാൽ രണ്ടാമതു് ആ ഭാഗം വരുന്നതുവരെ ഇരുന്ന കഥ മുഴുവൻ കണ്ടു തൃപ്തിപ്പെടാവുന്നതാണ്. അവിടെഇരുന്നു് എത്രപ്രാവശ്യമെങ്കിലും ചിത്രംകാണാം. പക്ഷേ ഈസൌജന്യം ദുരുപയോഗപ്പെടുത്തുന്നതിന്ന് ആ നാട്ടിൽ അധികം ആരും കാണുകയില്ല. അവൎക്ക വേറെ ജോലിയുണ്ടു്. ചില സിനിമാശാലകളിൽ ഭൂലോകം

എങ്ങും നടക്കുന്ന സംഭവങ്ങൾ മാത്രമേ കാണിക്കയുള്ളു. നാം കടലാസ്സിൽ വായിക്കുന്ന വിശേഷങ്ങൾ ഒന്നുരണ്ടു ആഴ്ചകൾക്കുള്ളിൽ നമുക്കു “ന്യൂസ്‌റീൽ” ശാലകളിൽ കാണാവുന്നതാണ്. ഇന്ത്യയിൽ അന്നു നടന്നുകൊണ്ടിരുന്ന സത്യാഗ്രഹപ്രസ്ഥാനങ്ങളും പ്രക്ഷോഭണങ്ങളും ഇങ്ങിനെ ഞാൻ കണ്ടുകൊണ്ടിരുന്നു...............

ന്യൂയോർക്കിലെ “ടെലഫോൺ” കെട്ടിടത്തിൽ ഭൂഗോളത്തിന്റെ ചുററും എട്ടുപ്രാവശ്യം ചുററാനുള്ള കമ്പിയുണ്ട്. പതിനഞ്ചുകോടി രൂപാ ചെലവുചെയ്തു പണിയിച്ചിട്ടുള്ള ‘പെൻസിൽവേനിയാ’ റെയിൽ വെസ്റ്റേഷനിൽ അൻപത്തിഏഴു പ്ലാററ്ഫോറം ഉണ്ട്. വേറൊരു പ്രധാന റെയിൽവേസ്റ്റേഷനായ “ഗ്രാന്റ് സെൻട്രൽ” പണിയുന്നതിനു എട്ടുകോടിരൂപാ ചെലവായി. ഈ സ്റ്റേഷനുകളിൽ തീവണ്ടി മാർഗ്ഗം മണിക്കൂറിൽ ഏഴുപതിനായിരം ആളുകൾ ന്യൂയോർക്കിൽ വന്നു ചേരുന്നു. നാലുകോടിമുതൽ ഇരുപത്തിഅഞ്ചുകോടിരൂപാവരെ ചെലവുചെയ്തു പണിയിച്ചിട്ടുള്ള അഞ്ചാറു പാലങ്ങൾ ഉള്ളതിൽ തീവണ്ടിക്കും മററു വാഹനങ്ങൾക്കും യാത്രക്കാർക്കുമായി തരംതിരിച്ചു നാലും അഞ്ചും റോഡുകൾ പ്രത്യേകം തീർത്തിട്ടുണ്ട്.

ഈ അത്ഭുതകാഴ്ചകളെല്ലാം ഒന്നാകെ ഒരു നോട്ടത്തിൽ കാണാനുള്ള ഏകമാർഗ്ഗം വിമാനത്തിൽ സഞ്ചരിക്കയാകുന്നു. അങ്ങിനെ ഈ മഹാമന്ദിരങ്ങളുടെ ഇടയിലൂടെയും മുകളിലുമായി ഒരിക്കൽ പറന്നപ്പോൾ എന്റെ ഉള്ളിൽ ഉണ്ടായ വിചാരം എങ്ങനെ പറഞ്ഞറിയിക്കും.

---

10. “സ്വാമി ഈശ്വരാനന്ദൻ”

ഒരു മലയാളിയുടെ സാഹസങ്ങൾ.

ഞാനും വേറെ മൂന്നു ഭാരതീയരുംകൂടി ഒരു ഹോട്ടലിൽ ഭക്ഷണത്തിനിരിക്കെ, തലമുടിനീട്ടി, കാഷായവസ്ത്രം ധരിച്ചു മധ്യവയസ്കനായ ഒരാൾ ഞങ്ങളുടെ കൂട്ടത്തിൽ വന്നിരുന്നു. “സ്വാമി ഈശ്വരാനന്ദൻ” എന്ന് അദ്ദേഹം സ്വയം പരിചയപ്പെടുത്തി. പിന്നെ ഹിന്ദുസ്ഥാനിയിൽ സംസാരിച്ചുതുടങ്ങി. എന്റെ സ്നേഹിതന്മാർ ബംഗാളികളാണെന്നറിഞ്ഞപ്പോൾ ആ ഭാഷയിലായി സംസാരം. പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ലെന്നു ധരിച്ചശേഷം, ഞാൻ ഭാര

ത്തിന്റെ ഏതു ഭാഗത്തുകാരനാണെന്നും പേരെന്തെന്നും മററും മുറി ഇംഗ്ലീഷിൽ ചോദിച്ചു. ഇന്ത്യയുടെ ഏററവും തെക്കെഅററത്തുള്ള തിരുവിതാംകൂറിൽനിന്ന് എന്നു ഞാൻ പറഞ്ഞപ്പോൾ സ്വാമി ഒന്നു പതുക്കെ പുഞ്ചിരിക്കൊണ്ടു. പിന്നീടദ്ദേഹം എന്നോടു മലയാളത്തിൽ സംസാരിക്കുകയായി. കുഞ്ചൻനമ്പ്യാരുടെ കവിതകൾ ഒരുവിധം നന്നായി പഠിച്ചിരുന്നതെല്ലാം അദ്ദേഹം ചൊല്ലിത്തുടങ്ങി. അങ്ങിനെ ഞങ്ങളിരുവർ തനിച്ചായി സംഭാഷണം.

ഒടുവിൽ സ്വാമിതിരുവടികൾ അരുളിച്ചെയ്തു: "ഞാൻ നിങ്ങളോടു എല്ലാം തുറന്നു പറയട്ടെ. വളരെ വർഷങ്ങൾക്കുശേഷം കണ്ട ഒരു മലയാളി നിങ്ങളാണ്. കൂടാതെ, നാം സ്വജാതീയരുമാണ്."

ഞാൻ ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കി.

"പക്ഷെ, ഞാൻ പറയുന്നതെല്ലാം സ്വകാര്യമായിരിക്കണം. ഈ ബംഗാളികളും മററും ഒരിക്കലും അറിയരുത്. എന്റെ പേരു് ജോണെന്നാണ്. വീട് തൃശ്ശൂർ............ഒരു കപ്പൽക്കൂലിക്കാരനായി ഇവിടെ വന്നുപെട്ടു. കപ്പലിലെ ജോലി കഷ്ടമാണ്. ഞാൻ ഒളിച്ചോടി. കാലക്ഷേപത്തിനു വേറെ മാർഗ്ഗമില്ലാതെ ഒടുവിൽ ഒരു 'സ്വാമി'യായി. ഇതാ എന്റെ പടം നോക്കു—"

സ്വാമി ഈശ്വരാനന്ദൻ അനുഗ്രഹോദ്യതനായിനിന്നരുളുന്ന ഒരു പടം എന്റെ കയ്യിൽതന്നു അദ്ദേഹം തുടന്നു: "കൈനോട്ടമായി എന്റെ ജോലി. ഭർതൃസ്ത്രീകളിൽ ചിലക്കു തങ്ങളുടെ കല്യാണം എന്നു നടക്കുമെന്നും മററുചിലക്കു തങ്ങളെ വിട്ടുപോയ ഭർത്താക്കന്മാർ എന്നു തിരിച്ചെത്തുമെന്നുമാണ് അറിയേണ്ടതു്. ഞാൻ ഒരു ഊഹംവെച്ചു ചിലതെല്ലാം പറയും. പക്ഷെ ഒരു പട്ടണത്തിലും ഞാൻ അധികനാൾ താമസിക്കയില്ല. എന്റെ 'പച്ച' വെളിപ്പെട്ടേക്കുമെന്നുമാത്രമല്ല, പോലിസുകാരുടെ ഉപദ്രവവുമുണ്ടാകും. കൈനോട്ടക്കാരെ തെണ്ടികളായി കരുതപ്പെടുന്നു. ഇപ്പോൾ എനിക്കു് ഒരു അമേരിക്കൻ കൂട്ടുകാരനുമുണ്ടു്. ഞങ്ങൾ പങ്കാളികളാണ്. കൈനോട്ടത്തിനപ്പുറമേ, ഇപ്പോൾ വേറെയും വിദ്യ കണ്ടുപിടിച്ചിട്ടുണ്ടു്. രണ്ടു ചോദ്യമെഴുതി ഒരു കൂട്ടിലടച്ചു് എന്റെ കയ്യിൽതന്നാൽ അതു തുറക്കാതെ ഞാൻ ഉത്തരംപറഞ്ഞുകൊടുക്കും."

"ആ അത്ഭുതവിദ്യയെപ്പററി ഞാൻ കേട്ടിട്ടുണ്ടു്."

"ഒരത്ഭുതവുമില്ല. തലയിൽ വലിയൊരു തലപ്പാവും ദേഹമാകെ മൂടിയ കാഷായവസ്ത്രവുമായി ഞാൻ മുകൾത്തട്ടിൽ ഒരു മുറിയിലിരിക്കും,

അടിത്തട്ടിൽ എന്റെ അമേരിക്കൻ പങ്കാളിയും. എനിക്കും പങ്കാളിക്കും തമ്മിൽ ആരും കേൾക്കാതെ ടെലിഫോൺവഴി സംസാരിപ്പാനുള്ള കമ്പികൾ വസ്ത്രങ്ങളുടെയിടയിൽ ഒളുക്കി വെച്ചിരിക്കും. ചോദ്യക്കടലാസിട്ട കൂട്ട് ഒരു പഴുതിലൂടെ കീഴ്പ്പോട്ടിടും; പങ്കാളി അതുറന്നു വായിച്ചു ഉത്തരം ടെലഫോണിൽ പറഞ്ഞുതരും. വരുന്നവർ മിക്കവരും സ്ത്രീകളാണ്. അവർ അത്ഭുതപരതന്ത്രരായി മടങ്ങിപ്പോകും........... ഇനി വേറൊരിക്കൽ കണ്ടുകൊള്ളാം."

"സ്വാമി, എന്നെ ഒന്നനുഗ്രഹിച്ചിട്ടുവേണം എഴുന്നൊള്ളുവാൻ!"

---

11. "കളർബാർ"—വർണ്ണവൈഷമ്യം

'ഹിന്ദു'വും കാപ്പിരിയും തമ്മിലുള്ള വ്യത്യാസങ്ങളെപ്പറ്റി മുടിവെട്ടുകാരന്റെ പ്രസംഗം—തലപ്പാവിന്റെ ഉപയോഗം—"ലിഞ്ചിങ്ങ്"

ഭാരതീയക്ക് അമേരിക്കയിൽ പൗരാവകാശമില്ലെന്നു പറഞ്ഞല്ലോ. സാമൂഹ്യജീവിതത്തിൽതന്നെ കൃഷ്ണവർണ്ണംനിമിത്തം അവർ പല ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നു. നിറംമാത്രം നോക്കി മനുഷ്യരുടെ ജാതിയും സ്ഥിതിയും നിശ്ചയിക്കുന്ന ആ നാട്ടിൽ വെള്ളക്കാർ ഭാരതീയരെ സാധാരണ കാപ്പിരിവർഗ്ഗത്തിലാണ് ഉൾപ്പെടുത്തുന്നതു്. അതിലവരെ കുററപ്പെടുത്താനുമില്ല. സാധാരണക്കാരാരും ചരിത്രാന്വേഷികളായിരിക്കയില്ലല്ലോ. ഒററനോട്ടത്തിൽ ഭാരതീയനും കാപ്പിരിയും ഒരുപോലെതന്നെ.

ഒരു ദിവസം മുടിവെട്ടിക്കുവാൻ ഞാൻ ഒരു ഷാപ്പിൽ കയറി ആസനസ്ഥനായപ്പോൾ, മുടിവെട്ടുകാരനായ വെള്ളക്കാരൻ ഒന്നാശ്ചര്യപ്പെട്ടു. 'ഇത്ര ധൈര്യത്തോടെ കയറിവന്ന ഈ കാപ്പിരി ആരാണ്!' എന്ന് അയാൾക്കു തോന്നിയിരിക്കണം. പക്ഷേ അതുകൊണ്ടുതന്നെ, ഞാനൊരു കാപ്പിരിയല്ലെന്നും അയാൾ വിചാരിച്ചിരിക്കാം. എന്നാൽ എന്റെ തലമുടി കുറേശ്ശെ ചുരുണ്ടതാകയാൽ അയാളുടെ സംശയം തീരെത്തീർന്നില്ല. ഇങ്ങിനെ സംശയിച്ചു ചീപ്പ് എന്റെ മുടിയിലൂടെ ഒന്നോടിച്ചപ്പോൾ വളരെ ആശ്ചര്യത്തോടെ അയാൾ പറഞ്ഞു: "നിങ്ങൾ ഒരു കാപ്പിരിയല്ല! പക്ഷേ 'ഹിന്ദു'വോ ക്യൂബാക്കാരനോ ആവാം. ഇതിലേതാണെന്ന് ദയവുചെയ്തു പറയുമോ?"

"ഞാൻ 'ഹിന്ദു'വാണു്. ആകട്ടെ, കാപ്പിരിയല്ലെന്നു നിങ്ങളെങ്ങിനെ മനസ്സിലാക്കി ? ഞാനും കറുമ്പനാണല്ലോ."

"നിങ്ങൾ രണ്ടുകൂട്ടരും കറുമ്പന്മാരാണെങ്കിലും, രണ്ടുകൂട്ടരുടേയും കറുപ്പുനിറത്തിനു് ഒരു വ്യത്യാസമുണ്ടു്. കാപ്പിരികളുടെനിറം തനിക്കറുപ്പും (Black) നിങ്ങളുടേതു് ഇരുണ്ടതു (Dark) മാണെന്നാണു് ഞങ്ങൾ പറയുക. വെളുത്ത ആളുകൾ അനേകശതാബ്ദങ്ങളായി വെയിലുകൊണ്ടു് ഇരുണ്ടതാലുള്ള നിറമാണു നിങ്ങളുടേതു്. ഇപ്പോഴത്തെ പരിഷ്കാരഭ്രാന്തനുസരിച്ചു വേനൽക്കാലത്തു ഞങ്ങളുടെ യുവജനങ്ങൾ "സൺബേത്തിങ്ങ്" (വെയിലത്തു് ഇരിക്കുക) ചെയ്യുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. അതിൽ അവരുടെ നിറവും ഏകദേശം നിങ്ങളുടേതുപോലാകുന്നു. കാപ്പിരികളുടേതാകട്ടെ, ജാത്യാതന്നെ കരിക്കട്ടയുടെ നിറമാണു്. തലമുടിയുടെകാര്യത്തിൽ—ഞാൻ ഒരു മുടിവെട്ടുകാരനാകകൊണ്ടു ഇക്കാര്യത്തിൽ എനിക്കു നല്ല പാണ്ഡിത്യമുണ്ടു്—നിങ്ങളുടെയിടയിൽ നീണ്ടതലമുടിയും ചുരുണ്ട തലമുടിയുമുണ്ടു്. കാപ്പിരികളുടെയിടയിൽ ചുരുണ്ടതേയുള്ളു. കാപ്പിരികളുടെ ചുരുളിനും നിങ്ങളുടെ ചുരുളിനും വീണ്ടും വ്യത്യാസമുണ്ടു്. കാപ്പിരികളുടേതു കമ്പിളിരോമംപോലെ 'പരുപരെ'ചുരുണ്ടു തലയോട്ടിൽ ഒട്ടിയിരിക്കും. അതിനുള്ളിൽ സാധാരണ ചീപ്പുകളൊന്നും കടക്കയില്ല. അവർക്കു മുടിവെട്ടുവാൻ പ്രത്യേകം ചീപ്പുകളും കത്രികകളുംവേണം. ഈ ചുരുളൻതലമുടിക്കു "കിങ്കി" (Kinky) എന്നുപറയുന്നു. കാപ്പിരികൾ എത്ര വെളുത്താലും—തനിക്കാപ്പിരികൾ ഇപ്പോൾ ഐക്യനാട്ടിലില്ല—അവരുടെ തലമുടിയുടെ സ്വഭാവവിശേഷം ഒട്ടും മാറുന്നില്ല. ഇതു സാധിക്കുവാൻ ഒരു പ്രതിവിധി കണ്ടുപിടിക്കുന്ന ആൾക്കു നിഷ്പ്രയാസം ഒരുകോടീശ്വരനാകാം. ഹിന്ദുക്കളുടെ ചുരുളൻതലമുടിയാകട്ടെ, പ്രകൃത്യാതന്നെ വെള്ളക്കാരുടേതുപോലെയാകുന്നു. ഇതിനു ഞങ്ങൾ "കർലി" എന്നുപറയുന്നു. മറെറാരു വ്യത്യാസം: ഹിന്ദുക്കൾക്കുള്ളതുപോലെ കാപ്പിരികളുടെ മുഖാംഗങ്ങളിൽ യാതൊരു ക്രമ്മതയുമില്ല. അവരുടെ മൂക്കും ചുണ്ടും വേണ്ടതിലേറെ തടിച്ചു ചീർത്തിരിക്കും; കവിൾ വീർത്തുതള്ളിയും ചെവികൾ സാധാരണയിൽക്കവിഞ്ഞു തടിച്ചുമിരിക്കും. വളരെച്ചുരുക്കമായി, വെള്ളക്കാരെപ്പോലെ നിറവും അംഗസൌന്ദര്യവുമുള്ള ചില കാപ്പിരികളുണ്ടു്. അവരേയും ഞങ്ങൾക്കു് എളുപ്പത്തിൽ കണ്ടുപിടിക്കാം. കാപ്പിരികൾക്കു സഹജമായി ഒരു നാററമുണ്ടു്. അതിനുംപുറമേ, വെള്ളക്കാർക്കും ഹിന്ദുക്കൾക്കും നഖത്തിനുള്ളിൽകാണുന്ന അർദ്ധചന്ദ്രൻ സദാ വെള്ളനിറമായിരിക്കും;

കാപ്പിരി എത്ര വെളുത്താലും അവന്റെ നഖത്തിലെ അർദ്ധചന്ദ്രൻ കറുത്തേ ഇരിക്കു. ഈ അർദ്ധചന്ദ്രനാണ് അവസാനത്തെ ഞങ്ങളുടെ പരീക്ഷാസ്ഥാനം. ഹിന്ദുക്കളാകട്ടെ കറുത്ത വെള്ളക്കാർ മാത്രമാണ്. ദേഹാകൃതിയിൽ നിങ്ങൾക്കും ഞങ്ങൾക്കും തമ്മിൽ ഒരു വ്യത്യാസവുമില്ല. നിങ്ങളെ ഒന്നു വെളുപ്പിച്ചാൽ ഞങ്ങൾ; ഞങ്ങളെ ഒന്നു കറുപ്പിച്ചാൽ നിങ്ങൾ.”

“കറുപ്പിക്കാൻ എളുപ്പമാണ്, വെളുപ്പിക്കാൻ ഒരു വഴിയും ഇതുവരെ കണ്ടുപിടിച്ചിട്ടില്ലല്ലോ!”

ഇതിനിടയ്ക്കു മുടിവെട്ടും നടക്കുന്നു. മുടിവെട്ടാൻ തുടങ്ങിയ ഉടനേ, ഒരു വെള്ളക്കാരൻചെറുക്കൻവന്നു ചെരിപ്പുതുടച്ചു മിനുക്കിത്തുടങ്ങി. അതേസമയത്ത് ആശുപത്രികളിലെ നഴ്സിനെപ്പോലെ ധവളവസ്ത്രധാരിണിയും സുന്ദരിയുമായ ഒരു യുവതി “നഖം വെട്ടണ്ടേ” എന്നു ചോദിച്ചുകൊണ്ട് എന്റെ വിരലുകളിൽ പിടികൂടി. വേണ്ടാ എന്നു പറയുന്നതു മര്യാദകേടാകകൊണ്ടും ഇങ്ങനെ ഒരനുഭവം ഇതിനുമുമ്പ് എനിക്കുണ്ടായിട്ടില്ലായ്കകൊണ്ടും ഞാൻ ഒന്നമ്പരന്നു മൌനംപൂണ്ടിരുന്നു. ആ തരുണിയോ, മൌനത്തെ അനുവാദമായെടുത്തു.

അവസാനം ബിൽ തന്നപ്പോൾ മുടിവെട്ടിയതിനു രണ്ടുരൂപാ, മുഖക്ഷൌരത്തിനു പന്ത്രണ്ടണ. വിദ്യുച്ഛക്തികൊണ്ടു തലമുടി “സിഞ്ച്” ചെയ്തു കത്തിച്ചതിനും (മുടി വളരുന്നതിനാണത്രേ ഇത്) ഷാമ്പൂവിനും ഒന്നേകാൽരൂപവീതം. ഇങ്ങിനെ അഞ്ചേകാൽരൂപയായി. ഇതിനു പുറമേ, ആ നാട്ടിലെ രീതിയനുസരിച്ച് ഒരു കൈമടക്കും കൊടുക്കണം. അതെല്ലാം കൊടുത്ത് അവരുടെ എല്ലാവരുടെയും “താംഗ്സ്” (കൃതജ്ഞത) സമ്പാദിച്ചു. നഖംവെട്ടുകാരിക്കു പന്ത്രണ്ടണയും കൈമടക്കും; ചെരിപ്പുമിനുക്കിയവനു നാലണയും കൈമടക്കും; എല്ലാം ‘കൃതജ്ഞത’ തിരിച്ചുകിട്ടുന്ന തീവെട്ടിക്കൊള്ള !

ഹോട്ടലുകളിലാണു ഭാരതീയരായ നമ്മുടെ അവശതകൾ സ്പഷ്ടമായും അസഹ്യമായും വെളിപ്പെടുന്നത്. ഐക്യനാടിന്റെ തലസ്ഥാനമായ വാഷിംഗ്ടൺ സന്ദർശിക്കവെ, വിശപ്പുസഹിക്കവയ്യാതെ സ്റ്റേഷന്റെ അടുത്തുണ്ടായിരുന്ന ഒരു ചെറിയ കാപ്പിക്കടയിൽ ഞാൻ കയറി. വിലകുറവായിരിക്കുമെന്നുവിചാരിച്ചാണു ചെറിയസ്ഥലത്തു പോയത്. പത്തു പതിനഞ്ച് മിനിട്ടുനേരം ഇരുന്നിട്ടും പിന്നാലെ വന്നവർക്ക് ഉപചാരങ്ങൾ ചെയ്തിട്ടും, എന്റെ ആവശ്യങ്ങൾ ചോദിക്കാൻ ആരും വരാത്തതിൽ വിമ്മിഷ്ടപ്പെട്ട് എന്റെ അടുത്തുതന്നെ കടന്നുപോയ

ഒരു ഭൃത്യനോടു കാര്യംചോദിച്ചു. 'നിങ്ങളുടെനിറക്കാർക്കുള്ള ഹോട്ടലുകൾ പട്ടണത്തിന്റെ മറുവശത്താണെ'ന്നായിരുന്നു മറുപടി. ഞാൻ ഹിന്ദുവാണു്, കാപ്പിരിയല്ലെന്നു ശഠിക്കാൻ നിന്നില്ല. അല്പ് ഒരു ചെറിയ സ്ഥാപനമാകകൊണ്ടു് അവിടെയുള്ളവക്കു വേണ്ട മനഃപരിഷ്കാരമോ, പരിജ്ഞാനമോ ഉണ്ടായിരിക്കയില്ലെന്നുവിചാരിച്ചു് അതിനു കുറെ അപ്പുറത്തുള്ള വലിയൊരു ഹോട്ടലിൽ ചെന്നു. ഹോട്ടലിലെ ഗാട്ടുകാരൻ എന്നെ തുറിച്ചുനോക്കി, അവസാനം കയറിക്കൊള്ളുവാൻ മൗനാനുവാദം തന്നു. ബുക്കിംഗ്ക്ലാക്കു് 'നിങ്ങൾ ഹിന്ദുവല്ലേ, ഉള്ളിലേക്കു പോകാം' എന്നു സ്വാഗതംചെയ്തു. ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ കൊമ്പൻമീശക്കാരനായ ഒരു കറുത്ത സഹദേശീയൻ വലിയൊരു കസവുതലപ്പാവുംവെച്ചു് ആ ഹാളിൽ ഉലാത്തുന്നു. ക്ഷയരോഗനിവാരണവിദഗ്ദ്ധനെന്നു ലോകപ്രശസ്തനായ മദ്രാസുകാരൻ ഒരു ഡോക്ടരായിരുന്നു അദ്ദേഹം. ഐക്യനാട്ടിൽ സഞ്ചരിക്കുമ്പോൾ തലപ്പാവു ഭാരതീയക്കു വലിയൊരു രക്ഷ തന്നെയാണു്.

ഒരു ഭാരതീയസ്നേഹിതൻ കാപ്പിരികൾ അധികം അധിവസിക്കുന്ന ഐക്യനാട്ടിലെ തെക്കൻസംസ്ഥാനങ്ങളിൽ പോയിരുന്നു. തന്നെ കാപ്പിരിയാണെന്നു സംശയിച്ച ഹോട്ടലുടമസ്ഥനോടു താൻ ഒരു 'ഹിന്ദു'വാണെന്നു പറഞ്ഞപ്പോൾ 'എന്നാൽ തലപ്പാവു് എവിടെ'? എന്നു ചോദിക്കയുണ്ടായത്രേ. തന്റെ പോക്കറ്റിൽ മടക്കി ഇട്ടിരുന്ന തലപ്പാവെടുത്തു പഞ്ചാബുമട്ടിൽ കെട്ടിയപ്പോഴേ വിഷമം തീർന്നുള്ളു.

അവിടത്തെ നിയമപ്രകാരം, ഹോട്ടലുകൾ മുതലായ പൊതുസ്ഥാപനങ്ങളിലെല്ലാം വർണ്ണഭേദമെന്യേ സകലക്കും പ്രവേശനം കൊടുക്കണമെന്നു നിർബ്ബന്ധമുണ്ടു്. ഈ നിയമത്തെ തോല്പിക്കാൻ വെള്ളക്കാരായ ഹോട്ടലുടമസ്ഥന്മാർ ഒരു സൂത്രം കണ്ടുപിടിച്ചു. ഹോട്ടലിൽ മുറി കാപ്പിരി ആവശ്യപ്പെട്ടാൽ, "മുറിഒന്നും ഒഴിവില്ലല്ലോ" എന്നുത്തരം പറയും. സുപ്രസിദ്ധ കാപ്പിരി നേതാക്കന്മാരായ ബുക്കർ ടി. വാഷിങ്ടനും, പോൾ റാബിസനുമുള്ള വിധി ഇതുതന്നെ. ഹോട്ടലിൽ കാപ്പിരികൾ ഭക്ഷണംചോദിച്ചിട്ടു കൊടുത്തില്ലെങ്കിൽ, ആ കാര്യം പോലീസിനെ അറിയിച്ചാൽ അവർ മജിസ്ട്രേട്ടിൽ കേസുകൊടുത്തു്, അവനെ ശിക്ഷിപ്പിക്കും. അങ്ങിനെ ഒരിക്കൽ ഒരു ഭാരതീയവിദ്യാർത്ഥി ഒരു ഹോട്ടൽക്കാരനെ നല്ലപാഠം പഠിപ്പിച്ചു. ചില സ്ഥലങ്ങളിൽ നമുക്കു വാടകയ്ക്കു മുറി തരികയില്ല. വാഷിങ്ടണിൽവെച്ചു് ഒരു ഭാരതീയനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും സിനിമാശാലയിൽ പ്രവേശനം നിഷേധിച്ചു.

റെയിൽസ്റ്റേഷനുകളിലും, വെള്ളക്കാർക്കും കാപ്പിരികൾക്കും ഭക്ഷണംക ഴിക്കുവാൻ പ്രത്യേകം സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. മേസൻ, ഡിക്സൻ എന്ന രണ്ടു പട്ടണങ്ങളെ ഘടിപ്പിക്കുന്ന രേഖയുടെ തെക്കുവശത്തുള്ള സ്ഥലങ്ങളിൽ തീവണ്ടി, ട്രാം മുതലായ വാഹനങ്ങളിൽ, വെള്ളക്കാർ മുൻവശത്തുടെയും കാപ്പിരികൾ പിൻവശത്തുടെയുമാണു കയറുക. ഈ സംസ്ഥാനങ്ങളിൽ വെള്ളക്കാരും കാപ്പിരികളുംതമ്മിൽ വിവാഹ ബന്ധം പ്രത്യേകം നിരോധിച്ചിട്ടുണ്ട്. വെള്ളക്കാരുടെ നൃത്തശാലകളി ലോ, നീന്തൽക്കുളങ്ങളിലോ കൃഷ്ണവർണ്ണർക്ക് പ്രവേശനമില്ല. എന്നാൽ മേല്പറഞ്ഞ സ്ഥലങ്ങളിൽ ഞാൻ അമേരിക്കൻ വനിതകളുടെകൂടെ ചി ലപ്പോഴെല്ലാം പോയിട്ടുണ്ട്. മദാമ്മമാർ പരസ്യമായി കാപ്പിരികളോടു കൂടെ നടക്കാത്തതുകൊണ്ടു, ഞാൻ ഒരു ഹിന്ദുവാണെന്നറച്ചായിരിക്കും ഈ സ്ഥാപനങ്ങളിൽ എനിക്കു പ്രവേശനം അനുവദിച്ചതു്. വെള്ള ക്കാരികളും ഞാനുംകൂടി നടക്കാൻപോകുമ്പോൾ ആളുകൾ വളരെ ആശ്ചര്യത്തോടെ തുറിച്ചുനോക്കി ഞങ്ങളെ അസ്വാസ്ഥ്യപ്പെടുത്തിക്കൊ ണ്ടിരുന്നു.

ഞാനും ഒരു സഹപാഠിനിയുംകൂടി ഒരു ഹോട്ടലിൽ കാപ്പികുടിച്ചു കൊണ്ടിരിക്കെ, മദ്യപനായ ഒരു വെള്ളക്കാരൻ അടുത്തിരുന്ന കസേര യിൽനിന്നു ചാടിയെഴുന്നേററുവന്നു ഞങ്ങളുടെ മേശയിൽ കൈകുത്തി "ഞാൻ മാപ്പുചോദിക്കുന്നു. കൃഷ്ണവർണ്ണനായ നിങ്ങളും ഞങ്ങളുടെ വർഗ്ഗത്തിൽപ്പെട്ട ഈ സ്ത്രീയുംകൂടി ഇങ്ങിനെ ചിരിച്ചു കളിച്ചു സല്ലപി ക്കുന്നതു് എന്റെ കണ്ണിൽ തീരെ മര്യാദകേടാണ്. നമുക്കിനി ഹോട്ടലിനു പുറത്തുവെച്ചു കാണാം" എന്നുപറഞ്ഞു വലിയ കോപ ത്തോടെ അയാൾപുറത്തുപോയി. കുറെ 'കേ.ഡി.'കളെ വിളിച്ചുകൊണ്ടു് എന്നോടു മല്ലിനുവന്നാലോഎന്നു് എനിക്കു ഭയംജനിച്ചു. കാപ്പിരികൾ വെള്ളസ്ത്രീകളോടു സമത്വവും സ്നേഹവും കാണിക്കുന്നതുകൊണ്ടാണ്, കുപിതരായ ജനങ്ങൾ വർഷംതോറും അറുപതും എഴുപതും കാപ്പിരികളെ "ലിഞ്ച്" എന്ന സമരനടപടിനടത്തി മരത്തിൽ കെട്ടിത്തൂക്കി കൊല്ലു ന്നതു്. പക്ഷേ സഹപാഠിനിയുടെ സാമർത്ഥ്യംകൊണ്ടുഞാൻ രക്ഷപ്പെട്ടു. ഹോട്ടലിനു പുറമേ ആളുകൾ കൂടുന്നതു കണ്ടു് അവർ ടെലഫോണിൽ വിവരം പോലീസിനെ അറിയിച്ചു.

വെള്ളക്കാർ കാപ്പിരികളോടു സാഹസമായി പ്രവർത്തിക്കുന്നതല്ലാ എന്നു വിദ്യാസമ്പന്നരായ പല അമേരിക്കരും മനസ്താപപ്പെടുന്നുണ്ടു്. എന്നാൽ സാധാരണനായ ഒരു അമേരിക്കന്റെ അഭിപ്രായം ഇതാണ്.

"കാപ്പിരികളോടു നിഷ്ഠുരമായി പെരുമാറുന്നു, വാസ്തവം. എന്നാൽ കാപ്പിരികളെല്ലാവരും വിദ്യാസമ്പന്നരോ, മര്യാദക്കാരോ അല്ല. ഇരുനൂറുകൊല്ലത്തിനുമുമ്പ് ആഫ്രിക്കയുടെ ഉൾവനങ്ങളിൽനിന്നു മൃഗങ്ങളെന്നപോലെ അവരെ ഈനാട്ടിൽ അടിമകളായി കൊണ്ടുവരപ്പെട്ടതാണ്. ഞങ്ങളുടെ വയലുകളിൽ കൂലിവേലചെയ്തും, വീടുകളിൽ ഭൃത്യവേല ചെയ്തും ഉപജീവനം കഴിച്ചുവന്നവരാണ്. കന്നുകാലികളെപ്പോലെ അവരെ ക്രയവിക്രയം ചെയ്തുവന്നു. ഒരു് അറുപതുവർഷങ്ങൾക്കുമുമ്പ് ഏബ്രഹാം ലിങ്കൻ അവർക്കു സ്വാതന്ത്ര്യംകൊടുത്തു; എന്നാലും ഇന്നലെ വരെ അവർ ഞങ്ങളുടെ അടിമകളായിരുന്ന കഥ ഞങ്ങൾക്കൊരിക്കലും മറക്കാൻ പാടില്ല.

"അവരെ ഒന്നു നോക്കുക; രാക്ഷസപ്രായരായ അവരും അപ്സരസ്തുല്യകളായ ഞങ്ങളുടെ സ്ത്രീകളും തമ്മിൽ വിവാഹംചെയ്യാൻ ഞങ്ങൾ എങ്ങിനെ അനുവദിക്കും ?

കേരളസാഹിത്യ അക്കാദമി

---

12. വിനോദങ്ങൾ

നൃത്തകോലാഹലം—"സ്കേറ്റിങ്ങ്"—"ഷീയിങ്ങ്"—വിദ്യാർത്ഥികളുടെ "റാഗ്" ലഹള—പൊതുജനാരോഗ്യവ്യായാമങ്ങൾ.

അമേരിക്കർ വലിയ വിനോദപ്രിയരാണ്. ശീതരാജ്യങ്ങളിൽ വെറുതേ കുത്തിയിരിക്ക പ്രയാസമാണല്ലോ. ചോരയോട്ടത്തിനും ദേഹത്തിൽ ചൂടിനും വല്ലതും ചെയ്തുകൊണ്ടിരിക്കുന്നതു നല്ലതുതന്നെ. ഉഷ്ണമേഖലാവാസികളായ നമ്മുടെ അനുഭവം നേരെമറിച്ചായിരിക്കും. പാശ്ചാത്യർക്ക് ഒരു മിനിട്ട് അടങ്ങിയിരിക്കാൻവയ്യാ. വെറുതെ നില്ക്കയാണെങ്കിൽ, കാൽ നിലത്തുതട്ടി ഒരു ചെറിയ നൃത്തം. പരമാർത്ഥത്തിൽ, അവർ സദാ നൃത്തംചെയ്‌വാൻ ഔത്സുക്യംകൊള്ളുന്നതു ദേഹത്തിൽ വലിഞ്ഞുകയറുന്ന തണുപ്പുമാററാനായിരിക്കണം.

ന്യൂയോർക്കിൽ വലുതും ചെറുതും, നല്ലതും ചീത്തയുമായ അനേകം നൃത്തശാലകളുണ്ട്. രാത്രി ഏഴുമണിക്ക് അത്താഴം കഴിഞ്ഞശേഷമാണ് അമേരിക്കയിലെ സാമൂഹ്യവിനോദങ്ങൾ ആരംഭിക്കുക. അത്തു

രാത്രി രണ്ടുമൂന്നുമണിവരെ നീണ്ടുനില്ക്കും. രാത്രി എട്ടൊമ്പതുമണി യായാൽ—നമ്മുടെ നാട്ടിൽ ആളുകൾ വിടണയുന്ന സമയത്ത്—ഇംഗ്ല ണ്ടിലും അമേരിക്കയിലും റോഡുകളിൽ സ്ത്രീപുരുഷന്മാർ നിറഞ്ഞുക വിയുന്നു. സിനിമാ, നൃത്തം മുതലായ വിനോദങ്ങൾക്ക് അവർ തിരി ച്ചിരിക്കയാണ്.

നൃത്തം കോമളമായ ഒരു കലയാണ്. അതും പലവിധത്തിലു ണ്ട്. ഉദയശങ്കർ, ഗോപിനാഥൻ മുതലായവരെപ്പോലെ തനിച്ചു നൃത്തംചെയ്തു പലതരം കൌതുകാഭിനയങ്ങൾ പ്രദർശിപ്പിക്കുന്നതു് ഇത്തരത്തിൽ ഉൾപ്പെടുന്നു. പിന്നെ ബാലികമാരോ, സ്ത്രീകളോ സംഘമായി ആടുന്ന നൃത്തങ്ങളുണ്ട്. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീപുരുഷന്മാർ ജോഡിയായി നൃത്തംചെയ്യുന്നതിനാണ സാധാരണമാ യി ഈ പേരു പറയുന്നതു്. അനേകം സ്ത്രീപുരുഷന്മാർ ഒരുമിച്ചു നി ലാവെളിച്ചത്തിനു തുല്യമായ വൈദ്യുതദീപങ്ങളുടെ മന്ദപ്രകാശത്തിൽ വെച്ചു "വാൾസ്" എന്ന നൃത്തമാടുമ്പോൾ തിരമാലയ്ക്കൊത്ത ആ പടം ഏററവും ആനന്ദകരമാണ്. വാൾസ് കൂടാതെ, "ഫോക്സ് ട്രോട്ട്", "ടാൻഗോ", "ആർജെൻറീൻ ടാൻഗോ", "ചർത്സട്ടൺ" എന്നിങ്ങനെ പലതരത്തിലുള്ള നർത്തനരീതി പാശ്ചാത്യർ അഭ്യസിച്ചു വരുന്നു. ഓരോ തരത്തിനും പ്രത്യേകം താളമേളങ്ങളാണെന്നു പറ യേണ്ടതില്ലല്ലോ.

കേരള സാഹിത്യ അക്കാദമി

ക്രിസ്സ്മസ്സ്, നവവത്സരാരംഭം (ഡിസംബർ മുപ്പത്തിയൊന്നാം തീയതി) മുതലായ പല വിശേഷദിവസങ്ങളിലും പാശ്ചാത്യർ വിവിധ വിനോദവേഷങ്ങൾ ധരിച്ചു നൃത്തംവെച്ചാനന്ദിക്കുന്നു. പുരുഷന്മാർ പലനിറത്തിലുള്ള കൂമ്പൻ തൊപ്പികൾവെച്ചുവരും. മുപ്പത്തിയൊന്നാം തിയതി രാത്രി പന്ത്രണ്ടുമണിയാകുമ്പോൾ വലിയ ലഹളതന്നെ! ഊത്തും പടക്കവുമായി കഴിഞ്ഞുപോകുന്ന വർഷത്തോടു യാത്രപറയുന്നു; പുതിയ വർഷത്തെ സ്വാഗതംചെയ്യുന്നു.

ജോഡിയായ ഇത്തരം നൃത്തം കൂടാതെ, നമ്മുടെ നാട്ടിലുള്ളതുപോ ലെയുള്ള ഓണക്കളിയും തിരുവാതിരക്കളിയും ആ നാട്ടിൽ നടപ്പുണ്ട്. എന്നാൽ നമ്മുടെ ഇടയിൽ സ്ത്രീകൾ ഒന്നിച്ചുമാത്രമോ, പുരുഷന്മാർ ഒന്നിച്ചുമാത്രമോ ആടുമ്പോൾ, പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകളും പുരു ഷന്മാരും സംഘംചേർന്ന് ആടുന്നു. ഇത്തരം നൃത്തങ്ങൾക്കു "ഫോക്കു

ഡാൻസ്" എന്നുപറയുന്നു. സ്ത്രീപുരുഷന്മാർ ജോഡിയായിനിന്നു നൃത്തം ചെയ്യുന്നതു പാപമാണെന്നു വിചാരിക്കുന്ന അമേരിക്കർകൂടി "ഫോക്കു ഡാൻസ്" നടത്താൻ ഉത്സാഹികളാണു്.

വേനൽക്കാലത്തു് അമേരിക്കർ കൂട്ടംകൂട്ടമായി, അടുത്തുള്ള മലപ്രദേശങ്ങളിലും സമുദ്രതീരങ്ങളിലും വിനോദയാത്രക്കുപോക പതിവുണ്ടു്. ഭാര്യയും ഭർത്താവും കുട്ടികളും അടുക്കും പാത്രവുമായി പുറപ്പെട്ടു്, പാട്ടുംപാടി, തണലും വെള്ളവുമുള്ള സ്ഥലത്തു താവളമടിച്ചു, സ്കൂൾകുട്ടികളെപ്പോലെ ഉത്സാഹഭരിതരായി സമയം കഴിക്കുന്നു. ന്യൂയോർക്കുനഗരത്തിന്റെ എതിർഭാഗത്തു, ഹഡ്സൺനദിക്കപ്പുറത്തു്, ഈ വിനോദങ്ങൾക്കായി കാടുപിടിച്ച ഒട്ടധികം സ്ഥലങ്ങൾ സർക്കാരിൽനിന്നു തിരിച്ചിട്ടിട്ടുണ്ടു്. എന്നാൽ അവധിക്കാലങ്ങളിൽ സമുദ്രതീരങ്ങളിലാണു ലക്ഷക്കണക്കിനു ജനസമൂഹം വന്നുചേരുന്നതു്.

ന്യൂയോർക്കുനഗരത്തിന്റെ അററത്തുള്ള കോണിദ്വീപിൽ ഉച്ചകഴിഞ്ഞാൽ കടലിൽക്കുളികളും പല തമാശകളും മററു കാഴ്ചകളുമുണ്ടു്. വിദ്യുച്ഛക്തിയാൽ നിയന്ത്രിക്കപ്പെട്ട ഒരു മരക്കുതിരയുടെപുറത്തു കയറി ഞാൻ ഒരിക്കൽ ഒരു പന്തയംനടത്തി. കൃത്രിമങ്ങളായ മലകളിന്മേലൂടെയും താഴ്വരകളിലൂടെയും തുരങ്കങ്ങളിലൂടെയും പൊങ്ങിയും താണും മിന്നൽപോലെ സവാരിചെയ്തപ്പോൾ എനിക്കുണ്ടായ പരിഭ്രമം എങ്ങനെ വർണ്ണിക്കും. രണ്ടുമൂന്നു പ്രാവശ്യം "ഇതാ ജീവിതം തീർന്നു" എന്നു തോന്നി, മരക്കുതിരയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു കണ്ണുമടച്ചിരുന്നു. പിന്നീടു്, ഈ അനുഭവത്തെ ആവർത്തിക്കാൻ എനിക്കു ധൈര്യമുണ്ടായില്ല.

വിനോദങ്ങൾക്കുമാത്രമായുള്ള പല പട്ടണങ്ങളും ഐക്യനാട്ടിലുണ്ടു്. ഇവയിലൊന്നാണു അററലാൻറിക്സിററി. ന്യൂയോർക്കിൽനിന്നു രണ്ടരമണിക്കൂർ തീവണ്ടിയിൽ യാത്രചെയ്താൽ അവിടെയെത്താം. അതു സമുദ്രസ്നാനക്കാർക്കായി നിർമ്മിച്ച ഒരു പട്ടണമാണു്. അവരിൽനിന്നുള്ള ആദായംകൊണ്ടാണു് അവിടത്തെ സകലചെലവുകളും നടക്കുന്നതു്. നല്ല മണൽ, കലക്കില്ലാത്ത വെള്ളം, ഭീമങ്ങളായ തിരമാലകൾ എന്നാൽ ജീവനു് ഒരാപത്തുമില്ല പല നിറത്തിലുള്ള നീന്തൽവസ്ത്രം ധരിച്ച പത്തുപതിനായിരം സ്ത്രീപുരുഷന്മാർ എപ്പോഴും വെള്ളത്തിൽക്കിടന്നു മറിയുന്നു. ഏകദേശം അതിലിരട്ടി ആളുകൾ

കടൽപ്പുറത്തു് ഇരുന്നും, ഉരുണ്ടും, വ്യായാമംചെയ്തും, പന്തുകളിച്ചും, മുത്തുക്കുടപോലുള്ള വലിയ കുടകൾക്കുകീഴെ തിന്നും കുടിച്ചും സമയം കഴിക്കുന്നു. ഒരു വ്യായാമോപദേഷ്ടാവു് ഒരു തട്ടിൽ നിന്നുംകൊണ്ടു്, "ഒന്നു്, രണ്ടു്, മൂന്നു്" എന്നിങ്ങനെ അട്ടഹസിച്ചു് അവിടെ കൂടിയവരെ വ്യായാമം ശീലിപ്പിക്കുന്നു. ആബാലവൃദ്ധം ജനങ്ങൾ ഈ തമാശയിൽ കൂടുന്നു. ചില കുടവയറന്മാരും, തടിച്ചികളും കയ്യും കാലും പൊക്കുന്നതും ഉരുണ്ടുമറിയുന്നതും കണ്ടാൽ ഈ അമേരിയ്ക്കക്കു് തലയ്ക്കു "കോളു"ണ്ടോ എന്നു തോന്നിപ്പോകും !

കടലിൽ കുളിക്കാൻവരുന്നവർ അതിരാവിലെമുതൽ വൈകുന്നേരംവരെ കുളിച്ചു മുതലെടുക്കും. ഇടയ്ക്കിടെ കരയിൽവന്നു വല്ലതും തിന്നു കുറേനേരം ഓടും, ചാടും, ഉരുളും; വീണ്ടും വെള്ളത്തിൽത്തന്നെ. ദേഹം ചെമ്പുനിറമാകുന്നതാണു യുവതികളുടെ ഒരു വലിയ പരിഷ്കാരം; അതിനാണു് അവർ വെയിലത്തുകിടന്നുരുളുന്നതു്. ദേഹം പൊള്ളി തൊലി ഉരിഞ്ഞുപോകാതിരിപ്പാൻ ഓലിവെണ്ണ തേച്ചാണു് ചിലർ ഇരുന്നു വെയിൽകൊള്ളുക. ഇതാണു "സൺബേത്തിങ്ങ്."

കടലിൽ കുളിക്കുന്നവൎക്കു ജീവഹാനി വരാതിരിക്കാൻ ഒരു മുക്കാൽനാഴികയപ്പുറം അനവധി ബോട്ടുകളും, അവയിൽ അതിസമൎത്ഥരായ നീന്തൽവിദഗ്ദ്ധന്മാരും സദാ ഒരുങ്ങിനില്പുണ്ടു്. കരയിൽ തന്നെ ഇരിപ്പിടങ്ങൾകെട്ടി ദൂരദർശിനിക്കണ്ണാടികളിലൂടെ കുളിക്കുന്നവരെ രക്ഷിക്കുവാൻ ഉദ്യോഗസ്ഥന്മാരുമുണ്ടു്. ഞാൻ കുളിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്നു ഒരു ചൂളംകേട്ടു. അതിന്റെ അൎത്ഥമറിയാതെ ഞാൻ അങ്ങുമിങ്ങും നീന്തിത്തുടിച്ചു പൊയ്ക്കൊണ്ടിരുന്നു. അപ്പോൾ "പുറകോട്ടുപോകണം" എന്നു 'ലൌഡ്സ്പീക്കറി'ലൂടെ വിളിച്ചുപറഞ്ഞതു് എന്നോടാണെന്നു ബോട്ടിലുള്ളവർ ആംഗ്യംകാട്ടി. ഞാൻ നിലയില്ലാത്ത സ്ഥലത്തേക്കു അറിയാതെ നീന്തിപ്പോകുന്നതു കണ്ടിട്ടാണു് അവർ എന്നെ ഉപദേശിച്ചതു്...... സ്റ്റീംബോട്ടിന്റെ പുറകിൽ നീളത്തിലുള്ള കയറുകെട്ടി പലകകൾ ഇടുന്നു. അവയിൽനിന്നു് തിരമാലകളുടെ മുകളിൽക്കൂടി ചാടിച്ചാടി ചില യുവതികൾ "സർഫ്റൈഡിങ്ങ്" നടത്തി രസിക്കുന്നു. ഇതു കുറേ ആപല്ക്കരമായ വിനോദമാണു്.

ഒരു രൂപ കൊടുത്താൽ ഉടുപ്പു് മാററിവെക്കുവാൻ ഒരു ചെറിയ 'വലിപ്പും,' ഒരു തോൎത്തും കടൽക്കുളിക്കുശേഷം കുളിക്കാൻ നല്ല വെള്ളവും കരയ്ക്കു കിട്ടുന്നതാണു്. അററ്ലാൻറിക്സിററിയിൽ വേറെയും

അനവധി കാഴ്ചകളുണ്ട്. ഗുസ്തി മുതലായ കായികമത്സരങ്ങൾ നടത്തുവാൻ വിശാലമായ ഒരു ഹാളുള്ളതിൽ മുപ്പതിനായിരംപേർക്കിരിക്കാം. ഈ ഹാൾ അമേരിക്കയിൽവച്ച് ഏററവും വലുതാണത്രേ. 'യാങ്കിസ്റ്റേഡിയത്തി'ൽ അറുപതിനായിരംപേർക്കിരിക്കാമെങ്കിലും, അതു് തുറന്ന സ്ഥലമാണ്. ഇതിനാകട്ടെ മേൽക്കൂട്ടുണ്ട്. നടുവിൽ തൂണുകളൊന്നുമില്ലാതെയാണ പണി. അതിൻെറ മദ്ധ്യത്തിൽ പൊക്കുകയും താഴ്ത്തുകയും ചെയ്യാവുന്ന ഒരു തട്ടിൽവെച്ചാണ് ഗുസ്തി നടത്തുന്നതു്.

ശീതകാലവിനോദങ്ങൾ സാധാരണ ഭവനങ്ങൾക്കുള്ളിലാകണമല്ലോ. എന്നാൽ പുറത്തും ഉണ്ട്. ചിലർ മഞ്ഞുകട്ടിയുടെ മുകളിൽ പ്രത്യേകം ചെരിപ്പുകളിട്ട 'സ്കേററ്'ചെയ്യുന്നു. ചെരിപ്പിൻെറ അടിയിൽ മൂർച്ചയില്ലാത്ത ഒരു വാൾ ചരിച്ചു കെട്ടിയിരിക്കകൊണ്ടു തെററിത്തെററി ഓടാം. ഈ അഭ്യാസം പഠിക്കുമ്പോൾ ഇരിമ്പുമുനയുള്ള ഒരു വടിയുടെ തുണവേണം. 'സ്കേററ്'ചെയ്യുന്നതു് ഏററവും കൌതുകകരമാണ്. റോഡുകളിൽ ബാലികാബാലന്മാർ സാധാരണമായി ഇങ്ങിനെ ഓടിനടക്കുന്നതു കാണാം. ചെരുപ്പിന്മേൽ രണ്ടു ചെറിയ ചക്രംവീതം ഘടിപ്പിച്ചു നടന്നും ഓടിയും ഇവർ 'സ്കേററി'ങ്ങിനു വേണ്ട 'ബാലൻസ്' നേരത്തെ സമ്പാദിച്ചുവയ്ക്കുന്നു. മഞ്ഞുകട്ടി നിറഞ്ഞ റോഡുകളിലൂടെ മോട്ടോറുകൾ പോകുന്നതു ചക്രത്തിൽ ചങ്ങല ചുററിക്കെട്ടിയാണ്; അല്ലെങ്കിൽ തെററി അപകടം പററിയേക്കാം. മഞ്ഞുകട്ട വീഴുന്നതു കാണാനും വളരെ ഭംഗിയുണ്ട്. അതു പഞ്ഞിപോലെ മൃദുവായി പതുക്കെപ്പതുക്കെ വീഴുന്നു. അങ്ങനെ വീണതു നിലത്തു് ആറും ഏഴും അടി ഘനത്തിൽ കിടക്കും. ശീതകാലത്തു വീടുകളും വൃക്ഷങ്ങളും വാഹനങ്ങളുമെല്ലാം മഞ്ഞിൽപ്പൊതിഞ്ഞുകിടക്കുന്ന ധവളമായ കാഴ്ച എത്ര മനോഹരം! മഞ്ഞു വീണുകിടക്കുമ്പോൾ സാധാരണച്ചെരിപ്പു മാത്രമായാൽ വീണു് അപകടംപററാവുന്നതുകൊണ്ടു ചെരിപ്പിൻെറ പുറമേ അടിപരുപരുത്ത റബ്ബർചെരിപ്പു കൂടി ഇടുന്നു. മഞ്ഞു വീണുകൊണ്ടിരിക്കുമ്പോൾ വലിയ കൊടുങ്കാററുമുണ്ടാകും. അന്നൊക്കെ കോട്ടിന്മേൽ കോട്ടും കയ്യിൽ തുകൽ 'ഗ്ലോവ്സ്'മിട്ടാണ് സഞ്ചരിക്കുന്നതെങ്കിലും, ഈ കാററൂതുമ്പോൾ നാം വിറച്ചുപോകും. ചെവിയും മൂക്കും പൊയ്പോയോ എന്നു കൂടക്കൂടെ തപ്പിനോക്കി തീർച്ചപ്പെടുത്തേണ്ടിയിരിക്കും. ഇത്തരം അവസരങ്ങളിൽപ്പോലും അമേരിക്കയിലെ യുവജനങ്ങൾ സഞ്ചാരതല്പരരാണ്.

നൃത്തശാലകൾപോലെ "സ്കേററ്" ചെയ്യുന്ന "റിംഗ്സും" (വളപ്പുകൾ) രാത്രി തുറന്നിരിക്കും. പകൽ മുഴുവൻ ജോലിചെയ്യുന്നവരുടെ ആവശ്യത്തിനാണു രാത്രിയിൽക്കൂടി ഇതു തുറന്നിട്ടിരിക്കുന്നതു്. പകൽ കാര്യവും രാത്രി കളിയുമെന്നാണു പാശ്ചാത്യരുടെ മതം.

പാശ്ചാത്യരുടെ വേറൊരു വിനോദം "ഷീ" (Ski) എന്നതാണു്. മലകളും താഴ്വരകളും ഉള്ള പ്രദേശങ്ങളിൽ "ഷീയിങ്ങ്" നടത്തുന്നു. ഇരുമ്പുതണ്ടുകൾ പാദത്തിനടിയിൽകെട്ടി മഞ്ഞുനിറഞ്ഞ കുന്നുകളുടെ മുകളിൽനിന്നു കിഴുക്കാൻ തൂക്കായി തെററുന്നതാണു "ഷീയിങ്ങ്". തെററാൻ തുടങ്ങിയാൽ പിടികിട്ടുകയില്ല. അതുകൊണ്ടു കൂർത്തമുനയുള്ള ഒരു വടി ഇതു് അഭ്യസിക്കുന്നവരുടെ കൈയിൽകാണും. ആവശ്യമുള്ളപ്പോൾ ഇതു കുത്തി "ബ്രേക്ക്" ഇടാം. താഴ്വരകളും കുഴികളും കവച്ചു "ഷീയിങ്ങ്" വിദഗ്ദ്ധന്മാർ ചാടുന്നതു് എത്ര മനോഹരവും പരിഭ്രമജനകവുമായ കാഴ്ചയാണു്! ചിലപ്പോൾ ഇവർക്കു് ജീവാപായവും നേരിടാവുണ്ടു്. പക്ഷെ ധീരന്മാരായ പാശ്ചാത്യർക്കു് ഒരു ഭയവും ഇല്ല. മരണം ജീവിതത്തിലെ ഒരു സാധാരണ സംഭവംമാത്രമായി അവർ കരുതുന്നു. സ്ത്രീകൾകൂടി ആപൽക്കരമായ ഈ വിനോദത്തിൽ പങ്കെടുക്കുന്നുണ്ടെന്നുപറഞ്ഞാൽ നമുക്കു് ആശ്ചര്യം തോന്നും.

വിദ്യാർത്ഥികളും—ചിലപ്പോൾ വിദ്യാർത്ഥിനികളും—ബോക്സിങ്ങ്, ഗുസ്തി, പരിശമുട്ടു മുതലായ അഭ്യാസങ്ങൾ പരിശീലിക്കാറുണ്ടു്.... അമ്പു് എയ്തു് ഉന്നം കൃത്യമാക്കുന്നു...... മുപ്പതും നാല്പതും അടി പൊക്കത്തിൽ സ്ഥാപിച്ചിട്ടുള്ള "ഡൈവിങ്ങ്ബോർഡിൽ"നിന്നു തലകുത്തി മറിഞ്ഞു നീന്തൽ കുളങ്ങളിലേക്കു് എടുത്തുചാടുന്നു.

കോളേജുകളിൽ കാണുന്ന വേറൊരു തമാശ വിദ്യാർത്ഥികളുടെ "റാഗ്" അഥവാ ലഹളയാണു്. വർഷത്തിൽ ഒരിക്കലെങ്കിലും വിദ്യാർത്ഥികൾചേർന്നു പട്ടണവാസികളെ അസഹ്യപ്പെടുത്താതിരിക്കയില്ല. കുട്ടികൾ റോഡിൽഇറങ്ങിനിന്നു നടുക്കു് ഒരു വടംകെട്ടി ഗതാഗതം തടസ്സപ്പെടുത്തുകയായിരുന്നു ഞാൻ കണ്ട ഒരു "റാഗി"ന്റെ വിശേഷം. ഇതു കണ്ടു "ട്രാഫിക്ക" പൊല്ലീസുകാർ ഓടിയെത്തിയെങ്കിലും അവർ ഇടപെട്ടില്ല. ഒരു പതിനഞ്ചുമിനിട്ടു കഴിഞ്ഞശേഷം "ഇന്നു മതി; ഇനി ദയവുചെയ്തു നിങ്ങളുടെ റാഗു നിറുത്തിക്കൂടേ" എന്നു പൊല്ലീസുകാരൻ പറയുകയും വിദ്യാർത്ഥികൾ അതനുസരിച്ചു പിരിഞ്ഞുപോകയുംചെയ്തു.

ഫുട്ട്ബാൾ, ബേസ്ബാൾ, ടെന്നിസ് മുതലായ പല കളികളും കാലാനുസൃതമായി കോളേജുകളിൽ നടക്കുന്നു. എന്നാൽ അമേരിയ്ക്കരുടെ ഫുട്ട്ബോളും ഇംഗ്ലീഷുകാരുടെ ഫുട്ട്ബോളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതിന് അവരുടെ റഗ്ബിയുമായി കൂടുതൽ സാമ്യം കാണുന്നു. പ്രതിവർഷം ഏകദേശം നൂറുപേർവീതം ഫുട്ട്ബാൾ മത്സരക്കളികളിൽ മരിക്കുന്നുണ്ട്; ഇതിൽനിന്ന് അതു് എത്ര ആപൽക്കരമാണെന്ന് ഊഹിക്കാമല്ലൊ. ചില കോളേജുകളുടെ കീർത്തി അവരുടെ ഫുട്ട്ബാൾടീമിൽ സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ആ കളി പഠിപ്പിക്കുന്നതിനു സമർത്ഥന്മാരായ "കോച്ച്" എന്ന ആശാന്മാരെ നിയമിക്കുക കോളേജുകളിൽ സാധാരണയാണ്. വലിയ പണ്ഡിതന്മാരേക്കാൾ കൂടുതൽ ശമ്പളം കോച്ചിനു ചിലപ്പോൾ ലഭിക്കുന്നു. തങ്ങളുടെ പഴയ കോളേജുകളുടെ കീർത്തി പുലർത്താൻ ധനികരായ പൂർവ്വവിദ്യാർത്ഥികൾ സ്വന്തംചെലവിൽ കോച്ചിനെ നിയമിക്കാറുണ്ട്.

ഇത്തരം വിനോദങ്ങളുടേയും മത്സരക്കളികളുടേയും ഫലമായി അമേരിയ്ക്കയിലെ യുവാക്കളുടെ പൊക്കം കൂടിവരുന്നത്രേ! അവരുടെ പാദങ്ങളുടെ നീളവും വർദ്ധിക്കുന്നുവെന്നു ചെരുപ്പുകുത്തികൾ കണ്ടുപിടിച്ചിരിക്കുന്നു!

വിനോദങ്ങളിൽതന്നെയല്ല, വ്യായാമത്തിലും പാശ്ചാത്യർ ബദ്ധശ്രദ്ധരാണ്. കാലത്തു് അഞ്ചരമണിമുതൽ ഏഴുമണിവരെ ഏതു സമയത്തും എഴുന്നേൽക്കുന്നവരുടെ സൌകര്യം അനുസരിച്ചു ഡ്രിൽ ചെയ്യുന്നതിനു റേഡിയോയിൽക്കൂടി ഒരു വിദഗ്ദ്ധൻ "കൈപൊക്കു, താക്കു; കാലുപൊക്കു, താക്കു; കുനിയു, നിവരു," എന്നൊക്കെ ആജ്ഞാപിക്കുന്നു. യാതൊരു നിർബന്ധമില്ലെങ്കിലും ഇതനുസരിച്ചു പ്രവർത്തിക്കാൻ ആ നാട്ടിൽ ധാരാളം ആളുകളുണ്ട്. ഡെൻമാർക്ക്, ജർമ്മനി മുതലായ രാജ്യങ്ങളിൽ ആയിരവും പതിനായിരവും സ്ത്രീപുരുഷന്മാർ ഒന്നിച്ചുനിന്നു പലതരം വ്യായാമങ്ങൾ ചെയ്യുന്നതു് ഒരു സാധാരണ കാഴ്ചയാണ്. ഇത്തരം "കാല്ലിസ്തെനിക്സ്" വ്യായാമങ്ങൾകൊണ്ട് ജനങ്ങളുടെ ആരോഗ്യവും തന്മൂലം സൌന്ദര്യവും വർദ്ധിച്ചുവരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

13. നയാഗ്രായിലെ ധൂമകന്യക

തീവണ്ടിയിൽ ക്ലാസ്സില്ല—"സ്ലോട്ടി"ൽനിന്നു സോപ്പും തോർത്തും—കവിതമയമായ പേരുകൾ—ക്യാനഡായിലേക്കുള്ള പ്രവേശനം—ജലപാതത്തിന്റെ മുകളിൽനടന്ന സർക്കസ് കളികൾ.

സുപ്രസിദ്ധ നയാഗ്രാജലപാതം സന്ദർശിക്കാൻ ഞാനും ചില സ്നേഹിതന്മാരും തീവണ്ടിമാർഗ്ഗം പുറപ്പെട്ടു. അമേരിക്കൻതീവണ്ടികളിൽ ഒരു ക്ലാസ്സുമാത്രമേയുള്ളു. അതിൽ ഇൻഡ്യയിലെ ഒന്നാംക്ലാസ്സിനെ വെല്ലുന്ന വില്ലുവച്ചിട്ട കസേരകളാണുള്ളതു്. ഭരണം പ്രജായത്തമായ ആ നാട്ടിൽ ധനത്തെ ആശ്രയിച്ചു് ആളുകൾ തമ്മിൽ വ്യത്യാസങ്ങൾ തഴച്ചുവരാതെയിരിക്കാനായിട്ടാണു തീവണ്ടിയിൽ ഒരു ക്ലാസ്സു മാത്രമുള്ളു എന്നു സർക്കാർ ഉത്തരവായിരിക്കുന്നതു്. എന്നാൽ കൂടുതൽ സൌകര്യങ്ങൾ ലഭിക്കുന്നതിനു ധനികർ എങ്ങിനെയെങ്കിലും വഴികൾ കണ്ടുപിടിക്കുമല്ലോ. ഉദാഹരണമായി, യാത്രാമദ്ധ്യേയുള്ള കാഴ്ചകൾകാണുന്നതിനു കൂടുതൽ കൂലിയുള്ള 'ഓബ്സർവേഷൻ കാറുകൾ' തീവണ്ടികളിലുണ്ടു്. രാത്രിയിൽ ഉറങ്ങാൻ "പുൾമാൻകാർ" എന്നൊരു പ്രത്യേകവണ്ടിയുമുണ്ടു്. പുൾമാൻകാർ തീവണ്ടിക്കമ്പനിയുടെ അല്ല; വേറൊരു കമ്പനിവകയാണു്. പ്രത്യേകം കൂലികൊടുത്താൽ രാത്രിയിൽ ഈ കാർ തീവണ്ടിയോടു ഘടിപ്പിച്ചശേഷം, യാത്രക്കാർക്കു് അതിൽപോയി കിടന്നുറങ്ങാം. ചില തീവണ്ടികളിൽ വായനശാലയും ഉണ്ടായിരിക്കും. യാത്ര എത്രയും സുഖകരമാക്കാൻ തീവണ്ടിക്കമ്പനികൾ ശ്രമിക്കുന്നു. നമ്മുടെനാട്ടിൽ ബസ്സുകൾ ഉള്ളതുപോലെ ഒരേസ്ഥലത്തേക്കുതന്നെ പല കമ്പനിക്കാരുടെയും തീവണ്ടികൾ ഓടുന്നു എന്നതാണു് ഇതിന്റെ രഹസ്യം. അതൊരു മത്സരം. ഇതിനുംപുറമെ "ഗ്രേഹൌണ്ടു്" ബസ്സുകാർ സകല സ്ഥലങ്ങളിലും തീവണ്ടിക്കാരുമായി മത്സരം തുടങ്ങിയിരിക്കുന്നു. ഈ മത്സരങ്ങളുടെ എല്ലാംഫലം യാത്രക്കാർക്കു കൂടുതൽസൌകര്യാദികൾകിട്ടുന്നു എന്നാണു്.

സ്റ്റേഷനുകളിൽ കാണുന്ന പോർട്ടർമാർ സാധാരണ കാപ്പിരികൾ തന്നെ. നാം കൊടുക്കുന്നതുകൊണ്ടു് അവർ തൃപ്തിയടയുന്നതല്ലാതെ തർക്കിക്കാൻപാടില്ല........വെളുപ്പിനു ഞങ്ങൾ നയാഗ്രാഫാൾസ് പട്ടണത്തിൽ എത്തിയപ്പോൾ ആയിരമായിരം സ്ത്രീപുരുഷന്മാർ കണ്ണുംതിരുമ്മി വണ്ടിയിൽനിന്നും ഇറങ്ങിത്തുടങ്ങി. സ്റ്റേഷനിൽതന്നെ ദിനകൃത്യങ്ങൾ ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടു്. ഒരു "നിക്കൽ" നാണയം



"മേപോൾ ഡാൻസു" (ഗ്രാമീണനൎത്തനം)
(46-ാം പുറം)

കേരള സാഹിത്യ അക്കാദമി



നയാഗ്രാ ജലപാതം (49-ാം പുറം)

ഇട്ടാൽ കക്കൂസ്സുവാതൽ താനേതുറക്കുന്നു. വേറൊരു "നിക്കൽ" ഇട്ടാൽ നമ്മുടെ ഉപയോഗത്തിനുവേണ്ട ഒരു സോപ്പും, തോർത്തും സ്ലോട്ടുപെട്ടിയിൽനിന്നു നമ്മുടെ കയ്യിൽ ചാടുന്നു. ഇങ്ങനെ കയ്യും മുഖവും ശുദ്ധിയാക്കുന്നതിനിടയിൽ ഒരു കാപ്പിരിബാലൻവന്നു ചെരുപ്പുമിനുക്കുന്നു. ഇതെല്ലാംകഴിഞ്ഞു സുസ്മേരവദനരായി ഞാനും എന്റെ സ്നേഹിതരും കൂടി ജലപാതം കാണാൻ പുറപ്പെട്ടു.

ചുററുപാടും രമണീയമായ ഉദ്യാനങ്ങൾ. മധുവിധുഘോഷിക്കാൻ നവദമ്പതിമാർ നയാഗ്രായിലേക്കു വരുന്നതു് ഇത്തരം ആകർഷണങ്ങൾ കൊണ്ടായിരിക്കണം............... ഒരുനാഴികക്കിപ്പുറംവച്ചുതന്നെ വെള്ളച്ചാട്ടത്തിന്റെ ഗർജ്ജനം കേട്ടുതുടങ്ങി. ഞങ്ങളുടെ മനസ്സിൽ ധൃതിയും കൂടി.

അടുത്തുചെന്നപ്പോൾ നയാഗ്രാനദിയുടെ ഇരുവശത്തായി ഒന്നല്ല, രണ്ടു ജലപാതങ്ങൾ കണ്ടു. ഒന്നു് ഐക്യനാട്ടതിർത്തിയിലും, മറേറതു് അതിനെതിരായി ക്യാനഡാനാട്ടതിർത്തിയിലും; അമേരിക്കൻഭാഗം സിൻെറമുകളിൽ ടെറാപ്പിൻപോയൻറു് എന്ന സ്ഥലത്തു ജലപാതത്തിന്റെമുകളിലായി നീണ്ട ഒരു പാലം കെട്ടിയിട്ടുണ്ടു്. അവിടെ നിന്നാൽ, കിഴക്കാംതൂക്കായി ഗംഭീരഗർജ്ജനത്തോടെ നമ്മുടെ പാദത്തിനടിയിൽനിന്നെന്നവണ്ണം വെള്ളം എടുത്തുചാടുന്ന കാഴ്ച ഒരിക്കലും മറക്കാവുന്നതല്ല.

നമുക്കിനി വെള്ളച്ചാട്ടത്തിന്റെ അടിയിൽപോയിക്കാണാം. ഒരു ഡോളർ കൊടുത്താൽ വെള്ളത്തിനടിയിൽ ഇറങ്ങുവാനുള്ള 'ഡൈവിങ്ങ് കിററ്', റബ്ബർചെരുപ്പും, റബ്ബർഗ്ലൗസും, തൊപ്പിയും, കണ്ണാടിയും നമുക്കു തരുന്നു. ഇവയിട്ടു മുഖക്കണ്ണാടിയിൽ നോക്കിയപ്പോൾ ഞാൻ പാതാളലോകത്തിലെ യമരാജാവാണെന്നു തോന്നിപ്പോയി, പിന്നീടു ലിഫ്ററിൽ കയറി പത്തുകെ കീഴ്പൊട്ടു് ഇറങ്ങി, പാറയുടെ ഇടയിലുള്ള ഒരു വാതലിൽക്കൂടെ പുറത്തുചാടിയതു നയാഗ്രാനദിയുടെ മുകളിലുള്ള ഒരു മരപ്പാലത്തിന്മേലായിരുന്നു. വെള്ളച്ചാട്ടത്തിന്റെ മുൻവശം മുഴുവൻ പതകൾക്കിടയിലൂടെക്കണ്ടു. അപ്പോൾ സൂര്യരശ്മിയാൽ ചുംബിക്കപ്പെട്ട ആ വെള്ളക്കമ്പികളിൽ വിളയാടിക്കൊണ്ടിരുന്ന സപ്തവർണ്ണമഴവില്ലുകൾ എത്ര മനോഹരം! അടുത്തുതന്നെ, സ്ഫടികസ്തംഭങ്ങളായ വെള്ളത്തുള്ളികളാൽ ഐക്യനാട്ടിലെ വെള്ളച്ചാട്ടവും കുതിരക്കുളമ്പാകൃതിയിലുള്ള ക്യാനഡായിലെ വെള്ളച്ചാട്ടവുംതമ്മിൽ ഇടകലരുന്നതുകാണാം. ഈ മനോഹരകാഴ്ചയെ "മണവാട്ടിയുടെ പൂമാല"യെന്നു

നാമകരണംചെയ്തിരിക്കുന്നു. പേരും സ്ഥലവുമെല്ലാം ഇതുപോലെ കവിത നിറഞ്ഞതാണ്.

ഇതിനുശേഷം ''ധൂമകന്യക'' എന്ന കമനിയനാമമുള്ള ഒരു ചെറിയ ബോട്ടിൽ ഞങ്ങൾ നയാഗ്രാനദി സഞ്ചരിച്ചുകണ്ടു. വെള്ള ച്ചാട്ടത്തിൽനിന്നുതെറിക്കുന്ന തുള്ളികളും ആവിയുംകൊണ്ടു നനയാതിരിക്കാൻ മഴക്കോട്ടു ഈ യാത്രയിൽ ധരിച്ചിരുന്നു............

ഐക്യനാടും ക്യാനഡായും തമ്മിൽ ബന്ധിക്കുന്ന ഒരു പാലം കടന്നു ക്യാനഡായിലേക്കു പ്രവേശിക്കാൻ ഞാനും ഒരു ജപ്പാൻകാരനുംകൂടി ശ്രമിച്ചു. ഐക്യനാട്ടിന്റെ അതൃത്തിയിൽ എത്തിയപ്പോൾ അധികൃതർ ഞങ്ങളുടെ പാസ്പോർട്ടു വാങ്ങിനോക്കി. അമേരിക്കയിൽ ആദ്യം പ്രവേശിക്കാനുണ്ടായിരുന്ന പ്രയാസങ്ങളോർത്തു ക്യാനഡാ സന്ദർശനാനന്തരം തിരിച്ചുവരുമ്പോൾ ബുദ്ധിമുട്ടിക്കാതിരിക്കാൻ ഞാൻ എന്റെ കാര്യം അവരെ പ്രത്യേകം ഓർപ്പിച്ചു. പാലംകടന്നു ക്യാനഡാ അതൃത്തിയിൽ എത്തിയപ്പോൾ അവിടുത്തെ ഇമ്മിഗ്രേഷൻഉദ്യോഗസ്ഥന്മാർ എനിക്കും ആ ജപ്പാൻകാരനും പ്രവേശനം നിരോധിച്ചു.

"ഞാൻ ബ്രിട്ടീഷ്സാമ്രാജ്യത്തിലെ ഒരു പ്രജയാണ്, അതുകൊണ്ടു സാമ്രാജ്യത്തിൽ എവിടെയും സ്വാതന്ത്ര്യമായി യാത്രചെയ്യുന്നതിനു എനിക്കു പൌരാവകാശമുണ്ട്."

ഉദ്യോഗസ്ഥൻ: "ബ്രിട്ടീഷ്സാമ്രാജ്യത്തിലെ ഒരു പൌരനാകകൊണ്ടു് നിങ്ങളെ ഞങ്ങളുടെ നാട്ടിലേക്കു സ്വാഗതംചെയ്തുകൊള്ളുന്നു. എന്നാൽ നിങ്ങളുടെ ജപ്പാൻ സ്നേഹിതനു് അതിനനുവാദമില്ലാ. ജപ്പാൻകാർ ക്യാനഡായിൽ പ്രവേശിക്കേണ്ടതു വാൻക്രൂവർപട്ടണം വഴിയാണ്." വാൻക്രൂവർ അവിടെനിന്നും ഏകദേശം നാലായിരം മൈൽ അപ്പുറമാണു സ്ഥിതിചെയ്യുന്നതു്!

ഏതായാലും എന്റെ ജപ്പാൻസ്നേഹിതനുകൂടി പ്രവേശനം നൾകാത്തതിനാൽ ഞാനും ക്യാനഡായിൽ പോകുന്നില്ലെന്നു തീരുമാനിച്ചു. ഞങ്ങൾ ഇരുവരും മടങ്ങി വീണ്ടും ഐക്യനാട്ടിന്റെ അതൃത്തിയിലെത്തി. ഞങ്ങൾ പോയതിന്റെശേഷം പുതുതായി അപ്പോൾ അവിടെ ജോലിക്കുവന്നിരുന്ന ഇമ്മിഗ്രേഷൻ ഉദ്യോഗസ്ഥന്മാർ ഞങ്ങളെ അങ്ങോട്ടു കടത്തുകയില്ല. കാര്യം ചുററിയല്ലോ? ഇനി എന്തു വേണ്ടു എന്നറിയാതെ പാലത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയായി. അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ ആദ്യം കണ്ടുപരിചയപ്പെട്ട

ഒരു ഉദ്യോഗസ്ഥൻ അവിടെ വരുകയും, അദ്ദേഹത്തിന്റെ ദയവു കൊണ്ടു ഞങ്ങളെ തിരികെ കടത്തിവിടുകയും ചെയ്തു.

പലനിറത്തിലുള്ള ഇരുപത്തിനാലു ഇലക്ട്രിക്‌വിളക്കുകൾ രാത്രി സമയത്തു വെള്ളച്ചാട്ടത്തിൽ പ്രതിബിംബിക്കപ്പെടുന്നു. അതും കമനീയമായ ഒരു കാഴ്ചയാണ്. ശീതകാലത്തു ജലപാതം ഉറച്ചിരിക്കുന്നതു വേറൊരു മനോഹരകാഴ്ച! ഇതെല്ലാം കവികൾതന്നെ വർണ്ണിക്കണം.

ഈ നയാഗ്രാരംഗത്തുവച്ചു പല "വികൃതി"ത്തരങ്ങളും സർക്കസ് കളികളും അഭിനയിക്കപ്പെട്ടിട്ടുണ്ട്. ബ്ളോണ്ടിൻ എന്ന സുപ്രസിദ്ധ സർക്കസുകാരൻ ജലപാതത്തിന്റെ മുകളിലായി ക്യാനഡായും ഐക്യനാടുംതമ്മിൽ ബന്ധിക്കത്തക്ക ഒരു ഇരിമ്പുകയറുകെട്ടി, അതിൽക്കൂടി ഒരാവർത്തി അങ്ങോട്ടുമിങ്ങോട്ടും നടന്നു. നാലുവർഷത്തിനുശേഷം ഈ വീരൻ തന്നെ ഒരു സ്ത്രീയെ ഒരു ഒറ്റച്ചക്രവണ്ടിയിൽ ഇരുത്തി സ്വന്തം കണ്ണുകെട്ടി ആ കയറിൽക്കൂടി ഉന്തിക്കൊണ്ടുപോകുകയുണ്ടായി. പിറേറന്നുണ്ടിലും ഈ വിദ്യ ആവർത്തിച്ചു. പിന്നീട് ഒരിക്കൽ അന്നാ ടെയിലർ എന്നൊരു സ്ത്രീ ഒരു വീപ്പയിൽ കടന്നു വെള്ളച്ചാട്ടത്തിന്റെ മുകളിൽനിന്നു കിഴ്പോട്ടു ചാടി വീഴുകയുണ്ടായി. മുകളിൽനിന്നും അടിയിൽ എത്താൻതന്നെ ഒന്നേകാൽമണിക്കൂർ വേണ്ടിവന്നു. ആ സമയം മുഴുവനും ഈ സ്ത്രീ അതിനുള്ളിൽ കഴിച്ചുകൂട്ടി. കാരിരുമ്പിനു തുല്യമായ ഞരമ്പോടുകൂടിയ വെള്ളക്കാർക്കു ഭൂലോകം പിടിച്ചടക്കുവാൻ സഹായിച്ച ധൈര്യത്തിന്റെയും, വീരപരാക്രമത്തിന്റെയും വികൃതങ്ങളായ പ്രകടനങ്ങൾ മാത്രമാണു മരണത്തോടുള്ള ഈ വെല്ലുവിളികൾ.

റെഡ്ഇൻഡ്യൻഭാഷയിൽ നായാഗ്രാ എന്നതിനു "വെള്ളത്തിന്റെ ഇടിവെട്ട്" എന്നാണ് അർത്ഥമെങ്കിലും അവിടെ പരിലസിക്കുന്നതു് കമനീയവും ശാശ്വതവുമായ ശാന്തതതന്നെയാകുന്നു.

---

14. റോക്ക്ഫെല്ലറുടെ വിരുന്ന്

ഒരഭിമുഖസംഭാഷണം—എളുപ്പത്തിൽ ധനംസമ്പാദിക്കാനുള്ള തന്ത്രം

അമേരിക്കയിൽതാമസിച്ച കാലങ്ങളിൽ ആ നാട്ടിലെ ചില കോടീശ്വരന്മാരുടെ വിരുന്നുസല്ക്കാരങ്ങൾ സ്വീകരിക്കുവാനും അവരുമായി അഭിമുഖസംഭാഷണംനടത്താനും എനിക്കു ഭാഗ്യമുണ്ടായി.

വർഷംതോറും മുപ്പതുലക്ഷംമുതൽ നൂററിഅൻപതുലക്ഷംരൂപവരെ വരുമാനമുള്ള കോടീശ്വരന്മാർ ഉദ്ദേശം ഇരുന്നൂറോളം ആ നാട്ടിലുണ്ട്. അതിലൊരുവനായ ഡിപ്പൂ ഇരുപത്തിഒന്നുലക്ഷം രൂപക്കു ജീവിതം ഇൻഷ്വർചെയ്തിരിക്കുന്നു! ഈ കൂട്ടത്തിൽ "മണ്ണെണ്ണരാജാവായ" റോക്ക്ഫെല്ലരേയും, "ചെമ്പുരാജാവായ" ഡോഡ്ജിനേയും, "ഇരിമ്പുരാജാവായ" കർണ്ണീഗിയുടെ ഭാര്യയേയും എനിക്കു കാണുവാനിടയായി.

തൊണ്ണൂറിൽപ്പരം വയസ്സായിരുന്ന റോക്ക്ഫെല്ലർ "സീനിയർ" (കാരണവൻ) ന്യൂയോക്കിലെ കൊടുംതണുപ്പു സഹിക്കാൻവയ്യാതെ അക്കാലത്തു ഫ്ളോറിഡാ എന്ന തെക്കൻപ്രദേശത്തു താമസിക്കുകയായിരുന്നു. ഇദ്ദേഹമാണ് ഭൂലോകമെങ്ങും പ്രസിദ്ധിനിറഞ്ഞ "റോക്ക്ഫെല്ലർസ്വത്തു" സമ്പാദിച്ചുവെച്ചതു്. അദ്ദേഹത്തിൻെറ ഏകപുത്രൻ ധനാഢ്യരാൽ നിബിഡമായ ന്യൂയോക്കിലെ ഫിഫ്ത്ത് അവന്യൂവിൽ താമസിച്ചിരുന്നു. വീട്ടുനമ്പരോ, ഉടമസ്ഥൻെറ പേരോ അതിലില്ല. കൊള്ളക്കാരുടേയും വെറും ജിജ്ഞാസക്കാരുടേയും ദൃഷ്ടിപതിയാതിരിക്കാനായിരിക്കണം ഈ വിദ്യ അദ്ദേഹം സ്വീകരിച്ചിരുന്നതു്. ന്യൂയോക്കിൽ റോക്ക്ഫെല്ലർ താമസിച്ചിരുന്ന കെട്ടിടത്തിനു രണ്ടു നില മാത്രമേ ഉള്ളു. ഇതു കാണുന്നതുവരെ കോടീശ്വരന്മാർ അംബരചുംബികളിലാണു താമസിക്കുന്നതെന്നു എനിക്കു ഒരു മിഥ്യാബോധമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ ഞങ്ങളെ സ്വാഗതംചെയ്തു. സാധാരണയിൽക്കൂടുതൽ പൊക്കവും പ്രഭുകുടുംബത്തിൽപ്പെട്ടവരുടെ പ്രൗഢയും അവരുടെ മുഖത്തുവിളങ്ങിയിരുന്നു. കുറച്ചപ്പുറംമാറി സാധാരണവേഷത്തിൽ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥനും നിലകൊണ്ടിരുന്നു.

റോക്ക്ഫെല്ലർകുടുംബത്തിൻെറ ജീവിതരീതി വെറും സാധാരണമാണ്. കാരണവരായ റോക്ക്ഫെല്ലർസീനിയർ ഏകദേശം രണ്ടുവർഷങ്ങൾക്കുമുമ്പ് മരിച്ചുപോയി. ഇപ്പോഴത്തെ കാരണവർ സർവകലാശാലാ ബിരുദധാരിയാണ്. അദ്ദേഹത്തിനു പുകവലിയോ, മദ്യപാനമോ ഇല്ലെന്നുള്ളതു് എനിക്ക് അത്ഭുതാവഹമായിത്തോന്നി. ഹിററ്ലറും, മുസ്സോളിനിയും റോക്ക്ഫെല്ലറെപ്പോലെ പുകവലിക്കുകയോ മദ്യംകുടിക്കയോ ചെയ്യുകയില്ലെന്നു ഞാൻ വായിച്ചിട്ടുണ്ട്. റോക്ക്ഫെല്ലരുടെ മൂന്നു പുത്രന്മാരും ആ സന്ദർഭത്തിൽ അവിടെയുണ്ടായിരുന്നു. അവരുടെ വസ്ത്രധാരണരീതിയിലോ, സംസാരത്തിലോ തങ്ങൾ കോടീശ്വരന്മാരാണെന്നു യാതൊരു ഭാവവും സൂചിപ്പിച്ചിരുന്നില്ല. അതൊരു നാട്യവുമല്ല. അവർ പെട്ടെന്നു കോടീശ്വരരായവ

രല്ലല്ലോ. അവരെയെല്ലാം അവരുടെ അച്ഛൻ വേണ്ടപോലെ നിഷ്കർഷയിൽ അഭ്യസിപ്പിച്ചിരുന്നു. കോളജിൽ പഠിക്കുന്ന കാലത്തു മററു വിദ്യാർത്ഥികൾ ചെലവാക്കുന്നതിൽക്കൂടുതലായി ഒരൊററക്കാശും ചെലവഴിക്കാൻ അവർക്കനുവാദമില്ലായിരുന്നു. കൂടുതൽപണം വേണമെങ്കിൽ മററു വിദ്യാർത്ഥികൾ സമ്പാദിക്കുന്നതുപോലെ സ്വയം അദ്ധ്വാനിച്ചുണ്ടാക്കിക്കൊള്ളണം. നെൽസൺ എന്ന മകൻ കോളജിൽവെച്ചു ലിഫ്ററ് ഓടിച്ചാണ് വേണ്ടുന്ന കൂടുതൽ പണം സമ്പാദിച്ചിരുന്നതെന്നു ഞാൻ കേട്ടിരുന്നു. ഇങ്ങനെയാണ് കൈത്തൊഴിലിന്റെ മാഹാത്മ്യവും പണത്തിന്റെവിലയും കോടീശ്വരന്മാർ സന്താനങ്ങളെ പഠിപ്പിക്കുന്നതു്. റോക്ക്ഫെല്ലരുടെ പുത്രന്മാർ ലോകം ചുററിസ്സഞ്ചരിച്ചിട്ടുണ്ടെന്നും അങ്ങിനെ ഇന്ത്യയിൽ വന്നിട്ടുണ്ടെന്നും എന്നോടു പറയുകയുണ്ടായി. കപ്പലിൽ മൂന്നാംക്ലാസ്സിലാണത്രേ അവർ യാത്ര ചെയ്തതു്. പിന്നീടൊരിക്കൽ അവരിലൊരാൾ തീവണ്ടിസ്റ്റേഷനിൽ വലിയ ഒരു പെട്ടിയും ചുമന്നു നടക്കുന്നതു ഞാൻ കണ്ടു. ആയിടെ കല്യാണംകഴിഞ്ഞ അദ്ദേഹം ഭാര്യയുമായി എവിടേയ്ക്കോ വിനോദയാത്ര പുറപ്പെട്ടതായിരുന്നു. കൂടെ പരിചാരകന്മാരാരുമില്ല. ഭാര്യയ്ക്കാകട്ടെ, യാതൊരാഡംബരവും കണ്ടില്ല. ഇങ്ങിനെ റോക്ക്ഫെല്ലർ മുതലായ കോടീശ്വരന്മാർ നിരാഡംബരമായി ജീവിക്കുന്നതിനു വേറെയും കാരണങ്ങളുണ്ടാവാം. പ്രതിദിനം കൊള്ളയും കൊലപാതകവും നടന്നുകൊണ്ടിരിക്കുന്ന ആ നാട്ടിൽ വിലപിടിച്ച ആഭരണങ്ങൾ ധരിക്കുന്നതും വലിയ അവസ്ഥയിൽ നടക്കുന്നതും ആപല്ക്കരമാവാമല്ലോ.

അദ്ദേഹം സ്ഥാപിച്ചതും ഞങ്ങൾ താമസിച്ചിരുന്നതുമായ സർവരാജ്യമന്ദിരത്തിലേക്കു റോക്ക്ഫെല്ലർ ചിലപ്പോൾ വരാറുണ്ടായിരുന്നു. സാധാരണമായ ഒരു മോട്ടോർകാറിൽ അദ്ദേഹം വന്നിറങ്ങിയാലുടൻ വണ്ടി രണ്ടുഫർല്ലോങ്ങിനപ്പുറം മാററിയിടും. കൊള്ളക്കാർ വണ്ടിയുടെനമ്പർ മനസ്സിലാക്കി ദേഹോപദ്രവം ചെയ്യാതിരിക്കാനുള്ള വിദ്യയാണിതു്. പണംകൊണ്ടുള്ള ബുദ്ധിമുട്ട്!

അന്നുനടത്തിയ വിരുന്നിന്റെ കഥ തുടരട്ടെ. വിഭവങ്ങൾ മുക്കാലും സാധാരണമാതിരിതന്നെയെങ്കിലും, വിളമ്പിയതെല്ലാം വെള്ളിപ്പാത്രത്തിലാണ്. നാലുപേരടങ്ങിയ ഓരോ മേശയ്ക്കരികിലും ആ കുടുംബാംഗങ്ങൾ വന്നിരുന്ന് അതിഥികളുമായി സംഭാഷണംചെയ്തു ഞാൻ അമേരിയ്ക്കയിലേക്കു വന്നതിന്റെ ഉദ്ദേശം റോക്ക്ഫെല്ലർ എന്നോടു ചോദിച്ചു മനസ്സിലാക്കി. നാട്ടിൽ ഞാനൊരഭിഭാഷകനാ

ണെന്നും എളുപ്പത്തിൽ പണം സമ്പാദിക്കാൻ വല്ല വഴിയുമുണ്ടോ എന്നന്വേഷിക്കാനാണ് വന്നതെന്നും ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചു. അങ്ങനെ വല്ല മാർഗ്ഗവും കണ്ടെത്തിയാൽ തനിക്കും പറഞ്ഞു തരുമോ എന്നദ്ദേഹം ചോദിച്ചു.

"ഉവ്വ്, ഒരെളുപ്പവിദ്യയുണ്ട്; ധനികനായ ഒരച്ഛന്റെ മകനായി ജനിക്കുക" എന്നു ഞാൻ ഉത്തരംപറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി.

അദ്ദേഹത്തിന്റെ മൂത്തപുത്രനും ഉടനെ വന്നുചേന്നു.

"നിങ്ങൾ—ഹിന്ദുക്കളെല്ലാം തത്വജ്ഞാനികളാണെന്നു ഞാൻ കേട്ടിട്ടുണ്ട്" എന്നാദ്ദേഹം പറയുകയുണ്ടായി.

"അതെ, ഞങ്ങൾക്കു തത്വജ്ഞാനവും ദാരിദ്ര്യവും; നിങ്ങൾക്കു പണവും സുഖവും, ഇതാണു വിധി..........ഞങ്ങളുടെ തത്വജ്ഞാനം ദാരിദ്ര്യത്തിന്റെ സന്താനമാണ്. നിങ്ങളുടെ ധനം ഞങ്ങൾക്കു തരികയാണെങ്കിൽ, ഞങ്ങളുടെ തത്വജ്ഞാനം മുഴുവനും നിങ്ങൾക്കു തന്നേക്കാം."

ഈ ഉത്തരം അദ്ദേഹത്തിനു പിടിച്ചുവോ, ആവോ! വിരുന്നു കഴിഞ്ഞു ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ ഓർമ്മയ്ക്കായി അവർ ഓരോ താക്കോൽവളയം ഞങ്ങൾക്ക് എല്ലാവക്കും സമ്മാനിച്ചു.

ന്യൂയോർക്കുപട്ടണത്തിൽ റോക്ക്ഫെല്ലർക്കുള്ള കെട്ടിടം വിരുന്നു കൾമുതലായ ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാറുള്ളൂ. നഗരത്തിൽനിന്നു സ്വല്പം അകലെ ടാരിടൗൺ എന്ന സ്ഥലത്താണ് ആ കുടുംബത്തിന്റെ സ്ഥിരതാമസം. ഒരു ജർമ്മൻ സ്നേഹിതനും ഞാനും കൂടി ഒരുദിവസം കാറിൽ അങ്ങോട്ടു പോകുകയുണ്ടായി. ആയിരം ഏക്കർ വിസ്താരമുള്ള ഒരുദ്യാനത്തിലാണു വീട്. അതിൽ അവിടെയവിടെ ഒരു പുള്ളിമാൻ ചാടിക്കളിച്ചിരുന്നു. "അനുവാദംകൂടാതെ പ്രവേശിക്കുന്നവരെ ശിക്ഷിക്കും" എന്നൊക്കെ പലകകളിൽ എഴുതിത്തൂക്കിയിട്ടിട്ടുണ്ട്. എന്റെ ജർമ്മൻസ്നേഹിതൻ അതൊന്നും വകവെച്ചില്ല. അയാൾ കാറോടിച്ചു കയറിച്ചെന്നു. എന്നാൽ വഴിയ്ക്കെങ്ങും ഒരു മനുഷ്യനേയും കണ്ടില്ല. ഒടുവിൽ വളരെ വിലപിടിച്ച ഒരു മോട്ടാർകാർ ഇട്ടിരുന്ന ഷെഡ്ഡിലെത്തി. അതിനടുത്തു കെട്ടിൽക്കിടക്കുന്ന ഒരു വലിയ പട്ടി ഞങ്ങളെ കണ്ടപ്പോൾ കുരച്ചുതുടങ്ങിയതല്ലാതെ വേറെ വല്ല ശബ്ദമോ അനക്കമോ കേട്ടില്ല. അത്യുന്നതങ്ങളായ സൌധങ്ങളൊന്നുമില്ല. അവിടെ കണ്ട ഒന്നുരണ്ടു ചെറിയ

വീടുകളാണു റോക്ക്ഫെല്ലരുടെ ഭവനമെന്നു മനസ്സിലായപ്പോൾ ഞാൻ അത്ഭുതസ്തബ്ധനായി. ചില കുബേരന്മാർ ധാരാളം പണം ചെലവാക്കി പണിചെയ്യിക്കുന്ന സൌധങ്ങളുടെ അർത്ഥശൂന്യതയും അപ്പോൾ എനിക്കു ബോധപ്പെട്ടു.

ഈ സ്വത്തെല്ലാം റോക്ക്ഫെല്ലർ സമ്പാദിച്ചതു ശരിയായ മാർഗ്ഗത്തിലൂടെയല്ലായിരുന്നു. ആദ്യകാലങ്ങളിൽ പല തട്ടിപ്പുകളും ചതിവുകളും അദ്ദേഹം ചെയ്തിട്ടുണ്ടെന്നു പുസ്തകങ്ങളിൽ ഞാൻവായിച്ചിട്ടുണ്ട്. ഇപ്പോഴാകട്ടെ, ആ സ്വത്തു മനുഷ്യവർഗ്ഗത്തിന് ഒരമൂല്യനിധിയാണ്. അദ്ദേഹത്തിന്റെ സമ്പാദ്യത്തിൽ ഭൂരിഭാഗവും ധർമ്മസ്ഥാപനങ്ങൾക്കായി ചെലവുചെയ്യുന്നു. ചൈനയിലും അറേബ്യയിലും അനവധി വിദ്യാലയങ്ങൾ റോക്ക്ഫെല്ലർ സ്ഥാപിച്ചിട്ടുണ്ട്. ബ്രസീലിലും പനാമയിലും മലമ്പനി മുതലായ സാംക്രമികരോഗങ്ങളെ ഉന്മൂലനംചെയ്യാൻ വർഷംതോറും ലക്ഷക്കണക്കിനുപണം അദ്ദേഹം ചെലവാക്കുന്നു. മന്നും വിഷൂചികയും ഇൻഡ്യയിൽ ഇല്ലാതാക്കുവാൻ അദ്ദേഹത്തിന്റെ സ്ഥാപനങ്ങൾ വലിയ തുകകൾ വ്യയംചെയ്യുന്നുണ്ടെന്നു നമുക്കേവർക്കും അറിയാമല്ലോ. 1922-മാണ്ടുവരെ റോക്ക്ഫെല്ലർ നൂററിമുപ്പതുകോടി രൂപ ധർമ്മവിഷയങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്. ഭൂലോകമെങ്ങും സാമ്പത്തികാധഃപതനമുണ്ടായ 1929-ാമാണ്ടിൽപ്പോലും ആ മഹാമനസ്കൻ മൂന്നുകോടിരൂപ പലവിധം ധർമ്മങ്ങൾക്കായി വിനിയോഗിച്ചു. നമ്മുടെ കോടീശ്വരന്മാർക്ക് അദ്ദേഹം എന്നേക്കും ഒരു മാതൃകാപുരുഷനായിരിക്കട്ടെ !

---

15. കോടീശ്വരന്മാർ

"ചെമ്പും ഇരുമ്പും രാജാക്കന്മാരുടെ" ചായസൽക്കാരങ്ങൾ—മിസ്സസ് കർനീഗി തന്ന പണസഞ്ചി—ഹേർസ്ററിന്റെ ക്രിസ്മസ് ആഘോഷം.

ജീവൻഭയന്നു് അമേരിക്കയിലെ ചില ധനാഢ്യന്മാർ നാടുവിട്ടു് ഇംഗ്ലണ്ടിലും ഫ്രാൻസിലും താമസിക്കുന്നുണ്ട്. സുപ്രസിദ്ധധനികനും ബാങ്കുടമസ്ഥനുമായ ജെ. പി. മോർഗ്ഗൻ, സാധാരണമായി താമസിക്കുന്നതു് ഇംഗ്ലണ്ടിൽ താൻ വാങ്ങിയ ഒരു പഴയ കൊട്ടാരത്തിലാണു; ചക്രവർത്തിതിരുമേനിയുടേതുപോലെ ഒരു സിംഹാസനം ഇദ്ദേഹത്തിന്റെ ഭവനത്തിലുമുണ്ടത്രേ. മോർഗ്ഗനു റോക്ക്ഫെല്ലറെപ്പോലെയോ,

ഫോർഡിനെപ്പോലെയോ അന്യരാജ്യങ്ങളിൽ കീർത്തിയില്ലെങ്കിലും, അദ്ദേഹത്തിനുള്ളതുപോലെ ധനശക്തി മററു രണ്ടുപേക്കും ഉണ്ടോ എന്നു സംശയമാണ്. കഴിഞ്ഞ മഹായുദ്ധത്തിൽ ഇംഗ്ലണ്ടും ഫ്രാൻസും കടം വാങ്ങേണ്ടിവന്നപ്പോൾ ഇദ്ദേഹത്തെയാണ് അവർ അഭയംപ്രാപിച്ചതു്. വലിയതോതിൽനടത്തുന്ന ഇരുനൂറോ മുന്നൂറോ കമ്പനികളിൽ അദ്ദേഹത്തിനു പങ്കുണ്ടു്. ബാങ്കുകളിലും, വെടിമരുന്നുനിർമ്മാണത്തിലും, എണ്ണക്കമ്പനികളിലും, ഇരിമ്പുശാലകളിലും ഇദ്ദേഹത്തിൻെറ കൈകടത്താത്ത ഏർപ്പാടുകൾ അമേരിക്കയിൽ ഇല്ലെന്നുതന്നെ പറയാം. എന്നാൽ, മോർഗ്ഗനെ കണികാണാൻ കിട്ടുകയില്ല. അദ്ദേഹത്തിൻെറ പടംകൂടി വർത്തമാനക്കടലാസ്സുകളിൽ കാണാറില്ല. പട മെടുക്കുവാൻ അനുവദിക്കയില്ലെന്നും കേട്ടിട്ടുണ്ടു്. മൂക്കിൻെറ അററത്തു് ഒരരിമ്പാറയുള്ളതുകൊണ്ടാണത്രെ പടം എടുപ്പിക്കാൻ അദ്ദേഹത്തിനു വൈമനസ്യം.

സുപ്രസിദ്ധ വൈമാനികനായ കർണ്ണൽ ലിൻഡ്ബർഗ്ഗ് കോടീശ്വരനല്ലെങ്കിലും ധനവാനും ഒരു കോടീശ്വരൻെറ ജാമാതാവുമാണ്. അദ്ദേഹത്തിൻെറ ഏകസന്താനത്തെ കള്ളത്തടിവന്മാർ തട്ടിക്കൊണ്ടു പോകയും കൊല്ലുകയും ചെയ്തതിനുശേഷം അദ്ദേഹവും കുടുംബവും ഇപ്പോൾ ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കിയിരിക്കയാണ്. എന്നാൽ റോക്ക്ഫെല്ലർ, കാർനീഗി, ഫോർഡ് മുതലായവർ എന്തുവന്നാലും സ്വരാജ്യം വിട്ടുപോകയില്ല. മററു കോടീശ്വരന്മാർ ഇംഗ്ലണ്ടു്, റഷ്യ, ഇററലി മുതലായ രാജ്യങ്ങളിലെ നിർദ്ധനരായ പ്രഭുക്കന്മാരുടെ ബന്ധുത്വം യാചിച്ചുനടക്കുന്നു; റോക്ക്ഫെല്ലരുടെ പുത്രന്മാരും പുത്രിമാരുമാകട്ടെ, സ്വരാജ്യത്തിൽനിന്നേ കല്യാണംകഴിക്കൂ. മോർഗ്ഗനും ഫോർഡും ധർമ്മവിഷയങ്ങൾക്കായി ഒരു തുകയും ചെലവിടാത്തതുകൊണ്ടായിരിക്കാം, അവരുടെ ധനം ഒരു ശാപമായും, റോക്ക്ഫെല്ലരുടേതു് ഒരനുഗ്രഹമായും അമേരിക്കർ പറഞ്ഞുവരുന്നതു്.

"ചെമ്പുരാജാവായ" ഡോഡ്ജിനു ന്യൂയോർക്കുനഗരത്തിനു തൊട്ടുതന്നെ ഹഡ്സൻ നദീതീരത്തു് ഏകദേശം അറുനൂറേക്കർ ഭൂമിയുണ്ടു്. തുർക്കിയിലും അറേബ്യയിലും അനവധി വിദ്യാലയങ്ങൾ ഇദ്ദേഹം സ്ഥാപിച്ചിട്ടുണ്ടു്. അമേരിക്കയിലെ ഒരുകാലത്തെ പ്രസിഡൻറും സർവ്വലോകസഖ്യത്തിൻെറ നിർമ്മാതാവുമായ വിൽസൺ, ഡോഡ്ജിൻെറ ഒരുത്തമസ്നേഹിതനായിരുന്നു. സർവലോകസഖ്യത്തിൻെറ ഘടനയുടെ പ്രകർപ്പുണ്ടാക്കിയതു് ഡോഡ്ജ് ഭവനത്തിൽവെച്ചാണ്. ഒരു സല്ക്കാരാ

വസരത്തിൽ, അദ്ദേഹം ഇരുന്നെഴുതിയ മുറി എന്നെ കാണിച്ചുതരി കയുണ്ടായി. ലോകത്തിലുള്ള മിക്ക ചെമ്പുലോഹഖനികളുടേയും ഉടമസ്ഥൻ ഡോഡ്ജാണെങ്കിലും, അദ്ദേഹം താമസിക്കുന്നതു സാധാരണ രീതിയിലുള്ള ഒരു കെട്ടിടത്തിലാണ്. യാത്രചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ പുത്രി അവരുടെ ഉദ്യാനത്തിൽനിന്നു പറിച്ച പുഷ്പങ്ങൾ ഞങ്ങൾക്കു സമ്മാനിച്ചു.

ആൻഡ്റൂകർനീഗി എന്ന കോടീശ്വരൻ മരിച്ചിട്ട് ഇപ്പോൾ വർഷങ്ങൾ കുറെയായി. ന്യൂയോക്കിലുള്ള അദ്ദേഹത്തിൻെറ വസതിയിൽ അന്നു തൻെറ ഭാര്യയും ഏകപുത്രിയുമാണു താമസിച്ചിരുന്നതു്. ഒരു വിശേഷദിവസം മിസ്സിസ് കർനീഗി എന്നെയും വേറെ ചിലരെയും കാപ്പിക്കു ക്ഷണിക്കയുണ്ടായി. ചെറുപ്രായത്തിൽ സ്കോട്ടലണ്ടുദേശത്തുനിന്നു ജോലിയന്വേഷിച്ചു് കർനീഗി അമേരിക്കയിൽ വരികയും പിന്നീട് ഇരിമ്പുകച്ചവടത്തിലേർപ്പെട്ടു് അനവധിലക്ഷം രൂപ സമ്പാദിക്കയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ. ജന്മരാജ്യമായ സ്കോട്ടലണ്ടിനെ അദ്ദേഹം ഒരിക്കലും മറന്നിട്ടില്ല. സ്കോട്ട്, ബേൺസ് മുതലായ സ്കോച്ചുകവികളുടെ പടം ചുവരുകളെ അലങ്കരിച്ചിരുന്നു. മൂന്നാമത്തെനിലയിൽ ഒരു "ഹോട്ടഹൌസിൽ" (ചൂടുപിടിപ്പിച്ച തോട്ടത്തിൽ) റോസു മുതലായ പൂച്ചെടികൾ നട്ടുവളർത്തിയിരുന്നു. ഇതു വളരെ ചെലവുള്ളതാണ്. കർനീഗിയുടെ ഭവനത്തിൽ റോക്ഫെല്ലരുടെ വസതിയിലേക്കാൾ കൂടുതൽ പ്രതാപം കണ്ടു. വജ്രക്കല്ലുകൾനിറഞ്ഞ കണ്ഠാഭരണങ്ങളും കർണ്ണാഭരണങ്ങളും ധരിച്ചു രാജകീയനിലയിലാണ മിസ്സിസ് കർനീഗി അതിഥികളെ സ്വീകരിച്ചതു്.

ആൻഡ്റൂകർനീഗി നാസ്തികനായിരുന്നെങ്കിലും ലോകസമാധാനതല്പരനും ധർമ്മിഷ്ഠനുമായിരുന്നു. അദ്ദേഹത്തിൻെറ സ്വത്തിൽ അധികഭാഗവും വായനശാലകൾ സ്ഥാപിക്കുവാനാണു ചെലവാക്കിയതു്. സമാധാനത്തിനും വിദ്യാഭ്യാസത്തിനുംവേണ്ടി സംഭാവനചെയ്ത സ്വത്തു് ഇപ്പോൾ ഏകദേശം പത്തുകോടി രൂപയായിട്ടുണ്ട്. താൻ നേടിയ സ്വത്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി തന്നിൽ അനാമത്തുവെച്ചതാണെന്നു് അദ്ദേഹം സദാ വിചാരിച്ചിരുന്നു.

അമേരിക്കയിൽ ആണ്ടുതോറും ശരാശരി ഇരുന്നൂറുകോടിരൂപാ ധർമ്മവിഷയങ്ങൾക്കായി ചെലവാക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ പറയുന്നതു പ്രയോജനകരമാകുമല്ലോ. കോക്രൻ എന്നൊരാൾ വാഷിംഗ്ടണിലെ ഒരു പള്ളിക്കു മുപ്പതുലക്ഷവും

ജി. എഫ്. ബേക്കർ എന്ന ബാങ്കുടമസ്ഥൻ ന്യൂയോൎക്ക യൂണിവേഴ്സിററിക്കു മൂപ്പതുലക്ഷവും, ഹാൎവാഡ് യൂണിവേഴ്സിററിക്കു അഞ്ചു ലക്ഷവും, ബാരൺ എന്ന ദേഹം ഒരു മൂകവിദ്യാലയത്തിനു മൂന്നു ലക്ഷവും, ഡേലി എന്നൊരുവൻ നോൎത്തുവെസ്റ്റേൺ യൂണിവേഴ്സിററിക്കു മൂന്നുലക്ഷവും രൂപവീതം ദാനംചെയ്തു. ഇത്തരം ആയിരം പേരെങ്കിലും പ്രതിവൎഷം ഈ തോതിൽ ചെലവാക്കുന്നുണ്ട്.

അന്നത്തെ വിരുന്നിന്റെ ഓൎമ്മയ്ക്കായി ഞങ്ങൾ പിരിഞ്ഞപ്പോൾ മിസ്സിസ് കർനീഗി ഓരോ പണസഞ്ചി സമ്മാനിക്കയുണ്ടായി. നിറച്ചു പണമായിരിക്കുമെന്നു വിചാരിച്ച് ആൎത്തിയോടെ ഞാനതു തുറന്നു; ഒരൊററക്കാശുമില്ല! ഇതു കണ്ടു, "നിങ്ങൾ പണം തന്നാൽ മതി; പണസ്സഞ്ചി ഞാൻ വാങ്ങിക്കൊള്ളാം" എന്നു ഞാൻ പറഞ്ഞു. അതു കേട്ട് അവർ ചെറുതായൊരു മന്ദസ്മിതം പൂണ്ടു.

അമേരിക്കയിൽ പണം സമ്പാദിക്കാൻ പ്രയാസമില്ലെന്നാണ് എനിക്കു തോന്നുന്നതു്. എന്തെങ്കിലുമൊരു സാധനം നിൎമ്മിക്കയോ കണ്ടുപിടിക്കയോ ചെയ്തശേഷം സമയത്തോടെ പരസ്യം ചെയ്താൽ ലക്ഷക്കണക്കിനു ചെലവാകും. ഒരൊററ വില്പനയിൽനിന്ന് ഒരുകാശു വീതം ലാഭമുണ്ടായാൽ ആകെയുള്ള ലാഭം വമ്പിച്ചതായിരിക്കുമല്ലോ. നമ്മുടെനാട്ടിലാകട്ടെ, ഒരൊററ വില്പനയിൽനിന്നുതന്നെ അധികലാഭം ഇച്ഛിക്കുന്നതുകൊണ്ടു സാധനങ്ങളുടെ ചെലവു കുറയുന്നു; നിൎമ്മാതാക്കളുടേയും, ജോലിക്കാരുടേയും സംഖ്യയും വരുമാനവും കുറയുന്നു. അവിടെ പല്ലൊടിയും, ച്യൂവിംഗ്ഗം മുതലായ മിട്ടായികളും വിററു ചില്ലറക്കാർ വലിയ സ്വത്തുകാരായിട്ടുണ്ട്. മൊട്ടുസൂചി കണ്ടുപിടിച്ചവനും ഉടുപ്പുകൾക്കു "സിപ്പർ" എന്ന നവീനഘടനസൂത്രം കണ്ടുപിടിച്ചവനും കോടീശ്വരന്മാരായി. എളുപ്പത്തിൽ സമ്പാദിച്ച ഈ ദ്രവ്യം ധൎമ്മമായി കൊടുക്കുവാൻ പ്രയാസം തോന്നുകയില്ലല്ലോ. പ്രശസ്തിയും സാമാനങ്ങൾക്കു പരസ്യവും പ്രസിദ്ധിയും കിട്ടുന്നതിനുപുറമേ, ഈ ധൎമ്മച്ചെലവുകൾകൊണ്ടു വേറെയും പ്രയോജനമുണ്ട്. വരുമാനത്തിൽ നിന്നു ധൎമ്മവിഷയങ്ങൾക്കു പണം ചെലവാക്കിയാൽ സൎക്കാരിൽ കൊടുക്കാനുള്ള ആദായനികുതിയിൽ നല്ല മിച്ചമുണ്ടാവും.

ധൎമ്മംകൊണ്ടു വേറെയും ഉപയോഗമുണ്ട്. മണ്ണെണ്ണക്കമ്പനിയുടമസ്ഥനായ ഒരു കോടീശ്വരൻ ചീനരാജ്യത്തു പത്തുലക്ഷം വിളക്കുകൾ വെറുതേ കൊടുത്തുവത്രേ; അതിന്റെ പുറകേ അവിടെ മണ്ണെണ്ണ വില്ക്കാൻ വേണ്ട ഏൎപ്പാടുകളും ചെയ്തു. ഇതുപോലെ വിദ്യാൎത്ഥിക

ൾക്കു് അഞ്ചുലക്ഷം ക്യാമറകൾ സമ്മാനിച്ചു ക്യാമറാനിർമ്മാതാവു താൻ നിർമ്മിക്കുന്ന ഫിലിം പുറമേ വിററുതുടങ്ങി. "ധർമ്മം ചെയ്യുന്നതുത്തമം; ധർമ്മത്തിൽനിന്നു് അഞ്ചു ശതമാനം പലിശകൂടി കിട്ടുമെങ്കിൽ, ഉത്തമോത്തമം!" എന്നു സെസിൽ റോഡ്സ് ഒരിക്കൽ പറഞ്ഞതു് ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നു.

സാധാരണക്കാരായ നാം കോടീശ്വരന്മാരുടെ വമ്പിച്ച ധർമ്മച്ചെലവുകളുടെ അന്തരം അന്വേഷിക്കാതിരിക്കയാണു നല്ലതു്. തൊഴിലില്ലായ്മ മൂന്നു നൂററിഇരുപതു ലക്ഷം ആളുകൾ ഭക്ഷണത്തിനു ബുദ്ധിമുട്ടിനടക്കുമ്പോൾ, അനവധി മാസികകൾനടത്തി കോടീശ്വരനായ മക്ഫേഡൻ അവർക്കായി ആദായനിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുവാൻ നാടൊട്ടുക്കു ഹോട്ടലുകളേർപ്പെടുത്തി. വെറും ധർമ്മം സ്വീകരിക്കുന്നതിൽ സാധാരണമായി പാശ്ചാത്യർക്കു വൈമനസ്യമുള്ളതുകൊണ്ടു പേരിനുമാത്രം വിലയും നിശ്ചയിച്ചു. എന്നിട്ടും മക്ഫേഡനു് ഈ ഏർപ്പാടിൽ വലിയൊരു ലാഭം കിട്ടിയത്രേ. തുച്ഛമായ ഈ വില കൊടുക്കാൻപോലും കഴിവില്ലാത്ത സാധുക്കൾക്കുവേണ്ടി, പൌരന്മാർ പണംപിരിച്ചു പരസ്യമായി ഭക്ഷണംകൊടുക്കുന്നു. സാധുക്കൾ അണിനിരന്നു് ഒന്നിനുപുറകേ ഒന്നായിച്ചെന്നു സൂപ്പും, റൊട്ടിയും വാങ്ങി വിശപ്പടക്കുന്നു. ചിലപ്പോൾ ഐസ്ക്രീമും, പലഹാരങ്ങളും കൊടുക്കാറുണ്ടു്. സ്വാഭിമാനികളായ പാശ്ചാത്യർ വേറെ നിവൃത്തിയില്ലാതാകുമ്പോൾമാത്രമേ ഇത്തരം "ബ്രെഡ്ലൈനിൽ" (ഊട്ടുപുരയിൽ) അഭയം പ്രാപിക്കയുള്ളു.

ക്രിസ്തുമസ്സുകാലങ്ങളിൽ വലിയ വർത്തമാനപ്പത്രങ്ങളുടെ ഉടമസ്ഥന്മാർ സാധുക്കൾക്കു് ഉടുപ്പും ഭക്ഷണവും കൊടുക്കാൻ ധനം ശേഖരിക്കപതിവുണ്ടു്. അതിൻപ്രകാരം, സാൻഫ്രാൻസിസ്കോമുതൽ ന്യൂയോർക്കുവരെ തൊട്ടുതൊട്ടു് അനേകവർത്തമാനപ്പത്രങ്ങൾ നടത്തി കോടീശ്വരനായ ഹേർസ്റ്റ് ഒരു കൊല്ലം ആറു ലക്ഷം രൂപ ന്യൂയോർക്കിലെ ആവശ്യത്തിനു നീക്കിവെച്ചിരുന്നു. പലവിധം സാമാനങ്ങളും വാങ്ങി വലിയൊരു ഹാളിൽ ശേഖരിച്ചിരുന്നതു വിതരണംചെയ്യുവാനായി ഏകദേശം ആറു വിദ്യാർത്ഥികളെ ക്ഷണിച്ചതിൽ ഞാനും ഉൾപ്പെട്ടിരുന്നു. വിപുലമായ ആ ഹാൾ ഭംഗിയായി അലങ്കരിച്ചു രണ്ടായിതിരിച്ചു നടുവിൽ ഒരു വഴിയും ഇരുവശങ്ങളിൽ, "ഏ" മുതൽ "ഇസ്സഡ്" വരെ ചെറിയ അറകളുമായി ഏർപ്പാടുചെയ്തിരുന്നു. ഓരോ അറയിലും രണ്ടു വിദ്യാർത്ഥികൾവീതംജോലിനോക്കിയിരുന്നു. എനിക്കു കിട്ടിയ അറയിൽ

ശേഖരിച്ചിരുന്നതു ചാക്ക്ലേററും, ററോഫിപെട്ടികളും ആയിരുന്നു. അടുത്തമുറിയിൽ ഒരു വശത്തു് ഉരുളക്കിഴങ്ങും മറുവശത്തു പഞ്ചസാരയും. "ഏ" എന്ന അറയിൽച്ചെന്നാൽ നമ്മുടെ നാട്ടിലെ അരിച്ചാക്കിന്റെ വലുപ്പത്തിലുള്ള ഒരു ചാക്കു വരുന്നവർക്കു കൊടുക്കുന്നു. അതു തുറന്നു പിടിച്ചു "ബി"യിൽ എത്തുമ്പോൾ ഓരോരുത്തനു് അയ്യഞ്ചുപെട്ടിവീതം കൊടുക്കും. അപ്രകാരം അടുത്ത അറകളിൽനിന്നു് മാംസം, മത്സ്യം, ജാം, സസ്യാദികൾ, കളിപ്പാത്രങ്ങൾ ഇങ്ങിനെ ആ ചാക്കു നിറയുവോളം ഉദ്ദേശം ഇരുപതു രൂപ വിലവരുന്ന ഇരുപത്താറുകൂട്ടം സാമാനങ്ങൾ വിതരണംചെയ്യും. കല്ലത്തിന്റെ ഇറച്ചിയില്ലാതെ ഒരു ക്രിസ്സ്മസ്സ്സദ്യയും പൂർത്തിയാകയില്ല. അഞ്ചുരൂപ വിലവരുന്ന ഓരോ കല്ലപക്ഷിയേയും ചാക്കിലിട്ടുകൊടുത്തു. ചുമക്കാൻപാടില്ലാത്തവിധം ചാക്കു നിറഞ്ഞിരിക്കും. ചുരുങ്ങിയതു് ഒരു മുപ്പതിനായിരംപേർക്കു് ഈ കോപ്പുകൾ അന്നു ഞങ്ങളും വിതരണംചെയ്തു. സഹായിക്കാൻചെന്ന ഞങ്ങൾക്കു കാലത്തും ഉച്ചയ്ക്കും ഭക്ഷണവും പതിനഞ്ചുരൂപാവീതം പാരിതോഷികവും തന്നു. പോരാറായപ്പോൾ ഞങ്ങൾക്കും ഓരോ ചാക്കു തന്നു് അതിൽ വേണ്ട സാമാനങ്ങൾകൊണ്ടുപോരുവാൻ സമ്മതിച്ചതനുസരിച്ചു വേണ്ടുന്നിടത്തോളം സിഗററും, ററോഫിയും മററും കൊണ്ടുനടന്നു. വിതരണമദ്ധ്യത്തിൽ ഹേർസ്റ്റ് പോലീസു കമ്മീഷണരോടുകൂടെ ഹാളിൽ വന്നപ്പോൾ വാദ്യമേളങ്ങൾ മുഴക്കുകയും, ഹസ്തഘോഷങ്ങൾക്കുമദ്ധ്യേ അദ്ദേഹം പുഞ്ചിരിയിട്ടു് അവിടമെല്ലാം നടന്നുകാണുകയുംചെയ്തു. ഇത്ര വമ്പിച്ച ഒരു ധാർമ്മികസജ്ജീകരണം ഞാൻ കണ്ടിട്ടില്ല.

---

16. വർത്തമാനപത്രങ്ങൾ

ന്യൂയോർക്ക ടൈംസ് — സായാഹ്നപത്രങ്ങളുടെ സ്വഭാവം — പത്രലോകത്തിൽ ഹേർസ്ററിനുള്ള സ്ഥാനം — ഡെയിലിന്യൂസ് ആഫീസിലെ ഭൂഗോളം — മെക്ഫാഡൻ പ്രസിദ്ധീകരണങ്ങൾ.

ഉദ്ദേശം ഇരുപതിനായിരം വർത്തമാനക്കടലാസുകളും മാസികകളും അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. എത്ര ചെറിയ പട്ടണത്തിലും കുഗ്രാമത്തിലും ഒരു വർത്തമാനക്കടലാസ്സെങ്കിലും കാണാ

തെയോ, ഒരു വീട്ടിലെങ്കിലും ചുരുങ്ങിയതു് ഒരു വർത്തമാനക്കടലാസ്സെങ്കിലും വാങ്ങാതെയോ ഇരിയ്ക്കയില്ല. ചിലതിൽ വാർത്തകളിൽ കൂടുതലായി പരസ്യങ്ങൾ കണ്ടേക്കാം. അമേരിയ്ക്കയിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു ന്യൂയോർക്കു ടൈംസാണു്. അതിനു പ്രതിദിനം പതിനഞ്ചുലക്ഷം പ്രതികളും, ഞായറാഴ്ചതോറും ഇരുപതുലക്ഷത്തിൽ കൂടുതൽ പ്രതികളും ചെലവുണ്ടു്. ഇതിനേക്കാൾ അധികം പ്രചാരമുള്ള വർത്തമാനക്കടലാസ്സുകൾ അമേരിയ്ക്കയിലുണ്ടെങ്കിലും അവയ്ക്കൊന്നിനും ഈ പത്രത്തിന്റെ സ്വാധീനതയില്ല. അതു് ഒരു പൊതുസ്ഥാപനമെന്നു ഗണിക്കപ്പെട്ടിരിക്കയാൽ ആഫീസു സന്ദർശിക്കുന്നതിനു പൊതുജനങ്ങളെ സർവഥാ സ്വാഗതം ചെയ്യുന്നു.

ടൈംസ്സ്ക്വയർ എന്ന അതിപ്രധാനമായ നഗരവിഭാഗത്തിലാണു് ടൈംസ്സുപത്രമാഫീസ് സ്ഥിതിചെയ്യുന്നതു്. അതിനായി പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിരുന്ന ഒരാൾ സന്ദർശകരെ സകല സ്ഥലങ്ങളും കൊണ്ടുപോയി കാണിക്കുന്നു. ആദ്യമായി ഞങ്ങളെക്കൊണ്ടുപോയതു പത്രാധിപരുടെ മുറിയിലേക്കായിരുന്നു. വിശാലമായ ആ മുറിയിൽ ഓവൽ ആകൃതിയിൽ ഒരു വലിയ മേശയും, അതിന്റെ ചുറ്റും പന്ത്രണ്ടു കസേരകളും ഇട്ടിട്ടുണ്ടായിരുന്നു. ന്യൂയോർക്കുടൈംസിന്റെ പ്രധാന പത്രാധിപരും സഹപത്രാധിപന്മാരും കൂടിയാലോചന നടത്തുന്നതു് ഈ മുറിയിൽവെച്ചാണു്. ഓരോദിവസത്തെ മുഖപ്രസംഗം അവരിൽ ആരെങ്കിലും എഴുതിക്കൊണ്ടുവന്നു സഹപ്രവർത്തകന്മാരെ വായിച്ചുകേൾപ്പിച്ചു് അവരുടെയെല്ലാം അഭിപ്രായം അറിഞ്ഞു വേണ്ടതെല്ലാം തിരുത്തിയശേഷംമാത്രമേ അതു പ്രസിദ്ധീകരിക്കയുള്ളു. ഇതുകൊണ്ടു മുഖപ്രസംഗങ്ങളിൽ ചുരുക്കമായിട്ടേ വല്ല അബദ്ധങ്ങളും വന്നുകൂടാൻ വഴിയുള്ളു. രാഷ്ട്രീയകാര്യങ്ങളിൽ ന്യൂയോർക്കുടൈംസ് സ്വീകരിച്ചിരിക്കുന്നതു സ്വതന്ത്രമായ നയമാണു്. അമേരിയ്ക്കയിലെ സർവപ്രധാനമായ റിപ്പബ്ളിക്കൻകക്ഷിയുടേയോ ഡെമോക്രാററിക്കു കക്ഷിയുടേയോ വേറെ ഏതെങ്കിലും ന്യൂനപക്ഷത്തിന്റേയോ ഭാഗം മാത്രമേ പറകയുള്ളു എന്നു് അതു് ഒരിക്കലും സമ്മതിച്ചിട്ടില്ല. പ്രതിദിനപ്പതിപ്പിനു ശരാശരി ഇരുപത്താറുപേജും ഞായറാഴ്ചപ്പതിപ്പിനു നൂറുപേജുംകാണും. ഉദ്ദേശം നാലായിരം ജോലിക്കാർ അവിടെ വേലചെയ്യുന്നു. ഇവരുടെ ആവശ്യങ്ങൾക്കായി ആ കെട്ടിടത്തിന്റെ ഒരു നിലയിൽ ഒരാസ്പത്രിയും വേറൊരു നിലയിൽ വിനോദങ്ങൾക്കായി സകല സജ്ജീകരണങ്ങളും ഉണ്ടു്. വിദേശവാർത്താവിതരണമുറിയിൽ ഒരു കമ്പിയാപ്പീസിലെന്ന

പോലെ ഇരുപതു് ഇരുപത്തഞ്ചു ജോലിക്കാർ രാവും പകലും തങ്ങളുടെ വേല ബദ്ധശ്രദ്ധരായി നോക്കിക്കൊണ്ടിരിക്കുന്നു. കാലത്തു നാലുമണിയാകുമ്പോൾ ആദ്യത്തെപ്പതിപ്പും, ആറുമണിയാകുമ്പോൾ കൂടുതൽവാർത്തകളോടുകൂടിയുള്ള രണ്ടാമത്തെപ്പതിപ്പും പ്രസിദ്ധീകരണംചെയ്യുന്നു. പടങ്ങളും വാർത്തകളും നിറഞ്ഞ ഇരുപത്താറുപുറമുള്ള ഒരു പ്രതി നിർമ്മിക്കുന്നതിനു എട്ടണ ചെലവുണ്ടെങ്കിലും ഈ പത്രമൊന്നിന് ഒരണയേ വിലയുള്ളു. പരസ്യംകൊണ്ടാണ് ഇതു സാധ്യമാകുന്നതു്. ഒരു മുഴുവൻ പുറം പരസ്യംചെയ്യുന്നതിന് എഴുപത്തയ്യായിരം രൂപയാണു കൂലിനിരക്ക്.

പ്രധാനമായ ആഫീസിനുപുറമേ ന്യൂയോർക്കുനഗരത്തിൽ വേറെയും ഉപശാഖകൾ ഈ പത്രത്തിനുണ്ടു്. ഈ ഉപശാഖകളിൽ അസൽ പത്രത്തിന്റെകൂടെ ആ പ്രത്യേക പ്രദേശത്തുള്ള വിശേഷങ്ങൾകൂടി കൊടുത്തിരിക്കും. ടൈംസ്സ്ക്വയറിൽ അവരുടെ വക ഇരുപത്തിനാലുനിലയുള്ള ഒരു കെട്ടിടത്തിന്റെചുറ്റും ഭൂലോകത്തിൽ അപ്പോഴപ്പോൾ നടക്കുന്ന വിശേഷങ്ങൾ വൈദ്യുതവിളക്കുകളാൽ അറിയിക്കുന്നു. പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പുസമയത്തു് ഐക്യനാട്ടിലെ ഓരോ സംസ്ഥാനത്തിലെ വോട്ടിംഗിന്റെ ഗതി എങ്ങിനെയാണെന്നറിയുന്നതിനായി അനേകലക്ഷം ജനങ്ങൾ ആ "സ്ക്വയറിൽ"കൂടി ന്യൂയോർക്കുടൈംസിന്റെ നവീനസമ്പ്രദായത്തിലുള്ള ഈ വാർത്താവിതരണം വീക്ഷിച്ചുകൊണ്ടിരുന്നവരിൽ ഞാനും ഉൾപ്പെട്ടിരുന്നു. അമേരിക്കയിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഈ വർത്തമാനക്കടലാസിൽ എന്റെ ചില ലേഖനങ്ങൾകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് ഏററവും അഭിമാനകരമായി ഞാൻ കരുതുന്നു.

ന്യൂയോർക്കുടൈംസ് പ്രഭാതപ്പതിപ്പായിട്ടാണു പ്രസിദ്ധീകരണം ചെയ്യുന്നതു്. കാലത്തു കാപ്പികഴിക്കുമ്പോൾ ടൈംസ് വായിക്കാത്തവർ ആ നാട്ടിൽ ആരുംതന്നെ കാണുമെന്നു തോന്നുന്നില്ല. ഉച്ചയ്ക്കു സൺ എന്ന പത്രവും സായാഹ്നത്തിൽ ഈവനിംഗ്പോസ്റ്റ്, വേൾഡ് ടെലിഗ്രാം, അമേരിക്കൻ, ഈവനിംഗ് ജേർണൽ, എന്നിങ്ങനെ അനവധി പത്രങ്ങളും പുറപ്പെട്ടുകഴിഞ്ഞു. ഇപ്രകാരം ഭൂലോകമാസകലംനടക്കുന്ന വാർത്തകൾ അപ്പഴപ്പോൾ പൊതുജനങ്ങൾ ഗ്രഹിച്ചുവരുന്നു. സായാഹ്നത്തിൽ പുറപ്പെടുന്ന ഈ വർത്തമാനപ്പത്രങ്ങളിൽ പ്രധാനമായി വിവരിക്കുന്നതു കൊള്ള, കൊലപാതകം, വിവാഹമോചനം, വെടിവെപ്പു് എന്നിങ്ങനെ മനസ്സിളകിമറിയത്തക്ക

വിശേഷങ്ങളാണ്. മഞ്ഞിയകടലാസ്സിൽ അടിക്കുന്ന ഇത്തരം പ്രക്ഷോഭകരങ്ങളായ വാർത്തകളടങ്ങിയപത്രങ്ങളെ "യെല്ലോപ്രസ്സ്" (പീതപത്രങ്ങൾ) എന്നു സാധാരണയായി പറയാറുണ്ട്. ഇവ കൂടുതലായി വായിക്കുന്നതു കൂലിക്കാരാണ്. എന്നാൽ അവയിൽ പറയുന്നതു മുഴുവൻ സത്യമായിരിക്കണമെന്നില്ല. ഇത്തരം അനവധി പത്രങ്ങൾ നടത്തി പണവും പ്രസിദ്ധിയും സമ്പാദിച്ച ഒരസാധാരണ സമർത്ഥനാണ് ഹേഴ്സ്റ്റ് എന്ന മഹാൻ.

ഡെയിലിന്യൂസ് എന്നും ഡെയിലിമിറർ എന്നും പ്രത്യേകരീതിയിൽനടത്തുന്നതും രാവിലെ പ്രസിദ്ധപ്പെടുത്തുന്നതുമായ രണ്ട് അതിപ്രചാരമുള്ള പത്രങ്ങൾ ആ നാട്ടിലുണ്ട്. സാധാരണമായി പച്ചക്കടലാസിൽ അച്ചടിച്ച് ഒരണയ്ക്കു വിൽക്കുന്ന പത്രങ്ങളാണ് ഇവ രണ്ടും. അതിൽ അടങ്ങിയിരിക്കുന്ന പടങ്ങൾ വിചിത്രങ്ങളായിരിക്കും. ക്രിമിനൽക്കോടതികളിൽനടക്കുന്ന കേസുകളുടെ വിചാരണവിവരങ്ങളും കൊള്ളക്കാരുടെ പരാക്രമങ്ങളും, റോമേമ്പാക്കുകളുമെല്ലാം ഈ പത്രങ്ങളിൽക്കാണാം. വാല്യക്കാരത്തിളാണ് ഈ രണ്ടു പത്രങ്ങളും അത്യന്തം കലക്കിക്കുടിക്കുന്നതു്.

എന്നിരുന്നാലും ഡെയിലിന്യൂസു പത്രമാഫീസ് ന്യൂയോക്കുനഗരത്തിലെ അതികൌതുകകരമായ ഒരുന്നതസൌധത്തിലാണു സ്ഥിതിചെയ്യുന്നതു്. അറുപത്തിനാലു നിലകളുള്ള ഈ കെട്ടിടത്തിൽ പ്രവേശിക്കുമ്പോൾ വിശാലമായ ഒരു മുറിയിൽ ഇരുപതടിയോളം പൊക്കമുള്ള ഒരു ഭൂഗോളം സദാ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണു നാം കാണുന്നതു്. എവിടെയെങ്കിലും പ്രധാനമായ ഒരു സംഭവം നടക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്നതിനു ഗോളത്തിന്റെ ഉള്ളിൽനിന്നു തന്നെ ചുവപ്പുരശ്മി ആ സ്ഥലത്തെ ചൂണ്ടിക്കാണിക്കുന്നു. ഇതിരിക്കുന്ന മുറിയുടെ ചുററുപാടുമുള്ള ഭിത്തിയിൽ, നക്ഷത്രബംഗ്ലാവിലെന്നപോലെ സൂര്യചന്ദ്രാദികളുടെ ഉദയാസ്തമയസമയങ്ങളും കാററിന്റെ ശക്തിയും ഗതിയും അനുനിമിഷം രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഷാപ്പുകളിൽ ജോലിചെയ്യുന്ന കുറേ പഠിപ്പും സ്ഥിതിയുമുള്ള സ്ത്രീകൾ ചർവ്വിതചർവ്വണം ചെയ്യുന്നതു, സത്യകഥകൾ, സത്യാത്മകഥനങ്ങൾ, ചെറുകഥകൾ എന്നിങ്ങനെയുള്ള മാസികകളാണ്. ഇത്തരം മുപ്പതോ മുപ്പത്തഞ്ചോ മാസികകൾ മക്ഫാഡൻ പ്രസിദ്ധ

കേരള സാഹിത്യ അക്കാദമി

പ്പെടുത്തുന്നുണ്ടു്. ഇവയെല്ലാം നമ്മുടെ റെയിൽവേസ്റ്റേഷൻകളിൽ വിൽക്കുന്നതായി അറിയാമല്ലോ. മക്ഫാഡൻ ഒരു തത്വജ്ഞാനിയും വൈദ്യനുംകൂടിയാകുന്നു. വാതം സുഖമാക്കുന്നതിനും പൊക്കംകൂട്ടുന്നതിനും, കണ്ണാടിയില്ലാതെ കാഴ്ച ശരിയാക്കുന്നതിനും, കഷണ്ടിത്തലയിൽ മുടി വളരുന്നതിനും, സസ്യങ്ങളുടെ മാഹാത്മ്യം കാണിക്കുന്നതിനും ഇങ്ങിനെ സകലവിധവും മനുഷ്യവർഗ്ഗത്തെ ഗുണദോഷിക്കുന്നതിനുള്ള മാസികകളും ശാലകളുംനടത്തി അദ്ദേഹം ഒരു കോടീശ്വരനായിരിക്കയാണ്. രണ്ടു റോഡുകളുടെ ഇരുവശവും നിറഞ്ഞു് ഇരുപത്തിമൂന്നു നിലയുള്ള ഒരു കെട്ടിടത്തിലാണ് ഈ മാസികകൾ ഓരോ അധിപരുടെ മേൽനോട്ടത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു്. എഴുപതിൽക്കൂടുതൽ വയസ്സുള്ള മക്ഫേഡൻ ഒരത്ഭുതപുരുഷൻതന്നെ!

പത്രങ്ങളും മാസികകളും അപ്പഴപ്പോൾവാങ്ങി കാപ്പിസമയത്തും, തീവണ്ടിയിൽ യാത്രചെയ്യുമ്പോഴും വായിച്ചുതീർന്നാൽ അവിടവിടെ ഇട്ടുംകൊണ്ടുപോകയാണു പതിവു്. അതുകൊണ്ടു പിശുക്കന്മാക്കു പത്രം വാങ്ങിക്കാതെതന്നെ പെറുക്കിയെടുത്തു വായിക്കാൻ സാധിക്കും. റെയിൽവേസ്റ്റേഷനിലും റോഡിലും പത്രങ്ങൾ അടുക്കിയടുക്കി ഉടമസ്ഥനില്ലാതെ വെച്ചിരിക്കുകയും അതിന്റെ വില അവിടെവെച്ചിട്ടു് പത്രം എടുത്തുകൊണ്ടുപോകയുമാണു പതിവു്. എന്നാൽ പണം വെയ്ക്കാതെ വെറുതെ എടുത്തുകൊണ്ടു പോകുന്നതു ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

പത്രങ്ങളിൽ റിപ്പോർട്ടുചെയ്യുന്നതിനും, ലേഖനങ്ങൾ എഴുതുന്നതിനും അമേരിക്കൻകോളജുകളിൽ പഠിപ്പിക്കുന്നുണ്ടു്. പത്രങ്ങളിലെഴുതി ധാരാളം പണം സമ്പാദിക്കുന്നവരും ചുരുക്കമല്ല. വാക്കൊന്നിനു മൂന്നുരൂപാവരെ പ്രതിഫലം ലഭിക്കുന്ന ലേഖകന്മാരുണ്ടു്. സുപ്രസിദ്ധ ഇംഗ്ലീഷ്ഗ്രന്ഥകാരനായ ബർണാഡ്ഷായ്ക്കു വാക്കൊന്നിനു ഒരു പവൻവീതം കൊടുക്കുന്നു. വാക്കൊന്നിനു എട്ടണവരെ എനിക്കു് കിട്ടിയിട്ടുണ്ടു്.

17. ഹെലൻ കെല്ലർ

സർവ്വലോക അന്ധസമ്മേളനം—അന്ധയും ഊമയും ബധിരയുമായ വനിതാരത്നം.

മനുഷ്യവർഗ്ഗത്തിൽ ഏററവും അത്ഭുതകരമായ സൃഷ്ടി അമേരിക്കക്കാരിയായ ശ്രീമതി ഹെലൻകെല്ലർ തന്നെ എന്നു സധൈര്യം പറയാം. ന്യൂയോക്കിൽ നടത്തപ്പെട്ട സർവ്വലോക അന്ധസമൂഹത്തിന്റെ ഒരു യോഗത്തിലെ അദ്ധ്യക്ഷയായിട്ടാണു് ഈ സ്ത്രീരത്നത്തെ ഞാൻ ആദ്യം കണ്ടതു്; അന്ധന്മാക്കുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ അൻപതുലക്ഷംരൂപ ശേഖരിക്കുന്ന ഉദ്യമത്തിൽ അന്നു് അവർ ഏർപ്പെട്ടിരിക്കയായിരുന്നു. ആ ഉദ്യമം സഫലമായി.

രണ്ടായിരംവർഷങ്ങൾക്കുമുമ്പു് തന്റെ ശിഷ്യന്മാർ ഒരു കുരുടനെ ചൂണ്ടിക്കാണിച്ചു് യേശുക്രിസ്തുവിനോടു ഇപ്രകാരം ചോദിക്കയുണ്ടായി: "ഗുരോ, ഇവൻ കുരുടനായി ജനിക്കാൻ ഇവനോ ഇവന്റെ മാതാപിതാക്കന്മാരോ ആരാണു പാപംചെയ്തതു്?"

ഇതാണു ക്രിസ്തു പറഞ്ഞ മറുപടി: "ഇവനോ, ഇവന്റെ മാതാപിതാക്കന്മാരോ പാപംചെയ്തിട്ടില്ല, ഇതെല്ലാം ഈശ്വരന്റെ മഹത്വത്തിന്നാകുന്നു."

ഈ സമാധാനം നമുക്കു തൃപ്തികരമായി പെട്ടെന്നുതോന്നുകയില്ലായിരിക്കാം. ധനികരായും, ബലവാന്മാരായും, ബലഹീനരായും, സുന്ദരന്മാരായും, വിരൂപരായും നാം ജനിക്കുന്നതു് എന്തുകൊണ്ടെന്നു ശരിയായി മനസ്സിലാക്കാൻ ആക്കും സാധിച്ചിട്ടില്ല. ഹെലൻകെല്ലരുടെ കാര്യത്തിലാകട്ടെ, കഠിനയായ പ്രകൃതിദേവി പഞ്ചേന്ദ്രിയങ്ങളിൽ ഭൂരിഭാഗവും അവൾക്കു നിഷേധിച്ചു.

1880-ാമാണ്ടിൽ അമേരിക്കയിൽ ടസ്കുംബ എന്ന ചെറിയ പട്ടണത്തിൽ അവർ ജനിച്ചു. അവരുടെ പിതാവു ക്യാപ്ററൻ കെല്ലർ എന്ന യോദ്ധാവായിരുന്നു. രണ്ടുവയസ്സിൽ അതികഠിനമായ ജ്വരം ബാധിച്ചതുമൂലം ആ ബാലികയുടെ കാഴ്ചയും കേൾവിയും സംഭാഷണശക്തിയും നഷ്ടമായി. എന്നാൽ സ്വപിതാവിന്റെ നിരന്തരപരിശ്രമംനിമിത്തം ഈ ദുർഘടങ്ങളെല്ലാം അവർ തരണംചെയ്തു. അന്ധബധിരന്മാക്കുവേണ്ടി ബോസ്റ്റൺപട്ടണത്തിൽ സ്ഥാപിക്കപ്പെട്ട പെർക്കിൻസ് ഇൻസ്റ്റിററ്യൂട്ട എന്ന വിദ്യാലയത്തിൽ ഈ ബാലികയെ ചേർത്തു. ആൻസല്ലിവാൻ എന്നും സാറാഫുള്ളർ എന്നും രണ്ടുപാദ്ധ്യായകൾ

അവരെ എഴുതാനും "വായിക്കാനും" "സംസാരിക്കാനും" പഠിപ്പിച്ചു. അന്ധന്മാരുടെ പ്രത്യേകാവശ്യത്തിലേക്കു ബ്രെയിൽ എന്ന ഫ്രഞ്ചുകാരൻ കണ്ടുപിടിച്ച ആണിയക്ഷരപ്പുസ്തകങ്ങളെക്കൊണ്ടാണു് ഇതു സാധിച്ചതു്. കെല്ലർ ഊമയും ബധിരയുംകൂടിയായിരുന്നതുകൊണ്ടു പഠനം അതിവൈഷമ്യമുള്ളതായിരുന്നു. "ഡോൾ" "കേക്കു്" എന്നീ ഇംഗ്ലീഷുവാക്കുകളാണു് ഈ ബാലിക ആദ്യം പഠിച്ചതു്. ഇതിനുപുറമേ ആ വിദ്യാലയത്തിലെ സകല വിനോദങ്ങളിലും അവർ പങ്കെടുത്തിരുന്നു. നീന്തൽ, കുതിരസ്സവാരി, വള്ളംകളി എന്നിവയിൽ അവർ വേണ്ട സാമർത്ഥ്യം പ്രദർശിപ്പിച്ചു. ടൈപ്പ്റൈറ്റർ ഉപയോഗിക്കുവാൻ പരിശീലിച്ചതു് അവൎക്കു പിന്നീടു വലിയ സഹായമായിത്തീൎന്നു. ഇരുപത്തിനാലാമത്തെ വയസ്സിൽ കണക്കു് ഐച്ഛികവിഷയമായെടുത്തു റാഡ്ക്ലിഫ്കോളജിൽനിന്നു ബി. ഏ. ബിരുദം സമ്പാദിച്ചു. ആൾജിബ്രാ, ട്രിഗൊണോമട്രി മുതലായ വിഷയങ്ങൾ മേൽവിവരിച്ച ബ്രെയിലിന്റെ ആണിയക്ഷരപ്പുസ്തകങ്ങളുടെ സഹായത്താൽ പഠിച്ചു. ഇങ്ങിനെ ഫ്റെഞ്ച്, ജൎമ്മൻ, ലത്തീൻ, ഗ്രീക്കു് എന്നീ ഭാഷകളും അവർപഠിച്ചു. നെപ്പോളിയന്റെ വീരപരാക്രമങ്ങളെക്കാൾ എത്രയോ സ്തുത്യർഹമായ പരിശ്രമമാണിതു്! ജീവിതത്തിലെ ചില്ലറ പ്രയാസങ്ങളോർത്തു പിറുപിറുക്കുന്നവൎക്കു ഹെലൻകെല്ലറുടെ ക്ഷമാശീലം മാതൃകയായിരിക്കട്ടെ !

ഇവരുടെ ജീവിതചരിത്രം ഏതാണ്ടു് എനിക്കു നേരത്തെ അറിയാമായിരുന്നെങ്കിലും, ഇവർ വെറും ഒരു കുരുടിമാത്രം എന്നേ ഞാൻ വിചാരിച്ചിരുന്നുള്ളു. ആ രാത്രി അവർ വൈദ്യുതവിളക്കുകളുടെ താഴെ പ്രസംഗപീഠത്തിൽ നിന്നപ്പോൾ അതെത്ര മനോഹരമായ കാഴ്ചയായിരുന്നു! അന്നു് അവൎക്കു് അൻപതിൽപരം വയസ്സുണ്ടായിരുന്നെങ്കിലും അത്ര തോന്നിയില്ല. വേണ്ടപൊക്കവും വണ്ണവും സൗന്ദര്യവും അവൎക്കുണ്ടായിരുന്നു. കൃത്രിമപ്പളുങ്കുകണ്ണു വെച്ചിരുന്നതുകൊണ്ടു് അവർ കുരുടിയാണെന്നു തോന്നുകയില്ല. ഊമയും ബധിരയുമാണെന്നതിനു, പുറമേ ഒരു ലക്ഷണവുമില്ലല്ലോ. ഹെലൻകെല്ലറെ പ്രഥമദൃഷ്ടിയാ മററു സ്ത്രീകളിൽനിന്നു വ്യത്യസ്തപ്പെടുത്തുവാൻ ഒന്നും കണ്ടില്ല.

ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു് ഏകദേശം രണ്ടായിരം അന്ധന്മാർ അന്നുരാത്രി ന്യൂയോക്കിൽ കൂടിയിരുന്നു. ഹെലൻകെല്ലറെപ്പോലെ മൂകബധിരന്മാർകൂടെ അതിൽ ഉൾപ്പെട്ടിരുന്നോ എന്നറിഞ്ഞുകൂടാ. ഏതായാലും പല കവികളും, രാജ്യതന്ത്രജ്ഞന്മാരും നിരവധി പുസ്തകങ്ങൾ പാരായണംചെയ്തു കണ്ണുപൊട്ടിയ പണ്ഡിതാ

ഗ്രേസരന്മാരും, വെടിയേററും ആധുനികപോക്കളങ്ങളിൽ വിവിധകഷ്ടതകൾ അനുഭവിച്ചു കണ്ണു നഷ്ടപ്പെട്ട യോദ്ധാക്കളും ആ കൂട്ടത്തിലുണ്ടായിരുന്നു. വടി നിലത്തുകുത്തി തപ്പിയും, പ്രത്യേകപരിശീലനം നൽകപ്പെട്ട പട്ടികളുടെ സഹായത്താലും ഈ അന്ധന്മാർ പതുക്കെ നടന്നുവരുന്ന കാഴ്ച ഏറെയഭേദകമായിരുന്നു. പതിനായിരം മെഴുകുതിരിയുടെ വെട്ടമുള്ള ഒരു വൈദ്യുതവിളക്കു പ്രകാശിച്ചിരുന്ന ആ സ്ഥലം, ഈ അന്ധന്മാരെ സംബന്ധിച്ചിടത്തോളം ഇരുളടഞ്ഞ ഗുഹതന്നെ !

ഹെലൻകെല്ലർ അദ്ധ്യക്ഷപ്രസംഗം നിർവ്വഹിപ്പാൻ എഴുന്നേററു നിന്നു. ഒരിയ്ക്കലും നടക്കാത്ത കാര്യം അവർ സാധിച്ചു. ഊമ "സംസാരിച്ചു"തുടങ്ങി ! വൃദ്ധയായ തന്റെ പഴയ ഉപാദ്ധ്യായ മിസ്സ് ആൻസല്ലിവാൻ അവരുടെ വലത്തുവശത്തു നിന്നിരുന്നു. ഹെലൻ കെല്ലരുടെ "കണ്ണും ചെവിയു"മാണ് മിസ്സ് സല്ലിവാൻ. ഉപാദ്ധ്യായയുടേയും തന്റേയും കൈകൾ ഒന്നിച്ചു കൂട്ടിച്ചേർത്തുപിടിച്ചു പ്രാസംഗിക വിരലുകളുടെ സ്പർശനങ്ങളും ആംഗ്യങ്ങളുംമൂലം മൂകബധിരാക്ഷരമാലയുപയോഗിച്ചു തന്റെ വികാരങ്ങളെ മിസ്സ് സല്ലിവാനെ അറിയിയ്ക്കയും, ഈ "ടെലിഗ്രാഫ്"ഭാഷയെ അവർ പരിഭാഷപ്പെടുത്തി ഉറക്കെ പറയുകയുമാണ് ചെയ്തുവന്നതു്. വിരലുകൾകൊണ്ടും ആംഗ്യങ്ങൾകൊണ്ടുംമാത്രം തന്റെ അന്തർഗതം വേണ്ടപോലെ വെളിപ്പെടുത്താൻ സാധിക്കാതെവരുമ്പോൾ ഹെലൻകെല്ലരുടെ ചുണ്ടുകൾ സംസാരിക്കാനെന്നപോലെ പതറുന്നതു കാണാം. എന്തൊരു സങ്കടം ! മിസ്സ് സല്ലിവാന് കെല്ലരുടെ ആശയം മനസ്സിലാകാതെവരുമ്പോൾ അവരുടെ ചുണ്ടിനു വിരൽകൊണ്ടു തപ്പി വികാരം അറിയുവാൻ ശ്രമിക്കുന്നതു പലതവണ കാണുകയുണ്ടായി.

അവരുടെ പ്രസംഗം കേട്ടശേഷം എന്റെമനസ്സിൽ അസാധാരണമായ ഒരുണർവുതോന്നി. അതിൽ പ്രകൃതിയുടെ സൌന്ദര്യവും, ഈശ്വരന്റെ അനുകമ്പാശീലവും, മനോധൈര്യവും, ജീവിതസന്തോഷവും നിറഞ്ഞുതുളുമ്പിയിരുന്നു. ജീവിതം, മരണം, മരണാനന്തരജീവിതം എന്നീ വിഷയങ്ങളെക്കുറിച്ച് അവർ ഗാഢമായി ചിന്തിച്ചിട്ടുണ്ടെന്നു് അന്നെനിക്കു മനസ്സിലായി. നമുക്കു കാഴ്ചയുണ്ടെങ്കിലും നാം കാണുന്നില്ല, ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല എന്നു യേശുക്രിസ്തു സാധാരണക്കാരെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. ഈ മഹതിയാകട്ടെ, ഭൂലോകത്തിലും, സ്വർഗ്ഗത്തിലുമുള്ള സകല വ്യവഹാരങ്ങളും തന്റെ മനോദൃഷ്ടിയിൽ കണ്ടറിഞ്ഞിരിക്കുന്നു.

ജന്മനാ ബധിരരും അന്ധരുമായ പല മഹാന്മാരുണ്ട്. ആസ്ട്രിയായിലെ സുപ്രസിദ്ധ സംഗീതവിദഗ്ദ്ധയായ മറിയാ തെറീസാ കുരുടിയായിരുന്നുവത്രേ. ഹെൻറി ഫോക്കാറ് എന്ന ധനശാസ്ത്രജ്ഞനും, ഹ്യൂബർ എന്ന പ്രകൃതിശാസ്ത്രജ്ഞനും, പ്രസ്ക്കോട്ട് എന്ന ചരിത്രകാരനും കുരുടന്മാരായിരുന്നു. എന്നാൽ ആംഗ്ലേയകവിയായ മിൽട്ടന്റെ കാഴ്ച ജീവിതാന്ത്യഘട്ടത്തിൽ മാത്രമേ നഷ്ടപ്പെട്ടുള്ളു. ആധുനിക മലയാള കവികളിൽ അദ്വിതീയനായ വള്ളത്തോൾ പിൽക്കാലത്ത് ഒരു ബധിരനായെങ്കിലും കോകിലനാദത്തേയും, ത്രിലോകസംഗീതത്തെയും നമ്മെക്കാളധികം അദ്ദേഹം ആസ്വദിക്കുന്നു എന്ന് അദ്ദേഹത്തിന്റെ കവിതകളിൽനിന്നു മനസ്സിലാക്കാം. ഊമകളുടെയിടയിലും വലിയ പണ്ഡിതന്മാരെ കണ്ടേക്കാം. ഹെല്ലൻകെല്ലറാകട്ടെ അന്ധയും ഊമയും ബധിരയുമാകുന്നു.

കുരുടൻ കുരുടനെ വഴികാണിച്ചാൽ രണ്ടുപേരും കുഴിയിൽ വീഴുമെന്നു ക്രിസ്തു ഒരിക്കൽ പറകയുണ്ടായി. എന്നാൽ ഹെലൻകെല്ലർ അന്ധന്മാൎക്കു ഒരുത്തമ മാൎഗ്ഗദർശിനിയാണ്. "എന്റെ ജീവചരിത്രം", "ജീവിതസന്തോഷം", "ഞാൻ അധിവസിക്കുന്ന ഭൂലോകം", "എന്റെ മതം" എന്നിങ്ങനെ അവരെഴുതിയ പുസ്തകങ്ങളിൽനിന്നു അവരുടെ ജീവിതവിജയവും, തത്വവും, രഹസ്യവും നമുക്കു പഠിക്കാം. അന്ധമൂകബധിരരെ അഭ്യസിപ്പിക്കേണ്ട രീതികളെക്കുറിച്ചു സ്വന്തംപേരിൽ 'സൈക്ലോപ്പീഡിയാ ഓഫ് എഡ്യുക്കേഷൻ' എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ലേഖനം ഏററവും ശ്രദ്ധേയമാണ്. ഇതെല്ലാം അവർ ടൈപ്പുറൈറ്ററിൽ സ്വയം അച്ചടിച്ചാണയയ്ക്കുന്നത്. വേണ്ടപോലെ പരിശ്രമിച്ചാൽ വിജയം കരസ്ഥമാക്കാംഎന്നാണ് അവരുടെ ജീവിതത്തിലെ മുദ്രാവാക്യം. കാളീകിബ്ബറിന്റെ "അന്ധബാലൻ" എന്ന കൃതി വായിക്കുമ്പോൾ ഉണ്ടാകുന്ന അസുഖമോ, തന്റെ അന്ധതയെക്കുറിച്ചു മിൽട്ടൺ പ്രകടിപ്പിക്കുന്ന സങ്കടകരമായ സഹനശക്തിയോ യാതൊന്നും ഹെലൻകെല്ലരുടെ പുസ്തകങ്ങൾ വായിച്ചാൽ നമുക്കു തോന്നുകയില്ല. നേരേമറിച്ചു, പ്രകൃതിയുടെ രമണീയതയും, ധൈൎയ്യവും, സന്തോഷവും നിശാകാലത്തിൽ നക്ഷത്രചന്ദ്രാദികളുടെ കോമളത്വത്തവും ആ കൃതികളിൽ പരിലസിക്കുന്നു.

ഹെലൻകെല്ലർ ഇംഗ്ലണ്ടിൽ പര്യടനംചെയ്തപ്പോൾ, ഗ്ലാസ്ഗോ മുതലായ പല സർവകലാശാലകളും ബഹുമതിയായി അവൎക്കു എൽ. എൽ. ഡി. ബിരുദു നൽകുകയുണ്ടായി. ഒടുവിൽ അവർ

ബർനാഡ്ഷായെ കാണുകയും, "അമേരിക്കയെപ്പോലെതന്നെ, അന്ധയും, മൂകയും, ബധിരയും" എന്നു ക്രൂരതരമായ ഒരു തമാശ അദ്ദേഹം പറഞ്ഞുവത്രേ. ഇങ്ങിനെ പറഞ്ഞതിനെക്കുറിച്ച് അദ്ദേഹം പിന്നീടു തീർച്ചയായും പശ്ചാത്തപിച്ചിരിക്കണം. സകല അവയവങ്ങളും തികഞ്ഞ ബർനാർഡ്ഷാ സാധിച്ചതിനെക്കാൾ മഹത്തരങ്ങളായ കാര്യങ്ങൾ ഹെലൻകെല്ലർ സാധിച്ചുകഴിഞ്ഞിരിക്കുന്നു. അമേരിക്കയിൽ സിനിമാതാരങ്ങൾമാത്രമേ ഉള്ളു എന്നു വിചാരിക്കുന്ന നമ്മുടെ യുവജനങ്ങൾക്കു ഹെലൻകെല്ലരുടെ ജീവചരിത്രം, തങ്ങളുടെ കണ്ണുകളിലെ മൂടുപടങ്ങൾ മാററുന്നതിനു സഹായിക്കട്ടെ!

ഹെലൻകെല്ലരുടെ ഉപസംഹാരപ്രസംഗം കഴിഞ്ഞപ്പോൾ അവിടെ കൂടിയിരുന്ന ധനാഢ്യന്മാർ അന്ധന്മാരുടെയും മററും വിദ്യാഭ്യാസത്തിനായി അഞ്ചും പത്തും ആയിരവും അമ്പതിനായിരവും ഡോളറിനു ചെക്കെഴുതി ആ വനിതാരത്നത്തിൻെറ കയ്യിൽ സമർപ്പിക്കുന്നതാണ് അന്നു രാത്രി ഒടുവിൽ ഞാൻ കണ്ട കാഴ്ച.

അക്കാദമി

---

18. കൊള്ളക്കാർ

"ഹോൾഡപ്പ്"—ആൽകപ്പോണി—കൊള്ളക്കാരും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള സഖ്യത—സിംഗ് സിംഗ് ജയിൽ—പന്തീരായിരത്തിമുന്നൂററിഎൺപതു വർഷത്തെ തടവ്.

"ഹേ! അവിടെ നില്ക്കു" എന്നുപറഞ്ഞു പെട്ടെന്ന് എൻെറ നെഞ്ചിനുനേരെ അജ്ഞാതനായ ഒരാൾ കൈത്തോക്കു നീട്ടി.

ഞാൻ അമ്പരന്നു ചുററുംനോക്കിയപ്പോൾ എൻെറമുമ്പിൽ നില്ക്കുന്ന കോമളനായ ഒരമേരിക്കൻയുവാവും അയാളുടെ അടുത്ത് ഒരു കാപ്പിരിയുമല്ലാതെ വേറെ ആരെയും കണ്ടില്ല.

സ്ഥലം ന്യൂയോർക്കിലെ ഒരു പ്രധാനോദ്യാനം. വേനല്ക്കാലത്ത് വൈകുന്നേരം ആറുമണി. ഞാൻ അമേരിക്കയിൽ എത്തിയിട്ടു തികച്ചു മൂന്നുമാസം കൂടുന്നതിനുമുമ്പാണിത്. ആ നാട്ടിലെ ഭയങ്കരക്കൊള്ളക്കളേയും കൊള്ളത്തലവന്മാരെന്നുപറയുന്ന "ഗാങ്ങ്സ്റ്റേർസുകളെ"യും പ്രത്യേകിച്ച് ആൽകപ്പോണിയേയുംകുറിച്ചു ഞാൻ പല കഥകളും കേട്ടിരുന്നു.

“മിണ്ടിപ്പോകരുതു്! മിണ്ടിയാൽ നിങ്ങൾ വെറും ശവം!” എന്നു കാപ്പിരിയും അട്ടഹാസിച്ചു.

ഞാൻ ആകെ വിയർത്തൊലിച്ചു. തസ്കരപ്രമാണികൾ രാക്ഷസന്മാരെപ്പോലെ വലിയ കൊമ്പൻമീശവെച്ചു മുഖത്തു “മാസ്കു്” കെട്ടി ആളുകളെ ഭയപ്പെടുത്തുന്നവരാണെന്നാണു ഞാൻ പല ചലനചിത്രങ്ങളിൽനിന്നും മനസ്സിലാക്കിയിരുന്നതു്. എന്നെ പിടികൂടിയ തസ്കരന്മാരാകട്ടെ, കഷ്ടിച്ചു് ഇരുപതുവയസ്സുപ്രായംതോന്നുന്ന വെറും രണ്ടു പയ്യന്മാർമാത്രമായിരുന്നു.

“ഹോൾഡ് അപ്പ്! രണ്ടു കയ്യും പൊക്കിപ്പിടിക്കു്” എന്നുള്ള അവരുടെ ആജ്ഞയെ ഗത്യന്തരമില്ലാതെ ഞാൻ അനുസരിച്ചു.

അതിനുശേഷം അവർ എന്റെ പോക്കററിൽ തപ്പി, ഉള്ള പണം സ്വർണ്ണവാച്ചു് ഒരു മോതിരം ഫൌണ്ടൻപേന എന്നുവേണ്ട, കൈലേസും ഒരെഴുത്തും ഒഴിച്ചു ബാക്കിയുള്ളതെല്ലാം കരസ്ഥമാക്കി.

“താംക്സ്! വളരെ ഉപകാരം” എന്നു പറഞ്ഞു് അവർ ഇരുവരും പുഞ്ചിരിക്കൊണ്ടു. “നിങ്ങൾ ഞങ്ങൾക്കു യാതൊരു പ്രയാസവും ഉണ്ടാക്കാത്തതിൽ വളരെ നന്ദിയുണ്ടു്..........”

“ഇനി തിരിഞ്ഞുനില്ക്കു!” എന്നു വീണ്ടും സഗൌരവം പറഞ്ഞു. കൈത്തോക്കുകൊണ്ടു് എന്റെ പുറത്തുകുത്തി. അയ്യോ! അതു പൊട്ടിത്തെറിക്കുമോ! ഈശ്വരോ രക്ഷതു്!

“അഞ്ചുമിനിട്ടുനേരത്തേക്കു തിരിഞ്ഞുനോക്കിപ്പോകരുതു്! നോക്കിയാൽ... ഹും.......... കഥ കഴിച്ചേക്കും.”

പിന്നീടു് അടുത്തുകിടന്ന ഒരു കാർ പെട്ടെന്നു പുറപ്പെടുന്ന ശബ്ദം മാത്രംകേട്ടു. ഞാൻ തിരിഞ്ഞുനോക്കിയില്ല. കരുമാടിക്കുട്ടനെപ്പോലെ അനങ്ങാതെ നിന്നതേയുള്ളു!

ആ കൈത്തോക്കു കൊലയ്ക്കുതകുന്നതോ, അതോ വെറും കളിത്തോക്കോ എന്നറിഞ്ഞുകൂടാ. കളിത്തോക്കുകൊണ്ടുപോലും യാത്രക്കാരെ ഭയപ്പെടുത്തി കവർച്ചനടത്തുന്ന മിടുക്കന്മാരും ആ നാട്ടിൽ ഇല്ലാതില്ല. കളി കാര്യമായിത്തീർന്നാലോ!

അമേരിക്കയിൽ കോടീശ്വരന്മാരും വാണിജ്യപ്രമാണികളുംമാത്രമല്ലുള്ളതെന്നു് ഒരിക്കലും മറക്കാത്തവിധം അന്നു ഞാൻ മനസ്സിലാക്കി.

പിന്നെ ഒരിക്കൽ കാഷ്മീർകാരനായ എന്റെ ഒരു സ്നേഹിതനു് ഇങ്ങനെ ഒരനുഭവം ഉണ്ടായി. മോതിരങ്ങളും സ്വർണ്ണവാച്ചും

ചെയിനും ധരിച്ചു കാശ്മീർരാജ്യത്തിലെ എഞ്ചിനീയരായ അദ്ദേഹം നടക്കാൻ പുറപ്പെട്ടപ്പോൾ ഞാൻ ഒന്നു ഗുണദോഷിച്ചു.

"മി. ഖാൻ, ഈ സ്വർണ്ണമൊന്നും പുറത്തുകാണിക്കേണ്ടാ. ഇതു് ഇൻഡ്യയല്ല, അമേരിക്കയാണു്. എന്റെ അനുഭവം പറകയാണെങ്കിൽ...."

"അതൊന്നും എനിക്കു കേൾക്കേണ്ടാ. ഞാൻ വെറും ഭീരുവായ മദ്രാസിയല്ല, കാശ്മീരിലെ ഒരു മുഹമ്മദീയനാണു്!"

രാത്രി എന്റെ സ്നേഹിതൻ തിരിച്ചുവന്നപ്പോൾ രത്നമോതിരവും വാച്ചും ചെയിനും അപ്രത്യക്ഷമായിരുന്നു.

"എന്താണു ഡോക്ടർ മുക്കർജി! ഇതെന്തുപററി?" എന്നു പല വർഷങ്ങളായി അമേരിക്കയിൽ താമസിച്ചുവന്ന അദ്ദേഹത്തെ നോക്കി ഞാൻ ചോദിച്ചു. അദ്ദേഹത്തിന്റെ മുഖം ചതഞ്ഞുവീർത്തും, കണ്ണു രണ്ടും ചുവന്നുമിരുന്നു. കണ്ണുതുറക്കാൻകൂടി വലിയ പ്രയാസം.

"അയ്യോ, എന്തുപറയേണ്ടു. എനിക്കു് ഒരു 'കിണി' പററി. ഇന്നുച്ചയ്ക്കു ഞാൻ ബാങ്കിൽനിന്നു എഴുപതു ഡോളറുമെടുത്തു കാറിൽ കേറാൻ ചെന്നപ്പോൾ ഒരു മൂലയിൽനിന്നു രണ്ടുകൊള്ളക്കാർ ഓടിവന്നു് എന്റെ കണ്ണിലും മുഖത്തും ഇടിച്ചു. കണ്ണു തുറക്കാൻ പാടില്ലാതെ ഞാൻ ബോധംകെട്ടു് ഉരുണ്ടുവീണു. ബോധംവന്നു് എഴുന്നേററപ്പോൾ എന്റെ പോക്കററിലെ പണസ്സഞ്ചിയും എന്റെ കാറും കണ്ടില്ല.............."

ബാബു സുരേഷ്ഘോഷും ബാബു സുധീർബോസും ഞൊണ്ടി ഞൊണ്ടി നടക്കുന്നു. എന്താണു കാര്യം? തലേരാത്രി രണ്ടു തസ്കരന്മാർ അവരെ പിടികൂടി. പക്ഷേ അവരുടെ കൈവശം ഒരു സെൻറുപോലുമില്ലാതിരുന്നതുകൊണ്ടു കുറെ ചവിട്ടും തൊഴിയുംകൊടുത്തു "നേരത്തെ വീട്ടിൽ പൊയ്ക്കോ! ഇതാ നിങ്ങൾക്കു ടാംക്കൂലി" എന്നുപറഞ്ഞു രണ്ടു നാണയം അവർക്കു ദാനംചെയ്തു. ഭീകരപ്രസ്ഥാനം അമേരിക്കയിലും എന്നു നമ്മുടെ ബംഗാളി ബാബുമാർ ഓർത്തിരിക്കാം............

"ഠോ, ഠോ"—രാത്രി പത്തുമണിക്കു് ആ ഹോട്ടലിൽ കയറി ഒരു സ്ത്രീയും പുരുഷനും സുഖമായ ഭക്ഷണം കഴിച്ചു, പുരുഷൻ കാഷിയരുടെ അടുത്തുചെന്നു പണംകൊടുക്കുവാൻ കൈ നീട്ടിയപ്പോൾ, സ്ത്രീ വെടി പൊട്ടിച്ചു. കാഷിയരെ കൊലപ്പെടുത്തി അയാളുടെ പെട്ടിയിലുള്ള പണവുംകൊണ്ടു് ഇരുവരും ഒരു കാറിൽകയറി കടന്നു............

വേറൊരു കൊള്ള ഞാൻ താമസിച്ചിരുന്ന 'സർവ്വലോകവിദ്യാർത്ഥിമന്ദിര'ത്തിൽ നട്ടപ്പകൽ നടക്കയുണ്ടായി. ഉദ്ദേശം അഞ്ചൂറു

വിദ്യാൎത്ഥികൾ ഉണ്ടായിരുന്ന ആ മന്ദിരത്തിൽ വാല്യക്കാൎക്കും കൂലിക്കാൎക്കുമുള്ള ആഴ്ചശമ്പളം ആകെ മൂവായിരം ഡോളർ ഒരു പെട്ടിയിലാക്കി അതു വിതരണംചെയ്യുന്ന മുറിയിലേക്കു തൽഭാരവാഹികൾ കൊണ്ടുപോകയായിരുന്നു. ഒരു ചെറിയ കോണിയിറങ്ങി ആ മുറിയിലേക്കു കടക്കാൻ ഭാവിച്ചപ്പോൾ പെട്ടെന്നു രണ്ടു യുവാക്കൾ പ്രത്യക്ഷരായി കൈത്തോക്ക് അവരുടെ നെഞ്ചത്തുനീട്ടി ഒരു ചെറിയഅറയിൽ കയററി പണപ്പെട്ടിയും വാങ്ങി പൊയ്ക്കളഞ്ഞു. അവർ നടന്നുപോയ ഹാളിൽ പല വിദ്യാൎത്ഥികൾ ഉണ്ടായിരുന്നിട്ടും ഈ സംഭവമൊന്നും അറിഞ്ഞില്ല. അത്ര സാവധാനത്തിലും ശാന്തതയിലുമാണു കൊള്ളക്കാർ സംഗതികൾ നിൎവ്വഹിച്ചതു്. മൂന്നു മാസത്തിനുശേഷം ഇവർ വേറൊരു കവൎച്ചയ്ക്കു ശ്രമിച്ചതു ഫലപ്പെട്ടില്ല. പിടികിട്ടിയപ്പോൾ അവർ മുമ്പുചെയ്ത കൊള്ളകൾ ഏററുപറഞ്ഞു. ഈ രണ്ടു യുവതസ്കരന്മാരെ തെളിവാവശ്യങ്ങൾക്കായി ഞങ്ങളുടെ മന്ദിരത്തിൽ കൊണ്ടുവന്നു. അവരുടെ യൌവനം കണ്ടു് ഞങ്ങൾ അത്ഭുതപ്പെട്ടു. ഒരുവനു് ഇരുപതുവയസ്സു് മററവനു പതിനെട്ടു്. ഒരുവിധം പഠിപ്പുള്ള അവർ ഭംഗിയിൽ വസ്ത്രധാരണംചെയ്തു ഞങ്ങളുടെ മന്ദിരത്തിൽവന്നു വിദ്യാൎത്ഥികളുമായി പരിചയപ്പെട്ടു് അവിടെയെല്ലാം അലഞ്ഞുതിരിഞ്ഞു നടന്നു കാൎയ്യങ്ങൾ നേരത്തെ മനസ്സിലാക്കിയിരുന്നു.

പണം 'ഇൻഷൂർ' ചെയ്തിരുന്നതുകൊണ്ടു ഞങ്ങളുടെ അധികൃതൎക്കു നഷ്ടമൊന്നും പററിയില്ല. ബാങ്കുകളും കച്ചവടസ്ഥലങ്ങളും ഇപ്രകാരം കൊള്ളക്കാരിൽനിന്നു നഷ്ടം വരാതെയിരിക്കാൻ 'ഇൻഷൂർ' ചെയ്കസാധാരണമാണു്.

മേൽവിവരിച്ച യുവതസ്കരന്മാർ നിസ്സാരന്മാരാണു്. ആൽകപ്പോണി, ജാക്ക്ഡില്ലിൻഗർ, ലെഗ്സ്ഡയമണ്ടു് ഇവരാണു് അമേരിക്കയിലെ തസ്കരത്തലവന്മാർ. ന്യൂയോൎക്കിലെക്കാൾ കൂടുതൽ കൊള്ളക്കാർ ഷിക്കാഗോ പട്ടണത്തിലാണെന്നാണു ധാരണ. ആൽകപ്പോണിയെ അമേരിക്കയിലെ "ഒന്നാംനമ്പരായ സാമുദായികശത്രു" എന്നു പൊല്ലീസുറിപ്പോൎട്ടുകളിൽ വിവരിക്കുന്നെങ്കിലും 'മദ്ദേഹം' വളരെക്കൊല്ലം കിരീടംധരിക്കാത്ത രാജാവായി ഷിക്കാഗോയിൽ വാണിരുന്നു. മേയരേയും പൊല്ലീസ്കമ്മീഷണരെയും മജിസ്ട്രേട്ടന്മാരെയും അദ്ദേഹമാണത്രേ നിയമിക്കുന്നതു്. തിരഞ്ഞെടുപ്പിനു താൻതന്നെ വേണ്ടപണം ചെലവാക്കി വോട്ടു വാങ്ങിയും വോട്ടർമാരെ ഭയപ്പെടുത്തിയും, തന്റെ ചൊല്പടിയിൽ നില്ക്കുന്ന ഒരുത്തനെ തിരഞ്ഞെടുക്കും.

ആ നാട്ടിലെ നിയമമനുസരിച്ചു പൊല്ലീസ്കമ്മീഷണരെയും മജിസ്ത്രേട്ടന്മാരെയും നിയമിക്കുന്നതു മേയറാണ്. ഇങ്ങനെ എവിടെച്ചെന്നാലും ആൽകപ്പോണിയുടെ ആളുകളായിരിക്കും പ്രധാനാധികൃതർ.

“സുപ്രസിദ്ധനായ” ആൽകപ്പോണി ചെറുപ്പത്തിൽ ഇററലിയിൽ നിന്നു് അലഞ്ഞുതിരിഞ്ഞു് അമേരിയ്ക്കയിൽ എത്തി. സത്യമര്യാദകളോടെ ഉപജീവനമാർഗ്ഗംതേടിയതു സാധിക്കാഞ്ഞപ്പോൾ കുറേശ്ശെ കവർച്ച തുടങ്ങി. അതു തുലോം ആദായകരമായ ഒരു മാർഗ്ഗമാണെന്നു കണ്ടു. കച്ചവടക്കാരോടു കൈക്കൂലി ആവശ്യപ്പെട്ടതു കൊടുത്തില്ലെങ്കിൽ പിറേറന്നു് അവരുടെ സ്ഥലം അടിച്ചുപൊടിച്ചു വെണ്ണീറായി കിടക്കുന്നതു കാണാം. അമേരിയ്ക്കയിൽ പാൽ വിതരണം ചെയ്യുന്ന വലിയ കമ്പനികൾ വളരെയുണ്ടു്. കൊള്ളത്തലവൻ അവരുടെ ആഫീസിൽ പ്രവേശിച്ചു: ‘‘എനിക്കു മാസംതോറും പതിനായിരം ഡോളർ തന്നാൽ ഞാൻ നിങ്ങളുടെ സ്ഥാപനം സംരക്ഷിച്ചുകൊള്ളാം. നിങ്ങളും നഷ്ടപ്പെടേണ്ടാ. ഒരു പൈൻറ് പാലിനു് അര സെൻറു വില കൂട്ടിയാൽ മതി. അതു് ആരേയും അത്ര സ്പർശിക്കയില്ല. ഇങ്ങിനെ നിങ്ങൾക്കു് ഇരുപതിനായിരമോ, മുപ്പതിനായിരമോ ഡോളർ കൂടുതൽ കിട്ടും.” ഇതിനനുകൂലിച്ചില്ലെങ്കിലോ, നമ്മുടെ നാട്ടിൽ മണ്ണെണ്ണ കൊണ്ടുപോകുന്നതുപോലെ പാൽ കൊണ്ടുപോകുന്ന തീവണ്ടി മറിഞ്ഞു തകന്നു കിടക്കും. ഇങ്ങിനെ എല്ലാ കച്ചവടക്കാരും ആൽകപ്പോണിയ്ക്കു ‘‘സംരക്ഷണധനം” കൊടുക്കണം.

ആൽ കപ്പോണിയെപ്പോലെ വേറൊരു കൊള്ളത്തലവനും ഈ വിദ്യയുംകൊണ്ടു മേല്പറഞ്ഞ പാൽക്കമ്പനിയിൽ ചെല്ലുമെന്നിരിക്കട്ടെ. ഈ കാര്യം അദ്ദേഹത്തെ അറിയിച്ചാലുടൻ പരിവാരസമേതം സ്ഥലത്തെത്തി വലിയ യുദ്ധമായി. ഒടുവിൽ ആൽകപ്പോണിയുടെ “സൈന്യം” ജയിക്കുന്നു.

ആൽകപ്പോണി ധർമ്മിഷ്ഠൻ കൂടിയാണത്രേ. വിധവകൾക്കു വസ്ത്രം നൽകുന്നതിലും സാധു ബാലികാബാലന്മാർക്കു് ഉച്ചഭക്ഷണം കൊടുക്കുന്നതിലും അദ്ദേഹത്തിനു വലിയ സന്തോഷമാണെന്നു കേട്ടിട്ടുണ്ടു്. വസതി കൊട്ടാരംപോലെയാണു്. ഭരണം സർക്കാരിലെന്നപോലെ കൃത്യമായി നടക്കുന്നു. കണക്കെഴുത്തുകാർ നിയമോപദേഷ്ടാക്കൾ എന്നിങ്ങിനെ വേണ്ട ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിൻെറ ശമ്പളത്തിലുണ്ടു്. ഒരു പ്രസിദ്ധ സർവ്വകലാശാലാ പ്രൊഫസർ അദ്ദേഹത്തിൻെറ ധനകാര്യമന്ത്രിയായിരുന്നു എന്നും കേട്ടിട്ടുണ്ടു്.

അമേരിക്കയിൽ മദ്യനിരോധനം തുടങ്ങിയപ്പോൾ ആൽകപ്പോണിയുടെ നല്ല കാലം തെളിഞ്ഞു. ഇംഗ്ലണ്ടിൽനിന്ന വ്യാജമദ്യംകൊണ്ടുവന്ന വിററുതുടങ്ങി. കപ്പലുകൾ, ഉദ്യോഗസ്ഥന്മാർ അങ്ങിനെ ഓരോ വകുപ്പ്. ഈ ഇനങ്ങളിൽനിന്നെല്ലാമുള്ള വരുമാനം കോടീശ്വരനായ റോക്ഫെല്ലക്കുകൂടി അസൂയതോന്നത്തക്കവണ്ണം വലുതായിരുന്നു. റൂസ്‌വെൽററ് അമേരിക്കയിലെ പ്രസിഡണ്ടായശേഷം പൊല്ലീസുഭരണം പരിഷ്ക്കരിച്ചും ചില പുതിയ നിയമങ്ങൾ സൃഷ്ടിച്ചും ഈ കൊള്ളക്കാരെ അമർച്ചചെയ്യാൻ ശ്രമിച്ചെങ്കിലും ആൽകപ്പോണിയെ പ്രത്യേകം ഒരു കുററംചുമത്തി ശിക്ഷിക്കാൻ സാധിച്ചില്ല. അതിന് അദ്ദേഹം പിടികൊടുത്തില്ല. ഒടുവിൽ ശരിയായ ആദായനികുതി കൊടുക്കാതെ സക്കാരിനെ വഞ്ചിക്കാൻ ശ്രമിച്ചു എന്ന കുററം ചുമത്തി "സമുദായശത്രുക്കളിൽ അഗ്രഗണ്യനായ" കപ്പോണിയെ ഏഴുകൊല്ലം വെറുംതടവിന്ന ശിക്ഷിച്ചു. എന്നാൽ കാരാഗൃഹം കൊട്ടാരമാക്കാനുള്ള സ്വാധീനം ഈയാൾക്കുണ്ട്.

കേരളസാഹിത്യ അക്കാദമി

ലിൻഡ്ബർഗ്ഗ് ശിശുവിന്റെ കഥ ഭൂലോകമൊട്ടുക്കും പ്രസിദ്ധമാണല്ലോ.... ഒരു കോടീശ്വരനെ കാറിൽനിന്നുപിടിച്ചുവലിച്ചു കൊണ്ടുപോയി ദൂരെ ഒരുവീടിന്റെ മതിലിന്നുള്ളിലുണ്ടാക്കിയ അറയിൽ താമസിപ്പിച്ച്, അദ്ദേഹത്തിന്റെ ഭായ്യയെ ഭീഷണിപ്പെടുത്തി ഒരു നല്ല സംഖ്യ 'സമ്മാനം' വാങ്ങിയശേഷമേ വിട്ടയച്ചുള്ളു എന്ന കേട്ടിട്ടുണ്ട്.

ഐക്യനാട്ടിലാകമാനം ഒരു വർഷത്തിൽ പന്തീരായിരം കൊലപാതകം നടക്കുന്നുണ്ടത്രേ. ഇതിൽ മുന്നൂററിപ്പന്ത്രണ്ടും ന്യൂയോക്കിൽ തന്നെയാണ്. ഈ കൊലപാതകക്കേസ്സുകളിൽ ഏഴുമാത്രമേ ശിക്ഷയിൽ അവസാനിക്കുന്നുള്ളൂ. ലണ്ടൻനഗരത്തിൽ ശരാശരി പതിനെട്ടു കൊലപാതകക്കേസ്സുകളുള്ളതിൽ പതിനൊന്നും ശിക്ഷിക്കപ്പെടുന്നു. ഈ വ്യത്യാസത്തിൽ അന്തർലയിച്ചിരിക്കുന്ന രഹസ്യം, ലണ്ടൻപൊല്ലീസ് സമത്ഥരും, സത്യസന്ധരുമാണെന്നാകുന്നു. അമേരിക്കൻപൊല്ലിസ് സമത്ഥന്മാരായിരിക്കാം, പക്ഷെ എല്ലാവരും സത്യസന്ധരല്ല. അവിടത്തെ ജഡ്ജിമാരും മജിസ്ത്രേട്ടന്മാരും കൊള്ളക്കാരുടെ കൂട്ടാളികളാണ്. ഇക്കൂട്ടരുടെ ഗൃഹങ്ങൾ ചിലപ്പോൾ രഹസ്യപ്പൊല്ലീസുകാർ പരിശോധിക്കുമ്പോൾ, കൊള്ളത്തലവന്മാരും മജിസ്ത്രേട്ടന്മാരും ഒന്നിച്ചു കുടിച്ചുല്ലസിച്ചിരിക്കുന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. . ആ നാട്ടിൽ പതിനയ്യായിരം കിഡ്നാപ്പിങ്ങ് (ആൾപ്പിടുത്തങ്ങൾ) ആണ്ടുതോറും

നടക്കുന്നു. ന്യൂയോർക്കുനഗരത്തിൽത്തന്നെ മുപ്പതിനായിരം കള്ളപ്പുള്ളികൾ അലഞ്ഞുതിരിഞ്ഞു തങ്ങളുടെ പ്രവൃത്തി നിർബ്ബാധം നടത്തി വരുന്നു.

ന്യൂയോർക്കുനഗരത്തിനുതൊട്ടു തന്നെയാണ് ആ നാട്ടിലെ ഏററവും വിപുലമായ 'സിംഗ് സിംഗ്' കാരാഗൃഹം. ഈ സ്ഥാപനത്തിനു സമീപമകലെ കോടീശ്വരനായ റോക്ഫെല്ലരുടെ ഒരു മന്ദിരമുണ്ട്. സിംഗ് സിംഗ് ജയിലിൽ തൊള്ളായിരം തടവുകാർ കവർച്ചക്കുററത്തിനു ശിക്ഷയേററു കിടക്കുന്നു. അവർ എല്ലാവരുംകൂടി കൊള്ളചെയ്തെടുത്തതു മൂന്നേമുക്കാൽ ലക്ഷം ഡോളറാണത്രേ. ഇവർക്കെല്ലാവർക്കുംകൂടി കൊടുത്ത ശിക്ഷ പന്തീരായിരത്തിമുന്നൂററിഎൺപത്തൊമ്പതു വർഷത്തെ തടവാണ്. എന്നാൽ അമേരിക്കയിൽ ജയിൽവാസം അത്ര സങ്കടകരമല്ല.

ഒരിക്കൽ ഞാൻ സിംഗ് സിംഗ് ജയിൽ സന്ദർശിക്കയുണ്ടായി. ഹഡ്സൺനദീതീരത്ത് അതിവിശാലമായ ഒരു സ്ഥലത്താണ് ഈ ജയിൽ. നാലുവശത്തുമുള്ള ഉന്നതഗോപുരങ്ങളിൽനിന്നു പട്ടാളക്കാർ ഭൂതക്കണ്ണാടികളിലൂടെ സദാ ചുററുപാടും നോക്കിക്കൊണ്ടിരിക്കുന്നു. വല്ല പുള്ളികളും മതിൽ ചാടിയോ, വെള്ളത്തിൽ നീന്തിയോ, വിമാനം വഴിയോ രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ടോ എന്നാണു നോക്കുന്നത്. എൻെറ ജർമ്മൻസ്നേഹിതൻ ഞങ്ങളിരുന്ന കാർ ദ്രുതഗതിയിൽ ഓടിച്ചു ജയിൽ വളപ്പിൽ പ്രവേശിക്കാൻ ശ്രമിച്ചു. "നിറുത്തണം" എന്ന് ഒരു ഉത്തരവു ഞാൻ കേട്ടു. ആൽബനിയിൽപോയി സർക്കാരിൽ അനുവാദപത്രം വാങ്ങിക്കൊണ്ടുവന്നാലേ കാഴ്ചക്കാർക്ക് അവിടെ പ്രവേശനം കിട്ടുകയുള്ളു.

ആൽബനിക്കു പത്തിരുപതുമൈൽ ദൂരമുണ്ട്. തല്ക്കാലം അവിടെയെല്ലാം ഒന്ന് എത്തിനോക്കാമെന്നു വിചാരിച്ചു ചുററിനടന്നു.

നട്ടുച്ചസമയത്തു തടവുകാർ സന്തോഷഭരിതരായി ആർത്തുവിളിച്ചു പന്തുകളിക്കുന്നതുകണ്ടു. അവരുടെ വിനോദത്തിനു ചലചിത്രപ്രദർശനം ചിലപ്പോഴെല്ലാം നടത്താറുണ്ട്. സമയത്തിനു തിരിച്ചു വരാമെന്നുള്ള ചില പ്രത്യേക കരാറുകൾ ചെയ്താൽ, ക്രിസ്സ്മസ് മുതലായ സന്തോഷസന്ദർഭങ്ങളിൽ വീട്ടിൽപ്പോയി കുടുംബത്തോടുകൂടി താമസിക്കാൻ അവരെ അനുവദിക്കും.

മററു രാജ്യങ്ങളെ അപേക്ഷിച്ച് ഐക്യനാട്ടിൽ ഇത്തരം കൊള്ളയും കൊലപാതകവും ആൾപിടിത്തവും കൂടുതലുള്ളതെന്തുകൊണ്ടാണ്?

ഒന്നാമത്തു, യൂറോപ്പിൽ ഒരു ഗതിയുമില്ലാതെ നടക്കുന്നവരാണു് അമേരിയ്ക്കയിൽ കുടിയേറിത്താമസിയ്ക്കുവാൻ ചെല്ലുന്നതു്. ഭാവിപൌരന്മാൎക്കു് അക്ഷരാഭ്യാസം സ്വഭാവസംസ്കാരം മുതലായ വിശേഷങ്ങൾ വേണമെന്നു തദ്ദേശീയഗവൎമ്മെണ്ടു നിൎദ്ദേശിക്കുന്നുണ്ടെങ്കിലും ഈ നിയമങ്ങളെല്ലാം കവച്ചു പലരും ആ നാട്ടിൽ കടന്നുകൂടുന്നുണ്ടു്. ഇററലിയിലെ പല "തഗ്ഗന്മാരും" അധിനിവേശാധികൃതൎക്കു കൈക്കൂലി കൊടുത്തു് വ്യാജച്ചുരക്കായി ആ രാജ്യത്തിനുള്ളിൽ പ്രവേശിക്കുന്നു.

രണ്ടാമത്തു്, ഇംഗ്ലണ്ടു് ഫ്രാൻസ് മുതലായ പരിഷ്കൃതരാജ്യങ്ങളിലുള്ളതുപോലെ പൌരബോധവും കുലശ്രേഷ്ഠതയുമുള്ള കുടുംബങ്ങൾ ആ നാട്ടിൽ അപൂൎവ്വമായിട്ടേയുള്ളു. കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ എന്നാണു് അന്നാട്ടുകാരിൽ മിക്കവരുടെയും മതം. ധനാരാധന അവൎക്കു കുറെ അധികമാണു്. ഒരുവൻ ഏതു എളുപ്പത്തിൽ ധനം സമ്പാദിക്കുന്നോ, അത്രയും അവൻ മിടുക്കനായി. കൊള്ളയും കവൎച്ചയുമാണല്ലൊ ഇതിനു് എളുപ്പമുള്ള മാൎഗ്ഗം. ഈശ്വരനെയും മനുഷ്യനെയും പേടിയില്ലാത്ത ഒരു കൂട്ടരാണു് അമേരിയ്ക്കർ.

മൂന്നാമത്തു്, ഐക്യനാട്ടിന്റെ കിടപ്പുതന്നെ. പല പ്രദേശങ്ങളും ജനശൂന്യമായും വനാന്തരമായും കിടക്കുന്നു. തെക്കും പടിഞ്ഞാറുമുള്ള പല പ്രദേശങ്ങളും ഈ തരത്തിലാണു്. റോക്കി മലകളും, ഡെക്കോട്ടാ അരിസോണാ മുതലായ മണലാരണ്യങ്ങളും ഇതിനുദാഹരണങ്ങളാകുന്നു. ഭാരതത്തിന്റെ മൂന്നിലൊരംശംകൂടി വിസ്താരമുള്ള ഐക്യനാട്ടിൽ നമ്മുടെ നാട്ടിലുള്ളതിന്റെ മൂന്നിലൊരംശം ജനങ്ങളേ ഉള്ളു. ഉൾപ്രദേശങ്ങളിൽച്ചെന്നാൽ അഞ്ചും ആറും നാഴിക വിട്ടേ വീടുകൾ ഉണ്ടായിരിക്കു.

ഏററവും പ്രധാനമായി നാലാമതൊരു കാരണമുള്ളതു്, ആ രാജ്യത്തിന്റെ ഭരണവിഭജനമാണു്. ഐക്യനാടു പല സംസ്ഥാനങ്ങൾകൂടിച്ചേൎന്നതാണല്ലോ. അധീശഗവൎമ്മെണ്ടു് ഒന്നാണെങ്കിലും ഓരോ സംസ്ഥാനത്തിനും പ്രത്യേക അവകാശങ്ങളും അധികാരങ്ങളുമുണ്ടു്. കൊള്ളക്കാർ ഒരു സംസ്ഥാനം മാറിത്താമസിച്ചാൽ ഉദ്യോഗസ്ഥന്മാൎക്കു അവരെ പിന്തുടരുവാനോ അറസ്റ്റു് ചെയ്യാനോ അധികാരമില്ല; ചില കുററങ്ങളെസ്സംബന്ധിച്ചിടത്തോളം ഫെഡറൽ പോലീസുദ്യോഗസ്ഥന്മാൎക്കേ ഈ അധികാരമുള്ളു.

നവീനശാസ്ത്രങ്ങൾ കൊള്ളക്കാരെ സഹായിക്കുന്നതായിക്കാണപ്പെടുന്നു. ടെലിഫോൺ റേഡിയോ മോട്ടോർകാർ എന്നിവ കൊള്ള

ചെയ്യാനും കൊള്ളക്കാരെ കണ്ടുപിടിക്കുവാനും ഒരുപോലെ സഹായിക്കുന്നു. 'അസിററിലയിൻ' ജ്വാല ഉപയോഗിച്ചു ബാങ്കുകളിലെ ഇരിമ്പുപെട്ടികളും അറകളും പൊളിക്കാം. അപ്പോൾ ഗവേഷകന്മാർ ഉരുകാത്ത പുതിയ ഒരു ലോഹം നിർമ്മിക്കുന്നു. കൊള്ളത്തലവന്മാക്കുമുണ്ടു ഗവേഷകന്മാർ. അവർ അതിനു പ്രതിവിധി കണ്ടുപിടിക്കുന്നു. ഇങ്ങനെ ഗവേഷകന്മാർ തമ്മിൽ മത്സരം.

---

19. കാപ്പിരികൾ

വെള്ളക്കാരുടെ അഗ്രഹാരങ്ങൾ—കാപ്പിരികൾക്കു പ്രത്യേക നഗരവിഭാഗം—"ഹിമാലയൻ" പൗഡറിന്റെയും, "ഗംഗ" ക്രീമിന്റെയും ഉല്പാദനവും വിതരണവും—കാപ്പിരിസംസ്കാരം.

കേരള സാഹിത്യ അക്കാദമി

വെള്ളക്കടലാസ്സിൽ മഷിവീണതുപോലെ, അമേരിക്കയിൽ വെള്ളക്കാരുടെയിടയിൽ കാപ്പിരികൾ നിവസിച്ചുവരുന്നു. എന്നാൽ വെള്ളക്കാരും കാപ്പിരികളും ഇടകലർന്നു വീടുവെച്ചു താമസിക്കുവാൻ അനുവാദമില്ല. ഈ രണ്ടു ജാതിക്കാരും ഒന്നിച്ചു ജീവിച്ചുകൂടാ എന്ന് ഒരു നിയമമില്ലെങ്കിലും, സാമൂഹ്യജീവിതരീതിയിൽ അങ്ങിനെ നടപ്പില്ലെന്നേയുള്ളു. ന്യൂയോർക്കുനഗരത്തിൽ ജാതിതിരിച്ച് അനവധി വിഭാഗങ്ങളുണ്ട്. അതിന്റെ കിഴക്കുഭാഗങ്ങളിൽ മുക്കാലും സാധുക്കളായ യഹൂദരാണ് താമസം. ധനവാന്മാർ—യഹൂദനും ക്രിസ്ത്യാനിയും—കോടീശ്വരന്മാരുടെ വീഥി എന്നു ലോകപ്രസിദ്ധിനേടിയ ഫിഫ്ത്ത് അവന്യൂയിലും പാർക്ക് അവന്യൂയിലും പാർത്തുവരുന്നു. എന്നാൽ ഒരു കാപ്പിരി എത്ര ധനികനായാലും അയാൾ ഈ രണ്ടു വീഥിയിലേക്കും എത്തിനോക്കിക്കൂടാ. എത്ര പൊന്നുവില കൊടുത്താലും ഇവിടെ വെള്ളക്കാർ കാപ്പിരിക്കു സ്ഥലം വിൽക്കയില്ല. വെള്ളത്തൊലിക്കാർതമ്മിൽ അങ്ങിനെ ഒരു ഗൂഢക്കരാറുണ്ട്. കാപ്പിരിക്ക് ഈ അഗ്രഹാരങ്ങളിൽ വേലക്കാരന്റെയോ, കൂലിക്കാരന്റെയോ നിലയിലേ പ്രവേശനമുള്ളു.

ന്യൂയോർക്കിൽ കാപ്പിരികൾ ഒന്നിച്ചുപാർക്കുന്ന വിഭാഗമാണ് ഹാർലം. അമേരിക്കയിൽ ആകെ പന്ത്രണ്ടുകോടി ജനങ്ങളുള്ളതിൽ ഒന്നേകാൽകോടി അതായത്, പത്തിലൊന്നു കാപ്പിരികളാകുന്നു.

കാപ്പിരികളിൽ ഭൂരിപക്ഷവും തെക്കൻപ്രദേശങ്ങളിലാണ് താമസമെങ്കിലും, ന്യൂയോർക്കുനഗരത്തിൽത്തന്നെ മൂന്നുലക്ഷത്തോളമുണ്ട്. ഈ മൂന്നുലക്ഷം കാപ്പിരികളുടെ കേന്ദ്രമാണ് ഹാർലം. അതിനെ അവരുടെ സർവലോകതലസ്ഥാനമെന്നു പറയാം. വെളുത്ത മുഖത്തു കറുത്ത കുണ്ണ് എന്ന മട്ടിൽ ആ മഹാനഗരിയുടെ മദ്ധ്യത്തിൽത്തന്നെയാണ് ഹാർലം സ്ഥിതിചെയ്യുന്നത്. ഇവിടത്തെ കാഴ്ച ഇരുളടഞ്ഞതുതന്നെ. വെള്ളക്കാരെ കണികാണാൻ കിട്ടുകയില്ല. നേരേമറിച്ച് 'കിങ്കി'ച്ചുരുളൻ തലമുടിയും തടിച്ച ചുണ്ടും തള്ളിയ ചെവിയുമുള്ള കാപ്പിരികളെയാണ് ഇവിടെ കാണുന്നത്. ആഫ്രിക്കാഖണ്ഡത്തിന്റെ ഒരുമൂല അമേരിക്കയിൽ കൊണ്ടുവന്നുസ്ഥാപിച്ചതാണ് ഹാർലം എന്നു തോന്നും.

കാപ്പിരിസ്ത്രീകൾ സാധാരണമായി വേണ്ടതിലധികം വണ്ണമുള്ളവരാണ്. പുരുഷന്മാരും നല്ല അരോഗദൃഢഗാത്രർ. അവർ താമസിക്കുന്നവീടുകൾ വെള്ളക്കാരുടേതുപോലെതന്നെ വലുതും ഭംഗിയിൽ അലങ്കരിക്കപ്പെട്ടതുമാകുന്നു........................

മദ്ധ്യവേനലൊഴിവിനു ഞങ്ങളുടെ കോളജ് രണ്ടുമാസം പൂട്ടിയപ്പോൾ, ഇൻഡ്യാക്കാരായ എട്ടു വിദ്യാർത്ഥികൾകൂടി ഞങ്ങളുടെ തല്ക്കാലച്ചെലവു നടത്തുവാനും വരുന്നവർഷത്തെ ഫീസ്‌വക തുകകൾ ശേഖരിക്കുവാനും ഉദ്യമംതുടങ്ങി. രസതന്ത്രശാസ്ത്രം പഠിച്ച് എം.എസ്.സി. ഡിഗ്രി സമ്പാദിച്ച ബാബു രാമമോഹൻ ചാററർജി ഒടുവിൽ ഒരു വിദ്യ കണ്ടുപിടിച്ചു. വെള്ളക്കാരുപയോഗിക്കുന്ന പൌഡറും ക്രീമും കാപ്പിരികളുടെ നിറത്തിനും ത്വക്‌സ്വഭാവത്തിനും യോജിച്ചതല്ലെന്നു തീരുമാനിച്ച്, അവരുടെ ആവശ്യത്തിലേക്കു പ്രത്യേകം ഒരുതരം പൌഡറും ക്രീമും ഉണ്ടാക്കാൻ അദ്ദേഹം സംരംഭങ്ങൾ ആരംഭിച്ചു. "ആ നാട്ടിലുള്ള സകല കാപ്പിരികളും ഞങ്ങളുടെ പൌഡറും ക്രീമും മാത്രമേ വാങ്ങൂ; അതിനുശേഷം കാപ്പിരികളെ വെളുപ്പിക്കാനും അവരുടെ മുടി വലിച്ചു നേരെയാക്കാനും വേറൊരൗഷധവും കണ്ടുപിടിക്കണം." ഇങ്ങനെ ഞങ്ങൾ മനസ്സുകൊണ്ടു കോട്ടകെട്ടി കോടീശ്വരന്മാരായി.

ചാററർജി ബാബുവിന്റെ ചെറിയമുറിയിൽവെച്ചുതന്നെ പൌഡറും ക്രീമും തയ്യാറാക്കി. കമ്പോളത്തിൽ കിട്ടുന്ന പ്രസിദ്ധിയുള്ള മററു പൌഡറിനേയും ക്രീമിനേയും അപേക്ഷിച്ചു കൂടുതൽ ദോഷമൊന്നും ഞങ്ങളുടെ 'ഹിമാലയൻ' പൌഡറും 'ഗംഗാ'ക്രീമും ചെയ്യുകയില്ലെന്നു

നിർമ്മിതാവു തീർത്തുപറഞ്ഞു. കുപ്പിയും ലേബലും കൌതുകംതന്നെ. പൌഡറും ക്രീമും വില്ക്കാനായി ഹാർലത്തിലേക്കു ഞങ്ങൾ പുറപ്പെട്ടു. പുരുഷന്മാരില്ലാത്ത തക്കംനോക്കിയിട്ടു വീടുകളിൽച്ചെല്ലാവു എന്നൊരു ഗുണദോഷവും വിരുതനായ ബാബുജി ഞങ്ങൾക്കു നൽകി.

"മദാം, ഞാൻ ഇൻഡ്യാക്കാരനാണ്." പിന്നെ അവരുടെ മുഖത്തുനോക്കി: "നാമിരുവരും ഒരു ജാതി; ഒരു നിറം. അനേകയുഗങ്ങളായി ഞങ്ങളുടെ സ്ത്രീകൾ ഉപയോഗിച്ചു സൌന്ദര്യം വർദ്ധിപ്പിച്ചുപോന്ന 'ഹിമാലയൻ' പൌഡറും, 'ഗംഗാ'ക്രീമും വില്പാനുണ്ട്. വെള്ളക്കാരുണ്ടാക്കുന്നതൊന്നും നമ്മുടെ നിറക്കാർക്കു പറവകയില്ല. പുറമേ, ഈ പൌഡർ സാധാരണമാതിരി ഉണ്ടാക്കിയതല്ല. ഹിമാലയത്തിലെ മഞ്ഞെടുത്ത് അതിൻെറ താഴ്വരകളിൽ ചുരുക്കമായിമാത്രം വളരുന്ന താമരപ്പൂവിൻെറ ലതകളുണക്കി കൂട്ടിച്ചേർത്തുണ്ടാക്കിയതാണ്. ക്രീമാണെങ്കിൽ, കൈലാസപർവ്വതത്തിൽമാത്രം ജീവിക്കുന്ന ഒട്ടകത്തിൻെറ പാൽ കൂട്ടിച്ചേർത്തു പാകംചെയ്തതാണ്. സർവ്വലോകജ്ഞാനസമ്പന്നരായ ഋഷീശ്വരന്മാരാൽ നിർദ്ദിഷ്ടമായ കുറിപ്പനുസരിച്ചാണ് ഇതെല്ലാം തെയ്യാറാക്കിയിരിക്കുന്നതു്. ഒരു ഡോളർ തന്ന് ഇവ രണ്ടും വാങ്ങി ഒന്നു പരീക്ഷിക്കുവിൻ! മദാം, രണ്ടുമാസം ഉപയോഗിച്ചാൽ താങ്കളുടെ നിറത്തിനു വരുന്ന വ്യത്യാസം കണ്ടാലേ മനസ്സിലാവൂ!"

ഒററശ്വാസത്തിൽ ഇതെല്ലാം തട്ടിമൂളിച്ചു. ഹിമാലയപർവ്വതത്തിലെ മഞ്ഞു, കൈലാസത്തിലെ ഒട്ടകം! ചാററർജിബാബു ഒരു കവികൂടിയായിരുന്നു. ക്രീമിൻെറ ഫലം കാണിയ്ക്കുവാൻ 'സാമ്പിളായി' ഒന്നു പുരട്ടിക്കൊള്ളട്ടെ? "ഓഹോ!" ക്രീം പുരട്ടിയപ്പോൾ, മാസത്തിൽ ഒരിക്കൽമാത്രം കുളിക്കുന്ന അവരുടെ ദേഹത്തുനിന്നു ചെളി ഇളകുകയാൽ, നമ്മുടെ കാപ്പിരിമദാമ്മ സന്തോഷഭരിതയായി സാമാനം വാങ്ങുന്നു. ഈ വില്പനയിൽ എന്നെക്കാൾ കൂടുതല സാമർത്ഥ്യം പ്രദർശിപ്പിച്ചതു വേറൊരു മലയാളിസ്നേഹിതനാണ്. എന്നാൽ ഞങ്ങൾക്കാർക്കും കോടീശ്വരനാകാൻ സാധിച്ചില്ല.

ഇങ്ങിനെ കാപ്പിരികളുടെ വീടുകൾ ഒരുവിധം കണ്ടു മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. കട്ടിൽ, മേശ, റേഡിയോ മുതലായ സാമഗ്രികളില്ലാത്ത വീടില്ല. ഇംഗ്ലീഷുകാർ സംസാരിക്കുന്ന ഇംഗ്ലീഷും, അമേരിയ്ക്കരുടെ ഇംഗ്ലീഷും തമ്മിൽ വളരെ വ്യത്യാസമുള്ളതുപോലെ, കാപ്പിരി ഇംഗ്ലീഷും പ്രത്യേകമൊന്നാണ്. ബുക്കർ ടി. വാഷിംഗ്ടൺ

പോൾറാബിസൺ എന്നിവരെപ്പോലെ പഠിപ്പും പണവും പ്രസിദ്ധിയുമുള്ള കാപ്പിരികൾ ചുരുക്കമായെങ്കിലും അമേരിക്കയിലുണ്ടു്. എന്നാൽ മിക്ക കാപ്പിരിസ്ത്രീപുരുഷന്മാരും വീട്ടുവേല ചെയ്താണു് ഉപജീവനംകഴിക്കുന്നതു്. അവക്കു വെള്ളക്കാരേക്കാൾ ബുദ്ധി കുറവാണെന്നാണു സാധാരണ വിശ്വസിക്കപ്പെടുന്നതു്. അതു ശാസ്ത്രീയമായി ശരിയാണോ എന്നെനിക്കറിവില്ല. കായികാഭ്യാസങ്ങളിലും നൃത്തത്തിലും സംഗീതത്തിലും അവക്കു പ്രത്യേകവാസനയുണ്ടു്. ജാസ്സ് എന്ന സംഗീതരീതിയും 'നീഗ്രോസ്പിരിച്വൽ' എന്ന കീത്തനങ്ങളും ഈ വഗ്ഗക്കാരുടെ സ്വന്തം നിമ്മാണമാകുന്നു.

ചില കാപ്പിരികവികളും ചിത്രമെഴുത്തുകാരും ലോകപ്രസിദ്ധി നേടിയിട്ടുണ്ടു്. ഇവരുടെ പേരു വെള്ളക്കാരുടെതന്നെയാകകൊണ്ടു് അവരുടെ ജാതി നമുക്കു മനസ്സിലാകുന്നില്ല. എത്ര വിശ്വവിഖ്യാതരായാലും വെള്ളക്കാർ ഇവരെ "നിഗ്ഗർ" എന്നും വെറും കറുമ്പൻ എന്നത്ഥമുള്ള "ബ്ളാക്കി" "ഡാക്കി" എന്നുമാണു് ആക്ഷേപസൂചകമായി സാധാരണ പറയാറുള്ളതു്. അടിമവ്യവസായം നടപ്പിലിരുന്നപ്പോൾ "നിഗ്ഗർ" ഒന്നിനു് അഞ്ഞൂറുരൂപാ വിലയുണ്ടായിരുന്നത്രേ!

സംഗീതത്തിലും കായികാഭ്യാസത്തിലും മത്സരക്കളികളിലും കാപ്പിരികൾ അതിസമത്ഥരാണു്. ഫുട്ബോൾകളിക്കാരനും ഇടിക്കാരനും ജോ ലൂയിയെപ്പോലെ ഈ വഗ്ഗത്തിൽപ്പെട്ടവരാകുന്നു. ബെർലിനിൽവെച്ചു നടന്ന ഒളിമ്പിക്കുമത്സരക്കളികളിൽ മിക്ക സമ്മാനങ്ങൾക്കും അർഹനായവൻ ഒരു നീഗ്രോ ആയിരുന്നതുകൊണ്ടു ധവളവഗ്ഗപ്രമാണിയായ ഹിറ്റ്ലക്കു വലിയ ക്ഷോഭത്തിനു കാരണമായി. പക്ഷെ എന്തുചെയ്യാം!

1790-ൽ അമേരിക്കയിൽ ഏഴുലക്ഷം കാപ്പിരികൾ അടിമത്വത്തിൽ ജീവിച്ചിരുന്നതു് 1860-ൽ നാല്പതുലക്ഷമായി. മുന്നൂറിൽക്കൂടുതൽ അടിമകളുള്ള വെള്ളക്കാർ അപൂർവ്വമല്ലായിരുന്നു. കന്നുകാലികളെപ്പോലെ ഇവരെ ക്രയവിക്രയംചെയ്യുകയും മറ്റും പലവിധത്തിൽ കഷ്ടപ്പെടുത്തുകയുംചെയ്തുവന്നു. വെള്ളക്കാർ കാപ്പിരികളോടു കാണിച്ച അക്രമങ്ങളും നിഷ്ഠൂരപ്രവൃത്തികളും ഹൃദയംഗമമായി വണ്ണിച്ചു് മിസ്സസ് ഹാരിയററ് ബീച്ചർസ്റ്റോവു് എന്ന അമേരിക്കൻ ഗ്രന്ഥകാരി "അങ്കിൾ ടാംസ് കാബിൻ" എന്ന പ്രക്ഷോഭകരമായ ആഖ്യായിക ആയിടക്കു പ്രസിദ്ധംചെയ്തു. ഇതിന്റെ ഫലമായി ലിങ്കൺ, കാപ്പിരികൾക്കു സ്വാതന്ത്ര്യംകൊടുത്തു. ഈ സ്വാതന്ത്ര്യപ്രഖ്യാപനംനിമിത്തം

അമേരിക്കയിൽ വലിയ ഒരു ആഭ്യന്തരകലഹം ഉണ്ടായെങ്കിലും അവസാനം ലിങ്കൺതന്നെ ജയിച്ചു. അന്നുമുതൽ കാപ്പിരികൾ പരിശ്രമശീലരും ഉത്തരവാദിത്വമുള്ളവരുമായി. ബുക്കർ ടി. വാഷിംഗ്ടൺ മുതലായ നേതാക്കന്മാരുടെ നിരന്തരശ്രമഫലമായി ഇവർ അനവധി ദേവാലയങ്ങളും, കോളെജുകളും സ്ഥാപിച്ചിരിക്കുന്നു. ഒരൊററ തനികാപ്പിരിപോലും ഇപ്പോൾ അമേരിക്കയിലില്ല. കാലക്രമേണ കാപ്പിരികളുടെ കറുപ്പുനിറം ഭേദപ്പെട്ടു ചെമ്പുനിറമാകുമെന്നാണ് പ്രതീക്ഷ. തെക്കേ അമേരിക്കയിൽ വെള്ളക്കാരും കാപ്പിരികളും ഇടകലർന്നുണ്ടാകുന്ന സന്താനങ്ങളെ നിറത്തിന്റെ മാററിനുള്ള കൂടുതൽകുറവനുസരിച്ച് "ഒക്ടറൂൺ" "ക്വാഡ്രൂൺ" "മുളാററോ" എന്നു പല ജാതികളായി തിരിച്ചിട്ടുണ്ട്. പ്രസിദ്ധ ഗ്രന്ഥകാരനായ അലക്സാണ്ഡർ ഡ്യൂമാ ഒരു മുളാററോ ആയിരുന്നു എന്നതു പ്രസ്താവയോഗ്യമാണ്. എന്നാൽ "ഭൂലോകസ്വർഗ്ഗമായ" ഐക്യനാട്ടിൽ കാപ്പിരി എത്ര വെളുത്താലും കാപ്പിരിതന്നെ. കാപ്പിരികളുടെ ക്രമാതീതമായ വർദ്ധനകൊണ്ടു വെള്ളക്കാർ ഭയപ്പെടുന്നു. അവരെ ഐക്യനാട്ടിൽനിന്ന് ഓടിക്കുവാൻ പല ശ്രമങ്ങൾ നടത്തുകയുണ്ടായി. ആഫ്രിക്കാഖണ്ഡത്തിൽ ലൈബീറിയ എന്നൊരു പുതിയ സംസ്ഥാനം സൃഷ്ടിച്ചു കാപ്പിരികളെ അവിടെ കുടിയേറിത്താമസിക്കാൻ വെള്ളക്കാർ പ്രോത്സാഹിപ്പിച്ചു. പലവിധത്തിലും അസമത്വം അനുഭവിക്കുന്ന സ്വാഭിമാനികളായ കാപ്പിരിനേതാക്കന്മാരും ഈ ഉദ്യമത്തെ ആദ്യം സ്വാഗതം ചെയ്തെങ്കിലും അതു പ്രയോഗത്തിൽവന്നില്ല. അതിനു കാരണം, വെള്ളക്കാരെപ്പോലെ കാപ്പിരികളും അമേരിക്കാ തങ്ങളുടെയും സ്വദേശമായി കരുതിവരുന്നതാകുന്നു.

---

20. ന്യൂയോർക്കിലെ സ്റ്റോക്ക് എക്സ്ചേഞ്ച്

പ്രതിദിനം മുപ്പതും നാല്പതും കോടി രൂപ വിലയ്ക്കുള്ള ഓഹരികൾ കൈമാററം ചെയ്യുന്ന വ്യാപാരകേന്ദ്രം—"സ്പെക്കുലേഷൻ"—ഒരു ലക്ഷം രൂപാ വാടകയുള്ള സീററ്—മണ്ടനും പണവും.

അമേരിക്കയിലെ സമ്പത്സമൃദ്ധിയുടെ സാമാന്യമായ ഒരറിവു ലഭിക്കണമെങ്കിൽ ന്യൂയോക്കിലെ സ്റ്റോക്ക് എക്സ്ചേഞ്ചു സന്ദർശിച്ചാൽ മതി. ഭൂലോകത്തിലെ പ്രധാന വ്യവസായക്കമ്പനികളുടെ ഓഹരികൾ

ക്രയവിക്രയം ചെയ്യപ്പെടുന്ന ഈ സ്ഥാപനം ബാങ്കുകളാൽ നിബിഡമായ വാൾ സ്ട്രീററിലാണു സ്ഥിതിചെയ്യുന്നതു്. അമേരിക്കയുടെ സാമ്പത്തികദർപ്പണമായ ഈ വ്യാപാരകേന്ദ്രം മററു വലിയ സ്ഥാപനങ്ങളെ അപേക്ഷിച്ചു നാലു നില മാത്രമുള്ള ഒരു കെട്ടിടത്തിലാണു ജോലി നടത്തുന്നതു്. നേരത്തെ അനുവാദം ലഭിച്ച എന്നെയും മററു സന്ദർശകന്മാരെയും ഒരു ഉദ്യോഗസ്ഥൻ അവിടമെല്ലാം കാണിച്ചു കാര്യങ്ങൾ മനസ്സിലാക്കിത്തന്നു.

ഞങ്ങൾ ആദ്യമായി പ്രവേശിച്ചതു കുതിരക്കുളമ്പാകൃതിയിൽ അനേകം മേശകളിട്ടിരിക്കുന്ന ഒരു വലിയ ഹാളിലാണു്. എക്സ്ചേഞ്ചിലെ അംഗങ്ങളായ ബ്രോക്കർ (തരകൻ) മാരുടെ പ്രതിപുരുഷന്മാർ ആ മേശകളുടെ പുറകിൽനിന്നു ഭൂലോകത്തിലെ മൂവായിരത്തിൽപ്പരം പ്രധാന കമ്പനികളിലെ ഓഹരികൾ സത്വരമായി ക്രയവിക്രയം ചെയ്യുന്ന ഏർപ്പാടിൽ മുഴുകിയിരുന്നു. കമ്പനിഭ്രമമുള്ള കാലങ്ങളിൽ മുപ്പതോ നാല്പതോ കോടി രൂപ വിലയ്ക്കുള്ള ഓഹരികൾ ഒരു ദിവസം കൈമാററം ചെയ്തിട്ടുണ്ടു്. ഈ ഇനത്തിൽ കിട്ടുന്ന ലാഭവും നഷ്ടവും ഒരുപോലെ ലക്ഷക്കണക്കിനാണു്. ചിട്ടിയില്ലാത്ത മലയാളിയില്ലാത്തപോലെ ഷെയറില്ലാത്ത അമേരിക്കനില്ല. ക്ഷണത്തിൽ ധനികനാകുവാനും നിർദ്ധനനാകുവാനും ഷെയറുകളിൽ ഒന്നു 'കളിക്കുന്നതു'പോലെ കൂടുതൽ എളുപ്പമുള്ള വേറെ വഴിയില്ല. 1929-ാമാണ്ടിടയ്ക്കു് ആ നാട്ടിൽ വലിയ ഒരു ഷെയർഭ്രമമായിരുന്നു. തൂപ്പുകാരൻ മുതൽ കോടീശ്വരൻവരെ ഷെയറിൽ ഒന്നു "കളിക്കാത്തവനായി" ആരും അവിടെ ഇല്ലായിരുന്നു. ഒരു ദിവസം കുബേരനും പിറേറന്നു പാപ്പരുമായ ആളുകൾ അനവധിയാണു്. ഈ വൻചൂതുകളിയിൽ വളരെ ജനങ്ങൾ സകലതും നഷ്ടപ്പെട്ടു കണ്ണീരുംകൈയ്യുമായി പിരിയേണ്ടിവന്നു. തങ്ങൾ ഇനിമേൽ ആപൽക്കരമായ ഈ വ്യാപാരത്തിൽ തിരിഞ്ഞുനോക്കുകയേ ഇല്ലെന്നു പലരും ശപഥവും ചെയ്തു.

തിങ്ങിനില്ക്കുന്ന ബ്രോക്കറന്മാരുടെകൂട്ടത്തിൽ പോകുവാൻ ഞങ്ങൾക്കു് അനുവാദമില്ലായിരുന്നതുകൊണ്ടു് അവരുടെ പ്രവൃത്തികളെല്ലാം ശരിയായി കാണാവുന്ന ഒരു 'ബാൽക്കണി'യിലേക്കു ഞങ്ങളെ കൊണ്ടുപോയി. താഴോട്ടു നോക്കിയപ്പോൾ തേനീച്ചക്കൂട്ടിൽ ഈച്ചകളെന്നപോലെ മേശയുടെചുററും വ്യാപാരികൾ നിറഞ്ഞിരുന്നു. എന്നാൽ ബോംബെ ഷെയർബസ്സാറിൽ കണ്ട ലഹളയോ കേട്ട ശബ്ദമോ ന്യൂയോർക്കിലുണ്ടായിരുന്നില്ല.

എക്സ്ചേഞ്ച് മെമ്പർമാർക്ക് അവിടെ നൽകുന്ന ഒരു സീററിന് പ്രതിവർഷം ഒരു ലക്ഷം രൂപാവരെ വാടകയുണ്ട്. ഓരോ സീററിൽ ഇരിക്കുന്ന ഒന്നോ രണ്ടോ തരകന്മാർ ആ കെട്ടിടത്തിന്റെ പുറത്ത് ഏറെപ്പെടുത്തിയിട്ടുള്ള വലിയ ബ്രോക്കർകമ്പനികളുടെ പ്രതിപുരുഷന്മാർ മാത്രമാണ്. ഈ കമ്പനികളിൽ, ലണ്ടൻ, പരീസ്, ബെർലിൻ മുതലായ വാണിജ്യകേന്ദ്രങ്ങളിലെ ഷെയറുകളുടെ നിരക്ക് അപ്പഴപ്പോൾ കേബിൾവഴി അറിവു കിട്ടിക്കൊണ്ടിരിക്കുന്നതനുസരിച്ചായിരിക്കും ആ ദിവസത്തെ വ്യാപാരരീതി. ബോംബെയിൽ താമസിച്ചു കേബിൾവഴി ന്യൂയോർക്കിൽ ഷെയറുകൾ ക്രയവിക്രയംചെയ്യുന്ന ഒരു ഗുജറാത്തിധനികനുള്ളതായി എനിക്കറിയാം. തീക്ഷ്ണബുദ്ധിമാനായ ഇദ്ദേഹത്തിന്റെ ചെയ്തികൾ അമേരിക്കക്കാർകൂടി വീക്ഷിച്ചുകൊണ്ടിരിക്കുമത്രേ.

ഓഹരികൾ വില്ക്കുന്നതും വാങ്ങുന്നതും ഏജൻറന്മാർ ആ മേശകളിൽനിന്ന് ഉടനടി ടെലഫോൺമൂലം തങ്ങളുടെ ആഫീസുകളിൽ അറിയിച്ച് ഏർപ്പാടു പൂർത്തിയാക്കും. ആവശ്യത്തിന്റെ ഏററക്കുറവനുസരിച്ച് അനുനിമിഷം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഓഹരിവില അതാതാഫീസിൽനിന്നു ടെലിടൈപ്പുവഴി സദാ ഏജൻറിന്റെ കയ്യിൽ വന്നുചേരുന്നു. ഓഹരികൾ വാങ്ങിയതായോ വിററതായോ പ്രത്യേക രേഖ ഒന്നും വാങ്ങുക പതിവില്ല. ഒരു ബ്രോക്കർ വേറൊരു ബ്രോക്കറിന്റെ ചെവിയിൽ ഒന്നു മന്ത്രിക്കമാത്രമേ ഉള്ളു. പക്ഷെ ഒരു രേഖയുമില്ലാത്ത ഈ ഇടപാടുകൾ നിഷേധിക്കപ്പെട്ടതായി ഒരനുഭവവും അവിടെ ഉണ്ടായിട്ടില്ലത്രേ !

ആഫീസിൽനിന്നു തങ്ങളുടെ ഏജൻറന്മാരെ അത്യാവശ്യത്തിനു വിളിച്ചുവരുത്തുന്ന നവീനസമ്പ്രദായമാണു രസകരമായ വേറൊരു കാര്യം. ചുമരിന്മേൽ ഘടിപ്പിച്ച ഒരു വലിയ കറുത്ത "ബോർഡ്" (പലക)ഉള്ളതിൽ ഏജൻറിന്റെ നമ്പർ മിന്നൽപോലെ 'ഫ്ളാഷ്' ചെയ്തുകൊണ്ടിരിക്കും; അയാൾ ആഫീസിൽ ചെന്നെത്തിയശേഷമേ അതു നിറുത്തുകയുള്ളു. കോടിക്കണക്കിൽ വ്യാപാരംനടത്തുന്ന ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ സകല നടപടികളും അത്ഭുതകരമായ നിശ്ശബ്ദതയിൽത്തന്നെ നിർവ്വഹിക്കപ്പെടുന്നു.

രേഖപ്പെടുത്താത്ത അനവധി ചട്ടങ്ങൾ സ്റ്റോക്ക് എക്സ്ചേഞ്ച് മെമ്പർമാർ അംഗീകരിച്ചിട്ടുണ്ട്. ഈ തരം ആചാരങ്ങൾ ലംഘിച്ചാൽ വിചാരണചെയ്യാനും ശിക്ഷിപ്പാനും കമ്മിററികളുണ്ട്. എക്സ്ചേഞ്ചിലെ അംഗങ്ങളുടെ നമ്പർ ക്ലിപ്തപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ആ

അവകാശം നഷ്ടപ്പെടുത്താൻ ആരും ശ്രമിക്കയില്ല. കെട്ടിടത്തിന്റെ മുകൾത്തട്ടിലുള്ള ഡയറക്ടറന്മാരുടെമുറിയും ഞങ്ങൾ സന്ദർശിച്ചു.

റൂളും ചട്ടവുമെല്ലാം ഉണ്ടായിട്ടും പല അഴിമതികളും ഈ സ്ഥാപനത്തിൽ നടക്കുന്നുണ്ടു്. ഉദാഹരണമായി, കോടീശ്വരന്മാരായ പല കമ്പനിയുടമസ്ഥന്മാർ യോജിച്ചു് ഓഹരികളുടെ വില കൃത്രിമമായി കൂട്ടുകയും കുറയ്ക്കുകയുംചെയ്തു പൊതുജനങ്ങളെ കബളിപ്പിച്ചിരുന്നു. സ്റ്റോക്ക്എക്സ്ചേഞ്ചിന്റെ അക്കാലത്തെ പ്രസിഡന്റും സെക്രട്ടറിയും വേറെ ചില പ്രധാനാധികൃതരും ഈ വഞ്ചനപ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നു എന്നു പുറത്തായപ്പോൾ തദ്ദേശീയഗവർമ്മെണ്ടു് ഈ സ്വകാര്യ സ്ഥാപനത്തിൽ കയ്യിട്ടു വേണ്ടപരിഷ്കാരങ്ങൾ വരുത്തി.

ഷെയർഏർപ്പാടിൽ ലാഭം കിട്ടുവാൻ എളുപ്പവഴികൾ കാണിച്ചുതരുന്നതിനു് അനവധി മാസികകളും പത്രങ്ങളും "ചാർട്ടു"കളുമുണ്ടു്. ഷെയറിന്റെ വില കൂടുമ്പോൾ വാങ്ങുകയും കുറയുമ്പോൾ വില്ക്കുകയും വേണമെന്നു് ഒരു കൂട്ടരും, അതല്ല നേരെമറിച്ചാണു വേണ്ടതെന്നു വേറൊരു കൂട്ടരും സിദ്ധാന്തിക്കുന്നു. വാസ്തവത്തിൽ ഇതെല്ലാം ഒരു ഭാഗ്യപരീക്ഷയെന്നല്ലാതെ വേറെയൊന്നും പറയാനില്ല. ഷെയർവ്യാപാരത്തിൽ അധികനാൾ ഏർപ്പെട്ട കോടീശ്വരനായ ഡ്രൂ എന്ന അമേരിക്കൻ ഒരിക്കൽ അനവധി ഷെയറുകൾ ഒരു ബ്രോക്കർമുഖാന്തരം വാങ്ങുകയും അതേസമയത്തു് അവ വേറൊരുത്തൻമുഖാന്തരം വില്ക്കുകയും ചെയ്തുകൊണ്ടിരുന്നതു നോക്കിനിന്ന ഒരു സന്ദർശകൻ അദ്ദേഹം വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നതെന്നറിയാതെ ആശ്ചര്യപ്പെട്ടു. ഏതു കോടീശ്വരന്റെ നടപടി പഠിച്ചാലും, പുസ്തകങ്ങൾ വായിച്ചാലും, മണ്ടന്മാരും പണവും തമ്മിൽ വേർപിരിയാതിരിക്കാൻ ആരും ഒരു വിദ്യയും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

---

21. വാണിജ്യസമ്പ്രദായങ്ങൾ

കച്ചവടപ്രമാണികൾ യഹൂദർതന്നെ—മേസിക്കമ്പനി—"സദാ പുഞ്ചിരിക്കൊൾക"—വില്പനക്കാരായ യുവതികൾ—ചെയിൻ സ്റ്റോറർ.

ഭൂലോകത്തിലെ ഏററവും സമൃദ്ധിയുള്ള വാണിജ്യവ്യവസായ രാജ്യമെന്നാണല്ലോ അമേരിക്ക എന്നു കേൾക്കുമ്പോൾ നമുക്കു

ആദ്യമായിത്തോന്നുന്നതു്. നാം കയറുന്ന ബസ്സുകളും കാറുകളും അമേരിക്കയിലെ ഫോഡ്കമ്പനിയോ ജനറൽമോട്ടോർസ് കമ്പനിയോ നിർമ്മിച്ചതായിരിക്കും; മനോഹരമായ ചലച്ചിത്രം ഹോളിവുഡിൽനിന്നിറക്കുമതിചെയ്തതായിരിക്കും; ഫൌണ്ടൻപേന നല്ലതാണെങ്കിൽ പാക്കർ തന്നെ; തയ്യൽയന്ത്രം സിംഗർ; വഴിയാത്രക്കാർ കൊണ്ടുനടക്കുന്നതു് എവറെഡി ടോർച്ച്. ഇപ്രകാരം നമ്മുടെ ഭൌതികജീവിതം അമേരിക്കയെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്ന നിലയിലായിരിക്കയാണ്. വ്യവസായവ്യാപാരപദ്ധതികളിൽ അവരെ അനുകരിച്ചതാണ് ജപ്പാന്റെ അത്ഭുതകരവും സർവതോമുഖവുമായ പുരോഗമനത്തിന്റെ പരമരഹസ്യം. റഷ്യയിലെ പഞ്ചവത്സരപദ്ധതിയിലേക്ക് ആവശ്യമായ എഞ്ചിനീയർമാരെ അമേരിക്കയിൽനിന്നാണു കൊണ്ടുവന്നതു്. ശ്ലാഘനീയമായരീതിയിൽ നടത്തപ്പെടുന്ന അമേരിക്കയിലെ വാണിജ്യവ്യവസായങ്ങൾ കണ്ടുപഠിക്കുവാൻ പലരാജ്യങ്ങളിൽനിന്നും അനേകായിരം വിദ്യാർത്ഥികൾ വന്നുചേരുന്നുണ്ടു്. പരസ്യസമ്പ്രദായം വില്പനതന്ത്രം വിതരണരീതി മുതലായി കച്ചവടത്തിന്ന് അത്യന്താപേക്ഷിതമായ പല വിഷയങ്ങളും മിക്ക സർവകലാശാലകളിലും പഠിപ്പിക്കുന്നുണ്ടു്.

പഠനവിഷയങ്ങൾ സംബന്ധിച്ചാകുന്നു ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും സർവകലാശാലകൾതമ്മിൽ പ്രധാനമായ ഒരു വ്യത്യാസം. സാഹിത്യം, ചരിത്രം, കണക്കു് മുതലായ സഗൌരവവിഷയങ്ങൾ മാത്രമേ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ പുരാതന സർവകലാശാലകളിൽ പഠിപ്പിക്കുന്നുള്ളു. അമേരിക്കയിൽ പഠിപ്പിക്കുന്ന മേൽവിവരിച്ച വിഷയങ്ങൾ എല്ലാംതന്നെ ഇംഗ്ലീഷുകാർ ലഘുതരങ്ങളായി ഗണിച്ചുപോരുന്നു. എന്നാൽ ലണ്ടനിൽ ഇപ്പോൾ പല വ്യാപാരവിഷയങ്ങളും പഠിപ്പിച്ചുതുടങ്ങിയിട്ടുണ്ടു്. "വെറും കച്ചവടക്കാർ" എന്നു ഇംഗ്ലീഷുകാരെക്കുറിച്ചു മഹാനായ നെപ്പോളിയൻ പണ്ടു ഹാസ്യമായി പറഞ്ഞതോർക്കുമ്പോൾ, "ലഘുതരമായ" ഈ വിഷയങ്ങളിൽ അവരുടെ ശ്രദ്ധ ഈയിടെ മാത്രമേ പതിഞ്ഞുള്ളു എന്ന വസ്തുത ആശ്ചര്യംതന്നെ! അമേരിക്കയിലെ വലിയ കച്ചവടക്കാരിൽ ഭൂരിപക്ഷവും കോളജിൽ പഠിച്ചിട്ടുള്ളവരാണ് ഇംഗ്ലണ്ടിൽ നേരെമറിച്ചാണ്. ഐക്യനാട്ടിലെ സാമ്പത്തികാഭിവൃദ്ധിയുടെ പ്രധാനരഹസ്യവും ഇതുതന്നെയായിരിക്കണം.

നമ്മുടെനാട്ടിലെ 'സ്പെൻസർ' 'വൈററ്എവെ' മുതലായ കമ്പനികളെപ്പോലെ—പക്ഷെ നൂറോ ആയിരമോ ഇരട്ടി വലുപ്പമുള്ള—

അനേകം വ്യാപാരകേന്ദ്രങ്ങൾ ന്യൂയോക്കിലുള്ളതിൽ മേസി, ഗിംബെൽ, വനമേക്കർ, വൂൾവത്ത് എന്നിവയാണ് ഏററവും പ്രധാന കച്ചവട സ്ഥാപനങ്ങൾ. ഉടമസ്ഥന്മാർ മിക്കവാറും യഹൂദന്മാരാണ്. ബാങ്കുകളും ഈ വർഗ്ഗക്കാരുടെ അധീനതയിലാകുന്നു. യഹൂദന്മാരുടെ ധനശക്തിയാൽ ജർമ്മൻകാർക്കുള്ളതുപോലെതന്നെയില്ലെങ്കിലും അമേരിക്കക്കാർക്കു അസൂയയും വിദ്വേഷവും ധാരാളമുണ്ട്. ഭൂമുഖത്തിൽ യഹൂദർ ഏററവും കൂടുതൽ നിവസിക്കുന്ന പട്ടണം ന്യൂയോക്കാകുന്നു. അതുപോലെ അവരിൽ ഭൂരിഭാഗവും അമേരിക്കയിൽതന്നെ വസിക്കുന്നു.

പലവിധത്തിലും മാതൃകയായ മേസിക്കമ്പനിയിൽ നമുക്കു ഒന്നു കയറിനോക്കാം. ആ നഗരത്തിൽ രണ്ടു വീഥികൾ നിറയെ ഏഴും എട്ടും നിലകളുള്ള പല കെട്ടിടങ്ങളിലാണു ഇതു സ്ഥാപിച്ചിരിക്കുന്നതു്. പ്രവേശനസ്ഥലങ്ങളിൽ സുന്ദരികളായ യുവതികൾ പുഞ്ചിരിതൂകി ഇരിപ്പുണ്ട്. സുന്ദരികളായ യുവതികളില്ലെങ്കിൽ അന്നാട്ടിലെ ഒരു സംഗതിക്കും അഭിവൃദ്ധിയുണ്ടാവുകയില്ലെന്നാണ് ഒരു മതം. നമുക്കു വേണ്ടുന്ന സാമഗ്രികൾ ഏതു മുറിയിലോ തട്ടിലോ വില്ക്കുന്നതെന്ന് അവർ നമ്മോടുപദേശിച്ചുതരുന്നു. സുന്ദരികളായ വേറെയും അനവധി യുവതികൾ നമ്മെ നോക്കി സ്വാഗതപ്പുഞ്ചിരികൾ തൂകുന്നു. സാമാനങ്ങൾ കൂടുതൽ വിററഴിക്കുന്ന വില്പനക്കാരികൾക്ക് മാസാവസാനം ശമ്പളത്തിനുപുറമേ ഒരു പാരിതോഷികവും കൊടുക്കാറുണ്ട്. അതുകൊണ്ടു് എവിടെ നോക്കിയാലും പുഞ്ചിരി! സ്വാഭാവികമായാലും കൃത്രിമമായാലും ചുററുപാടും ഇത്രയധികം പുഞ്ചിരി കാണുന്നതുതന്നെ ഒരു സൌഭാഗ്യമാണെന്നു ഞാൻ വിചാരിച്ചു. "സദാ പുഞ്ചിരിക്കൊൾക"എന്ന തത്വമാണത്രേ വാണിജ്യാഭിവൃദ്ധിക്കു ഏററവും ഉപയുക്തം.

തട്ടുകളിൽ കയറിപ്പോകുവാൻ ലിഫ്ടും സാധാരണ കോണികളും " എസ്കലേറേറഴ്സും " (യന്ത്രക്കോണികളും) നമ്മുടെ ആവശ്യവും സൌകര്യവുമനുസരിച്ച് ഉപയോഗിക്കുവാൻ സദാ തയ്യാറുണ്ട്. നമുക്കു ലിഫ്ടിൽത്തന്നെ കയറാം. ഇരുപതുവയസ്സു തികയാത്ത കോമളവേഷധാരിണിയായ ഒരു രംഭ അതു് ഓടിച്ചു മുകളിലേക്കു കൊണ്ടുപോകുന്നു. 'പെരിപ്പും തൊപ്പിയും', 'ഉടുപ്പും കോർസററും', 'പൌഡറും ക്രീമും', 'സൂട്ടും ടൈയും', 'കട്ടിലും മേശയും കസേരയും', എന്നിങ്ങനെ ഓരോ തട്ടിൽ എത്തുമ്പോഴും അവിടെ വില്ക്കുന്ന കൌതുകസാധനങ്ങൾ അവൾ വിളിച്ചുപറഞ്ഞു നമ്മുടെ ശ്രദ്ധയെ അവയിലേക്കാ

കഴിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി പത്തുരൂപാ ചെലവാക്കാൻ ഉദ്ദേശിച്ചുപോയാൽ ഇരുപതു ചെലവാക്കും.

സാമാനങ്ങൾ വാങ്ങാൻ വരുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകൾ തന്നെയാണ്. പുരുഷന്മാർ ചോര നീരാക്കി സമ്പാദിക്കുന്ന ദ്രവ്യം ചെലവാക്കാൻ സ്ത്രീകൾക്കല്ലാതെ വേറെ ആർക്കാണ് അവകാശം! മേസി മുതലായ വലിയ ഷാപ്പുകളിൽ താരതമ്യേന ചെറിയ ഷാപ്പുകളിൽനിന്നു തുച്ഛമായ വില കൂടുതലേ ഉള്ളു. ഒന്നോ രണ്ടോ അണ കൂടിയാലും വിശ്വസിച്ചു വാങ്ങാം. സാധനം എടുത്തു വിലകൊടുത്താൽ അതിന്റെ വിവരവും വിലയും ഒരു കഷണം കടലാസിൽ എഴുതി വില്പനക്കാരി ഒരു 'ഷൂട്ടറിൽ' ഇട്ടു പണവകുപ്പിലേക്കയക്കും. രണ്ടുമിനിററിനകം ടൈപ്പുചെയ്ത ഒരു രസീതും ബാക്കി ചില്ലറയും ആ വഴിതന്നെ തിരിച്ചുവരുന്നു. വില്പനക്കാരി "താംക്സ്" പറകയും വീണ്ടും വരുവാൻ വിനീതസ്വരത്തിൽ പഴയ ഒരു സ്നേഹിതയെപ്പോലെ അഭ്യർത്ഥിക്കയും ചെയ്യുന്നു.

പുരുഷന്റെ നിറവും ആകൃതിയും അനുസരിച്ചു സൂട്ടും ടൈയും തിരഞ്ഞെടുക്കുന്നതു് ആ നാട്ടിൽ ഭാര്യയോ സ്നേഹിതയോ ആണെന്നു് ഈ സന്ദർഭങ്ങളിൽ എനിക്കു മനസ്സിലായി. എന്നാൽ ഭാര്യ ഉടുപ്പും തൊപ്പിയും വാങ്ങുമ്പോൾ ഭർത്താവിന്റെ അഭിപ്രായം ചോദിക്കാറില്ല.

വില്പനക്കാരികൾ സമർത്ഥകളാണ്. ഹൈസ്കൂൾവിദ്യാഭ്യാസമെങ്കിലും സിദ്ധിച്ച ഇവർക്കു മനുഷ്യരെ ആകർഷിച്ചു വില്പന കൂട്ടുവാൻ വേണ്ട പരിശീലനം കൊടുത്തശേഷമേ ജോലിക്കു് ഇരുത്തൂ. അവർ എത്ര ചൊടിയിൽ തുണിയെടുക്കുകയും അളക്കുകയും മുറിക്കയും പൊതിയുകയും ചെയ്യുന്നു! കൂട്ടുകാരോടും വരുന്നവരോടും വെറുതേ വെടിപറഞ്ഞോ കടലാസ്സുവായിച്ചോ സമയം നഷ്ടപ്പെടുത്താനും ഇരുന്നു സുഖിക്കാനും അനുവാദമില്ല. കാലത്തു് ഒൻപതുമുതൽ വൈകുന്നേരം അഞ്ചുമണിവരെ നിന്നുതന്നെ ജോലിചെയ്തുകൊള്ളണം. തരം കിട്ടിയാൽ ഇരുന്നേക്കുമെന്നു ഭയന്നു് അവിടെയെങ്ങും ഒരു കസേരയോ സ്ററൂളോ ഇട്ടിരിക്കയില്ല. ഉച്ചഭക്ഷണത്തിനുപുറമേ ഒരു വില്പനക്കാരിക്കു ശരാശരി അമ്പതുമുതൽ അറുപതുവരെ രൂപാ ആഴ്ച ശമ്പളം കൊടുത്തുവരുന്നു.

വലിയതോതിൽനടത്തുന്ന ഈ കമ്പനികൾ ഓരോവില്പനയിൽനിന്നു തുച്ഛമായ ലാഭമേ ഇച്ഛിക്കുന്നുള്ളു. എന്നാൽ ഒരു ദിവസം തന്നെ അനേകായിരം വില്പന നടക്കുമ്പോൾ മൊത്തത്തിൽ വലി

യൊരു സംഖ്യ ആദായമുണ്ടാകുമല്ലോ. നമ്മുടെ നാട്ടിൽ വക്കീലന്മാർ ആദരിക്കുന്ന ഒരു തത്വംതന്നെ അവരും അംഗീകരിച്ചിരിക്കുന്നു. കക്ഷികളെ ശപിക്കലും പിണക്കരുതു്! അതുകൊണ്ടു നാം എത്ര പിണങ്ങിയാലും വില്പനക്കാർക്കു മുഷിച്ചിലുണ്ടാകയില്ല; ഉണ്ടായാലും പുറത്തു കാണിക്കയില്ല. കൂടുതൽ ചെലവുകൂടാതെ സാമാനങ്ങൾ നമ്മുടെ വസതിയിൽ കൊണ്ടുവന്നു തരുമെന്നുള്ളതാണു് ഈ കമ്പനിക്കാർ നമുക്കു തരുന്ന വേറൊരു സൌകര്യം. പതിനായിരമോ ഇരുപതിനായിരമോ സാമാനങ്ങൾ പ്രതിദിനം ഇങ്ങിനെ വീടുകളിൽ കൊണ്ടെത്തിക്കുന്ന കമ്പനികളുടെ സ്വന്തം 'പോസ്റ്റാഫീസ്' ഏർപ്പാടുകൾ ഏററവും പ്രശംസനീയമായ രീതിയിൽ നടത്തപ്പെടുന്നു. സാമാനം പിടിച്ചില്ലെങ്കിൽ ഒരു ക്ലിപ്തസമയത്തിനുള്ളിൽ തിരിച്ചുകൊടുത്താൽ പണം കിട്ടും. ഈ സൌകര്യങ്ങൾക്കെല്ലാംപുറമേ നമുക്കുവേണ്ടുന്ന സകല സാമാനങ്ങളും—കളിപ്പാട്ടംമുതൽ കട്ടിൽവരെ—ഷാപ്പിൽനിന്നു വാങ്ങാം. ഇതുപോലെ ഇംഗ്ലണ്ടിൽ സെൽഫ്രിഡ്ജ് എന്നൊരു കമ്പനിയുണ്ടു്. സെൽഫ്രിഡ്ജ് ജനനാൽ ഒരു അമേരിക്കനത്രേ.

വുൾവർത്തു വ്യാപാരശാല പ്രത്യേകമൊരാദർശം സ്വീകരിച്ചിട്ടുണ്ടു്. അവിടെ വില്ക്കുന്ന എല്ലാ സാമാനങ്ങളും രണ്ടണയും നാലണയും വിലവെച്ചു രണ്ടുതരമായി തിരിച്ചിരിക്കുന്നു. സൂചിയും നൂലും മുതൽ പുസ്തകങ്ങൾ അലൂമിനിയപ്പാത്രങ്ങൾവരെ മിക്ക സാമാനങ്ങളും ഇവിടെ ഈ വിലയ്ക്കുകിട്ടും. എന്നാൽ ചിലപ്പോൾ കാൽമോസ്പോലെ ജോഡിയായിവില്ക്കുന്ന ഓരോന്നിനും നന്നാലണവീതം കൊടുക്കേണ്ടിവരും. ഇതു് ഒരു ചെയിൻ സ്റ്റോർ ആകകൊണ്ടു് അമേരിക്കയിലെ സകല പട്ടണങ്ങളിലുമുള്ള എല്ലാ പ്രധാന വീഥികളിലും ശാഖകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിലും വുൾവർത്തു പടർന്നുപിടിച്ചിരിക്കുന്നു. ശനിയാഴ്ചദിവസങ്ങളിലും 'ക്രിസ്സ്മസ്കാലത്തും വിലകുറച്ചു വിൽക്കുന്ന പ്രത്യേകദിവസങ്ങളിലും ഈ ഷാപ്പുകളിൽ കാണാവുന്ന നിശ്ശബ്ദബഹളം അനുഭവയോഗ്യമാണു്. ക്രിസ്സ്മസ്കാലത്തുതന്നെ പത്തുകോടിരൂപയുടെ വില്പനയുണ്ടു്. മേസിക്കമ്പനിയുടെ ലാഭം പ്രതിവർഷം പത്തുകോടിരൂപയാണത്രേ! ഇതുപോലെയുള്ള സ്വകാര്യസ്ഥാപനങ്ങളിൽ മാനേജർ മുതലായ ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന ശമ്പളത്തിന്റെ വലുപ്പംകൊണ്ടാകുന്നു, സാമർത്ഥ്യവും കാര്യക്ഷമതയുമുള്ളവർ വല്ലവിധവും അവിടത്തെ സർക്കാർസർവ്വീസിൽ കയറിപ്പറ്റാൻ ശ്രമിക്കാതെ മററു ജോലി അന്വേഷിക്കുന്നതു്.

പരിഷ്കാരം കൂടുന്തോറും ആവശ്യങ്ങളും കൂടുമല്ലോ. ആവശ്യങ്ങൾ കൂടുന്നതിനു വർത്തമാനക്കടലാസ്സുകളിലും മാസികകളിലും പരസ്യപരമ്പരയ്ക്കായി ഒട്ടധികം പണം വ്യവസായികൾ വ്യയംചെയ്യുന്നു. 'ആവശ്യമാണു് ഉല്പാദനത്തിൻെറ മാതാവു്'എന്നു പണ്ടുപറഞ്ഞുവന്നു. എന്നാൽ ഈ കാലങ്ങളിൽ ആവശ്യത്തിൻെറ മാതാവു് ഉല്പാദനമാണെന്നു പറയുന്നതായിരിക്കും കുറേക്കൂടി വാസ്തവം. പല്ലൊടിമുതൽ മധുരനാരങ്ങവരെയുള്ള സാധനങ്ങളുടെ വില്പന പരസ്യപരമ്പരകളുടെ ഫലമായി പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. അമേരിക്കരുടെ മനഃസ്ഥിതിയും ഇതിൽനിന്നു വെളിവാകുന്നുണ്ടു്. പരസ്യത്തിൽ ഇത്ര വിശ്വാസമുള്ള മററു ജനങ്ങൾ വേറെയുണ്ടോ എന്നു സംശയമാണു്. എന്തും പരീക്ഷിക്കുന്നതിനും അനുഭവിക്കുന്നതിനും അവർ സദാ സന്നദ്ധരാകുന്നു.

കേരള സാഹിത്യ അക്കാദമി

22. യന്ത്രഗീതം

ഹെൻറി ഫോർഡ്—"മാസ്സ് പ്രൊഡക്ഷൻ"—തൊഴിലാളിയുടെ സ്വർഗ്ഗം—മദ്യനിരോധനം—"റെഡിമെയ്ഡ്" സൂട്ട്

"മാസ്സ് പ്രൊഡക്ഷൻ" (ബഹുലോല്പാദനം) എന്ന പേരിൽ ആധുനിക വ്യവസായലോകത്തിൽ പ്രചരിച്ചുവരുന്ന ഉല്പാദനസമ്പ്രദായം അമേരിക്കയിലെപ്പോലെ വേറൊരു രാജ്യത്തും അത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ല. മററു പല കാര്യങ്ങളിലും കവിഞ്ഞുനിൽക്കുന്ന ഇംഗ്ലണ്ടുകൂടി ഈ വിഷയത്തിൽ അമേരിക്കയെ അപേക്ഷിച്ചു് അൻപതുവർഷം പിന്നോക്കമാണെന്നാണു് എൻെറ അഭിപ്രായം. യന്ത്രങ്ങളിൽ അടിയുറപ്പിച്ച ഒരു സ്വർഗ്ഗരാജ്യമാകുന്നു ഐക്യനാടു്. ഇരിമ്പു്, കല്ക്കരി മുതലായ സാമഗ്രികളുടെ സമൃദ്ധിയാൽ ആ നാട്ടിൻെറ കിഴക്കൻ കടൽതീരങ്ങൾ വ്യവസായങ്ങൾക്കും, പുതുമണ്ണിൻെറ വളാധിക്യംകൊണ്ടു് മദ്ധ്യത്തിലും പടിഞ്ഞാറും ഉള്ള പ്രദേശങ്ങൾ ഗോതമ്പു്, ചോളം മുതലായ കൃഷികൾക്കും യോജിച്ചതാകുന്നു. ഇരുമ്പുവ്യവസായത്തിൽ അദ്വിതീയസ്ഥാനം ലഭിച്ചിരിക്കുന്ന പിട്സ്ബർഗ്ഗും, ഗോതമ്പുവ്യാപാരകേന്ദ്രമായ ഷിക്കാഗോവും ഇതിനു് ഉത്തമോദാഹരണങ്ങളാകുന്നു.

‘റോഡ്‌രാജാവെന്നോ’ ‘മോട്ടാർരാജാവെന്നോ’ അഭിമാനിക്കാവുന്ന ഫോർഡിന്റെ പ്രധാന നിർമ്മാണശാല മിഷിഗൻ തടാകതീരത്തിൽ സ്ഥിതിചെയ്യുന്ന ഡെട്രോയിട്ട്‌നഗരത്തിൽ സ്ഥാപിച്ചിരിക്കുന്നെങ്കിലും ഒരു ശാഖ ന്യൂയോക്കിനടുത്തു് എജ്‌വാട്ടർ എന്ന സ്ഥലത്തുണ്ടു്. ഇതു് ഒരിക്കൽ ഞാൻ സന്ദർശിക്കാൻ ഇടയായി. ഡെട്രോയിട്ടിൽ നിർമ്മിക്കുന്ന സാമഗ്രികൾ സ്വന്തം കപ്പൽമാർഗ്ഗം ഇവിടെ കൊണ്ടുവന്നു് “അസംബ്ളിങ്ങ് ഫാക്ടറിയിൽ” വെച്ചു മോട്ടാർവണ്ടിയായി സംഘടിപ്പിക്കുന്നു.

സന്ദർശകന്മാക്കു് ഈ ശാലയിൽവെച്ചു് വല്ല അപകടമോ അപായമോ നേരിട്ടാൽ നഷ്ടത്തിനു കമ്പനി ഉത്തരവാദിയാകയില്ലെന്നുള്ള അച്ചടിച്ച ഒരു കരാറിൽ ഒപ്പുവെച്ചശേഷമേ പ്രവേശനം അനുവദിക്കയുള്ളു. ഇത്തരം കേസുകളിൽ ഫോർഡിനെ ഉൾപ്പെടുത്തിയതുകൊണ്ടായിരിക്കാം ഈ മുൻകരുതൽ. രണ്ടുനില മാത്രമുള്ള ഈ ശാലയുടെ മുകളിലാണു് ആദ്യത്തെ ജോലികളെല്ലാം നടത്തുന്നതു്. സദാ ചുററിക്കൊണ്ടിരിക്കുന്ന ഒരു ‘ബെൽററിൽ’ മോട്ടോർവണ്ടിക്കു ആവശ്യമുള്ള അനേകം ഇരുമ്പുകഷണങ്ങൾ മെല്ലെ വരുന്നതു് എടുത്തു സംഘടിപ്പിച്ചു് ആദ്യമായി ഒരു “ഷാസ്സി” (അടിസ്ഥാനത്തട്ടു്) ഇടുന്നു. ഒരു ഇരുമ്പുപാളത്തിൽ കയററിവെച്ചശേഷം അതിന്റെ യാത്ര തുടരുന്നു. മുട്ടിനുമുട്ടിനു നില്ക്കുന്ന ജോലിക്കാർ ഓരോരുത്തരും അതു പോകുംവഴി ഓരോ ‘അവയവം’—ആണി, നട്ടു്, ബോൾട്ടു, സ്പ്രിങ്ങ് മുതലായവ മുറുക്കി വെക്കുന്നു. ഇങ്ങനെ മൂന്നുനാലുമണിക്കൂറിൽ, പൂർത്തിയായ ഒരു മോട്ടോർവണ്ടി പ്രത്യക്ഷപ്പെടുന്നു. ഈ ഘട്ടത്തിൽ ഒരു ഡ്രൈവർ ചാടിക്കയറി വണ്ടിഓടിച്ചു് വേറൊരു ഷെഡ്ഡിൽ കൊണ്ടുപോകുന്നു. നാളിതുവരെ രണ്ടുകോടി എൺപതുലക്ഷം മോട്ടാർകാറുകൾ ഫോർഡ് നിർമ്മിച്ചിട്ടുണ്ടു്.

വേലക്കാർ ഒരേതരം ജോലിയിൽതന്നെ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടു് ഇവക്കു പ്രത്യേകം വൈദഗ്ദ്ധ്യം സിദ്ധിക്കുമെന്നാണു് ഫോർഡിന്റെ മതം. എന്നാൽ മററു ചില മുതലാളിമാരുടെ അഭിപ്രായം, ഒരേ ജോലിചെയ്യുന്നതുകൊണ്ടു ജോലിക്കാർ മുഷിയുമെന്നും അവർ ഉത്സാഹരഹിതരാകുമ്പോൾ വേണ്ട ശ്രദ്ധ പതിയാതെ സാധനം മോശമാകുമെന്നുമാണു്. തൊഴിലാളികളുടെ സുഖദുഃഖങ്ങൾ എങ്ങിനെയുമിരിക്കട്ടെ. ഏതു പദ്ധതി സ്വീകരിച്ചാലാണു് അവരെക്കൊണ്ടു കൂടുതൽ ജോലിചെയ്യിക്കാൻ സാധിക്കുമെന്നാണു് മുതലാളിയുടെ നോട്ടം. തൊഴിലാളികളുടെ ജീവചൈതന്യം നശിപ്പിക്കുമെങ്കിലും, ഫലംമാത്രം

നോക്കിയാൽ ഫോർഡിന്റെ തത്വമാണു് കാര്യക്ഷമതയ്ക്കു് കൂടുതൽ യോജിച്ചതു് എന്നു തോന്നുന്നു. എന്നാൽ ദിവസംപ്രതി കൂലിക്കാർക്കു് ഇരുപതു രൂപായോളം ശമ്പളം കൊടുക്കുന്നതു് ഈ സങ്കടങ്ങൾക്കെല്ലാം ഉപശാന്തിയാകുമെന്നു വിശ്വസിക്കാം. അമിതമായ ലാഭം മാത്രം ഇച്ഛിക്കുന്ന ഒരു മുതലാളിയാണു ഫോർഡു് എന്നു പറയാൻ നിവൃത്തിയില്ല. നല്ല ജോലിക്കാർക്കു് നല്ല കൂലി കൊടുക്കും. നല്ല കൂലികൊടുത്താൽ നല്ല ജോലി എടുപ്പിക്കും. ഐക്യനാടിനെ സംബന്ധിച്ചിടത്തോളം ഈ തത്വം മിക്കവാറും ശരിയാണു്.

രാവിലെ എട്ടുമുതൽ വൈകുന്നേരം അഞ്ചുവരെ ജോലിചെയ്യുന്ന കരിങ്കൽകൊത്തുകാർക്കു് ദിവസം മുപ്പതുരൂപാ ശമ്പളമുണ്ടു്; കാലത്തു പത്തുമുതൽ വൈകുന്നേരം നാലുവരെമാത്രം വേലചെയ്യുന്ന 'യൂണിയനി'ൽപെട്ട ചായമടിക്കാർക്കു് ഇരുപത്തിനാലുരൂപയും അല്ലാത്തവർക്കു പന്ത്രണ്ടുരൂപയുമാണു് ദിവസക്കൂലി നിരക്കു്. ഈയ്യം ചേർന്നിട്ടുള്ള ചായപ്പണി അപകടകരമായ ഒരു ഉപജീവനമാർഗ്ഗമാകകൊണ്ടാണു് വേലാസമയം കുറവും കൂലിനിരക്കു് കൂടുതലും ആകുന്നതു്. മററുള്ള സാധാരണജോലികൾക്കെല്ലാം മണിക്കൂർ ഒന്നിനു ഒന്നേകാൽ രൂപവെച്ചു് ആഴ്ചയിൽ എഴുപത്തഞ്ചുരൂപയാണു് ശമ്പളക്കണക്കു്. ഇങ്ങിനെ സുലഭമായ വരുമാനമുള്ള അമേരിയ്ക്കയിലെ തൊഴിലാളികൾ ജോലിസ്ഥലത്തു സ്വന്തം മോട്ടാർവണ്ടിയിൽ വരുന്നതിലും പോകുന്നതിലും, അവരുടെ ഭവനങ്ങളിൽ റേഡിയോ, ടെലഫോൺ മുതലായ ആധുനികപരിഷ്കാരസൌകര്യങ്ങൾ സജ്ജീകരിയ്ക്കുന്നതിലും യാതൊരു അത്ഭുതത്തിനും അവകാശമില്ല. പഴംകഞ്ഞി കുടിച്ചല്ല അവിടത്തെ തൊഴിലാളികൾ ജീവിക്കുന്നതു്. സ്കൈ സ്ക്രേപ്പർസ് നിർമ്മിക്കാനും, മെഷീൻകൊണ്ടു് ജോലിചെയ്യാനും പഴംകഞ്ഞി കുടിയന്മാർക്കു് ശക്തിയുണ്ടാകുകയില്ല. പോഷകസമൃദ്ധിയുള്ള മാംസം, മത്സ്യം, വെണ്ണ, മുട്ട, പാലു് മുതലായവ അവർ സുലഭമായി ഭക്ഷിക്കുന്നു. അവിടത്തെ ഗവർമ്മെണ്ടും ഈ കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. ജോലികഴിഞ്ഞാൽ തൊഴിലാളിയും മുതലാളിയും മിക്കവാറും സമംതന്നെ. പൌരസ്ത്യരാജ്യത്തിൽ ഒരു ജന്മിയായി ജനിയ്ക്കുന്നതിലും നല്ലതു പാശ്ചാത്യരാജ്യത്തിൽ ഒരു കൂലിക്കാരനായി ജനിയ്ക്കുന്നതാണെന്നു പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ടു്.

തൊഴിലാളികളെക്കുറിച്ചു ഫോർഡിനു ചില നിബന്ധനകളുണ്ടു്. അവർ മദ്യം പുകയില മുതലായ ലഹരിപദാർത്ഥങ്ങൾ ഉപയോഗിയ്ക്കാ

ത്തവരായിരിയ്ക്കണം; തൊഴിലാളിസംഘടനകളിൽ അവർ അംഗങ്ങ ളായിരിയ്ക്കാൻ പാടില്ല. റോക്ക്ഫെല്ലർ, മുസ്സോളിനി, ഹിററ്ലർ എന്നീ മഹാശയന്മാരെപ്പോലെ ഫോർഡും മദ്യവും പുകവലിയും വർ ജ്ജിയ്ക്കുന്നു. മദ്യനിരോധനം ഐക്യനാട്ടിൽ നടപ്പാക്കാൻ അവിട ത്തെ മുതലാളികളായിരുന്നുവത്രേ പ്രത്യേകം ശ്രമിച്ചതു്. ശനിയാഴ്ച തോറും കിട്ടുന്ന ശമ്പളംകൊണ്ടു ഞായറാഴ്ച കുടിച്ചുമറിഞ്ഞു നടക്കുന്ന തൊഴിലാളികളിൽ പലരും തിങ്കളാഴ്ച ജോലിക്കു ഹാജരാകാതെയിരി ക്കയും തന്മൂലം വ്യവസായശാലകളിൽ ശരിയായി ജോലി നിർവ്വഹി ക്കാൻ പ്രയാസമായും തീർന്നതാണു് അതിനു കാരണം. മദ്യാസക്തിയാൽ ഉത്ഭവിച്ച ഇത്തരം "ഏകാദശിത്തിങ്കളാഴ്ചകളെ" (Blue Mondays) ഉന്മൂലനംചെയ്യാനും വ്യവസായശാലകളിൽ യഥാക്രമം ജോലിനടത്തി ലാഭം വർദ്ധിപ്പിക്കാനുമുള്ളശ്രമത്തിൽനിന്നാണു് ആ നാട്ടിൽ മദ്യനി രോധനം ആരംഭിച്ചതു്. ഈ ഉദ്യമത്തിൽ ഫോർഡും ഒരു പ്രധാനപങ്കു വഹിച്ചിരുന്നു. മദ്യം വർജ്ജിക്കുന്ന നമ്മുടെ നാട്ടുകാരോടു്, പ്രത്യേകി ച്ചു മുഹമ്മദീയരോടു്, അദ്ദേഹത്തിനു പ്രതിപത്തിയുണ്ടെന്നും അതുകൊ ണ്ടു് ഒരുകാലത്തു തന്റെ കമ്പനിയിൽ അവക്കു ധാരാളമായി ജോലി കൊടുത്തുകൊണ്ടിരുന്നുവെന്നും എനിക്കറിയാം.

തൊഴിലാളികളുടെ ദൈവമായി ഫോർഡിനെ വളരെക്കാലം കരുതിവന്നെങ്കിലും ഇപ്പോൾ അദ്ദേഹത്തെ അവർതന്നെ ശപിക്കുന്നു. യുദ്ധകാലാനന്തരം ഉണ്ടായ അമിതമായ ചെലവു വർദ്ധനനി മിത്തം ജോലിക്കാരുടെ ശമ്പളം വെട്ടിക്കുറച്ചു. അവർ പണിമുടക്കാൻ ഭാവിച്ചപ്പോൾ അവരുടെനേക്കു വെടിവെപ്പിച്ചു എന്നും കേട്ടിട്ടുണ്ടു്. ഈ കുററാരോപണങ്ങൾക്കദ്ദേഹം ഉത്തരം പറയുന്നതു് ഇപ്രകാരമാ ണു്:—ശമ്പളം കുറച്ചില്ലെങ്കിൽ തന്റെ വ്യവസായശാല അടയ്ക്കേണ്ടി വരുമെന്നും അതുകൊണ്ടു തനിയ്ക്കെന്നപോലെ തന്റെ കമ്പനിയിൽ ജോലിചെയ്യുന്നവക്കും അതിയായ കഷ്ടപ്പാടുണ്ടാകുമെന്നുമാണു്. മത്സ രക്കാരായ മററുമോട്ടോർനിർമ്മാണക്കമ്പനിക്കാർ തന്നെ തോല്പിക്കാൻ ചെയ്ത അശ്രാന്തപരിശ്രമങ്ങൾ ഇങ്ങിനെ പരാജയത്തിൽ കലാശിച്ചു.

മററു ചില കേടീശ്വരന്മാരെപ്പോലെ ഫോർഡു തന്റെ ധനം ധർമ്മവിഷയങ്ങൾക്കായി വ്യയം ചെയ്യുന്നില്ല. ധർമ്മംചെയ്യുന്നതിൽ അദ്ദേഹത്തിനു വിശ്വാസമില്ലത്രെ. അതിനുപകരം ഉപജീവനമാർഗ്ഗം സുലഭമായി നേടുന്നതിനുവേണ്ട സാങ്കേതികപാഠശാലകൾ മാതൃകാ യോഗ്യമായവിധത്തിൽ തന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ചിട്ടുണ്ടു്.

കഷ്ടിച്ചു് അക്ഷരജ്ഞാനമുള്ള അദ്ദേഹത്തിനു സുകുമാരകലകളിലെക്കാൾ സാങ്കേതികശാസ്ത്രങ്ങളിലാണ് ശ്രദ്ധപതിഞ്ഞിരിക്കുന്നതു്. ഒരു പക്ഷെ സാഹിത്യകാരന്മാരോടു് അദ്ദേഹത്തിനു കുറെ പുച്ഛംകൂടി ഉണ്ടായിരിക്കാം. ഇടയ്ക്കു സോയാബീൻമുതലായ പുതിയതരം കൃഷിയിൽ അദ്ദേഹത്തിനു താല്പര്യം ജനിക്കയും കൃഷിയുടെ മഹിമയെക്കുറിച്ചു കുറെ പ്രസംഗപരമ്പരകൾ പ്രസിദ്ധപ്പെടുത്തുകയും ഉണ്ടായിട്ടുണ്ടു്.

ഫോർഡും എഡിസനും വലിയ ആത്മബന്ധുക്കളായിരുന്നു. തന്റെ വ്യവസായത്തിന് ഏററവും അത്യന്താപേക്ഷിതമായ റബ്ബറിന്റെ വില പൊടുന്നനവെ വർദ്ധിച്ചപ്പോൾ "ഗോൾഡൻറോഡ്" എന്ന കാട്ടുപുല്ലിൽനിന്നും കൃത്രിമറബ്ബർ നിർമ്മിക്കുന്നതിന് എഡിസനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അപ്പോളാണ് ആ "യന്ത്രമാന്ത്രികൻ" മരിച്ചുപോയതു്. റബ്ബർഉടമസ്ഥന്മാരെ തോല്പിക്കാൻ ഫോർഡ് ബ്രസ്സീൽരാജ്യത്തു റബ്ബർതോട്ടങ്ങൾ ആരംഭിച്ചെങ്കിലും സഞ്ചാരസൌകര്യക്കുറവുകൊണ്ടും മലമ്പനിനിമിത്തവും അങ്ങോട്ടു പോകുന്നതിനു കൂലിക്കാരെ കിട്ടാതെയായി. പരാജയം സമ്മതിക്കാത്ത അദ്ദേഹം കൂലിക്കാരെ വിമാനത്തിൽകൊണ്ടെത്തിക്കാൻ ശ്രമിച്ചെങ്കിലും അതും പ്രായോഗികമായില്ല. അതിനാൽ റബ്ബറിന് ഇപ്പോഴത്തെ വിലയെങ്കിലും കിട്ടിവരുന്നു.

മൂന്നുരൂപാമാത്രം വിലയുണ്ടായിരുന്ന ഫോർഡ്കമ്പനിയിലെ ഓഹരിയുടെ വില ആറായിരം രൂപാവരെ കൂടിയപ്പോൾ അതിബൃഹത്തായ ലാഭത്തിൽ തങ്ങൾക്കു പങ്കുകിട്ടണമെന്നു ചില ബാങ്കുടമസ്ഥർക്കു ദുർമ്മോഹംതുടങ്ങി. അധികം താമസിയാതെ അവരുടെ തന്ത്രങ്ങൾ പ്രയോഗിക്കാൻ തരവുംലഭിച്ചു. വ്യവസായശാല പുതുക്കാൻ കുറെയധികം പണം ആവശ്യമുണ്ടായപ്പോൾ മേല്പറഞ്ഞ ബാങ്കുടമസ്ഥർ ഫോർഡിനെ സഹായിക്കാൻ ഓടിച്ചെന്നു. പക്ഷേ ഫോർഡിന്റെ സകലസ്വത്തും ജാമ്യംകൊടുക്കണമെന്നുള്ള അവരുടെ വ്യവസ്ഥ നിരാകരിച്ചതിനാൽ ആ ഇടപാടു നടന്നില്ല. വേറെവിധം വേണ്ട പണം ശേഖരിച്ച ഈ മുതലാളി യാതൊരു വ്യവസായിയോ വ്യാപാരിയോ ബാങ്കുകൾക്കു കടപ്പെടരുതെന്നു് അഭിപ്രായപ്പെടുകയുമുണ്ടായി. കടപ്പെട്ടാൽ അവരുടെ വായിൽ വീണുപോകും. മുതലാളി മുതലാളിയെ വിഴുങ്ങുന്ന രാജ്യമാണ് അമേരിക്കാ.

യന്ത്രങ്ങൾ പരിഷ്കരിച്ചു കൂടുതൽ പ്രായോഗികമാക്കുന്നതുകൊണ്ടു തൊഴിലാളികൾക്കു ജോലിയില്ലാതായിത്തീരുമെന്നു സമത്വവാദികൾ

ഭയപ്പെടുന്നു. അമേരിക്കയിൽ കൃത്രിമപ്പട്ട നിർമ്മിക്കുന്ന വലിയ ഒരു ശാലയിൽ ആറു ജോലിക്കാർ മാത്രം മതിയത്രേ. ബാക്കി ആറായിരംപേർ ചെയ്യേണ്ട ജോലി ചില "ബട്ടൺ" ഞെക്കിയാൽ നിർവഹിക്കപ്പെടുന്നു! എന്നാൽ സാങ്കേതികപുരോഗമനംകൊണ്ടുണ്ടാകുന്ന തൊഴിലില്ലായ്മ (Technological Unemployment) വർദ്ധിച്ചു മനുഷ്യവർഗ്ഗം അഗാധകഷ്ടതയിലേക്കു പായുമെന്നു ഭയപ്പെടാനില്ല. കാളവണ്ടിപോയി മോട്ടോർവണ്ടിയായപ്പോഴും കേവുവള്ളത്തിനുപകരം സ്റ്റീംബോട്ടായപ്പോഴും വണ്ടിക്കാരും വള്ളംഊന്നുകാരുമായ ഒട്ടനേകം പേർ തൊഴിലില്ലാതെയായി. എന്നാൽ പുതിയപുതിയ വ്യവസായങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഴയ തൊഴിലുകാർ പുതിയ തൊഴിലുകാരായി രൂപാന്തരപ്പെടുന്നു.......................

ഈട്ടിയിലും ദന്തത്തിലും ചെയ്തു നാട്ടിൽനിന്നു കൊണ്ടുവന്ന ചില ആനകളെ കൌതുകസാധനങ്ങൾ വിൽക്കുന്ന ന്യൂയോർക്കിലെ ഒരു കമ്പനിയിൽ ഞാൻ വില്പനക്കു കൊണ്ടുചെന്നു. ഇത്തരം സാധനങ്ങൾ വാങ്ങുന്നതിനു വിദഗ്ദ്ധയായ മിസ്സ് ബ്രൌണിനോടു ഞാൻ ഇപ്രകാരം സംഭാഷണം ആരംഭിച്ചു.

"ഇന്ത്യയിൽനിന്ന് ഒരു ഡസൻ ആനകളെ ഇവിടെ വില്പനയ്ക്കു ഞാൻ കൊണ്ടുവന്നിട്ടുണ്ട്."

ആശ്ചര്യത്തോടെ അവർ ചുററുപാടും ഒന്നു നോക്കി.

"ജീവനുള്ള ആനകളല്ല; ഈട്ടിയിലും ദന്തത്തിലും ചെയ്തിട്ടുള്ള കൌതുകആനകൾ മാത്രമാണ്. അവ, ഇതാ!" എന്നു പറഞ്ഞ് അവരുടെ മേശപ്പുറത്തു നിരത്തി. പിന്നെ വില പേശാൻതുടങ്ങി.

"ഇതിനൊന്നിനു മൂന്നു രൂപ ചോദിക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല" എന്നു യഹൂദയായ ആ സ്ത്രീ എന്നോടു പറഞ്ഞു. "കൂടിയാൽ ഒന്നര രൂപ വെച്ചു തരാം. അതിനുംപുറമേ ഒരു ഡസൻ ആന ഞങ്ങൾക്കു തികയുകയില്ല. ഒന്നരരൂപ വിലവെച്ച് ഒരു അൻപതിനായിരം ആനകളെ മൂന്നുമാസത്തിനുള്ളിൽ തരുന്നതിനു താങ്കൾ കരാർ എഴുതാൻ തയ്യാറുണ്ടോ?"

"നിങ്ങളുടെ നാട്ടിൽ പ്രതിദിനം ആയിരവും രണ്ടായിരവും എന്നു കണക്കിനു യന്ത്രത്തിൽ നിർമ്മിക്കുന്നതുപോലെയല്ല ഞങ്ങളുടെ നാട്ടിൽ ഈ ആനകളെ ഉണ്ടാക്കുന്നത്. ഇതു കൈവേലയാണ്, കൊത്തുവേലയാണ്, വളരെ നേരം ബുദ്ധിമുട്ടി കണ്ണു കളഞ്ഞുള്ള ശില്പവേല

യാണു്. ഇതാ നോക്കൂ! എന്തൊരു ശില്പവൈഭവം! ഒരാന വേറൊരു ആനയെപ്പോലിരിയ്ക്കുന്നില്ല.”

അവർ പുഞ്ചിരിതൂകിക്കൊണ്ടു്, “എന്തൊരു സമയനഷ്ടം! ഇതു മാതിരി ആനകളെ മണിക്കൂറിൽ നൂറോ ഇരുനൂറോ യന്ത്രത്തിൽ ഉണ്ടാക്കാം. പക്ഷെ അവയെല്ലാം ഒരേ ആകൃതിയിലും വലിപ്പത്തിലും ആയിരുന്നേക്കാം. അതുകൊണ്ടു് എന്താണു്? പലരല്ലേ വാങ്ങുന്നതു്? മോട്ടോർവണ്ടി, റേഡിയോ, ഫൌണ്ടൻപേന മുതലായ സാധനങ്ങൾ യന്ത്രസഹായത്താലാണു് വില കുറച്ചു നിർമ്മിക്കാൻ സാധിക്കുന്നതു്. ഇവ സാധുക്കൾക്കുകൂടി വാങ്ങി ഉപയോഗിക്കത്തക്കവണ്ണം വില കുറഞ്ഞിരിക്കുന്നു. കൈവേലകൊണ്ടുള്ള സാധനങ്ങൾ വല്ല മ്യൂസ്യത്തിൽ വെയ്ക്കാൻ കൊള്ളുമായിരിക്കും. അല്ലാതെ സാധാരണമനുഷ്യർക്കു് ഉപയോഗപ്രദമായിരിക്കയില്ല.”

രസകരമായി എനിക്കു തോന്നിയ വേറൊരു കാഴ്ച, ആ നാട്ടിൽ “സൂട്ടുകൾ” ഉണ്ടാക്കുന്ന സമ്പ്രദായമാണു്. ആളവെടുത്തു് ആവശ്യപ്രകാരം ഒരു ‘സൂട്ടു്’ തയ്ക്കുന്നതിനുമാത്രം എഴുപത്തഞ്ചുരൂപ കൂലിയുള്ളപ്പോൾ “റെഡീമേഡ്” സൂട്ടുകൾ തുണിയുൾപ്പെടെ അത്ര വിലയ്ക്കുതന്നെ വില്ക്കുന്നതിന്റെ രഹസ്യം അന്വേഷിച്ചു. സൂട്ടു് ആയിരക്കണക്കിനു യന്ത്രത്തിൽ വെട്ടുകയും തയ്ക്കുകയും ചെയ്യുന്നതുകൊണ്ടാണു് ഇതു സാധ്യമാകുന്നതു്. ഈ വ്യവസായശാലയും ഞാൻ കാണുകയുണ്ടായി. ഏകദേശം നൂറടിനീളമുള്ള ഒരു മേശയിൽ പല നിറത്തിലുള്ള എട്ടോ പത്തോ തരം തുണികൾ ഒന്നിന്റെ മുകളിൽ ഒന്നായി വിരിച്ചിരിക്കുന്നു. തുണി ഒട്ടും നഷ്ടപ്പെടാത്തവിധം മുകളിൽ കിടന്നതിൽ ചോക്കുകൊണ്ടു പല വലിപ്പത്തിലുള്ള കോട്ടിന്റെയും വെസ്റ്റ്കോട്ടിന്റെയും ട്രൌസറിന്റെയും ഭാഗങ്ങൾ വരച്ചിട്ടുണ്ടു്. മുകളിൽ തൂങ്ങിക്കിടക്കുന്ന എലക്ട്രിക്ക്കത്രിക ഈ വരകളിലൂടെ ഓടിച്ചുതീർക്കുമ്പോൾ പല വിധത്തിലുള്ള സൂട്ടുകൾ ഒററയടിക്കു വെട്ടിയിടുന്നതിനെ വേറൊരു എലക്ട്രിക്ക്തയ്യൽ യന്ത്രത്തിൽ തച്ചുതീർക്കുന്നു.

ആ നാട്ടിൽ കൃഷിചെയ്യുന്നതും ഇതേവിധം വിപുലമായിത്തന്നെയാണു്. അനേകായിരം ഏക്കർ ഒന്നിച്ചുകിടക്കുന്ന നിലങ്ങൾ വിമാനത്തിൽനിന്നും വിതച്ചു യന്ത്രംകൊണ്ടാണു് കൊയ്യുന്നതു് എന്നു പറഞ്ഞാൽ മതിയല്ലോ.

പല വലിയ ആപ്പീസുകളിൽ ടൈപ്പിസ്റ്റുമാർക്കു്—അമേരിക്കയിൽ ഇവരെല്ലാം സ്ത്രീകളായിരിക്കും—പറഞ്ഞുകൊടുത്തു ചുരുക്കെഴുത്തിൽ

എടുപ്പിക്കുന്നതിനുപകരം ''ഡിക്ടാഫോൺ'' എന്ന യന്ത്രം വെച്ചിട്ടുള്ളതിൽ സംസാരിച്ചാൽ മതിയാകുന്നതാണ്. ഗ്രാമഫോൺ റെക്കാർഡിൽ എന്നപോലെ അതിൽ സകലതും പതിയുന്നു. പിന്നീട് ടൈപ്പിസ്റ്റ് വന്ന് അതു ഗ്രാമഫോണിൽവെച്ചു വാചകങ്ങൾ കേട്ടു കടലാസ്സിൽ പകർത്തുന്നു. ഈ ഏർപ്പാടുകൊണ്ടു സമയം ലാഭിക്കയും കാര്യക്ഷമത വർദ്ധിക്കയും ചെയ്യുന്നു.

ബന്ധുമിത്രാദികൾ എഴുത്ത് അയയ്ക്കുന്നതിനുപകരം ഇത്തരം റെക്കാർഡുകൾ അയയ്ക്കുന്ന നവീനരീതി ഇപ്പോൾ അമേരിക്കയിൽ നടപ്പായിരിക്കുന്നു. അലൂമിനിയംകൊണ്ടോ കട്ടിക്കടലാസ്സുകൊണ്ടോ നിർമ്മിച്ചിട്ടുള്ള ഇത്തരം ഒരു റെക്കാർഡിൽ നൂറു വാക്കു പതിപ്പിക്കുന്നതിനു നാലണയേ ചെലവുള്ളു. അതുകൊണ്ട് ഇതു കൂടുതൽ പ്രചാരത്തിൽ വന്നിരിക്കയും, ദൂരെയുള്ളവരുടെ സ്വന്തം ശബ്ദവും സ്വരവുംകേട്ടു മിത്രകളത്രാദികൾക്കു സംതൃപ്തരാകാൻ സാധിക്കയും ചെയ്യുന്നു.

ഉൾനാട്ടുകളിൽ പത്തുപതിനായിരം പശുക്കൾ നിൽക്കുന്ന ''റാഞ്ചു''കളിൽ നിന്നാണ് നഗരവാസികൾക്കു പാൽ തീവണ്ടിവഴി കൊണ്ടുപോകുന്നതു്. മണ്ണെണ്ണ കൊണ്ടുപോകുന്നതുപോലെയാണ് അതും കൊണ്ടുപോകുന്നതെന്നു മുമ്പൊരിക്കൽ വിവരിക്കുകയുണ്ടായല്ലോ. രണ്ടായിരവും മൂവായിരവും മൈലിനപ്പുറംനിന്നു കൊണ്ടുവരുന്ന പാൽ നഗരത്തിന്റെ പല വിഭാഗങ്ങളിലായി ''ടാങ്കുകളിൽ'' ശേഖരിച്ചു പിന്നീടു കുപ്പികളിലാക്കി വീടുതോറും വിതരണംചെയ്യുന്നു. അതുകൊണ്ടു പശുക്കളെ കണ്ടിട്ടില്ലാത്ത കുട്ടികൾ നഗരങ്ങളിൽ ധാരാളമുണ്ട്. പാൽ, ഗോതമ്പു മുതലായ ആഹാരപദാർത്ഥങ്ങൾ വേണ്ടതിലധികം ഉണ്ടാകുകയും തന്നിമിത്തം വില കുറയുകയും ചെയ്യുമ്പോൾ ഇവ നശിപ്പിച്ചു കൃത്രിമമായി വില വർദ്ധിപ്പിക്കുന്നു. ഇങ്ങനെ പാൽ പുഴയിലൊഴിക്കയും, ഗോതമ്പു കത്തിക്കയും, കാപ്പിക്കുരു കടലിലെറിയുകയും ചിലപ്പോൾ ചെയ്യാറുണ്ടു്. സമൃദ്ധിയുള്ളപ്പോൾ ഇപ്രകാരം ക്ഷാമം കൃത്രിമമായി നിർമ്മിക്കുന്നതു് എത്ര നീചമാണെന്നു പറയേണ്ടതില്ലല്ലോ..........................

അമേരിക്കയിലെ ഗവേഷകന്മാർ അത്ഭുതമനുഷ്യരാണ്. വൃദ്ധനായ ഒരു കോടീശ്വരന്റെ ആമാശയം വേണ്ടപോലെ പ്രവർത്തിക്കാഞ്ഞതുകൊണ്ട് ഒരു ശാസ്ത്രജ്ഞൻ അതു് എടുത്തു മാററി റബ്ബറും, പൊന്നുംകൊണ്ടുണ്ടാക്കപ്പെട്ടയൊന്നു പകരം വെച്ചത്രെ! പാശ്ചാത്യശാസ്ത്രത്തിന്റെ പുരോഗമനം ആലോചിക്കുക!............................



ഒരു വ്യവസായശാല (94-ാം പുറം)

കേരളസാഹിത്യ അക്കാദമി



"റാഞ്ച്" (കന്നുകാലിത്തോട്ടം) (96-ാം പുറം)

ഷിക്കാഗോ സ്റ്റോക്ക്‌യാർഡിൽ ലക്ഷക്കണക്കിനു പന്നിയെ കൊല്ലുന്നതും അതിന്റെ രോമം വടിക്കുന്നതും മാംസം നുറുക്കിയെടുക്കുന്നതും എല്ലാം യന്ത്രംകൊണ്ടാണ്. സ്വാദ് കൂട്ടുന്നതിനു റൊട്ടിയും പാലും കൊടുത്തു വളർത്തുന്ന പന്നിയുടേയും താറാവിന്റേയും വിധി ഇതുതന്നെ. കൊല്ലാൻ കൊണ്ടുപോകുമ്പോൾ ഇവയുടെ കൂട്ടക്കരച്ചിൽ ഏററവും ഹൃദയഭേദകമാണ്. എന്നാൽ അവയുടെ കരച്ചിൽ ഒഴിച്ച് രോമംമുതൽ ചോരവരെയുള്ള സകലതും ആ നാട്ടിൽ ഉപയോഗിച്ചു വരുന്നു. സ്റ്റോക്ക്‌യാർഡിൽ പണി മുടക്കിയാൽ അമേരിക്കർ പട്ടിണി കിടക്കുകയേയുള്ളു.

ജീവൻ സൃഷ്ടിക്കുന്നതൊഴിച്ചു മററു സകല പ്രവൃത്തികളും അമേരിക്കയിൽ നിർവ്വഹിക്കുന്നുണ്ട്. അതുകൂടി സാദ്ധ്യമാകാതെ പാശ്ചാത്യ ശാസ്ത്രീയഗവേഷകന്മാർ തൃപ്തിയടയുമോ?

കേരള സാഹിത്യ അക്കാദമി

23. ഭാരതീയവിദ്യാർത്ഥി ബഹിഷ്ക്കരണം

അധിനിവേശനിയമം—ട്രംസ്‌ഷയിൽ—ഒരു പിതാവിന്റെ കൌശലം.

“താങ്കളാണോ മിസ്റ്റർ മുക്കർജി?” എന്ന് ഒരു അമേരിക്കൻ സി. ഐ. ഡി. പൊല്ലീസ്സുദ്യോഗസ്ഥൻ എന്നോടു ചോദിക്കയും തന്റെ ഔദ്യോഗികസ്ഥാനം വേണ്ടപോലെ എന്നെ മനസ്സിലാക്കുന്നതിനു കോട്ടിനുള്ളിൽ ധരിച്ചിരുന്ന “സി. ഐ. ഡി. ബാഡ്ജ്” കാണിക്കയും ചെയ്തു. സാക്ഷാൽ പേരു വേറെയാണെങ്കിലും വായനക്കാർ അദ്ദേഹത്തെ മൃക്കർജി എന്നറിഞ്ഞാൽ മതി.

മഞ്ഞുകാലത്തു വൈകുന്നേരം നാലുമണിയാകുമ്പോൾത്തന്നെ ഇരുട്ടാകുന്നതുകൊണ്ടു പതിവുപോലെ അഞ്ചുമണിക്കു വിളക്കുവെച്ച് അത്താഴം കഴിഞ്ഞ് ഒരു രാത്രി ഹിന്ദുസ്ഥാൻ വിദ്യാർത്ഥിസംഘത്തിന്റെ ഒരു അസാധാരണയോഗംകൂടി പല രാഷ്ട്രീയപ്രശ്നങ്ങളേയും പ്രതിപാദിച്ചുകൊണ്ടിരിക്കയായിരുന്നു. അക്കൊല്ലത്തെ അദ്ധ്യക്ഷനെന്ന നിലയിൽ നടപടികൾ എന്റെ ഭാരവാഹിത്വത്തിലാണ് നടന്നുകൊണ്ടിരുന്നതു്. മഹാത്മാഗാന്ധി സിവിൽനിയമലംഘനം തുടങ്ങിയ അക്കാലത്തു ഞങ്ങളിൽനിന്നു പിരിച്ച് ഇരുനൂറു ഡോളർ (ഉദ്ദേശം അറുനൂറുരൂപ) രാഷ്ട്രീയാവശ്യങ്ങൾക്കായി പണ്ഡിത നെഹ്റുവിനായ

ക്കണമെന്ന ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. ആ സംഖ്യ ഉടനെ പിരിച്ചെടുത്തു. പിന്നീട് ഇൻഡ്യയുടെ പുരാതന സംസ്കാരവും സുകുമാരകലകളും അമേരിയ്ക്കരെ വേണ്ടപോലെ മനസ്സിലാക്കുവാൻ വേനൽക്കാലത്ത് ഒരു പ്രസംഗപരമ്പര നടത്തണമെന്നും ശാകുന്തളം നാടകം അഭിനയിക്കണമെന്നുമുള്ള അടുത്ത പ്രമേയം അവതരിപ്പിച്ച ഇടയ്ക്കാണു പെട്ടെന്നു മേൽവിവരിച്ച ചോദ്യം ഉണ്ടായത്.

"ഞാനല്ല, എന്നാൽ അദ്ദേഹം ഇതാ" എന്നു പറഞ്ഞു ഞാൻ ഞങ്ങളുടെ സംഘത്തിന്റെ ഖജാൻജിയെ പരിചയപ്പെടുത്തിക്കൊടുത്തു

ബംഗാളിലെ ഒരു ജഡ്ജിയുടെ ഏക പുത്രനും ബഹുമാന്യനും മര്യാദക്കാരനുമായ മൂക്കർജിയെ പൊല്ലീസ്സുകാർ അന്വേഷിക്കാനിടയായ കാരണമറിവാൻ ഞങ്ങളെല്ലാം വളരെ ഉത്സുകരായി.

"ഒരു സ്വകാര്യം പറയാനുണ്ട്; നമുക്കു താങ്കളുടെ മുറിയിലേക്കു പോകാം" എന്നു സി. ഐ. ഡി. പറഞ്ഞതനുസരിച്ച് അവരിരുവരും കൂടി മുകളിലേക്കു പോയി.

മോട്ടോർവണ്ടി ഉടമസ്ഥനില്ലാതെ റോഡിലിട്ട കുറ്റത്തിനോ മറ്റോ ആയിരിക്കും മൂക്കർജിയെ പിടികൂടിയതെന്നുദ്ദേശിച്ചു ഞങ്ങൾ യോഗം തുടന്നു. എന്നാൽ ഞങ്ങളുടെ ഖജാൻജി കൂടെയില്ലാതിരുന്നതു കൊണ്ടു വേണ്ടപോലെ കാര്യം പറഞ്ഞു മുന്നോട്ടുപോകാൻ സാധിക്കാതെയായിത്തുടങ്ങി. ഏതാണ്ടൊരു കാൽ മണിക്കൂർ കഴിഞ്ഞിട്ടും മൂക്കർജി തിരിച്ചുവരാത്തതിനാൽ ഒന്ന് അന്വേഷിക്കാൻ ഞാൻ മുകളിലേക്കു പുറപ്പെട്ടു.

അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച വേറൊന്നാണ്. എന്റെ സ്നേഹിതന്റെ മുറിയുടെ മുമ്പിൽ ആയുധപാണിയായി ഒരു പൊല്ലീസ്സുദ്യോഗസ്ഥൻ നില്പുണ്ട്. മൂക്കർജിയെ അറസ്റ്റുചെയ്തു മുറിയിൽ ഇരുത്തിയിരിക്കയാണെന്നു അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഏതായാലും ഞാൻ അകത്തു കടന്നു. സി. ഐ. ഡി. യും എന്റെ ചങ്ങാതിയും ഓരോ കസാരയിൽ മിണ്ടാതെ ഇരിക്കുകയായിരുന്നു.

"എന്താണ് മി. മൂക്കർജിയുടെ കുറ്റം?" എന്നു ചോദിച്ചപ്പോൾ അദ്ദേഹം എനിക്കും തടങ്കൽപ്പുള്ളിക്കും ഓരോ സിഗററ്റ് നീട്ടി താനും ഒന്നെടുത്തു വലിക്കാൻ തുടങ്ങി.

"ഞങ്ങളുടെ നാട്ടിലെ അധിനിവേശനിയമം (Immigration law) അതിലംഘിച്ച കുറ്റത്തിനാണ് നിങ്ങളുടെ കൂട്ടുകാരനെ അറസ്റ്റു

ചെയ്തിരിക്കുന്നതു്. ഇതിനുള്ള ശിക്ഷ കപ്പലിൽകയററി നാടുകടത്ത ലാണു്."

ഏതെങ്കിലും കാരണത്താൽ ഒരുവനെ അമേരിക്കയിൽനിന്നു ബഹിഷ്കരിച്ചാൽ പിന്നീടൊരിക്കലും അയാൾക്കു് ആ നാട്ടിൽ പ്രവേശനമില്ല. ഏതായാലും എൻെറ സ്നേഹിതൻെറ കുററം കൊലപാതകമോ കൂട്ടക്കവർച്ചയോ ഒന്നുമല്ലല്ലോ എന്നോർത്തു ഞാൻ സമാധാനപ്പെട്ടു.

"മി. മൂക്കർജിയെ ഈ രാത്രിതന്നെ ജയിലിൽ കൊണ്ടുപോകണം" എന്നായി. സി. ഐ. ഡി. പിന്നെ എൻെറ സ്നേഹിതൻെറ നേരെ നോക്കി, "അതിനു ദയചെയ്തു ഉടനേ തയ്യാറാവുക. ഒരുപക്ഷേ കുറെദിവസം അവിടെ താമസിക്കേണ്ടിവരുന്നേക്കും. അതുകൊണ്ടു വേണ്ടതെല്ലാം എടുത്തുകൊള്ളുന്നതു നന്നു്."

"ഒന്നു ചോദിച്ചുകൊള്ളട്ടെ?—ഞാൻ ഇൻഡ്യയിൽ ഒരു വക്കീലാകകൊണ്ടു താങ്കൾ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു— എൻെറസ്നേഹിതനെ ഇപ്പോൾതന്നെ കൊണ്ടുപോകണമെന്നു നിർബ്ബന്ധമുണ്ടോ, നേരം വെളുത്തിട്ടായാൽ പോരേ? എൻെറ ജാമ്യത്തിൽ ഇവിടെ താമസിപ്പിക്കാൻ വല്ല വഴിയുമുണ്ടോ?........ഇദ്ദേഹത്തിൻെറ അച്ഛൻതന്നെ ഇൻഡ്യയിൽ ഒരു ജഡ്ജിയാണു്."

കുറേനേരം ആലോചിച്ചശേഷം സി. ഐ. ഡി. "ഉടനെ അറസ്റ്റ്ചെയ്തു കൊണ്ടുപോകണമെന്നാണു് എനിക്കു നൽകിയിരിക്കുന്ന ഉത്തരവു്. ഇപ്പോൾ പോയി നാളെ വന്നാൽ താങ്കളുടെ സ്നേഹിതനെ ഇവിടെ കാണുമെന്നു് എന്താണു നിശ്ചയം? ഓടി രക്ഷപ്പെട്ടാൽ എൻെറ ജോലി പോകും..........അതിരിക്കട്ടെ! നിങ്ങൾ ഇന്നു് ഈ മുറിയിൽകിടന്നു നാളെ കാലത്തു് ഞാൻ വരുമ്പോൾ ഇദ്ദേഹത്തെ എന്നെ ഏല്പിക്കുമോ?"

ഞാനതിനു സമ്മതിച്ചു. ഉദ്യോഗസ്ഥന്മാർ തല്ക്കാലം പിരിയാൻ ഭാവിച്ചപ്പോഴുണ്ടായ ഒരു സംഭവംനിമിത്തം കാര്യം വീണ്ടും വിഷമത്തിലായി. മൂക്കർജിയെ അറസ്റ്റ്ചെയ്തു കപ്പൽ കയററി നാടുകടത്താൻ പോകുന്നു എന്ന സംഭ്രമജനകമായ വാത്ത സഹഭാരതീയരുടെ ഇടയിൽ പ്രചരിച്ചതോടുകൂടി ചില ബംഗാളിവിദ്യാത്ഥികൾ ഇൻഡ്യാക്കാരുടെ ഗുണകാംക്ഷിയും രാഷ്ട്രീയപ്രശ്നങ്ങളിൽ ഞങ്ങളോടു് ആനുകൂല്യവും സഹതാപവും പ്രദർശിപ്പിച്ചുവന്ന ആളുമായ ഒരമേരിക്കൻഅഭിഭാഷകനെയും കൂട്ടിക്കൊണ്ടു മുറിയിൽവന്നു. സ്വാതന്ത്ര്യസിദ്ധമായ വാക്പാടവത്തോടും നിയമപാണ്ഡിത്യത്തോടും അദ്ദേഹം

സി. ഐ. ഡി.യോടു, മുക്കർജിയെ അറസ്റ്റ്ചെയ്യുവാനാധികാരപ്പെടുത്തിയ വാറണ്ടു കാണിക്കണമെന്നാവശ്യപ്പെട്ടു.

"കാണിക്കണമെന്നു നിർബന്ധമില്ലെങ്കിലും ലോകമര്യാദയ്ക്കു് ഏതായാലും കാണിച്ചുതരാ"മെന്നു പറഞ്ഞു സി. ഐ. ഡി. വാറണ്ടെടുത്തുകാണിച്ചു. ഈ "തലയിടൽ" പിടിക്കാത്ത പൊല്ലീസ്സുദ്യോഗസ്ഥൻ മുക്കർജിയോടു തൽക്ഷണം ഞങ്ങളുടെകൂടെ പുറപ്പെടണമെന്നാവശ്യപ്പെട്ടു.

റോഡിൽ പഞ്ഞിപോലെ മഞ്ഞു വീഴുന്നതു ജനലിലൂടെ കാണാം. ആ കൊടുംതണുപ്പിൽ മുക്കർജിയുടെ ഷർട്ടു് മുഴുവൻ വിയർത്തു നനഞ്ഞ കാഴ്ച എനിക്കൊരിക്കലും മറക്കാൻ സാധിക്കയില്ല. ഒന്നും പേടിക്കേണ്ടെന്നു് സ്വഭാഷയിൽ പറഞ്ഞു മുക്കർജിയെ ആശ്വസിപ്പിക്കാമെന്നു വിചാരിച്ചപ്പോൾ ഞാൻ ഹിന്ദുസ്ഥാനി പഠിച്ചില്ലല്ലോ എന്ന പശ്ചാത്താപം ജനിച്ചു. ഭാരതീയക്കു് ഒരു പൊതുഭാഷയുടെ ആവശ്യകത അന്നു ഞാൻ നല്ലതുപോലെ മനസ്സിലാക്കി.

"വല്ല ആവശ്യവും പെട്ടെന്നുണ്ടായാൽ—" എന്നു പറഞ്ഞു ഞാൻ പത്തു ഡോളറിന്റെ ഒരു നോട്ടു മുക്കർജിയുടെ പോക്കററിലിട്ടു. ഞങ്ങൾ ഒന്നുരണ്ടു പേർകൂടി തുണയായി പോകാമെന്നു് ആലോചിച്ചപ്പോൾ പൊല്ലീസ്സുകാർ അതിന്നു സമ്മതിച്ചില്ല. അവർ ഒരു "ടാക്സി" വിളിച്ചു മുക്കർജിയെ അതിൽ കയററി. അദ്ദേഹം യാത്ര ചോദിക്കുന്ന ഭാവത്തിൽ അവസാനമായി ഞങ്ങളുടെ മുഖത്തു നോക്കിയതു വ്യസനാപൂർണ്ണമായ ഒരു കാഴ്ചയായിരുന്നു.

എന്തായിരുന്നു മുക്കർജിയുടെ കുററം ? വിദ്യാർത്ഥികളായിവരുന്ന ഏഷ്യാഖണ്ഡനിവാസികൾ അമേരിക്കയിലെ ഗവൺമെൻറ് അംഗീകരിച്ച ഏതെങ്കിലും വിദ്യാലയത്തിൽചേർന്നു ശരിയായി അഭ്യസിച്ചുകൊള്ളേണ്ടതും, ഇതിന്നു വിഘ്നം വരുത്തിയാൽ കാര്യകാരണസഹിതം സമാധാനം ബോധിപ്പിക്കേണ്ടതുമാണു്. മുക്കർജിയാകട്ടെ ഷിക്കാഗോ, ഫിലഡെൽഫിയാ മുതലായ കോളജുകളിൽ മാറിമാറി പഠിച്ചു്, അച്ഛന്റെ പണവും തന്റെ ആയുസ്സും നഷ്ടപ്പെടുത്തിവന്നു. ഒടുവിൽ ന്യൂയോക്കിലെ കൊളമ്പിയാ സർവ്വകലാശാലയിൽ വന്നുചേർന്നു. ഒരു വർഷം ക്ലാസ്സിൽച്ചേർന്നു പഠിച്ചു; പിറേറവർഷം പഠിപ്പു വലിഞ്ഞു. ദേഹാസ്വാസ്ഥ്യം എന്ന സമാധാനം പറഞ്ഞെങ്കിലും സർവ്വകലാശാലാഡോക്ടരുടെ പരീക്ഷണത്തിൽ മടിയല്ലാതെ വേറൊരു രോഗവുമില്ലെന്നു വെളിപ്പെട്ടു. ക്ലാസ്സിൽച്ചേരുവാൻ ഒരു വാരത്തെ

അവധിക്ക് അപേക്ഷിച്ചു. എന്നാൽ ഓരോ ഒഴിവുകഴിവുകൾ പറഞ്ഞ് ആ കാര്യം നീട്ടിക്കൊണ്ടുപോയതേയുള്ളു. ഇതിന്റെയെല്ലാം ഫലമാണ് ഒടുവിൽ സി. ഐ. ഡി.യുടെ ആവിർഭാവം. ഇംഗ്ലണ്ടിലും ഇതു മാതിരി ഒരു നിയമമുണ്ടെങ്കിൽ നമ്മുടെ യുവാക്കന്മാർ ഇത്രയേറെ തിണ്ടാടിപ്പോകയില്ലായിരുന്നു.

പിറ്റേദിവസം കാലത്തു, മനുഷ്യരെ ജീവനോടെ കുഴിച്ചിടുന്ന ശവകുടീരമെന്നർത്ഥമുള്ള "ടൂംസ്" ജയിലിൽനിന്നു മുക്കർജിയുടെ ഒരു കാർഡ് എനിക്കു കിട്ടി. കുപ്രസിദ്ധരായ കൊലപാതകന്മാരേയും കൊള്ളത്തലവന്മാരേയും ഉള്ളടക്കി നഗരമദ്ധ്യത്തിൽത്തന്നെ സ്ഥിതിചെയ്യുന്നതും അനവധി പട്ടാളക്കാരാൽ സുരക്ഷിതവുമായ ആ കാരാഗൃഹത്തിൽച്ചെന്നു ഞങ്ങൾ അദ്ദേഹത്തെ കണ്ടു. ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷവും ആശ്വാസവും അവർണ്ണനീയമത്രേ.

ഇതിനുശേഷം മുക്കർജിയെ വിട്ടയയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുതുടങ്ങി. അവസാനം ആ നാട്ടിലെ ധാർമ്മിക സ്ഥാപനമായ "പൌരസ്വാതന്ത്ര്യസംഘത്തിന്റെ" അധികൃതരെ അഭയം പ്രാപിച്ചു്. അവർ സ്വന്തം ചെലവിൽ ഒരു വക്കീലിനെ ഏർപ്പെടുത്തി. അഞ്ഞൂറു ഡോളർ രൊക്കം കെട്ടിവെച്ചാൽ മുക്കർജിയെ ജാമ്യത്തിൽ വിടാമെന്നും ഒരു മാസത്തിനുള്ളിൽ കപ്പൽകയറി അമേരിക്ക വിടണമെന്നും അതിനുശേഷം ജാമ്യസംഖ്യ തിരിച്ചുകൊടുക്കാമെന്നും കോടതി ഉത്തരവായി. അഞ്ഞൂറു ഡോളർ ഞങ്ങൾ ശേഖരിച്ചു മുക്കർജിയെ മോചിപ്പിച്ചു.

ഈ പരിതസ്ഥിതികളിൽ അമേരിക്കാവിടേണ്ടിവന്ന മുക്കർജിക്ക് ആ നാടിനോടും ആളുകളോടും പ്രത്യേകം സ്നേഹമൊന്നും തോന്നാൻ കാരണമില്ലല്ലോ. എന്നാൽ വേണ്ടപോലെ ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താൻ അവകാശമില്ല. മുക്കർജിയുടെ കാര്യത്തിൽ സംഗതികൾ ഇത്ര ക്ഷണം പുരോഗമനം ചെയ്യാനുണ്ടായ ചില സ്വകാര്യ കാരണങ്ങൾ പിന്നീടു ഞങ്ങൾക്കറിവാൻ ഇടയായി. ചെറുപ്രായത്തിൽ വിവാഹിതനായ അദ്ദേഹം ദന്തവൈദ്യം പഠിക്കാനായി അമേരിക്കയ്ക്കു പുറപ്പെട്ടപ്പോൾ തനിക്കു മൂന്നു പുത്രന്മാരുണ്ടായിരുന്നു. മാറിമാറി പത്തുവർഷം പല കോളേജുകളിലും പഠിച്ചിട്ട് യാതൊരു ബിരുദവും സമ്പാദിച്ചില്ല. അച്ഛൻ പണമയച്ചുതോറ്റു. അതിനിടക്ക് അമ്മ ആസന്നമരണയായിക്കിടക്കുന്നു എന്നൊരു കമ്പി വന്നെങ്കിലും, ആളു തന്നെ തിരിച്ചു നാട്ടിൽ വരുത്താനുള്ള ഒരു വിദ്യയാണെന്ന്

അദ്ദേഹം തീരുമാനിച്ചു. നിർഭാഗ്യവശാൽ അധികം താമസിയാതെ അമ്മ മരിച്ചു. ഭർത്താവു തിരിച്ചുവരികയില്ലെന്നു ഭയന്നു വ്യസനാക്രാന്തയായ ഭാര്യ പല എഴുത്തുകളയച്ചിട്ടും മുക്കർജി മറുപടിയയച്ചില്ല. അവൾക്കു പലപ്പോഴും ബോധക്കേടുണ്ടാകുന്നെന്നും ഭ്രാന്തുതന്നെ പിടിച്ചേക്കുമെന്നും ശ്വശുരൻ എഴുതിയെങ്കിലും, അതെല്ലാം കെട്ടുകഥകളായിട്ടേ ഇദ്ദേഹം കരുതിയുള്ളു.

“പൈപ്പു്”വായിൽനിന്നെടുക്കാതെ സദാ പുകയുംവലിച്ചു നടക്കുമെന്നല്ലാതെ മുക്കർജിക്കു് ഒരു തോന്ന്യാസവുമില്ലായിരുന്നു. ഊണു കഴിച്ചാൽ ഉറക്കം; ഉറക്കം കഴിഞ്ഞാൽ ഊണു്. ബങ്കാളികൾക്കു മത്സ്യം സർവ്വപ്രധാനമാണല്ലോ. പാശ്ചാത്യരീതിയിലുള്ള പാചകംകൊണ്ടു തൃപ്തിപ്പെടാതെ, മാങ്ങായ്ക്കു പകരം ടോമാറ്റോ കൂട്ടി മീൻകറി വെക്കുന്നതിൽ അദ്ദേഹം തന്നെ ഏറ്റിട്ടും. പാചകവും സംഗീതവും അറിഞ്ഞുകൂടാത്ത ബംഗാളിയില്ല. ചോറും മീൻകറിയുംവെച്ചു കൂട്ടുകാരുമായി ഒന്നിച്ചിരുന്നു് ഉണ്ണുന്നതിൽകൂടുതൽ സന്തോഷം വേറൊന്നു് അദ്ദേഹത്തിനില്ലായിരുന്നു. പിന്നെ സൗകര്യമുള്ളപ്പോഴെല്ലാം പുതച്ചുപുതച്ചു മെത്തകളുള്ളിൽ ചുരുണ്ടുകൂടി കിടന്നുറങ്ങുന്നതായിട്ടാണു് മുക്കർജിയെക്കുറിച്ചു് എന്റെ മനസ്സിലുള്ള ചിത്രം. അമേരിക്കയിലെ കഥ ഇങ്ങനെ; പല കടലുകൾക്കപ്പുറത്തു് പുത്രനെ കാണാതെ അച്ഛനും, ഭർത്താവിനെകാണാതെ ഭാര്യയും, അച്ഛനെ അറിഞ്ഞിട്ടില്ലാത്ത കുട്ടികളും! ബുദ്ധിമാനായ ജഡ്ജി ഒടുവിൽ ഒരു കൈ പ്രയോഗിച്ചു. കോളേജിൽ ചേരാതെ അലസനായി നടന്നു് തന്റെ പുത്രൻ അധിനിവേശനിയമം ലംഘിച്ചിരിക്കുന്നു എന്നും, അതുകൊണ്ടു് ഉടനടി വേണ്ടനടപടിനടത്തി മകനെ ഇൻഡ്യയിലേക്കയയ്ക്കണമെന്നും അപേക്ഷിച്ചു് അധികൃതർക്കു് കമ്പിയടിച്ചു. ഇങ്ങിനെയാണു്, കോഴിക്കുഞ്ഞിന്റെ നേർക്കു പരുന്തെന്നപോലെ സി. ഐ. ഡി. മുക്കർജിയുടെ നേർക്കു പാഞ്ഞെത്തിയതു്.

കൽക്കട്ടായിലെ സ്വഭവനത്തിൽ പുത്രകളത്രാദികളുടെ ഇടയിൽ ഒരുത്തമഗൃഹസ്ഥാശ്രമിയായിട്ടാണു് എന്റെ പഴയ സ്നേഹിതനെ ഈയിടെ ഞാൻ കണ്ടതു്.

20. കാപ്പിട്ടോൾ

അമേരിക്കൻപ്രസിഡണ്ടിനു കൈകൊട്ടുന്നു—റെഡ് ഇൻഡ്യാക്കാരെക്കുറിച്ചു ചില വിമർശനങ്ങൾ—മനുഷ്യവർഗ്ഗങ്ങളുടെ ഉത്ഭവത്തെക്കുറിച്ചു രസകരമായ അവരുടെ കഥ—രണ്ടു വിപ്ലവനേതാക്കന്മാർ—തിരുവിതാംകൂർ മഹാരാജാവിൻെറ സ്വർണ്ണവിഗ്രഹം.

വെള്ളമാർബിൾക്കല്ലിൽ നിർമ്മിക്കപ്പെട്ട കാപ്പിട്ടോൾമന്ദിരം അന്നു രാത്രി മൂടൽമഞ്ഞിനിടയിൽ ചുവപ്പുനിറംപൂണ്ട് ഒരു റോസാപ്പുഷ്പംപോലെ വികസിച്ചുനില്ക്കുന്ന കാഴ്ച എത്ര മനോഹരം! രാത്രിയിൽ വൈദ്യുതവിളക്കുകൾ ഒന്നാകെ ഈ മന്ദിരമകുടത്തിൽ മൂടൽ മഞ്ഞിനിടയിലൂടെ അടിച്ചുകൊണ്ടാണ് ഈ വർണ്ണഭേദമുണ്ടായത്. അമേരിക്കരുടെ സ്വാതന്ത്ര്യത്തിൻെറയും വിജയകരമായ വിപ്ലവയുദ്ധസന്നാഹങ്ങളുടെയും ശാശ്വതചിഹ്നമായി ഐക്യനാടിൻെറ തലസ്ഥാനനഗരമായ വാഷിങ്ടണിലുള്ള കാപ്പിട്ടോൾമന്ദിരത്തിന് ആകൃതിയിലും നിറത്തിലും തിരുവനന്തപുരത്തെ ഹജൂർകച്ചേരിയോടു വളരെ സാമ്യമുണ്ട്. രണ്ടും ഗ്രീക്കുശില്പത്തിൽ നിർമ്മിച്ചവയാകുന്നു. എന്നാൽ മണിമാളികയ്ക്കുപകരം തൊണ്ണൂറേഴടി വീതിയിലുള്ള ഒരു സ്തൂപിക അമേരിക്കരുടെ മന്ദിരത്തിൽ ഉണ്ടെന്നൊരു വ്യത്യാസത്തിനു പുറമേ, ഇരുപതടി പൊക്കമുള്ള ഒരു സ്വാതന്ത്ര്യപ്രതിമയും അതിൻെറ മുകളിൽ നിർത്തിയിട്ടുണ്ട്. നോക്കുന്നിടമെല്ലാം ഈ പ്രതിമ സ്ഥാപിച്ചില്ലെങ്കിൽ തങ്ങളുടെ സ്വാതന്ത്ര്യം നശിച്ചുപോകുമെന്ന് ഒരു ഭീതി അമേരിക്കരുടെ മനസ്സിൽ കടന്നുകൂടിയിരിക്കുന്നതുപോലെ തോന്നും.

ആ നാട്ടിലെ സെനററ്, ഹൌസ് ഓഫ് റെപ്രസൻറട്ടിവ്സ് എന്നീ നിയമനിർമ്മാണസഭകളടങ്ങിയ കോൺഗ്രസ് ഈ കെട്ടിടത്തിലാണ് കൂടുക. ഇതിൽത്തന്നെ വേറൊരു മുറിയിലാണ് സുപ്രീംകോടതി ജോലി നടത്തുന്നതു്. ഇങ്ങനെ അമേരിക്കൻ ഭരണകൂടത്തിൻെറ കേന്ദ്രസ്ഥാനമാണ് കാപ്പിട്ടോൾ. അവിടെ ഒരു ഹാളിൽ എത്തിയപ്പോൾ അതു മാർബിൾക്കല്ലിൽ കൊത്തിയ പ്രതിമകളാൽ നിറഞ്ഞിരുന്നു. ഐക്യനാടുകളിലെ ഓരോ വിഭാഗത്തിൽനിന്നും ഏററവും പ്രസിദ്ധി നേടിയ രണ്ടു നേതാക്കന്മാരുടെ പ്രതിമ അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഈ കൂട്ടത്തിൽ ജോർജ്ജുവാഷിംഗ്ടൺ, വെബ്സ്റ്റർ, ഷെർമൻ മുതലായ മഹാശയന്മാർ ഉൾപ്പെടുന്നു.

ഭൂമിയുടെ അടിയിലൂടെ ഓടുന്ന ഒരു ട്രാമിൽ കയറി കാപ്പിട്ടോൾ മന്ദിരത്തിൽനിന്നു കോൺഗ്രസ്സ് ലൈബ്രറിയിലെത്തി. ഇരുപത്തു ലക്ഷം രൂപ ചെലവുചെയ്ത ഈ കെട്ടിടത്തിൽ നാല്പതുലക്ഷം പുസ്തകങ്ങളും ഇരുപത്താറുലക്ഷം പടങ്ങൾ, ചിത്രങ്ങൾ മുതലായവയുമുണ്ടു്. ലോകത്തിലുള്ള വലിയ ലൈബ്രറികളിൽ ഒന്നാണിതു്.

അമേരിക്കരുടെ സ്വാതന്ത്ര്യപ്രഖ്യാപനം, രാഷ്ട്രീയഭരണഘടന, സ്വന്തം കയ്യക്ഷരത്തിൽ ലിങ്കൺ എഴുതിയ വിശ്വവിഖ്യാതമായ ഗെറ്റിസ്ബർഗ്പ്രസംഗം മുതലായവ ഞാൻ ഈ ഗ്രന്ഥശാലയിൽ കാണുകയുണ്ടായി. ഇവ നിക്ഷേപിച്ചിരിക്കുന്ന മുറി ആയുധധാരികളായ കാവൽക്കാർ പ്രത്യേകം സൂക്ഷിച്ചുവരുന്നു. വേറൊരു മുറി നിറയെ കുരുടന്മാർക്കുള്ള 'ബ്രെയിൽ' ആണിയക്ഷരത്തിൽ അച്ചടിച്ച ഗ്രന്ഥങ്ങളും മാസികകളുമാണു്. ഇതിലെല്ലാം രസാവഹമായി എനിക്കു തോന്നിയതു് അവിടെയുണ്ടായിരുന്ന പുരാതന ചീനഭാഷാപുസ്തകസമൂഹമാണു്. ആ ഭാഷയിൽത്തന്നെ അവിടെ ഒരു ലക്ഷത്തിനാല്പതിനായിരം ഗ്രന്ഥങ്ങളുണ്ടത്രേ! ക്രിസ്തു ജനിക്കുന്നതിനു വളരെ ശതവർഷങ്ങൾക്കുമുമ്പു ചീനക്കാർ നിർമ്മിച്ച കടലാസ്സിൽ തങ്കലിപികളിൽ അച്ചടിച്ചതും വിവിധവർണ്ണങ്ങളിലുള്ള ചിത്രങ്ങളാൽ അലംകൃതവുമായ ആ ഗ്രന്ഥങ്ങൾ കാണുമ്പോൾ ചീനക്കാർ സൃഷ്ടിപരമായ പരിഷ്കാരത്തിൽ ഒരു പക്ഷേ പ്രാചീന ഭാരതീയരേയും ഈജിപ്തുകാരെത്തന്നെയും അപേക്ഷിച്ചു് ഒരുന്നതസ്ഥിതി പ്രാപിച്ചിരുന്നില്ലേ എന്നു തോന്നും. സംവത്സരങ്ങൾ അനവധിയായിട്ടും വർണ്ണങ്ങൾക്കു മങ്ങലോ കടലാസ്സിനു മഞ്ഞനിറം വീണതല്ലാതെ വേറെ ന്യൂനതയോ തട്ടിയിരുന്നില്ല. ബി. സി. അഞ്ചാം ശതാബ്ദത്തിൽ ചീനരാജ്യത്തു പ്രചരിച്ചിരുന്നതും ളുകലിൽ അച്ചടിച്ചതുമായ സർക്കാർ കറൻസിനോട്ടിന്റെ മേന്മ കണ്ടു ഞാൻ അത്ഭുതപ്പെട്ടു. സമാധാനപരമായ സംസ്കാരങ്ങളിൽ മാത്രമല്ല ചീനക്കാർ യശസ്സുനേടിയിട്ടുള്ളതു്. യുദ്ധസന്നാഹത്തിൽ അത്യന്താപേക്ഷിതമായ വെടിമരുന്നു് ആദ്യം കണ്ടുപിടിച്ചതും അവർതന്നെയാണെന്നു ചരിത്രം ഘോഷിക്കുന്നു. എന്നാൽ മഹാശയന്മാരായ ആ ചീനക്കാർ ഇന്നു പാശ്ചാത്യരുടെയും, ഒരുകാലത്തു തങ്ങൾ അക്ഷരമാലയും സാഹിത്യവും ദാനംചെയ്തു ഭരിച്ചിരുന്ന ജപ്പാൻകാരുടെയും അടിമകളായിത്താമസിക്കുന്നു. അവർ കണ്ടുപിടിച്ച വെടിമരുന്നുപ്രയോഗം അവർതന്നെ മറന്നിരിക്കുന്നു; അതു് ഇപ്പോൾ അവക്കുതന്നെ അപൂർവ്വമായിത്തീർന്നിരിക്കുന്നു. പട്ടാളക്കാർ എന്നു പറഞ്ഞാൽ അന്നാട്ടിൽ

ആക്ഷേപമാണ്. ഇന്നു ഭൂരിപക്ഷം ചീനക്കാരും നിരക്ഷരരായി കറപ്പും കഞ്ചാവും കഴിച്ചു കഴിഞ്ഞുകൂടുന്നു. പട്ടുടുത്തു നടന്നവക്ക് ഇപ്പോൾ നഗ്നത മറയ്ക്കാൻ നിർവ്വാഹമില്ലാതായിരിക്കുന്നു. ഭാരതത്തിന്റെ മാറൊലി മാത്രമാണ് ചീനക്കാരുടെ ചരിത്രം!

കാപ്പിട്ടോളിനു ചുറ്റും വൃത്താകാരത്തിൽ പടർന്നുകിടക്കുന്ന വാഷിങ്ടൺപട്ടണത്തിലുള്ള ചരിത്രപ്രസിദ്ധമായ പല സ്ഥാപനങ്ങളും പിന്നീടു ഞാൻ കണ്ടു. ഇക്കൂട്ടത്തിൽ പ്രഥമസ്ഥാനം പ്രസിഡണ്ടിന്റെ ഔദ്യോഗികവസതിയായ വൈററ്ഹൌസിനാണ്. സാധാരണത്തോതിൽ സ്വല്പം കൂടുതൽ വലുപ്പമുള്ള വെള്ളയടിച്ച ഒരു മന്ദിരമെന്നല്ലാതെ വേറൊരു വിശേഷവും അതിനില്ല. വിപ്ലവയുദ്ധകാലത്തു ബ്രിട്ടീഷുസൈന്യം വൈററ്ഹൌസിന്റെ നേക്കു വെടിവെച്ചതിന്റെ ഫലമായുണ്ടായ പുകയും കരിയും മറയ്ക്കുവാൻ വെള്ളതേച്ചതുകൊണ്ടാണ് അതിനു ഈ പേരു വന്നതു്. ഉണ്ടയുടെ പാടു് മതിലിൽ ചില സ്ഥലങ്ങളിൽ ഇപ്പോഴും കാണാം. എല്ലാ അമേരിയ്ക്കൻപൌരക്കും ഒരു കാലത്തു പ്രസിഡണ്ടാകണമെന്നുള്ള ആശപോലെ അവക്കെല്ലാം പ്രസിഡണ്ടിനെക്കണ്ടു ഹസ്തദാനംചെയ്യാനും വൈററ്ഹൌസിന്റെ മുൻവശത്തുള്ള പറമ്പിൽ കയറി സ്വന്തംപോലെ നടക്കുവാനും അവകാശമുണ്ടത്രെ. ചില സന്ദർഭങ്ങളിൽ പ്രസിഡണ്ടോ, ഒരുപക്ഷെ ഭാര്യയോ സകലക്കും ചായ കൊടുക്കാറുണ്ടു്. ഇതെല്ലാം മിക്കവാറും തിരഞ്ഞെടുപ്പു സമീപിക്കുമ്പോഴായിരിക്കും.

ഞാൻ വാഷിങ്ടൺ സന്ദർശിച്ചപ്പോൾ ഒരു പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പ് ആസന്നമായിരുന്നു. അതുകൊണ്ടു പ്രസിഡണ്ട് സ്വവസതിയുടെ മുററത്ത് അണിനിരന്നുനില്ക്കുന്ന സന്ദർശകരെ യഥോചിതം സ്വീകരിപ്പാനും, കൈകൊടുപ്പാനും ഉത്സുകനായിരുന്നു. ഒടുവിൽ എന്റെ തവണ വന്നപ്പോൾ ഞാനും കയറിച്ചെന്നു.

"എന്താണ് എന്റെ 'ഹിന്ദുസ്നേഹിതാ' ക്ഷേമം തന്നെയോ?" എന്നു പറഞ്ഞു് അനേകം കൈകൾ കുലുക്കി ക്ഷീണിച്ച ആ കൈകൊണ്ടു് എന്റെ കൈയും കുലുക്കി. ഒരു കാലത്തു ബർമ്മായിൽ ഇഞ്ചിനീയർജോലി നോക്കിയിരുന്ന അദ്ദേഹത്തോടു കുറച്ചു സംസാരിച്ചാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ടായെങ്കിലും വളരെ തിരക്കമുള്ള ഒരാൾ എന്റെ പുറകിൽനിന്നു തള്ളിക്കയറിയതുകൊണ്ടു് അതിനു സാധ്യമായില്ല. പിന്നെ ചായയ്ക്കും പലഹാരത്തിനും ഞാൻ നിന്നതു

മില്ല. ലിങ്കൺ മുതലായ പ്രസിഡണ്ടന്മാരെ ഘാതകന്മാർ വെടിവെച്ചു മുതിപ്പെടുത്തിയതുകൊണ്ട് കൈ കൊടുക്കുമ്പോഴും കാപ്പി സല്ക്കരിക്കുമ്പോഴും ഇത്തരം അപകടങ്ങൾ സംഭവിക്കാതിരിപ്പാൻ രഹസ്യപ്പോലീസ്സൈന്യം വേണ്ട മുൻകരുതലുകൾ ചെയ്യാറുണ്ട്. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ പ്രസിഡണ്ടുസ്ഥാനാർത്ഥികൾ കുടുംബസഹിതം പള്ളിയിൽ പോകുന്നതിന്റെയും വരുന്നതിന്റെയും, എപ്പോഴും ജോലിത്തിരക്കായിരിക്കുന്നതിന്റെയുമെല്ലാം ചിത്രം വൃത്താന്തപത്രങ്ങളിൽ പ്രസിദ്ധം ചെയ്യുവാൻ അവർ പ്രത്യേകം ചട്ടംകെട്ടാറുണ്ട്.

ഭൂമിശാസ്ത്രപഠനത്തിൽ അദ്വിതീയമായ നാഷനൽ ജ്യോഗ്രഫിക്ക് മാഗസിന്റെ ആഫീസ്, ഗണിതശാസ്ത്രം മുതലായ മററനേകവിഷയങ്ങളിൽ ഗവേഷണംനടത്തുന്ന സ്മിത്ത്സോണിയൻ ഇൻസ്റ്റിട്യൂട്ട് മുതലായ പല പ്രധാന സ്ഥാപനങ്ങളും ഞാൻ സന്ദർശിക്കയുണ്ടായി. അമേരിക്കയിലെ ആദിമനിവാസികളായ റെഡ്ഇൻഡ്യക്കാരുടെ ജീവിതരീതിയും ചരിത്രവും ചിത്രീകരിക്കുവാൻ പ്രത്യേകം ഒരുകാഴ്ചബംഗ്ലാവ് ഈ പട്ടണത്തിൽ ഉണ്ട്. ഇതിൽ അവരുടെ കുടിലുകളും അവിടങ്ങളിൽ സദാ കത്തിക്കൊണ്ടിരിക്കുന്ന അടുപ്പുകളും ആളോളമുള്ള സ്ത്രീപുരുഷപ്രതിമകളും പ്രതിഷ്ഠിച്ചിരുന്നു. തുകലും തുണിയും ഇടകലർത്തി ഭംഗിയായി നെയ്തിട്ടുള്ള ഈ കുടിലുകൾക്ക "വിഗ്വാം" എന്നും, സ്ത്രീകൾക്ക "സ്ക്വാ" എന്നും, കുട്ടികൾക്ക "പപ്പൂസ്" എന്നും പറഞ്ഞുവരുന്നു. സ്ക്വാ പപ്പൂസിനെ തൊട്ടിലിലിട്ടാട്ടി പാട്ടുപാടി ഉറക്കുന്നതും കൂടാരത്തിനപ്പുറത്തു ജീനിയില്ലാതെ കുതിരമേലേറി പുരുഷൻ വരുന്നതുമായ ആ പ്രതിമാചിത്രം മറക്കത്തക്കതല്ല. അവരുടെ സ്ത്രീകൾ ഉപയോഗിച്ചിരുന്ന സ്വർണ്ണം വെള്ളി ചിപ്പി എന്നിവയിൽ നിർമ്മിച്ച ആഭരണങ്ങളും ഏററവും കൌതുകകരങ്ങൾതന്നെ. ലോങ്ങ്ഫെല്ലോയുടെ 'ഹയവാത്ത' കാവ്യം വായിക്കുന്നതിനുപകരം അതു കല്ലിൽ കൊത്തിവെച്ചിരിക്കുന്ന അനുഭവമാണ് എനിക്ക് അപ്പോളുണ്ടായത്. മെക്സിക്കോരാജ്യത്തിലെ പൂർവ്വനിവാസികളായ ആസ്ടെക്ക് ജാതിക്കാരോടൊപ്പം കവിതയുള്ള പേരുകളോടുകൂടിയ റെഡ്ഇൻഡ്യാക്കാരും പരിഷ്കാരത്തിൽ ഉന്നതനില പ്രാപിച്ചിരുന്നു. അവരുടെ സ്ത്രീപുരുഷന്മാർ കൈകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളുടേയും ആഭരണങ്ങളുടേയും പാത്രങ്ങളുടേയും മനോഹരത്വം കണ്ടെണ്ടതുതന്നെ. എന്നാൽ പ്രാചീന ചീനക്കാരെയും ഇൻഡ്യാക്കാരെയും അപേക്ഷിച്ചു റെഡ്ഇൻഡ്യക്കാർക്ക് ഗ്രന്ഥപരമായ സംസ്കാരമില്ലായിരുന്നു. അവർ പാട്ടു പാടുമെങ്കിലും

ഒരു പുസ്തകവും എഴുതിയതായറിവില്ല. അതുകൊണ്ടു് അവരുടെ പരിഷ്ക്കാരം ശാശ്വതനില പ്രാപിക്കാതെ മാഞ്ഞുപോകുന്നു.

പലവിധത്തിലും പരിഷ്ക്കാരംസിദ്ധിച്ച റെഡ് ഇൻഡ്യാക്കാർ പൊന്നു വിററു പളുങ്കും ശീമമദ്യങ്ങളും വാങ്ങി ഒടുവിൽ വെള്ളക്കാരുടെ വെടിമരുന്നോടുകൂടിയ ആക്രമണത്തിൽനിന്നു രക്ഷപ്പെടുവാൻ മലകളിലേക്കു് ഓടിപ്പോയി. അമ്പും വില്ലും വെടിമരുന്നിനു പ്രതിവിധിയല്ലല്ലോ. ഇപ്പോൾ അവരുടെ പിൻഗാമികൾ അമേരിക്കൻ ഗവമ്മെൻറിൻെറ ദയാപൂർണ്ണമായ ഔദാര്യവും സംരക്ഷണവും സ്വീകരിച്ചു നമ്മുടെനാട്ടിലെ മലയരയന്മാരെപ്പോലെ തങ്ങൾക്കു പ്രത്യേകം തിരിച്ചുകിട്ടിയ വനാന്തരങ്ങളിൽ ജീവിച്ചുവരുന്നു. സദാ കുതിരപ്പുറത്തു സവാരിചെയ്തും സ്ഥലം മാറിമാറി കൃഷി ചെയ്തും അലഞ്ഞുതിരിഞ്ഞു നടന്നും കാലംകഴിച്ചുവന്ന ഈ ജാതിക്കാരെ തത്തയെ കൂട്ടിലിട്ടിരിക്കുന്നതുപോലെ വനാന്തരങ്ങളിൽ പിടിച്ചിട്ടിരിക്കുന്നതുകൊണ്ടു് അവരുടെ ജീവിതചൈതന്യം നശിച്ചിരിക്കുന്നു എന്നും കാലക്രമേണ അവർ നാമാവശേഷമായിപ്പോകുമെന്നും ശാസ്ത്രജ്ഞന്മാർ പ്രതീക്ഷിച്ചിരിക്കുന്നു. 1492-ാം വർഷത്തിൽ ഒൻപതുലക്ഷത്തോളമുണ്ടായിരുന്ന റെഡ്ഇൻഡ്യക്കാരുടെ എണ്ണം 1930-ൽ രണ്ടു ലക്ഷമായിരിക്കുന്നു എന്ന വസ്തുത ഈ പ്രവചനത്തെ സാധൂകരിക്കുന്നു.

വെള്ളക്കാർക്കു കാപ്പിരിവർഗ്ഗക്കാരോടുള്ളതുപോലെ പുച്ഛമോ വൈരാഗ്യമോ റെഡ്ഇൻഡ്യക്കാരോടില്ല. ഒരു തുള്ളി കാപ്പിരിരക്തം തൻെറ ഞരമ്പിലുണ്ടെങ്കിൽ വെള്ളക്കാരൻ കാപ്പിരിയാകും; അവൻെറ സ്ഥിതി ഏററവും പരിതാപകരവുമാകും. എന്നാൽ റെഡ്ഇൻഡ്യൻ രക്തമുണ്ടെങ്കിൽ അതൊരു ബഹുമാനമായിക്കരുതുന്നു. ഒരു കാലത്തു് അമേരിക്കൻവൈസ്പ്രസിഡണ്ടായ കർട്ടിസ് അമ്മവഴിക്കു റെഡ്ഇൻഡ്യൻവംശജാതനായിരുന്നു. ഈ വസ്തുത സകലക്കും അറിയാമായിരുന്നെങ്കിലും, അദ്ദേഹത്തെ വൈസ്പ്രസിഡണ്ടായി തിരഞ്ഞെടുത്തു. നേരെമറിച്ചു കാപ്പിരിരക്തമാണു് ഉണ്ടായിരുന്നതെങ്കിൽ ഒരു അമേരിക്കനും അദ്ദേഹത്തിനു വോട്ടുചെയ്യുമായിരുന്നില്ല.

റെഡ്ഇൻഡ്യക്കാർ പൂർവ്വകാലങ്ങളിൽ ഇൻഡ്യയിൽനിന്നു ചൈനാവഴി ബീറിങ്ങ്കടൽ കടന്നു് അമേരിക്കയിൽ കുടിയേറിപ്പാർത്തതാണെന്നും, അതല്ലാ ആസ്ട്രേലിയ ടാസ്മേനിയ മുതലായ ദ്വീപുകളിൽനിന്നു കെട്ടുവള്ളങ്ങളിൽക്കയറി എത്തിയതാണെന്നും, അതുമല്ലാ ആ നാട്ടിൽത്തന്നെ ഉത്ഭവിച്ചവരാണെന്നും മററും ചരിത്രഗവേഷക

ന്മാർ ഘോഷിക്കുന്നു. ചെമ്പുനിറക്കാരായ റെഡ്ഇൻഡ്യാക്കാർക്കു വെള്ളക്കാരെ പുച്ഛമാണ്.

മനുഷ്യസൃഷ്ടിയെക്കുറിച്ച് ഏററവും രസാവഹമായ ഒരു കഥ അവർ പറയാറുണ്ട്. കൂടാരത്തിലിരുന്നു സ്യൂപാ ചപ്പൂസിനോടു പറയുന്നതാണ് ഈ കഥ:—

"ഈശ്വരൻ പച്ചമണ്ണെടുത്ത് ഒരു മനുഷ്യനെ മനഞ്ഞു ചുടുവാനായി തീയിലിട്ടു. അധികനേരം തീയിൽ കിടന്നാൽ കരിഞ്ഞുപോയാലോ എന്നു ശങ്കിച്ച് അതു വേഗത്തിൽ എടുത്തു. എന്നാൽ വേണ്ടപോലെ അതു വെന്തിട്ടില്ലായിരുന്നു. അതുകൊണ്ട് ഈശ്വരൻ വളരെ ഇച്ഛാഭംഗത്തോടെ അതിനെ ദൂരെ വലിച്ചെറിഞ്ഞു. അതു യൂറോപ്പിൽ ചെന്നുവീണു. അതാണ് ഒന്നാമത്തെ വെള്ളക്കാരൻ.

"പിന്നീടു വേറൊരു മനുഷ്യനെ മനഞ്ഞു, ചുടുവാൻ തീയിലിട്ടു. ഇത്തവണ നന്നായി വേകണമെന്നു വിചാരിച്ചു കുറെയേറെ നേരം എടുക്കാതിരുന്നു. അപ്പോൾ അതു വെന്തു കരിഞ്ഞുപോയി. ഈശ്വരനു സങ്കടം തോന്നി, അതും ദൂരേ വലിച്ചെറിഞ്ഞു. ആ കറുത്ത മനുഷ്യൻ ആഫ്രിക്കയിൽചെന്നുവീണു. അതാണ് ഒന്നാമത്തെ കാപ്പിരി.

"ഒടുവിൽ ഒരു കൈക്കൂടി നോക്കാമെന്നുവെച്ചു മൂന്നാമതും ഒരു മനുഷ്യനെ മനഞ്ഞു ചുടാൻ തീയിലിട്ടു. മുമ്പു ഒന്നുരണ്ടു തവണ പററിയതുപോലെ വരരുതെന്നുകരുതി ശരിയായി വേകുന്നതുവരെ നോക്കിയിരുന്നു. വെന്തു ചുവപ്പുനിറമായപ്പോൾ ഈശ്വരനു വലിയ തൃപ്തിയും സന്തോഷവും തോന്നി. അതിനെ എടുത്തു പാലും തേനും ഒഴുകുന്ന അമേരിക്കയിൽകൊണ്ടുപോയി താമസിപ്പിച്ചു. ഇങ്ങിനെയാണ്, എന്റെ ഓമനേ, മഹത്തായ റെഡ്ഇൻഡ്യൻവർഗ്ഗം ഉത്ഭവിച്ചത്."

ചുരുക്കമായിട്ടെങ്കിലും ചില റെഡ്ഇൻഡ്യാക്കാരെ ഞാൻ കണ്ടിട്ടുണ്ട്. വെള്ളക്കാരുമായുള്ള മിശ്രവിവാഹംനിമിത്തം തനിജാതി ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം. തൂവൽകൊണ്ടുള്ള തലക്കെട്ടു ധരിച്ചും ചായംതേച്ചും കാടുകളിലല്ലാതെ അവർ ഇപ്പോൾ നടക്കാറില്ല. പഴയ മാതിരിയിലുള്ള വസ്ത്രങ്ങൾ ധരിച്ചു പാട്ടുപാടി കഥകൾ പറഞ്ഞു നൃത്തവുമാടി നടക്കുന്ന അവരുടെ ഒരു രാജകുമാരനേയും രാജകുമാരിയേയുമാണു ഞാൻ കണ്ടതു്. ഒട്ടേറെ വിഭാഗങ്ങളുള്ള അവരിൽ മിക്കവരും രാജാക്കന്മാരും റാണികളുമാണത്രേ !

ഇർവിങ്ങ്, ലോങ്ങ്ഫെല്ലോ മുതലായ അമേരിക്കൻഗ്രന്ഥകാരന്മാരുടെ കൃതികൾ വായിച്ചപ്പോൾ എനിക്കു റെഡ്ഇൻഡ്യാക്കാരോടു വളരെ സഹാനുഭൂതി തോന്നിയെങ്കിലും, പുനർവ്വിചാരത്തിൽ അതു നശിച്ചുപോയി. അതിഫലവത്തായ ഭൂമിയും, സ്വർണ്ണം വെള്ളി ചെമ്പു മുതലായ അനവധി ലോഹങ്ങളും നിറഞ്ഞ ആ നാടുകൊണ്ടു് റെഡ്ഇൻഡ്യാക്കാർക്കു് എന്തു പ്രയോജനമാണുണ്ടായതു്? അവർ പാട്ടുംപാടി കള്ളുംകുടിച്ചു പുകയിലയുംവലിച്ചു നടന്നു. എന്നാൽ യൂറോപ്പിൽനിന്നു തെണ്ടിത്തിരിഞ്ഞു വന്നെത്തിയ വെള്ളക്കാർ അതിനെയെങ്ങിനെ രൂപാന്തരപ്പെടുത്തിയിരിക്കുന്നു? തൽഫലമായി അമേരിക്കാഖണ്ഡം ഇന്നു ഭൂലോകത്തിൽവെച്ചു് ഏററവും സമൃദ്ധിയുള്ള രാജ്യമായിരിക്കയാണു്. യൂറോപ്യന്മാർ റെഡ്ഇൻഡ്യാക്കാരെ ചതിക്കയും കൊള്ളചെയ്കയും കൊല്ലുകയും ചെയ്തിരിക്കാം. എന്നാൽ ഭൌതികജീവിതസുഖസൌകര്യങ്ങളിൽ വെള്ളക്കാർ ചെയ്ത സംഭാവനയെക്കുറിച്ചാലോചിക്കുമ്പോൾ ഈ സാഹസങ്ങൾ തികച്ചും ക്ഷന്തവ്യമാണു്. ഒരു നാടിന്റെ യഥാത്ഥാവകാശികൾ, അവിടെ ആദ്യം കുടിയേറിപ്പാർത്തവരാകണമെന്നില്ലെന്നു ചരിത്രം സാക്ഷ്യം വഹിക്കുന്നു. ആക്കാരണോ ആ നാടു കൂടുതൽ പ്രയോജനകരമാക്കുവാൻ സാധിക്കുന്നതു് അവക്കാണവകാശം. പരിഷ്കാരവും ശാസ്ത്രവും വേണ്ടിവന്നാൽ രക്തംചൊരിഞ്ഞുതന്നെ പുരോഗമനംചെയ്യും.

പിന്നീടു, കാഴ്ചകാണുന്ന ഒരു ബസ്സിൽകയറി ഞാൻ പുറപ്പെട്ടു. ആദ്യമായി 'കാററക്കൂംസ്' എന്ന കത്തോലിക്കദേവാലയം സന്ദർശിച്ചു. പുരാതന റോമാചക്രവത്തികളുടെ മതപീഡനങ്ങളിൽനിന്നു രക്ഷപ്പെടുവാൻ ആദ്യക്രിസ്ത്യാനികൾ ഭൂഗർഭത്തിൽ നിമ്മിച്ചിട്ടുള്ള പള്ളികൾ പോലെയാണു് ഈ ദേവാലയം പണിതിരിക്കുന്നതു്. അതിനുശേഷം പോട്ടോമാക്കു് നദീതീരത്തുകൂടെ പോയപ്പോൾ ഇരുപുറത്തും, ജപ്പാൻ രാജ്യത്തെ പ്രത്യേകം കമനീയമാക്കുന്ന ചെറിബ്ളോസ്സം വൃക്ഷങ്ങൾ ഇളംചുവപ്പുനിറത്തിലുള്ള പൂക്കൾനിറഞ്ഞുനിൽക്കുന്ന കാഴ്ച ഏററവും നേത്രാനന്ദകരമായിരുന്നു. പരസ്പരമൈത്രി വദ്ധിക്കുവാൻ ജപ്പാൻ ചക്രവത്തി അവ അമേരിക്കക്കു സമ്മാനിച്ചതാണത്രേ!

കുറേക്കഴിഞ്ഞു വിദേശങ്ങളിലെ അംബാസഡറന്മാരുടെ വസതികൾ ഉള്ള പ്രദേശങ്ങളിലെത്തി. പഴകിപ്പോയ അവിടത്തെ ബ്രിട്ടീഷ് മന്ദിരം പുതുക്കിപ്പണിതുവരികയായിരുന്നു. എന്നാൽ പല ചെറിയരാജ്യങ്ങളുടെയും വസതികൾ, ഇംഗ്ലണ്ടു് ജമ്മനി ഫ്രാൻസ് മുതലായവയുടെ

ത്തുകളെ അപേക്ഷിച്ചു വളരെ വലുപ്പമുള്ളവയാണു്. ഇതു കണ്ടു് രാജ്യം ചെറുതാകുന്തോറും കെട്ടിടം വലുതായിരിക്കുമെന്നു് അമേരിക്കർ കളിയായി പറയാറുണ്ടു്. പട്ടണത്തിന്റെ വേറൊരു വിഭാഗം ആ നാട്ടിലെ ഉന്നതകുലജാതരായ നാന്നൂറു കുടുംബങ്ങളുടെ സൌധങ്ങൾകൊണ്ടു നിറഞ്ഞതാണു്. ആണ്ടിൽ ഒരു നിശ്ചിതവരുമാനത്തിൽ കുറവുള്ളവക്കു് അവിടെയെങ്ങും സ്ഥലം കിട്ടുകയില്ല; മറ്റെല്ലാവരും കൂടിച്ചേന്നു വിലക്കൂട്ടും. അമേരിക്കരുടെ സമത്വവാദത്തിനു് ഇങ്ങിനെ ചിലപ്പോഴെല്ലാം ഭംഗംവരാറുണ്ടു്. ഈ നാന്നൂറു കുടുംബങ്ങൾ ഐക്യനാടിനെ പകുത്തുഭരിക്കുന്നുവെന്നാണു പൊതുവെ സംസാരം.

അമേരിക്കക്കു സ്വാതന്ത്ര്യം നേടിക്കൊടുത്ത ജോർജ്ജ്‌വാഷിംഗ്ടന്റെ സ്മാരകമായി അഞ്ഞൂറടി ഉയരമുള്ള ഒരു കരിങ്കൽസ്തംഭം ചെറിബ്ളോസം പുഷ്പങ്ങൾക്കിടയിലൂടെ കാണാമായിരുന്നു. അതിനുള്ളിലുള്ള ലിഫ്ടിൽ കയറി അഗ്രഭാഗത്തെത്തിയാൽ നഗരവും പരിസരങ്ങളും വിശദമായികാണാം. പോട്ടോമാക്ക്നദിയുടെ തീരത്തിൽത്തന്നെ മാർബിൾക്കല്ലിൽ പണിചെയ്തിട്ടുള്ള ലിങ്കൺ സ്മാരകവും കാണാം.

ലിങ്കനാണല്ലോ അടിമകളായ നീഗ്രോവർഗ്ഗക്കാക്കു സ്വാതന്ത്ര്യം നൽകിയതു്. ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു അവർണ്ണഹിന്ദുക്കൾക്കു തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള വിശ്വവിഖ്യാതമായ വിളംബരത്തോടു ലിങ്കന്റെ സ്വാതന്ത്ര്യപ്രഖ്യാപനം സാമ്യപ്പെടുത്താം. മദ്രാസിലും തിരുവനന്തപുരത്തും കുട്ടനാട്ടിലും ഉള്ള പ്രതിമകൾക്കുപുറമേ സകല പ്രജകളുടെയും ഹൃദയങ്ങളിൽ തിരുമനസ്സിലെ സ്വർണ്ണവിഗ്രഹം സ്ഥാപിച്ചിരിക്കുന്നതുപോലെ ലിങ്കന്റെ പ്രതിമ ഇല്ലാത്ത ഒരു വീടോ സ്ഥാപനമോ ഐക്യനാട്ടിൽ ഇല്ല.

പിന്നെ ഞങ്ങൾ ആർലിങ്ങ്ടൺ എന്ന സ്ഥലത്തു യോദ്ധാക്കളുടെ ശ്മശാനപ്രദേശങ്ങളിൽ ചെന്നുചേന്നു. ഇവിടെ അനേകലക്ഷം കുരിശുകൾ നിരത്തിനിവത്തിയിട്ടുണ്ടു്. എന്നാൽ സുപ്രസിദ്ധ നാസ്തികനായ ഇംഗർസോളിന്റെ ശവകുടീരത്തിൻമുകളിൽ ഗരുഡന്റെ സംരക്ഷണയിലുള്ള ഒരു ഭൂഗോളം മാത്രമാണുള്ളതു്. ഈ ശ്മശാനസ്ഥലത്തു നിന്നപ്പോൾ രാഷ്ട്രീയസ്വാതന്ത്ര്യത്തിനു രക്തബലി എത്ര അത്യന്താപേക്ഷിതമാണെന്നു് എനിക്കു മനസ്സിലായി. എന്നാൽ ഈ

ഏകാന്തപ്രദേശത്തും അമേരിക്കരുടെ സ്വാഭാവികമായ കവിതാശക്തി വിളയാടുന്നുണ്ട്.

വിപ്ലവകാലത്തു വാഷിംഗ്ടൺ കുടുംബസമേതം മൌണ്ട്‌വെർനൺ എന്നസ്ഥലത്തു താമസിച്ചിരുന്ന ഗൃഹം ഞങ്ങൾ കണാൻപോയി. അദ്ദേഹത്തിന്റെ ഇരുനൂറാം ജന്മദിനം ആയിടെ നാടൊട്ടുക്കു് കൊണ്ടാടിയിരുന്നതുകൊണ്ടു സന്ദർശകന്മാർ ധാരാളമുണ്ടായിരുന്നു.

തിരിച്ചു ന്യൂയോക്കിലേക്കു തീവണ്ടികയറാൻ സ്റ്റേഷനിലെത്തിയപ്പോൾ പുറപ്പെടുവാൻ കുറെ സമയമുള്ളതു് അവിടെയുള്ള ഷാപ്പുകളിൽ നടന്നുനോക്കി കഴിച്ചുകൂട്ടി. ഒരു ഷാപ്പിൽ വിപ്ലവനേതാക്കന്മാരായ രണ്ടു മഹാശയന്മാരുടെ ചെറുപ്രതിമകൾ വില്പനയ്ക്കുവെച്ചിരുന്നു. ഒന്നു് അക്രമംകൊണ്ടു സ്വാതന്ത്ര്യംസമ്പാദിച്ച വാഷിംഗ്ടന്റേയും, മറേറതു് അക്രമരാഹിത്യംകൊണ്ടു സ്വാതന്ത്ര്യം സമ്പാദിക്കാൻ ശ്രമിക്കുന്ന ഗാന്ധിയുടേതും.

---

25. ചില അനുകരണീയതകൾ

ഒരു വാഴപ്പഴത്തിന്റെ വില അണ നാല് — വാഴപ്പഴരാജാവ് — ന്യൂയോക്കിൽ തേങ്ങാവെള്ളവും പാലും വില്ക്കുന്നു — കാലിഫോർണിയായിലെ പരസ്പരസഹായസംഘങ്ങൾ — കുരുവില്ലാത്ത മധുരനാരങ്ങ — വന്ദേമാതരം.

ന്യൂയോക്കിൽ വാഴപ്പഴം ഒന്നിനു നാലണവീതം വിലയുണ്ട്. ആയിരത്തഞ്ഞൂറുനാഴികയ്ക്കപ്പുറമുള്ള വെസ്റ്റിൻഡ്യൻദ്വീപുകളിൽനിന്നു പ്രത്യേക കപ്പലുകളിൽ കൊണ്ടുവരപ്പെടുന്ന പഴത്തിന് ഇത്ര വലിയ വിലവായതിൽ അത്ഭുതമില്ല. പച്ചവട്ടൻ (പച്ചച്ചിങ്ങൻ)ജാതിയിൽപ്പെട്ട ഈ പഴം വേണ്ടപോലെ മൂത്തുപഴക്കാതിരുന്നിട്ടും പാശ്ചാത്യർ അതു വളരെ രുചിയോടെ ഭക്ഷിക്കുന്നു. ഇററാലിയക്കു വാഴപ്പഴത്തോളം ഇഷ്ടമുള്ള വേറൊന്നുമില്ലെന്നു കേട്ടിട്ടുണ്ട്. ഒരു വാഴപ്പഴത്തിന് ഇരുപതു മുന്തിരിങ്ങയുടെ വിററമിൻ ഉണ്ടെന്ന് ഈയ്യിടെ ഞാൻ വായിക്കയുണ്ടായി. അണയ്ക്കു പത്തും പതിനഞ്ചും പഴം കിട്ടിയിട്ടും നമ്മുടെനാട്ടിൽ പാളയൻതോടൻ മുതൽ ഏത്തൻവരെ സ്വാദുള്ള പഴങ്ങളുണ്ടായിട്ടും നാം അതെല്ലാം വേണ്ടപോലെ അനുഭവിക്കുന്നില്ലല്ലോ.

കേരള സാഹിത്യ അക്കാദമി

ശീതാധിക്യമുള്ള ഐക്യനാടുകളിൽ വാഴ പിടിക്കാത്തതുകൊണ്ടു വെസ്റ്റിൻഡ്യൻദ്വീപുകളിലും പോർട്ടോറിക്കോമുതലായി കരിബിയൻ കടലിലുള്ള ദ്വീപുകളിലും പതിനായിരം ഏക്കർവരെ വിസ്താരമുള്ള തോട്ടങ്ങളിലാണു് പരിശ്രമശീലരായ അമേരിക്കർ വാഴ കൃഷിചെയ്തു വരുന്നതു്. റബ്ബർ തേയില കാപ്പി എന്നിവ കൃഷിചെയ്യുംപോലെയാണു് പാശ്ചാത്യർ വാഴയും കൃഷിചെയ്യുന്നതെന്നറിയുമ്പോൾ കുടിൽകൃഷിക്കാരായ നാം അത്ഭുതപ്പെടുമായിരിക്കും.

പച്ചവട്ടനല്ലാതെ വേറെതരം പഴം ആ നാട്ടിൽ സാധാരണമായി ഞാൻ കണ്ടിട്ടില്ല. ഇതിന്റെ രഹസ്യം കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടും സാധിച്ചില്ല. എന്നാൽ നമ്മുടെനാട്ടിലെ ശീതോഷ്ണാവസ്ഥയുള്ള കരീബിയൻദ്വീപുകളിൽ ഇവിടെയുണ്ടാകുന്ന സകല ഫലമൂലാദികളും വിളയുമെന്നു പോർട്ടോറിക്കോക്കാരനായ ഒരു സ്പാനിയാർഡിനോടു സംസാരിച്ചതിൽ എനിക്കു മനസ്സിലായി. ആ ദ്വീപുകളിൽ മാവും പ്ലാവും സമൃദ്ധമായി വളരുന്നു. ന്യൂയോർക്കിലെ സ്പാനിഷ് ബസ്സാറിൽനിന്നു് എട്ടണകൊടുത്തു് ഒരു ചകരിനാരൻ മാമ്പഴവും, നാലണകൊടുത്തു് ഒരു ഏത്തപ്പഴവും ഞാൻ വാങ്ങി എന്റെകൂടെയുണ്ടായിരുന്ന പാശ്ചാത്യവനിതക്കു കൊടുത്തപ്പോൾ അതൊന്നും അവർക്കു് അത്ര രുചിതോന്നിയില്ല. ആ നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾക്കും പച്ചവട്ടന്റെ രുചിമാത്രമേ പിടിക്കൂ എന്നതുകൊണ്ടായിരിക്കും ആ ഇനം പഴം മാത്രം അവിടെ ഇറക്കുമതിചെയ്യുന്നതു്. എന്നാൽ വാഴക്കായുടെ മുഴുവൻ വിശേഷങ്ങളും പാശ്ചാത്യർക്കു് അറിയാൻപാടില്ല. അവർ ഉരുളൻകിഴങ്ങു് അരിഞ്ഞു വറുത്തുതിന്നാറുണ്ടെങ്കിലും ഏത്തക്കാ വറുത്തതിന്റെ രുചി അറിഞ്ഞിട്ടില്ല. അവരതു കറിക്കും ഉപയോഗിക്കാറില്ല. എന്നാൽ വാഴപ്പഴം ചേർത്തു് ഐസ്ക്രീമും മററും അവർ ആസ്വദിക്കും.

വാഴപ്പഴം വിററു കോടീശ്വരനായ ഒരു യഹൂദവ്യാപാരി ഐക്യനാട്ടിൽഉണ്ടു്. കരിബിയൻ ദ്വീപുകളിൽനിന്നു വിളഞ്ഞ കുലകൾ ലക്ഷക്കണക്കിനു കയററിക്കൊണ്ടുവരുവാൻ പ്രത്യേകം സജ്ജീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ പല കപ്പലുകൾ ദിവസംതോറും ന്യൂയോർക്കിൽ വന്നടുക്കുന്നു. ചുററിക്കൊണ്ടിരിക്കുന്ന ഒരു 'ബെൽററിൽ' ഓരോ കുലകൾ തൂക്കിയിട്ടു കപ്പൽ നിറയെ അണിയണിയായി അനേകലക്ഷം കുലകൾ തൂങ്ങിക്കിടക്കുന്നു. വഴിക്കു ചീയാതിരിക്കുവാൻ ഈ കപ്പലുകൾ വേണ്ടപോലെ 'റിഫ്രിജിറേററ്'ചെയ്തിട്ടുണ്ടു്. അമേരിക്കയിലെത്തിയാൽ ലോറികളിൽ മെത്തയിട്ടു് അട്ടിക്കുമേലെ അട്ടിയായിട്ടാണു മഞ്ഞ



എബ്രഹാംലിങ്കൺ (110-ാം പുറം)

നിറംവീണ ഈ കുലകൾ പല സ്ഥലങ്ങളിലേക്കും അയക്കുക. ഇതു വലിയ ഒരു വ്യവസായമായിരിക്കുന്നു.

വിതരണസമ്പ്രദായങ്ങളിൽ അതിവിദഗ്ദ്ധരായ അമേരിക്കരേയും നമ്മേയും താരതമ്യപ്പെടുത്തിയാൽ എന്തു വ്യത്യാസം! മലയാളക്കരയിൽ സമൃദ്ധമായി വിളയുന്ന ഏത്തക്കായും പഴവും കഷ്ടിച്ചു നാന്നൂറുനാഴികയ്ക്കപ്പുറമുള്ള മദ്രാസിൽ കിട്ടിയിരുന്നില്ലെന്നു നമുക്കറിയാമല്ലോ. എന്നാൽ ഇപ്പോൾ അങ്ങോട്ടു കയററി അയക്കുന്നുണ്ടു്. പക്ഷേ എന്തു വലിയ വിലയാണു്! കേരളത്തിൽ കഷ്ടിച്ചു് രണ്ടണ വിലയുള്ള കൈതച്ചക്കയ്ക്കു മദ്രാസിൽ പന്ത്രണ്ടണവരെ വിലയുണ്ടല്ലോ. വിതരണസമ്പ്രദായം ഒന്നുകൂടി കാര്യക്ഷമതയോടെ നിർവ്വഹിക്കയാണെങ്കിൽ വില കുറയുകയും തന്നിമിത്തം ആവശ്യക്കാർ വളരെ വർദ്ധിക്കയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. കേരക്കൃഷിയുടെ കാര്യംതന്നെ ഒന്നാലോചിക്കുക. കേരളത്തിനു പേരുകൊടുത്തതും നമ്മുടെ അഭിവൃദ്ധിക്കു് അത്യന്താപേക്ഷിതവുമായ നാളികേരം വേണ്ടപോലെ ഇൻഡ്യയിൽത്തന്നെ ചെലവഴിയുന്നില്ല. പഞ്ചാബ് സിന്ധ് മദ്ധ്യനാടുകൾ എന്നീ സ്ഥലങ്ങളിൽ ജനങ്ങൾ തേങ്ങ കണ്ടിട്ടുകൂടിയില്ലത്രേ! ഉന്നതവിദ്യാർത്ഥിയായ ഒരു പഞ്ചാബി, ബോംബെയിലുള്ള അപ്പോളോബന്ദർ കഫ്പരേഡ് മുതലായ സ്ഥലങ്ങളിൽ കോഴിക്കോട്ടുകാരായ മാപ്പിളമാർ നടന്നു വിൽക്കുന്ന 'നരിയൽ' (കരിക്കു്) കണ്ടു് അതെന്താണെന്നു് എന്നോടു ചോദിക്കയുണ്ടായി. കല്യാണം മുതലായ മഹോത്സവങ്ങളിൽമാത്രം താംബൂലാദികളുടെ കൂട്ടത്തിൽ കൊടുക്കുന്ന കൊപ്രാക്കഷണമല്ലാതെ അദ്ദേഹം ഒരു മുഴുവൻ തേങ്ങ കണ്ടിരുന്നില്ല എളുപ്പം കേടുവരാത്ത നാളികേരം ഈ പ്രദേശങ്ങളിൽ പ്രചരിപ്പിക്കാത്തതു കേരളീയരുടെ പ്രയത്നക്കുറവുകൊണ്ടു് അല്ലെങ്കിൽ മറെറന്തുകൊണ്ടാണു്.

പാശ്ചാത്യരാജ്യങ്ങളിൽ തേങ്ങാപ്പീര ഉപയോഗിച്ചു പല പലഹാരങ്ങളും പാകംചെയ്യുന്നുണ്ടു്. ഒരുവിധം വരണ്ട തേങ്ങാപ്പീര നാലണ വിലയുള്ള ചെറിയ തകരങ്ങളിൽ വാങ്ങാൻകിട്ടും. നാം അപ്പഴപ്പോൾ ചിരണ്ടിയെടുക്കുന്ന തേങ്ങാപ്പീരയുടെ രുചിയൊന്നും അതിനില്ലാതിരുന്നിട്ടും അവർ അതു് അതിവിശേഷമായി കരുതിവരുന്നു. മുൻപറഞ്ഞ വെസ്റ്റ്ഇൻഡ്യൻദ്വീപുകൾക്കുപുറമേ ഐക്യനാടിൻെറ ദക്ഷിണപ്രാന്തങ്ങളിലുൾപ്പെട്ട ഫ്ളോറിഡയിലും ശാസ്ത്രീയസഹായത്താൽ വേണ്ട ചൂട്ടുകയററി നാളികേരക്കൃഷി ആരംഭിച്ചിട്ടുണ്ടു്. അമേരിക്കരുടെ

മേൽനോട്ടത്തിൽ ഏററവും ശാസ്ത്രീയമായരീതിയിൽ നാല്പത്തുലക്ഷം തെങ്ങു ഫിലിപ്പൈൻദ്വീപിൽ നട്ടുവളർത്തുന്നതു് ഈയിടെ കൃഷിചെയ്യപ്പെടുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ അവർ നാളികേരം കൊണ്ടുണ്ടാകുന്ന ഉപയോഗങ്ങളും രൂപാന്തരങ്ങളും കാണേണ്ടതുതന്നെയായിരിക്കും.

ന്യൂയോർക്കിൽ തേങ്ങയുടച്ചു വെള്ളവും തേങ്ങാപ്പാലും വില്ക്കുന്ന രണ്ടു കട ഞാൻ കാണുകയുണ്ടായി. പച്ചയോലയും ചിരട്ടയുംകൊണ്ടു സ്വല്പംപണം ചെലവുചെയ്തു കമനീയമായലങ്കരിച്ച ഈ കടകളിൽ കോമളവേഷധാരികളായ സുന്ദരികൾ ആവശ്യക്കാർക്കു് അപ്പഴപ്പോൾനാളികേരമുടച്ചു വെള്ളം ഗ്ലാസ്സൊന്നിനു രണ്ടണവെച്ചും, പാൽ നാലണവെച്ചും വിൽക്കുന്നു. കരിക്കിൻവെള്ളം കുടിച്ചിട്ടുള്ള എനിക്കു് ഈ വരട്ടുതേങ്ങയുടെ വെള്ളം അത്ര രുചികരമായി തോന്നിയില്ലെങ്കിലും, അന്നാട്ടുകാർക്കു് അതു പഞ്ചസാരചേർത്തു കുടിക്കുവാൻ ബഹുസ്വാദുള്ളതായിത്തോന്നിയിരിക്കണം. ഒരു മെഷീനിൽ പിഴിഞ്ഞാണു തേങ്ങാപ്പാൽ എടുക്കുന്നതു്. ഒരു നിമിഷംകൊണ്ടു തേങ്ങാപ്പാൽ ഒരു ഗ്ലാസ്സിലും, ചിരട്ട വേറൊരിടത്തും, പീര പ്രത്യേകമായും വീഴുന്നു. ഈ പാനീയം ദേഹത്തിനു് ആരോഗ്യംനൽകുന്നതാണെന്നു് അവർ മനസ്സിലാക്കിക്കഴിഞ്ഞു. വെസ്റ്റ് ഇൻഡ്യൻദ്വീപുകളിൽ കാപ്പിരികൾ കുട്ടികളെ വളർത്തുന്നതു തേങ്ങാപ്പാൽ കൊടുത്താണെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ബോംബെയിൽവരുന്ന അമേരിക്കൻസഞ്ചാരികൾ റോഡിൽനിന്നു കരിക്കുകുടിച്ചു തൃപ്തിയടയുന്ന കാഴ്ച ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. തേങ്ങയ്ക്കു വിലയില്ലെന്നാവലാതിപ്പെടുന്ന നമുക്കു് അമേരിക്കരുടെ ഈ നവീനസമ്പ്രദായങ്ങൾ അനുകരണീയമായിരിക്കയില്ലേ ? സോഡായ്ക്കും കാപ്പിക്കും പകരം കരിക്കു വിൽക്കുന്ന കടകൾ സകല പട്ടണങ്ങളിലും സ്ഥാപിച്ചു കരിക്കുകുടി ഒരു "പരിഷ്കാര"മാക്കിയാൽ നാളികേരപ്രശ്നത്തിനു് പ്രതിവിധിയാകയില്ലേ? കരിംകാപ്പിക്കും പൊട്ടക്കിണററിലെ വെള്ളംനിറച്ച സോഡാക്കുപ്പിക്കുമായി ഇൻഡ്യയൊട്ടുക്കു് എത്രലക്ഷം രൂപായാണു വർഷംപ്രതി നാം ചെലവാക്കുന്നതു്. വേണ്ടപോലെ പ്രയത്നിച്ചാൽ പ്രകൃതിദേവിയുടെ അമൂല്യഫലങ്ങളിലൊന്നായ നാളികേരത്തിന്റെ ഉപയോഗവും തന്മൂലം വിലയും ദ്വിഗുണീഭവിപ്പിക്കാം.

ഇപ്പോൾ തിരുവിതാംകൂർ കൃഷിഡിപ്പാർട്ടുമെണ്ടിന്റെ മേലദ്ധ്യക്ഷനായ മി. നാരായണയ്യർ ആയിടെ അമേരിക്കയിൽവന്നിരുന്നപ്പോൾ

ഞങ്ങൾ തമ്മിൽ ഈ കാര്യങ്ങളെക്കുറിച്ചു സംസാരിക്കയുണ്ടായി. ഈന്ത കാരയ്ക്ക അത്തി ആപ്രിക്കോട്ട് മുതലായ പഴങ്ങൾ ഉണക്കി ഈ നാട്ടിൽ വരുന്നതുപോലെ ഏത്തക്ക മാങ്ങ ചക്ക മുതലായി നമ്മുടെ നാട്ടിൽ സമൃദ്ധമായുണ്ടാകുന്ന മററു പഴങ്ങളും ശുദ്ധമാക്കി ഉണക്കിയോ വരട്ടിയോ ജാമാക്കിയോ "തകര"പ്പുഴമായിട്ടോ അയച്ചാൽ നല്ല ചെലവുണ്ടാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അമേരിക്കയിൽ കശു(പറങ്കി)അണ്ടിക്കു റാത്തലിന് ഒരു രൂപ വിലയുണ്ട്; എന്നാൽ ഇവിടെ കിട്ടുന്നതിൻെറ സ്വാദൊന്നുമില്ല. അവരതു് ഉപ്പിൽ വറുത്താണു ഭക്ഷിക്കാറുള്ളതു്. കപ്പലണ്ടിക്കും അവിടെ ധാരാളം ചെലവുണ്ട്. ചെറിയ കടലാസ്സുകൂടുകളിലിട്ടു കൂടൊന്നിനു രണ്ടണ വിലയ്ക്കു കപ്പലണ്ടിയും കശുഅണ്ടിയും അവിടെ റോഡുകളിൽ വിൽക്കാൻകൊണ്ടുനടക്കുന്നതു കാണാം.

ഒരുകാലത്തു കാലിഫോർണിയായിൽ സമൃദ്ധമായുണ്ടാകുന്ന മധുരനാരങ്ങക്കു ചെലവും വിലയുമില്ലാതായപ്പോൾ അവർ അതു പരിഹരിക്കുവാൻ പ്രയോഗിച്ച മാർഗ്ഗങ്ങൾ നമുക്ക് അനുകരണീയമാകുന്നു. കാലിഫോർണിയയുടെ കൃഷിപരമായ ചരിത്രം രസാവഹമാണ്. വെറും ചതുപ്പുനിലമായിക്കിടന്നിരുന്ന ഈ പ്രദേശങ്ങൾ അമേരിക്കരുടെ നിരന്തരപരിശ്രമത്താൽ ഏററവും ഫലവത്തുള്ളതും നേത്രാനന്ദകരവുമായ ഒരുദ്യാനമായി രൂപാന്തരപ്പെട്ടു. ആപ്പിൾ മധുരനാരങ്ങ ഗ്രേപ്പ്ഫ്രൂട്ട് ചെറുനാരങ്ങ പെയർസ് മുതലായവകൊണ്ടു നിറഞ്ഞ തോട്ടങ്ങൾ പ്രകൃതിദേവിയുടെ വിളനിലമായിശോഭിക്കുന്നു. മഞ്ഞു പെയ്യാതെയും വലിയ വെയിലില്ലാതെയും ശരിയായ ശീതോഷ്ണാവസ്ഥയുള്ള കാലിഫോർണിയാ ഈ കൃഷികൾക്ക് ഏററവും യോജിച്ചതാണ്. ഇപ്പോൾ ഇതിനെല്ലാംപുറമേ സിനിമാതാരങ്ങളും അതിനെ ജാജ്വല്യമാനമാക്കിത്തീർത്തിട്ടുണ്ടല്ലോ.

മധുരനാരങ്ങക്കൃഷി വർദ്ധിച്ചതോടുകൂടി അതിൻെറ വിലയും ക്രമേണ കുറയാൻതുടങ്ങി. അപ്പോൾ പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ച് ഈ നഷ്ടം ലഘൂകരിക്കാൻ തോട്ടക്കാർ പ്രയത്നിച്ചു. എല്ലാ മധുരനാരങ്ങക്കൃഷിക്കാരും ഈ സംഘത്തിൽചേർന്ന് അവരുടെ തോട്ടങ്ങളിലുണ്ടാകുന്ന നാരങ്ങ സംഘമാഫീസിലേല്പിച്ച്, ഒന്നായിക്കൂട്ടി ശരിയായരീതിയിൽ തരംതിരിച്ചു വിററ് തറവും എണ്ണവുമനുസരിച്ചു കർഷകർക്കു വിലകൊടുത്തുവന്നു. യോജിച്ചു നടത്തുന്ന ഈ സമ്പ്രദായം കൊണ്ട് അവർക്കു മത്സരമില്ലാത്ത ഒരു കമ്പോളനിരക്കു വളർത്തുവാൻ

നിഷ്പ്രയാസം സാധിച്ചു. കാലിഫോർണിയായിലെ മധുരനാരങ്ങ പരസ്പരസഹായസംഘം ആ നാട്ടിലെ സ്വാധീനതയും ധനപ്രാബല്യവുമുള്ള ഒരു പ്രധാനസംഘമായി ഇന്നും മാതൃകാരീതിയിൽ കാര്യം നടത്തിവരുന്നു. ഏകദേശം ഈ രീതിയിൽത്തന്നെ ചേർത്തല മുതലായ സ്ഥലങ്ങളിൽ പ്രചാരത്തിലിരിക്കുന്ന കെട്ടുതെങ്ങുസമ്പ്രദായം എന്തുകൊണ്ട് അഭിവൃദ്ധിപ്പെടുന്നില്ല? ലക്ഷദ്വീപിലുള്ള കേരകർഷകർ സംഘടനമൂലം സാധിക്കുന്നതു, വിദ്യാഭ്യാസം കൂടുതലുണ്ടെന്നു സ്വയം പ്രശംസിക്കുന്ന മലയാളികൾക്കു് എന്തുകൊണ്ടു സാധിച്ചുകൂടാ?

കാലിഫോർണിയായിലെ പരസ്പരസഹായസംഘത്തിൻെറ പ്രവർത്തനരീതി ഏററവും വിപുലമാണു്. അവർ മധുരനാരങ്ങക്കു ചെലവു വർദ്ധിപ്പിക്കാൻ പല ഗവേഷണങ്ങളും പരിശ്രമങ്ങളും ചെയ്തു. അതു പിഴിഞ്ഞു നീരാക്കി കുപ്പിയിലാക്കി വിററുതുടങ്ങി. അമേരിക്കയിലെങ്ങും നാരങ്ങാനീരു വില്പനയ്ക്കുള്ള കടകൾ സ്ഥാപിച്ചു. മധുരനാരങ്ങയുടെ വിവിധവിശേഷങ്ങളേയും വിററമിൻ ഫലങ്ങളേയുംപററിയുള്ള വിവരങ്ങൾ ആകർഷകങ്ങളായ ചിത്രങ്ങളടങ്ങിയ പരസ്യപരമ്പരകൾകൊണ്ടു് ആ നാടെല്ലാം നിറച്ചു. മധുരനാരങ്ങതിന്നാൽ ആരോഗ്യം വർദ്ധിക്കും, സ്ത്രീകളുടെ അധരം ചെമ്പരത്തിപ്പൂപോലെയാവും, നവയൗവനം തുളുമ്പുന്ന ചൈതന്യം ലഭിക്കും എന്നിങ്ങനെ നോക്കുന്നിടത്തെല്ലാം രേഖപ്പെടുത്തിയതിൻെറ ഫലമായി അതിൻെറ ചെലവു് ആയിരക്കണക്കിനു വർദ്ധിച്ചു.

മേൽവിവരിച്ച പരസ്പരസഹായസംഘത്തിൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന ഗവേഷണങ്ങളുടെ ഫലമായി കുരുവില്ലാത്ത ഒരു പുതിയ മാതിരി മധുരനാരങ്ങ സൃഷ്ടിച്ചിരിക്കുന്നു! "സൺ കിസ്സ്ഡ്"—സൂര്യനാൽചുംബിക്കപ്പെട്ട—എന്ന സുന്ദരനാമം അതിനു കൊടുത്തിരിക്കുന്നു. സാധാരണ നാരങ്ങയെ അപേക്ഷിച്ചു് ഇതിൻെറ അററത്തു് ഒരു മുഴയുണ്ടു്. കുരുവില്ലെന്നുള്ളതിൻെറ അടയാളമാണിതു്. ലൂയിബർബാങ്കു് എന്ന കൃഷിശാസ്ത്രജ്ഞൻ ഇതുമാതിരി പല അത്ഭുതങ്ങളും സാധിച്ചിട്ടുണ്ടു്. പുതിയ തരത്തിലുള്ള പഴങ്ങൾ കൃത്രിമമായി സൃഷ്ടിക്കുന്നതിൽ പ്രത്യേക വാസനയുള്ള ഒരു ഗവേഷകനാണിദ്ദേഹം. മധുരനാരങ്ങയും ചെറുനാരങ്ങയുംകൂടി ഒട്ടിച്ചു ബംബിളിമൂസ്നാരങ്ങയുടെ വലു

പ്പത്തിലും സ്വാദിലും ഗ്രേപ്ഫ്രൂട്ട് എന്നൊരു പുതിയതരം നാരങ്ങാ സൃഷ്ടിച്ചതു് ആ നാട്ടിൽ വളരെ പ്രചാരത്തിൽ വന്നിട്ടുണ്ടു്. പക്ഷെ അതു നല്ല ബംബിളിമൂസ്നാരങ്ങയുടെ അടുത്തുനില്ക്കുവാൻ കൊള്ളുകയില്ലെന്നാണു് എൻെറ അഭിപ്രായം. ബ്ളാക്ക്ബെറി, സ്ട്രാബെറി മുതലായപഴങ്ങളും ഒട്ടിച്ചു വേറൊരു പുതിയതരം ബെറിയും, മഞ്ഞുകാലത്തു കൂടി വികസിക്കുന്ന റോസാച്ചെടിയും ഇദ്ദേഹം കണ്ടുപിടിച്ചു പ്രചാരത്തിൽ വരുത്തിയിരിക്കുന്നു. മുള്ളില്ലാത്ത കള്ളിച്ചെടിയും അതിൽ വളരെ സ്വാദുള്ള പഴവും ഇദ്ദേഹംതന്നെ നിർമ്മിച്ചിരിക്കുന്നു. കാലിഫോർണിയായിലെ ഇദ്ദേഹത്തിൻെറ പരീക്ഷണത്തോട്ടങ്ങളിൽ ഒട്ടുമാവും തെങ്ങും വിജയകരമായി നട്ടുവളർത്തുന്നു.

ശൈത്യമേഖലയിൽ സസ്യാദികൾ കൃഷിചെയ്യുക പ്രയാസമാണു്. എന്നാൽ അവർ കൂണ കൃത്രിമമായി വളർത്തുന്നൊന്നും കണ്ണാടികൊണ്ടുണ്ടാക്കപ്പെട്ട ശാലകളിൽ റോസ് മുതലായ പുഷ്പങ്ങൾ നട്ടുവളർത്തി വിററു ലാഭമെടുക്കുന്നുണ്ടെന്നുമറിഞ്ഞാൽ നമുക്കു് ആ നാട്ടുകാരോടു കൂടുതൽ ബഹുമാനം തോന്നുന്നതാണു്. ഒരു ഡസൻ റോസാപ്പൂവിനു പന്ത്രണ്ടു് അണ വിലയുണ്ടെങ്കിലും ബന്ധുമിത്രാദികൾ പരസ്പരം ഇതു വാങ്ങി സമ്മാനിക്കുന്നതുകൊണ്ടു ചെലവിനു് ഒരു കുറവുമില്ല. പുഷ്പങ്ങൾ കമ്പിയായി അയയ്ക്കാം—എന്നുവെച്ചാൽ ദൂരെത്താമസിക്കുന്ന ഒരുവൻ കമ്പിമൂലം പൂക്കടയിൽ അറിയിച്ചാൽ ഉടനേ സ്നേഹിതൻെറ മേശപ്പുറത്തു മനോഹരമായ പൂച്ചെണ്ടുകൾ നിറഞ്ഞു ചുററും സൌരഭ്യം വീശുന്നു. നമ്മുടെനാട്ടിൽ ദേവാരാധനയ്ക്കാണല്ലോ കുസുമങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതു്.

നമ്മുടെനാട്ടിലെ മിക്ക സസ്യാദിളും അമേരിക്കയിൽ കിട്ടും. വെണ്ടയ്ക്കാ—അവരതിനു "ഒക്രാ" എന്നു പറയുന്നു—മത്തങ്ങ കത്തിരിക്ക എരുവില്ലാത്ത വലിയതരം പച്ചമുളകു് വെള്ളരിക്ക ഇതെല്ലാം അവിടെ സാധാരണയായി ഉപയോഗിക്കുന്നവയാണു്. എന്നാൽ മുരിങ്ങക്കായില്ല, ചീരയും കണ്ടിട്ടില്ല. ചീരയ്ക്കുപകരം സ്പിനിച്ചും കുറച്ചു ചവർപ്പുരസമുള്ള ബ്രോക്കൊളിയും ഉപയോഗിച്ചുവരുന്നുണ്ടു്. ഒരു കഷണം തണ്ണീർമത്തങ്ങയ്ക്കു വില അണ എട്ടു്.

അമേരിക്കയുടെ തെക്കൻപ്രദേശങ്ങളിൽ നെല്ലും ചോളവും വടക്കൻ പ്രദേശങ്ങളിൽ ഗോതമ്പും കൃഷിചെയ്തുവരുന്നു. റെഡ്ഇൻഡ്യ

ക്കാരും ഈ ധാന്യങ്ങൾ കൃഷിചെയ്തിരുന്നെങ്കിലും വെള്ളക്കാർ ശാസ്ത്രീയമായ വളം ഉപയോഗിച്ചതിന്റെ ഫലമായി വലുപ്പത്തിലും വിളവിലും അതിശയമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. വലിയതോതിൽ ആയിരവും പതിനായിരവും ഏക്കറിൽ കൂടുതൽ വിസ്താരമുള്ള നിലങ്ങളിലാണ് ഇത്തരം കൃഷികൾ ചെയ്യാറുള്ളതെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ ഇടയിൽ സാധുക്കൾക്കുമാത്രമുള്ളതെന്നു വിചാരിക്കുന്ന ചോളം പാശ്ചാത്യർ പുഴുങ്ങി വെണ്ണ പുരട്ടി ഭക്ഷിക്കുന്നു. തവിട് ബിസ്കറ്റാക്കി രൂപാന്തരപ്പെടുത്തിയും മലര് "പഫ്ഡ് റൈസ്" ആയും അവല് "റൈസ് ഫ്ളേക്സ്" ആയും പേരുമാറ്റി അവർ ഭക്ഷിക്കാറുണ്ട്. മരക്കിഴങ്ങു പൊടിച്ചു പലഹാരങ്ങളുണ്ടാക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ കൊള്ളാവുന്ന കുടുംബങ്ങളിൽ ഉരുളക്കിഴങ്ങു വാങ്ങി, മരക്കിഴങ്ങു പാവങ്ങൾക്കായി തള്ളിക്കളഞ്ഞിരിക്കയാണ്. നമ്മുടെ കറുത്ത സാധുമാക്കുമാങ്ങയെക്കാൾ കൂടുതൽ ആപ്പിളും, ഏത്തപ്പഴത്തെക്കാൾ കൂടുതൽ പീച്ചും, വരിക്കച്ചക്കയെക്കാൾ കൂടുതൽ പെയർസും മുരിങ്ങക്കായേക്കാൾ കൂടുതൽ കാരറ്റും ചീരയേക്കാൾ കൂടുതൽ കാബേജും രുചിയായി തോന്നുന്നതു രാജ്യത്തിന്റെ കാലദോഷമെന്നേ പറയാവൂ. വിവിധവർണ്ണക്കടലാസ്സിൽ പൊതിഞ്ഞു പുതിയ പേരോടുകൂടി തരത്തിൽ വരുമ്പോൾ, എല്ലാ സാധനത്തിനും വിലയും രുചിയും കൂടുന്നു.

ഭാരതത്തിലുള്ളതിനേക്കാൾ പ്രകൃതിരമണീയമായ കാഴ്ചകളും അവിടെ വളരുന്ന കായ്കനികളേക്കാൾ സ്വാദുള്ള ഫലമൂലാദികളും ഭൂലോകത്തിൽ വേറെ എവിടെയാണുള്ളത്? ഇതെല്ലാം എടുത്തുവാഴ്ത്തുന്ന രാഷ്ട്രീയഗാനമാണല്ലോ 'വന്ദേമാതരം.'

---

26. വൈദ്യുത ശവദാഹം

പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും ദുഃഖപ്രകടനവ്യത്യാസങ്ങൾ.

വളരെ വർഷങ്ങളായി ഐക്യനാട്ടിൽ താമസിച്ചിരുന്ന ഒരു ബംഗാളിസ്നേഹിതന്റെ സഹൃദപത്നി കാലധർമ്മം പ്രാപിക്കയുണ്ടായി. ശവപ്പെട്ടിയിൽകിടന്ന ആ മഹിള നല്ല ഒരു ചിത്രകാരിയായിരുന്നു. ഭംഗിയുള്ള പല ചിത്രങ്ങളും വരച്ച ആ കൈ തണുത്തു മരവിച്ചു;

സദാ മന്ദസ്മിതംതൂകി ഭാരതീയരായ ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്ന ആ അധരങ്ങൾ ഇരുണ്ടു നിശ്ശബ്ദമായി. അവരുടെ രണ്ടു സഹോദരിമാരും ഒരു സഹോദരനും ദുഃഖസമ്പൂർണ്ണമായ നിശ്ശബ്ദതയോടെ ആ മുറിയിൽ ഇരിക്കയല്ലാതെ ഉറച്ചു കരയുകയോ നെഞ്ചത്തടിക്കയോ ചെയ്തിരുന്നില്ല. പാശ്ചാത്യർക്കു ബന്ധുസ്നേഹം ഇല്ലെന്നു വരുമോ? അതല്ലാ, മനുഷ്യസമുദായത്തിൽപ്പെട്ട അവരുടെ കാമക്രോധാദിവികാരങ്ങൾ നമ്മുടേതിൽനിന്നു വ്യത്യാസപ്പെട്ടതോ? ഭാരതീയരായ നാം ഋഷിസന്താനങ്ങളും തത്വജ്ഞാനികളുമാണെന്നു സ്വയം പ്രശംസിക്കുന്നുണ്ട്. എന്നാൽ മരണത്തിൻമുൻപിൽ നമ്മേക്കാൾ കൂടുതൽ ഭീരുത്വംകാണിക്കുന്ന വേറൊരു വർഗ്ഗമില്ല. പാശ്ചാത്യരാകട്ടെ, മരണത്തെ ജീവിതയാത്രയിലെ ഒരു രംഗമായി മാത്രം കരുതി അതിനെ സധൈര്യം അഭിമുഖീകരിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ മരണഭയമില്ലാത്ത വെള്ളക്കാർക്കു ആകാശവിമാനത്തിലോ മോട്ടോർകാറിലോ മണിക്കൂറിൽ നാന്നൂറു നാഴികവീതം ഓടിക്കുവാനോ, വിമാനത്തിലിരുന്നു തകിടംമറിയുവാനോ, വനാന്തരങ്ങളിലും സമുദ്രഗർഭത്തിലും ഏകാകിയായിറങ്ങി മരണത്തെ വെല്ലുവിളിക്കുവാനോ ഒരു കൂസലുമില്ല. നമ്മുടെ നാട്ടിലാകട്ടെ ഒരു കുട്ടി മരത്തിന്മേൽ കയറിയാൽ അവൻെറ മാതാപിതാക്കന്മാർ കൂട്ടുന്ന ബഹളം എന്തായിരിക്കും. ഇതുകൊണ്ടാണ നാം ചിരകാലം അടിമകളും വെള്ളക്കാർ ഭൂലോകം മുഴുവൻ പിടിച്ചടക്കി ഭരിക്കുന്ന വീരധീരന്മാരുമായിരിക്കുന്നതു്.

പാശ്ചാത്യർ തങ്ങളുടെ ദുഃഖത്തെ കറുത്ത വസ്ത്രത്താലാണ് ലോകരെ അറിയിക്കുന്നതു്. ഇതു് ഒരു കൃത്രിമദുഃഖമായി നമുക്കു തോന്നിയേക്കാം. വസ്ത്രത്തിനടിയിൽ ഇവക്കു ദുഃഖമില്ലേ? ഗൌരവപുരസ്സരമായ അവരുടെ ധർമ്മസങ്കടം നാം തെററിദ്ധരിക്കുന്നതു ന്യായമാണോ?

ആ നാട്ടിലെ നിയമമനുസരിച്ചു മരിച്ച ആൾ സ്വാഭാവികമായി മരണമടഞ്ഞതാണെന്ന് ഡാക്ടറർ സാക്ഷ്യപ്പെടുത്തിയതിനുശേഷമേ അവസാനകർമ്മങ്ങൾ ചെയ്യൂ. വിഷംകൊടുത്തും വെട്ടിക്കൊന്നും മററും അപമൃത്യു അടയുക ആ നാട്ടിൽ അസാധാരണമല്ലാത്തതുകൊണ്ടായിരിക്കാം ഈ നിയമം നടപ്പിൽ വന്നിരിക്കുന്നതു്. ശവത്തിൽനിന്നു കൃമികളോ അണുക്കളോ വായുമണ്ഡലത്തിൽ വ്യാപിക്കാതിരിക്കാൻ കുത്തിവെച്ചതിൻെറ ഫലമായി ആ സ്ത്രീയുടെ മുഖം ഒരു മഞ്ഞ നിറം പൂണ്ടിരുന്നു. തണുപ്പുരാജ്യങ്ങളിൽ നമ്മുടെ നാട്ടിലെപ്പോലെ ശവം ക്ഷണത്തിൽ ജീർണ്ണിക്കയില്ല.

കുറെക്കഴിഞ്ഞു് ആ മനുഷ്യപിണ്ഡം "ഫ്യൂണറൽ പാർളർ" (ശവമുറി) എന്ന സ്ഥലത്തേക്കു നീക്കപ്പെട്ടു. ഈ സ്ഥലത്തുവെച്ചാണു് കാണേണ്ടവരെല്ലാം അവസാനമായി വന്നു കാണുന്നതു്. പരസ്പരം ബന്ധമൊന്നുമില്ലാത്ത അമ്പതോ അറുപതോ കുടുംബങ്ങൾ പല മുറികളിലായി താമസിക്കുന്ന പാശ്ചാത്യമന്ദിരങ്ങളിൽ ഒരു മരണമുണ്ടായാൽ അതുകൊണ്ടു മററുള്ളവർക്കു് ഉപദ്രവമുണ്ടാകാതിരിക്കാനാണു് ശവം ഉടനേ ശവമുറിയിലേക്കു കൊണ്ടുപോകുന്നതു്. (ആറുമാസം എന്റെ അടുത്ത മുറിയിൽ താമസിച്ചിരുന്ന ആളെ ഞാൻ ഒരിക്കൽ യാദൃച്ഛികമായിട്ടല്ലാതെ കണ്ടിട്ടുകൂടിയില്ല.) ഒരാൾ മരിച്ചാലുടൻ ശവസംസ്കാരം നിർവ്വഹിക്കുവാൻ പല കമ്പനികളും തങ്ങളുടെ നിരക്കു കാണിച്ചു് ഓടിയെത്തും. ആഡംബരത്തിന്റെ ഏററക്കുറവനുസരിച്ചു പല നിരക്കിലും അതു നിർവ്വഹിക്കാം. ഇത്തരം ഓരോ കമ്പനിക്കും നഗരത്തിന്റെ ഓരോ വിഭാഗത്തും ശവമുറികൾ ഉണ്ടു്.

അന്നു ന്യൂയോക്കിലുണ്ടായിരുന്ന സകല ഭാരതീയരുടേയും മററനേകം അമേരിക്കൻ സ്നേഹിതന്മാരുടേയും അകമ്പടിയോടുകൂടി ഞങ്ങൾ ശ്മശാനസ്ഥലത്തേക്കു പുറപ്പെട്ടു ശവസംസ്കാരക്കമ്പനി ആവശ്യമുള്ളപക്ഷം ദുഃഖാനുഷ്ഠായികളേയും വാടകയ്ക്കു തരും. എന്നാൽ ഞങ്ങൾക്കതു വേണ്ടിയിരുന്നില്ല ക്രിസ്ത്യാനികളായ അമേരിക്കർ സർവ്വസാധാരണമായി ശവം കുഴിച്ചിടുകയാണു് പതിവു്. യഹൂദർക്കും മുഹമ്മദീയർക്കും വിധിച്ച കർമ്മവും ഇതുതന്നെ. ഹിന്ദുക്കൾ മാത്രമേ ശവം ദഹിപ്പിക്കയുള്ളു. എന്നാൽ ന്യൂയോക്കു് ലണ്ടൻ മുതലായ നഗരങ്ങളിൽ സ്ഥലച്ചുരുക്കംകൊണ്ടു പാശ്ചാത്യരായ ക്രിസ്ത്യാനികളും ശവദാഹരീതി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ടു്. ശവസംസ്കാരത്തിനു മൂവായിരം രൂപ ചെലവുണ്ടെങ്കിൽ, ശവദാഹത്തിനു തൊള്ളായിരം രൂപ മതിയാകും. ഈ കാരണംകൊണ്ടു്, 'മരിക്കുന്നതു ജീവിക്കുന്നതിനേക്കാൾ ചെലവേറിയതാണെ'ന്നു് ആ നാട്ടുകാർ പറയാറുണ്ടു്. പലരും ഈ അന്ത്യകർമ്മത്തിനു വേണ്ടുന്ന സംഖ്യ ഇൻഷ്വർചെയ്തു നേരത്തെ കരുതുന്നു. ഇതിനുപുറമേ ശവദാഹം കുഴിച്ചിടുന്നതിനേക്കാൾ എത്രയോ ശുചിയും ശാസ്ത്രീയവുമാകുന്നു. എന്നാൽ ഞാൻ അന്നു കണ്ട ശവദാഹം നാട്ടിലേക്കാൾ വളരെ വ്യത്യസ്തമായിരുന്നു.

ഞങ്ങൾ രണ്ടു മണിക്കൂറോളം യാത്ര ചെയ്തശേഷം മനോഹരമായ ഒരുദ്യാനത്തിന്റെ നടുവിലുള്ള രമ്യഹർമ്മ്യത്തിൽ ചെന്നെത്തി. അതാണു് ശവദാഹമന്ദിരം. സാധാരണയായി കുരിശു നിറഞ്ഞ



ഫ്ളോറിഡായിലെ കേരകുഞ്ജം (113-ാം പുറം)

കേരള സാഹിത്യ അക്കാദമി



അമെരിക്കയിലെ ഒരു ഗ്രാമം

ക്രിസ്തീയ ശവക്കോട്ടകൾ വൃക്ഷലതാദികളാൽ അലങ്കരിക്കപ്പെട്ടവയാകുന്നു. എന്നാൽ അവിടെയെങ്ങും മൃത്യുവിന്റെ വിജയധ്വജവും ക്രിസ്ത്യാനിക്കു പാപമോചനസൂചകവുമായ കുരിശുമുണ്ടായിരുന്നില്ല. സമാധാനപരമായ ശാന്തിമാത്രമാണു് അവിടെ പരിലസിച്ചിരുന്നതു്.

ആ സൌധത്തിലെ ഒരു ചെറിയ ഹാളിൽ ശവപ്പെട്ടി വയ്ക്കപ്പെട്ടു. ഈ ഹാൾ നാനാജാതിമതസ്ഥരുടെ ആവശ്യവും സൌകര്യവുമനുസരിച്ചു ക്രിസ്തീയദേവാലയമായിട്ടോ യഹൂദസിനഗോഗായിട്ടോ ഹിന്ദുക്ഷേത്രമായിട്ടോ ഉപയോഗിക്കാം. പരേതരുടെ ജീവിതചരിത്രത്തെ പ്രശംസിച്ചു പ്രസംഗിക്കുന്നതിനു അവിടെ ഒരു പീഠമുണ്ടു്. നമുക്കിഷ്ടമുള്ള ഗീതങ്ങൾക്കൊടുത്താൽ അവ ഒരു എലക്ട്രിക്ക് ഓർഗനിൽ പരസഹായംകൂടാതെ ഭംഗിയായി സ്വയം പാടിക്കൊള്ളും. ഇത്തരം പാട്ടുകൾ കടലാസിൽ കുത്തി ദ്വാരമാക്കിയാണു് അടിച്ചുവരുന്നതു്. ഈ കടലാസ്സു് ഓർഗനിൽ ഒരുവശത്തു നിക്ഷേപിച്ചാൽ അരൂപനായ ഒരു വിദഗ്ദ്ധൻ അതെല്ലാം കൊട്ടിപ്പാടുന്നതു് എന്തൊരത്ഭുതം! അതിനുശേഷം പൂമാലകളാൽ നിറഞ്ഞ ആ ശവപ്പെട്ടി തുറന്നുവെച്ചപ്പോൾ അവിടെ കൂടിയിരുന്ന വൈദികരായ ഹിന്ദുസ്വാമിയും യഹൂദറബ്ബിയും പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കു് ഓരോ പ്രാർത്ഥന അർപ്പിച്ചു. ഒരു വിശേഷംകൂടി പറകയാണെങ്കിൽ സ്നേഹിതന്റെ നിലയിൽ ഒരു ക്രിസ്തീയപുരോഹിതനും അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹമാണു് പ്രസംഗം നടത്തിയതു്. ഹിന്ദു-യഹൂദ-ക്രിസ്തീയവൈദികന്മാരാൽ അന്തിമകർമ്മങ്ങൾ നടത്തപ്പെട്ട ഒരാത്മാവിനു മോക്ഷം കിട്ടുമെന്നുള്ളതിൽ സംശയമില്ല. നമ്മുടെനാട്ടിൽ മരണസമയത്തെങ്കിലും ഇങ്ങിനെ ഒരു ജാതീയൈക്യം കാണാൻ എത്രനാൾ കാക്കണം? ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള ആളുകൾ ജാതിമതവ്യത്യാസങ്ങളെ സംബന്ധിച്ചു വളരെ വിശാലമനസ്കരാകുന്നു. അയിത്തമുള്ളകാലത്തോളം ഇത്തരം സൌഹാർദ്ദം നമുക്കു സാധ്യമല്ല.

താൽമുദ് എന്ന യഹൂദമതഗ്രന്ഥം വായിച്ചു റബ്ബി പ്രാർത്ഥിച്ചശേഷം സ്വാമി ഈശാവാസ്യോപനിഷത്തിൽനിന്നു് ഒരു പ്രാർത്ഥന ചൊല്ലി അതു് ഇംഗ്ലീഷിൽ തർജ്ജമചെയ്തു.

അസതോ മാ സദ് ഗമയ!
തമസോ മാ ജ്യോതിർഗ്ഗമയ!
മൃത്യോർമ്മാ അമൃതം ഗമയ!

പരേതയുടെ ചാമ്പൽ ഭൂലോകത്തിന്റെ നാനാദിക്കുകളിലും വ്യാപിപ്പിക്കുവാനും അതിൽ സൂര്യന്റെ പ്രഭ സദാ പ്രസാദിക്കുവാനും അപേക്ഷിച്ചു് അദ്ദേഹം ആ കർമ്മം ഏററവും ഭംഗിയായി അവസാനിപ്പിച്ചു. മതവ്യത്യാസംമൂലം ഇൻഡ്യയിൽവെച്ചു ഹൈന്ദവശവദാഹകർമ്മത്തിൽ പങ്കുകൊള്ളുവാൻ എനിക്കു സന്ദർഭമുണ്ടായിട്ടില്ല. അമേരിക്കയിൽവെച്ചാണു് അതുണ്ടായതു്. ഇപ്രകാരം ഹിന്ദുമതപ്രാർത്ഥനകളുടെ മഹത്വം എനിക്കു മനസ്സിലാക്കാൻ സാധിച്ചു. അന്നു ഞാൻ കേട്ട പ്രാർത്ഥന ഇവിടെ സാധാരണയായി ശവദാഹസമയത്തു ചൊല്ലാറുള്ളതാണോ അതോ അതു സ്വാമിയുടെ കൌതുകനിർമ്മാണമാണോ എന്നു് എനിക്കറിഞ്ഞുകൂടാ.

വേദഗീതങ്ങൾക്കിടയിൽ ശവപ്പെട്ടി വീണ്ടും അടച്ചു. ചുവരിൽ ഗൂഢമായി പണിചെയ്തിട്ടുള്ള ഒരു ചെറുവാതിൽ പതുക്കെ തുറന്നുതുടങ്ങി. വാതിലിന്റെ അടിനിരപ്പിനൊത്തു് ഒരു തട്ടം കാണായി. അതിൽ ശവപ്പെട്ടി എടുത്തുവെച്ചു. വാതിൽ വീണ്ടും അടഞ്ഞുതുടങ്ങി—അവസാനക്കാഴ്ച! ഇതുവരെ മൌനംപൂണ്ടിരുന്ന പരേതയുടെ സഹോദരിമാർ അപ്പോൾ പെട്ടെന്നു പൊട്ടിക്കരഞ്ഞു. ഉടനെ അവർ അതടക്കി നിശ്ശബ്ദരായി. സങ്കടങ്ങൾ സ്വകാര്യമുറിയിൽ പ്രകടിപ്പിക്കാനുള്ളതല്ലാതെ പരസ്യപ്രദർശനത്തിനുള്ളതല്ലെന്നാണു് പാശ്ചാത്യരുടെ മതം.

അരമണിക്കൂർ കഴിഞ്ഞപ്പോൾ മേൽവിവരിച്ച വാതിൽ ഒരിക്കൽ കൂടി തുറന്നു; ശവപ്പെട്ടിക്കു പകരം മുദ്രവെച്ചടച്ച ഒരു ചെറിയ കുടം പ്രത്യക്ഷമായി. അതിൽ പരേതയുടെ ചാമ്പൽ അടങ്ങിയിരുന്നു. അവരുടെ പേരും ടൈപ്പുചെയ്തു് ഒട്ടിച്ചിരുന്നു. വിദ്യുച്ഛക്തിയുടെ സഹായത്താലാണു് ഈ ശവദാഹം നിർവ്വഹിച്ചതു്. പരേത നിർവ്വാണസൌഭാഗ്യത്തിൽ ലയിച്ചു.

ശവദാഹം അഗോചരമായിരുന്നു എന്നതിനാലല്ലാ ഈശ്വരരൂപത്തിൽ സൃഷ്ടമായ മനുഷ്യവിഗ്രഹം ക്രമേണ അഗ്നിക്കിരയാകുന്ന ഭയങ്കര കാഴ്ചകളൊന്നും ശാസ്ത്രീയരീതിയിലുള്ള ഈ ശവദാഹത്തിലില്ല.

ചാമ്പൽ നിറച്ച കുടം പരേതയുടെ ഭർത്താവു് ഏററുവാങ്ങി അതു വീട്ടിൽ കൊണ്ടുപോയി സൂക്ഷിക്കാം. വല്ല അസൌകര്യവും നിമിത്തം അതു വേണ്ടെന്നു വെയ്ക്കുന്നപക്ഷം ചുരുങ്ങിയ ഒരു സംഖ്യ കൊടുത്താൽ ആ മന്ദിരച്ചുമരിൽ വെയ്ക്കുവാൻ സ്ഥലം വിലയ്ക്കു വാങ്ങാവുന്നതും പേരുവിവരത്തോടുകൂടി ചിരകാലം അവിടെ സൂക്ഷിക്കാവുന്നതുമാണു്.

27. പ്രസംഗക്കമ്പനികൾ

ബർനാഡ്ഷാ, ചെസ്റ്റർട്ടൺ മുതലായവരുടെ വാഗ്‌വിലാസം—പ്രസംഗമൊന്നിനു പതിനയ്യായിരം രൂപാ ഫീസ് കിട്ടിയിരുന്ന ഒരു പ്രാസംഗിക—ഞാൻ ഹൈന്ദവപുരോഹിതനായി രൂപാന്തരപ്പെടുന്ന കഥ.

ഓവൽ ആകൃതിയിൽ പണിചെയ്യപ്പെട്ട ന്യൂയോക്കിലെ പ്രസംഗസംഗീതകലാമന്ദിരമായ മെട്രോപ്പോളിട്ടൻ ഓപ്പറാഹൌസ് ഒരു രാത്രി വൈദ്യുതവിളക്കുകളാൽ കമനീയമായി അലംകൃതമായും സ്ത്രീപുരുഷന്മാരാൽ നിബിഡീകൃതമായും കാണപ്പെട്ടു. ഏതോ പ്രകടനം കാണുവാനെന്നപോലെ സ്ത്രീപുരുഷന്മാർ വേഷാലങ്കാരങ്ങളോടുകൂടിയാണ് സന്നിഹിതരായിരുന്നത്. സംഗീതശാലയുടെ മുൻവശത്തും ഇരുവശത്തുമുള്ള വിലകൂടിയ സീറ്റുകളിൽ ആധനസ്ഥരായ സ്ത്രീകൾ വജ്രഖചിതമായ മാലകളും കമ്മലുകളുമണിഞ്ഞും, കരങ്ങളും മാറിടവും കാണിക്കുന്ന ഉടുപ്പു ധരിച്ചും, പുത്രഗൃഹസ്ഥരായ സ്വന്തം ഭർത്താക്കന്മാരുടെ പ്രൌഢിയും ധനസമൃദ്ധിയും പ്രദർശിപ്പിക്കുന്നു. പുരുഷന്മാരാകട്ടേ, ഇസ്തിരിയിട്ടു മിനുക്കിയ ഷർട്ടും കോളറും ധരിച്ച് ഇരുമ്പുചട്ട ഇട്ട പണ്ടത്തെ യോദ്ധാക്കളെപ്പോലെ ശ്വാസംമുട്ടി ഇരിക്കുന്നു. ഒരു സീറ്റിനു് എഴുപത്തഞ്ചുമുതൽ മുന്നൂറുരൂപാവരെ കൊടുത്തതിന്റെ പ്രഭയും ഈ മഹതീമഹാന്മാരുടെ മുഖങ്ങളിൽ വികസിച്ചിരുന്നു.

പ്ലാറ്റുഫോറത്തിൽ വിരിപ്പിട്ട കസേരകളിൽ ഈവനിങ് ഡ്രെസ്സ് (സായംകാലവേഷം) ധരിച്ച ചില മാന്യപുരുഷന്മാരും ഇരിക്കുന്നുണ്ട്. ഈ കൂട്ടത്തിൽ അമേരിക്കയിലെ പ്രസിദ്ധകുബേരന്മാരായ ജെ പി. മോർഗനും മറ്റു ചില ബാങ്കുടമസ്ഥന്മാരുമുണ്ട്. അവരോരുത്തർക്കും ഈ കസേരകളിൽ ഇരിക്കുവാൻ മൂവായിരം രൂപ ചെലവായിരിക്കണം.

ഞാൻ മൂന്നുരൂപയ്ക്കു് ഏറ്റവും വിലകുറഞ്ഞ ഒരു ടിക്കറ്റുവാങ്ങി മറ്റു പല വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ബാൽക്കണിയിൽ ഇരുന്നു.

ഈ കുബേരനിർദ്ധനപണ്ഡിതപാമരന്മാരുടെ സമ്മേളനത്തിനു കാരണമെന്താണ് ? അന്നുരാത്രി എട്ടുമണിക്കു് ഇംഗ്ലീഷ്നാടകകർത്താവും സമത്വവാദിയും പ്രാസംഗികനുമായ ബർനാഡ്ഷായുടെ പ്രസംഗമുണ്ടാവും. ലോകസഞ്ചാരാർത്ഥം പുറപ്പെട്ട ഷാ കാലിഫോർണിയായിൽനിന്നു കപ്പലിൽക്കയറി പനാമാത്തോടുവഴി ന്യൂയോക്കിലെത്തി. തീവ

ണ്ടിവഴിക്കു് ഇതിന പകുതി സമയംമതി. എന്നാൽ അമേരിക്കരെ പൊതുവെ പുച്ഛമുള്ള ഷാ അവരുടെ രാജ്യത്തുകൂടേ യാത്രചെയ്യുകയില്ലെന്നു തീരുമാനിച്ചു. പലേടത്തും പ്രസംഗത്തിനും സ്വീകരണത്തിനും മററും ക്ഷണം കിട്ടിയിട്ടും അതെല്ലാം അദ്ദേഹം നിരസിക്കുകയാണുണ്ടായതു്. അമേരിക്കർ ദ്രവ്യാസക്തിയിൽ മുഴുകിയ ഒരുതരം അന്ധബധിരന്മാരാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം; കാലിഫോർണിയായിൽ എത്തിയപ്പോൾ കൊളമ്പിയാസർവ്വകലാശാലയിലെ പണ്ഡിതന്മാരും അമേരിക്കയിലെ മററു മഹാശയന്മാരുംകൂടി അദ്ദേഹം ന്യൂയോക്കിൽവെച്ചു് ഒരു പ്രസംഗം നടത്തണമെന്നും യാത്രച്ചെലവു മുൻകൂട്ടി അയച്ചുകൊടുക്കാമെന്നും കമ്പിമുഖേന അറിയിച്ചു. ഉടനേ മറുപടിക്കമ്പി കിട്ടി: "ഞാൻ അമേരിക്കയിൽ ഒരു പ്രസംഗമേ ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളു. അതു ന്യൂയോക്കിൽവെച്ചുതന്നെ. എന്റെ പേരുംപറഞ്ഞു നിങ്ങൾ സാധിക്കുന്നേടത്തോളം പണം വാരിക്കൊള്ളുക. എനിക്കു് ഒരു കാര്യം വേണ്ട."

ഇപ്പോഴത്തെ ജോർജ്ജു് ചക്രവർത്തിതിരുമേനിയും എലിസബത്തു് ചക്രവർത്തിനി തിരുമേനിയും ഈയിടെ അമേരിക്ക സന്ദർശിച്ചപ്പോൾ പരസ്യമായ ഒരു യോഗത്തിൽ സന്നിഹിതരാകയും പ്രസംഗിക്കയും ചെയ്തതു് എന്റെ പഴയ സർവ്വകലാശാലയായ കൊളമ്പിയായിൽവെച്ചായിരുന്നു എന്നതു് ഈയവസരത്തിൽ പ്രസ്താവയോഗ്യമാണു്.

ഗ്രന്ഥകാരനായ ഷാക്കു് പ്രസിദ്ധീകരണക്കമ്പനികൾ വാക്കൊന്നിനു് ഒരു പവൻവീതമാണത്രേ പ്രതിഫലം നൽകുന്നതു്. എന്നാൽ ഉദ്ദേശം ഒരുലക്ഷംരൂപ വിലവരുന്ന നോബൽസമ്മാനത്തെ അദ്ദേഹം ഒരു കൂസലുംകൂടാതെ നിരസിക്കുകയാണുണ്ടായതു്. പുസ്തകമെഴുതി അദ്ദേഹം ഒരു കോടീശ്വരനായിച്ചമഞ്ഞിരിക്കണം. എന്നാൽ ഈ ധനമെല്ലാം എന്തുചെയ്തിരിക്കുന്നു? ഒരു സന്താനമില്ലാത്ത അദ്ദേഹം ധനമെല്ലാം എങ്ങിനെ ചെലവാക്കുന്നു? ധർമ്മവിഷയങ്ങൾക്കു വല്ലതും ചെലവാക്കിയതായി ഞാൻ വായിച്ചിട്ടില്ല. പല കമ്പനികളിലും അദ്ദേഹത്തിനു ഷെയറുകളുണ്ടു്. മനസ്സാക്ഷിയുള്ള ഒരു സമത്വവാദിക്കു ഇതു യോജിച്ച പ്രവൃത്തിയാണോ ? ഈ പ്രശ്നങ്ങൾക്കെല്ലാം ശരിയായ ഉത്തരം "മുതലാളിത്തം സമത്വവാദിത്വം" എന്ന സരസഗ്രന്ഥത്തിൽ അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ടു്. ഭിക്ഷകൊടുക്കുന്നതിലും ധർമ്മംചെയ്യുന്നതിലും സമത്വവാദികൾക്കു വിശ്വാസമില്ല. സമ്പാദിച്ചതെല്ലാം ധർമ്മം കൊടുത്തുതീർക്കുന്നതു ബുദ്ധിശൂന്യന്റെ പ്രവൃത്തിയാണു്. ദാരിദ്ര്യം ഉന്മൂ

ലനം ചെയ്യുന്നതിനുപകരം ഇതു പിച്ചക്കാരെ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമാണ്. നേരേമറിച്ചു, കുബേരക്കു വലിയ കരം ചുമത്തിയും അവരുടെ സ്വത്തുക്കൾ വിലകൊടുത്തുവാങ്ങിയും അങ്ങിനെ അവക്കു കിട്ടുന്ന സമ്പാദ്യത്തിൽ വീണ്ടും കരം ചുമത്തിയും സമത്വവാദം ആവിർഭവിപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആശയം. ഇപ്രകാരം ചുമത്തുന്ന എല്ലാ കരങ്ങളും കൊടുക്കുവാൻ അദ്ദേഹം സദാ സന്നദ്ധനുമാണ്.

ഈ മഹാശയനെ ഒരു കണ്ണു കാണുവാൻ അക്ഷമരായിരിക്കെ എട്ടുമണിക്കുതന്നെ ഷാ പ്ലാറ്റ്ഫോറത്തിൽ പ്രത്യക്ഷപ്പെട്ടു. ചെറുമന്ദസ്മിതംതൂകി വയോവൃദ്ധനായ അദ്ദേഹം ഒരു ബാലനെക്കാൾ ദ്രുതഗതിയിൽ അവിടെ ആഗതനായി. എല്ലാവരും എഴുന്നേററു ഹസ്തഘോഷങ്ങൾകൊണ്ടും ജയാരവങ്ങൾകൊണ്ടും അദ്ദേഹത്തിനു സ്വാഗതം നൽകി. നല്ല പൊക്കമുള്ള ഷാ ഒരു പട്ടാളക്കാരനെ വെല്ലുന്ന വിധത്തിൽ നിവന്നുനിന്ന് അതു സ്വീകരിച്ചു. തേച്ചുമിനുക്കിയ കോളറോ പശയിട്ടു വടിപോലെയായ ഷർട്ടോ അദ്ദേഹം ധരിച്ചിരുന്നില്ല. പഴയമട്ടിൽ നീണ്ട ഒരു കോട്ടിട്ടിരുന്ന ഷായെ കണ്ടാൽ, തന്റെ ഹാസ്യത്തിനു സദാ പാത്രമായ ഒരു മിഷ്യനറിസായ്പാണെന്നു തോന്നും. താടിമീശയുടെ ഇടയിലൂടെ തരുണികളെ അസൂയാലുക്കളാക്കുന്നവിധം മാർദ്ദവമേറിയ കവിൾത്തടങ്ങൾ പരിലസിക്കുന്നു. മാർദ്ദവം വരുവാൻ സോപ്പുപയോഗിക്കരുതെന്നും, മത്സ്യവും മാംസവും വർജ്ജിച്ചു ഫലമൂലാദികൾമാത്രം ഭക്ഷിക്കണമെന്നും, കാലഭേദമെന്യേ രാവിലെ എഴുന്നേററു പച്ചവെള്ളത്തിൽ നീന്തിക്കുളിക്കണമെന്നും അദ്ദേഹം ഒരിക്കൽ ഉപദേശിക്കയുണ്ടായി. ഷായുടെ പുറകിൽത്തന്നെ ഭാര്യയും ഉണ്ടായിരുന്നു. വേണ്ടതിലധികം തടിച്ച ഒരു പഴമക്കാരിയായിരുന്നു ആ സ്ത്രീ. അവരെക്കണ്ടാൽ ആകൃതിയിലും പ്രകൃതിയിലും ഒരു മിഷ്യനറിമദാമ്മയോടു സാദൃശ്യം തോന്നും. ബർനാർഡ്ഷാ ഒരു നാസ്തികനാണ്. എന്നാൽ മിസ്സിസ് ഷാ ഒരു മതവിശ്വാസിനിയും, പ്രാർത്ഥനമാത്രംകൊണ്ടു ദീനം സുഖപ്പെടുത്താമെന്നു വിശ്വസിക്കുന്ന 'ക്രിസ്റ്റ്യൻസയൻറിസ്റ്റ്' എന്ന വർഗ്ഗത്തിൽപ്പെട്ടവരുംകൂടിയാണത്രേ. അവർ തമ്മിലുള്ള വൈപരീത്യംതന്നെയായിരിക്കാം അവരുടെ പരസ്പരാകർഷണവും!

പ്രസംഗം തുടങ്ങുവാൻ ബർനാഡ്ഷാ മൈക്രോഫോൺ സമീപിച്ചപ്പോൾ സകലരും തങ്ങളുടെ ഓപ്പറാഗ്ലാസ്സെടുത്തു് അദ്ദേഹത്തെ നോക്കി. എന്റെ പക്കൽ അതില്ലാത്തതുകൊണ്ടു് അടുത്തിരുന്ന അപരിചിതയായ ഒരു സ്ത്രീ "വന്ദ്യപുരുഷനായ ബർനാഡ്ഷായെ നല്ലവണ്ണം

നോക്കുക" എന്നു പറഞ്ഞു തന്റെ ഓപ്പറാഗ്ലാസ്സ് എന്റെ കയ്യിൽ തന്നു.

കുറിപ്പുകൾ എഴുതിക്കൊണ്ടുവന്നതിൽനിന്നാണ് അദ്ദേഹം പ്രസംഗിച്ചതു്. ആരംഭത്തിൽ ഒന്നുരണ്ടു നിമിഷം ഒരു പരിഭ്രമം കണ്ടു. 'അമേരിക്കയുടെ ഭാവി' എന്ന വിഷയമെടുത്തു കാര്യസമ്പൂർണ്ണമായി സ്വതസ്സിദ്ധമായ പാടവത്തോടെ ഒന്നരമണിക്കൂർ അദ്ദേഹം പ്രസംഗിച്ചു. കോടീശ്വരന്മാരെ ഇരുത്തിക്കൊണ്ടുതന്നെ മുതലാളിത്തത്തെയും അതിൽ അന്തർലയിച്ചിരിക്കുന്ന ആശയങ്ങളെയും ഗംഭീരമായി ഖണ്ഡിച്ചു. കോടീശ്വരന്മാർ അവിടെയിരുന്നു് ഉഷ്ണിച്ചിരിക്കണം. പ്രസംഗമദ്ധ്യേ അദ്ദേഹം വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മയെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ ബാൽക്കണിയിൽനിന്നു വലിയ ഹസ്തഘോഷം പുറപ്പെട്ടതുകേട്ടു ഷാ ഞങ്ങളുടെനേരെ നോക്കി, "ഇന്നിവിടെക്കൂടിയവരിൽ ഭൂരിപക്ഷവും തൊഴിലില്ലാത്തവരാണെന്നു തോന്നുന്നല്ലോ" എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.

ബർണാഡ്ഷായുടെപേരിൽ ചുരുങ്ങിയതു് അൻപതിനായിരം രൂപാ അന്നു പിരിഞ്ഞിരിക്കണം.

എന്നാൽ ബർനാഡ്ഷായെപ്പോലെ വേറെയാരും പാരിതോഷികം വാങ്ങാതെ അമേരിക്കയിൽ പ്രസംഗിക്കാറില്ല. ആ നാട്ടിൽ പ്രസംഗംകൊണ്ടു കാലക്ഷേപം കഴിക്കുന്ന പല സമർത്ഥന്മാരുണ്ടു്. നാടകം സിനിമ എന്നീ വിനോദങ്ങൾക്കെന്നപോലെ പ്രസംഗത്തിനും ആലയങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഇതിനുപുറമേ നമ്മുടെനാട്ടിൽ ഗുസ്തിനടത്തുന്നതുപോലെ പ്രാസംഗികന്മാരുമായി കൺട്രാക്ടുചെയ്തു നാടൊട്ടുക്കു പ്രസംഗമത്സരങ്ങളും വാദപ്രതിവാദങ്ങളും നടത്തി ധനം സമ്പാദിക്കുന്ന കമ്പനികളുമുണ്ടു്. പിരിവിന്റെ പകുതിയോ കാലോ ഭാഗം പ്രാസംഗികനും ബാക്കി കമ്പനിക്കും. ഇത്തരം പ്രസംഗപരമ്പര നടത്തുവാൻ സ്വദേശീയർക്കുപുറമേ ഇംഗ്ലണ്ടിൽനിന്നും മറ്റും അനേകം സാഹിത്യകാരന്മാരും രാഷ്ട്രീയനേതാക്കന്മാരും ഐക്യനാട്ടിൽ വന്നെത്താറുണ്ടു്. ഗുസ്തികാണാൻ ഉത്സുകരായ അമേരിക്കക്കു വാഗ്ഗുസ്തിയായ വാദപ്രതിവാദം കേൾക്കുന്നതിൽ ബഹുതാല്പര്യമാണു്.

മുൻ വിവരിച്ചതരം ഒരു കമ്പനി ഒരു പ്രസംഗത്തിനുവേണ്ട തുക ഇഷ്ടംപോലെ എഴുതി വാങ്ങിക്കൊൾവാൻ ഗ്ലാഡ്സ്റ്റന് ഒരു ബ്ലാങ്ക്ചെക്ക് അയച്ചുകൊടുത്തു എന്നും കേട്ടിട്ടുണ്ടു്. എന്നാൽ അദ്ദേഹം അതു നിഷേധിക്കയാണുണ്ടായതു്. ഒരു പ്രസംഗപരമ്പര

നടത്തുന്നതിന മഹാത്മാഗാന്ധിക്കു പത്തുലക്ഷംരൂപാ കൊടുക്കാൻ ഒരു കമ്പനി തയ്യാറായിരുന്നെങ്കിലും അദ്ദേഹം അതു സ്വീകരിച്ചില്ല.

വേനല്ക്കാലത്താണ് ഈ പ്രാസംഗികന്മാർ ഇളകിവരുന്നതു്. വെത്സ്, ചെസ്റ്റട്ടൺ, ആർനോൾഡ് ബെന്നററ്, ഹക്സ്‌ലി മുതലായ ഇംഗ്ലീഷ് സാഹിത്യകാരന്മാർ അമേരിക്കയിൽ വന്ന പ്രസംഗംചെയ്തു പ്രതിവർഷം ഒട്ടധികം പണവുംകൊണ്ടു മടങ്ങുക പതിവുണ്ടു്. മിസ്സിസ്സ് ആനിബെസൻറ് പ്രസംഗമൊന്നിന പതിനയ്യായിരംരൂപാ പ്രതിഫലം വാങ്ങിയിരുന്നുവത്രേ. ന്യൂയോക്കിൽവെച്ചു ഞാൻ ഇത്തരം പല വാദപ്രതിവാദങ്ങളും കേൾക്കാൻ പോയിരുന്നു. ചുരുങ്ങിയ നിരക്ക് ഒരു ഡോളറാണ്. ഇക്കൂട്ടത്തിൽ "ഈശ്വരൻ ഉണ്ടോ ഇല്ലയോ?" എന്ന് ആസ്തികനായ ചെസ്റ്റട്ടനും, നാസ്തികനും ക്രിമിനൽ അഭിഭാഷകപ്രമാണിയുമായ ഡാറോയും തമ്മിലുണ്ടായ ഒരു വാദപ്രതിവാദത്തിൽ ഞാൻ സന്നിഹിതനായിരുന്നു. ചെസ്റ്റട്ടൻെറ നീണ്ട തലമുടിയും കുടവയറും വാഗ്‌വിലാസവും ഒന്നു പ്രത്യേകംതന്നെ. അദ്ദേഹത്തിൻെറ കൃതികളെക്കാൾ പ്രസംഗമാണ് കൂടുതൽ മോഹനമായി എനിക്കു തോന്നിയതു്.

ഡാറോ എഴുന്നേററു മുകളിലേക്കുനോക്കി "ഈശ്വരനെന്നൊരാൾ ഉണ്ടെങ്കിൽ എന്നെ ഇപ്പോൾ ഇടിവെട്ടിക്കൊല്ലട്ടെ, വേണ്ടാ, എന്നെ ഒന്നു തുമ്മിക്കട്ടെ!" എന്നു വെല്ലുവിളിച്ചു.

അമേരിക്കയിൽ മതപ്രാസംഗികന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യരായി കരുതപ്പെടുന്നതു ഫോസ്ഡിക്ക്, ഹോംസ്, സ്റ്റീഫൻ വൈസ് എന്നിവരാകുന്നു. ഫോസ്ഡിക്കിന നല്ലൊരു ശമ്പളംകൊടുത്തു റോക്ഫെല്ലർ തൻെറ ഒരു പള്ളിയിൽ വൈദികനായി നിയമിച്ചിരിക്കയാണ്. ഹോംസാകട്ടെ സ്വന്തം ഒരു ദേവാലയം സ്ഥാപിക്കയും മററു ക്രിസ്തീയപള്ളികളെ അപേക്ഷിച്ചു വേദപുസ്തകത്തിന പുറമേ രാമായണം കൊറാൻ മുതലായ മററു മതഗ്രന്ഥങ്ങളിൽനിന്ന പ്രധാന ഭാഗങ്ങൾ വായിച്ചു സദസ്യരെ ഉപദേശിക്കുകയും ചെയ്തുവരുന്നു.

ഭാരതീയരിൽ ചിലക്കും ഇങ്ങനെ പ്രസംഗിച്ചു പണംസമ്പാദിക്കാൻ സാധിക്കുന്നുണ്ടു്. ഇന്ത്യയിൽനിന്ന വിശ്വഭാരതിക്കു വേണ്ടപണം ലഭിക്കാത്തതുകൊണ്ടു മഹാകവി ടാഗോർ യൂറോപ്പിലും അമേരിക്കയിലും നടന്ന യാചിക്കേണ്ടിവന്നു. പ്രസംഗംചെയ്തും ഗീതാഞ്ജലിയിലെ ഗാനങ്ങൾ പാടിയും വേണ്ടുന്ന ധനം അദ്ദേഹം നേടി. ആ സന്ദർഭങ്ങളിൽ

ടിക്കററിന് എഴുപത്തഞ്ചുരൂപായായിരുന്നു നിരക്ക്. ആധുനികപ്രവാചകന്മാരിൽ അഗ്രഗണ്യനായ ടാഗോർ ഇങ്ങനെ ഒരവസരത്തിൽ ന്യൂയോർക്കിൽവെച്ചു വിഖ്യാത രാഷ്ട്രീയഗാനമായ "ജനഗണമന" ആദ്യം ബംഗാളിയിലും പിന്നീട് അതിൻെറ പരിഭാഷ ഇംഗ്ലീഷിലും ചൊല്ലിയതു് ഏററവും ഹൃദയാവർജ്ജകമായിരുന്നു. നീണ്ടു നരച്ച താടിയോടുകൂടിയ മഹാകവിയെ കാണുമ്പോൾ ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിൽനിന്നു ജീവനോടെ ഇറങ്ങിവന്ന ഋഷീശ്വരന്മാരിൽ ഒരാളാണോ അദ്ദേഹം എന്നു് അമേരിയ്ക്കക്കു തോന്നാറുണ്ടു്.

പലപ്രസംഗങ്ങളും കേൾക്കാൻപോയകൂട്ടത്തിൽ ഒരിക്കൽ സമഷ്ടിവാദികളുടെ യോഗത്തിലും ഞാൻ സന്നിഹിതനായി. അവിടെ കൂടിയിരുന്നവരിൽ മിക്കവരും റഷ്യക്കാരായ യഹൂദരായിരുന്നു. ഈ യോഗസ്ഥലങ്ങളിലെല്ലാം വലിയ ശബ്ദവും ലഹളയും തന്നെ. ഹാളിൽ പ്രവേശിച്ച ഉടനെ സമഷ്ടിവാദിനികളായ യുവതികൾ പുഞ്ചിരിതൂകി സ്വീകരിച്ചു, തങ്ങളുടെ കയ്യിലുള്ള പുഷ്പങ്ങളിലൊന്നു നാലണക്കു വാങ്ങാൻ നിർബ്ബന്ധിച്ചു. ഞാൻ അപ്രകാരം ചെയ്തു. പത്തടിവെക്കുന്നതിനുമുമ്പു വേറൊരുസംഘം യുവതികൾ തൊഴിലാളികളുടെ പ്രത്യേക വർത്തമാനപ്പത്രങ്ങളുമായി അടുക്കലെത്തി. അതും നാലണകൊടുത്തു ഓരോന്നു വാങ്ങി കക്ഷത്തിലാക്കി. ഇതു കഴിഞ്ഞപ്പോഴേക്കും മുതലാളിത്തത്തെ ധ്വംസനംചെയ്യുന്ന ചെറിയ ലഘുലേഖനങ്ങളും പുസ്തകങ്ങളുമായി വേറൊരുകൂട്ടം യുവതികൾ പാഞ്ഞെത്തി. പിന്നീട് ഒരാൾ റഷ്യൻഭാഷയിൽ കടിച്ചുകീറി പ്രസംഗിച്ചു. എനിക്കു് ഒരക്ഷരം മനസ്സിലായില്ല. ഉടനെ ഒരു പിരിവുനടത്തി. പിന്നെ ഒരു നൃത്തം. കുറേ കാപ്പിരി സമഷ്ടിവാദികൾ മദാമ്മമാരുടെകൂടെ കൂത്താടിയിരുന്നു. കാപ്പിരികൾ സമഷ്ടിവാദസംഘങ്ങളിൽ അംഗങ്ങളാകുന്നതു് ഇത്തരം വിനോദങ്ങൾക്കാണെന്നു പറയപ്പെടുന്നു. നീണ്ടുനിന്ന പല റഷ്യൻ പ്രസംഗങ്ങൾക്കുശേഷം "ദി ഇൻറർനാഷനൽ" എന്ന വിപ്ലവഗാനം പാടി അന്നത്തെ യോഗം അവസാനിച്ചു.

ചിലർ റേഡിയോപ്രസംഗം നടത്തിയും പണം സമ്പാദിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള പ്രസംഗങ്ങൾ മിക്കവാറും രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ചായിരിക്കും. തിരഞ്ഞെടുപ്പു സമീപിക്കുമ്പോഴാണ് റേഡിയോയിലൂടെ ഇടിനാദംപോലെ കാഹളദ്ധ്വനികൾ മുഴങ്ങിവരുന്നതു്. പക്ഷവാതരോഗിയായ പ്രസിഡൻറ് റൂസ്വെൽററ് ചുരുക്കമായേ യോഗങ്ങളിൽ സന്നിഹിതനായി പ്രസംഗം നടത്താറുള്ളു. എന്നാൽ അദ്ദേ

ഹത്തെ റേഡിയോപ്രസംഗികന്മാരിൽ ഒന്നാമനായി കരുതുന്നതു് എന്തു കൊണ്ടാണെന്നു് ഒരിക്കൽ എനിക്കു മനസ്സിലായി. ബാങ്കുകൾ പൊളിഞ്ഞു സാമാന്യജനം ഭയാകുലരായ അവസരത്തിലാണു് റേഡിയോയിൽ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ആദ്യം കേട്ടതു്. "എന്റെ സ്നേഹിതരേ!" എന്നു് ആരംഭിച്ച ആ പ്രസംഗം ഒരു സ്നേഹിതൻ മറെറാരു സ്നേഹിതനോടു സംഭാഷണം ചെയ്യുന്നതുപോലെ ഹൃദയാവർജ്ജകമായിരുന്നു. അദൃശ്യരായ ശ്രോതാക്കളെ ബാങ്കുകളുടെ പ്രവർത്തനരീതി ലളിതഭാഷയിൽ ഉദ്ബോധിപ്പിച്ചു. എല്ലാവരുംകൂടി ഓടിച്ചെന്നു പണം ചോദിച്ചാൽ ഒരു ബാങ്കിനും കൊടുക്കാൻ സാധിക്കയില്ലെന്നും, ജനങ്ങൾ സമാധാനത്തോടെ പ്രവർത്തിക്കണമെന്നും, കൃത്രിമക്കാരായ ബാങ്കുപ്രവർത്തകന്മാരെ നീക്കംചെയ്യുവാൻ വേണ്ട നടപടി താൻ ഉടൻ നടത്തുമെന്നും, ഏതായാലും തല്ക്കാലസ്ഥിതിഗതികൾ പരിഗണിച്ചു കുറേദിവസത്തേക്കു ബാങ്കുകൾക്കു് അവധി കൊടുക്കുന്നുവെന്നും, അതുകൊണ്ടു് ആരും തന്നെ പരിഭ്രമിക്കരുതെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. പറഞ്ഞതുപോലെ വേണ്ടതു പ്രവർത്തിച്ചും വഞ്ചകരെ ശിക്ഷിച്ചും നാടൊട്ടുക്കു സമാധാനവും ശാന്തതയും പുനഃസ്ഥാപിച്ചു. രാഷ്ട്രീയപരീക്ഷകളിൽ പാശ്ചാത്യരുടെ പ്രവൃത്തികൾ പലതും നാം കണ്ടുപഠിക്കേണ്ടതുണ്ടു്.

ആ നാട്ടിലെ മിക്ക പള്ളികളിലും യുവതീയുവാക്കന്മാരുടെ സംഘങ്ങളും യോഗങ്ങളുമുണ്ടു്. ഞാൻ അമേരിക്കയിൽ താമസിച്ചിരുന്നപ്പോൾ ഭാരതത്തിൽ നടന്നിരുന്ന സത്യാഗ്രഹപ്രസ്ഥാനത്തെക്കുറിച്ചും മഹാത്മാഗാന്ധിയെക്കുറിച്ചും പ്രസംഗിച്ചുകേൾക്കുവാൻ അവക്കു വലിയ ആകാംക്ഷയായിരുന്നതുകൊണ്ടു് എനിക്കു ദിവസന്തോറും പല ക്ഷണങ്ങളും കിട്ടിയിരുന്നു. അത്താഴത്തിനുശേഷമാണു് ഇത്തരം പ്രസംഗം. പ്രസംഗാനന്തരം സുന്ദരികളായ യുവതികൾ വന്നു കൈ തന്നു "നിങ്ങൾ ഇംഗ്ലീഷ് എത്ര ഭംഗിയായി സംസാരിക്കുന്നു! നിങ്ങൾ ഇതെങ്ങിനെ കരസ്ഥമാക്കി?" എന്നു പ്രശംസിക്കും. പിന്നെ ഒപ്പോടുകൂടിയ പടം വേണമെന്നും, അച്ഛനമ്മമാരെ കാണിക്കാൻ അവരോടൊന്നിച്ചു വീട്ടിലേക്കു ചെല്ലണമെന്നും മററുമാകും. ഒരിക്കൽ എന്റെ പ്രസംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പു് ഇപ്രകാരമായിരുന്നു. "മഹാത്മാഗാന്ധിയുടെ ആത്മബന്ധുവായ വറുഗീസ് മഹാരാജാവു തലപ്പാവു ധരിച്ചുള്ള വേഷത്തിൽ പ്രസംഗിക്കും." പൊടിപ്പും തൊങ്ങലുംവെച്ചു പഞ്ചവർണ്ണക്കിളിക്കൊത്ത തലപ്പാവാണെങ്കിൽ അത്രയും കൂടുതൽ പണം കിട്ടും!

വേറൊരവസരത്തിൽ റേഡിയോയിലൂടെ ആശീർവ്വാദം നൽകുവാനുള്ള ഭാഗ്യവും എനിക്കുണ്ടായി. പല രാജ്യങ്ങളിലേയും വിവാഹകർമ്മങ്ങളും ആഘോഷങ്ങളും നടത്തി ഒടുവിൽ ഒരു ഹിന്ദുപുരോഹിതൻ ദമ്പതിമാർക്കു നൽകുന്ന ആശീർവ്വാദം ഞാൻ നടത്തണമെന്നു് ഒരു കമ്പനി എന്നോടാവശ്യപ്പെട്ടു. ചൈന, ജപ്പാൻ, ഇറാലി, സ്പെയിൻ, ഹാവായി മുതലായ രാജ്യങ്ങളിലെ വിവാഹരീതികൾ മനോഹരമായി വർണ്ണിച്ചശേഷം ഹിന്ദുപുരോഹിതനായ എന്റെ മംഗളാശംസ ഇംഗ്ലീഷു മട്ടിൽ നിറുത്തി നിറുത്തി ഇപ്രകാരം പറഞ്ഞു നിർവ്വഹിച്ചു: "ഈ—നവഃ—ദമ്പതി—മാർക്ക്—സർവ്വ—മംഗള—ങ്ങളും—ആശം—സിച്ചു—കൊള്ളു—ന്നു. ഓം—ശാ—ന്തി—ശാ—ന്തി." അവർ എനിക്കു മുപ്പതു രൂപാ പാരിതോഷികം തന്നു. സ്വയംകൃതിയായ എന്റെ ആശീർവ്വാദം റേഡിയോയിൽ കേട്ട അമേരിക്കരിൽ പലരും—പ്രത്യേകിച്ചു സ്ത്രീകൾ—"നിങ്ങളുടെ സംസ്കൃതഭാഷ ഞങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിലും ഹിന്ദുക്കളുടെ പുരാതനമായ ആശീർവ്വാദം വളരെ പ്രൌഢഗംഭീരംതന്നെ" എന്നു പറഞ്ഞു് എന്നെ അനുമോദിച്ചു.

28. നീതിന്യായക്കോടതികൾ

മേനിക്കടലാസ്സിൽ പേരച്ചടിച്ചുള്ള വഞ്ചനകൾ—കമ്പിളിത്തുണി ഇസ്തിരിക്കല്ലായി പരിണമിച്ച ഒരനുഭവം—അമേരിക്കയിലെ വക്കീലന്മാരും സുപ്രസിദ്ധ ജഡ്ജിമാരും—അമേരിക്കൻ പൊല്ലീസ്സുകാർ.

ഏതൊരു നാട്ടിലെയും ഗവർമ്മെണ്ടും ജനങ്ങളും തമ്മിലുള്ള ബന്ധം ആ നാട്ടിലെ പൊല്ലീസ്സുകാർ നാട്ടാരോടു പെരുമാറുന്ന വിധത്തിൽനിന്നു് അനുമാനിക്കാവുന്നതാണ്. ഈ തോതുവെച്ചുനോക്കിയാൽ ഇൻഡ്യയെ പൊല്ലീസ്സുരാജ്യമായും അമേരിക്കയെ ജനാധിപത്യരാജ്യമായും വിചാരിക്കാം. സിവിൽക്കേസ്സു കൊടുക്കുവാനോ വിവാഹമോചനത്തിനപേക്ഷിക്കുവാനോ ഭാരതീയർക്ക് അമേരിക്കയിലോ ഇംഗ്ലണ്ടിൽത്തന്നെയോ സന്ദർഭമുണ്ടാകയില്ലെന്നു പറയാം. ക്രിമിനൽക്കേസ്സുകളിൽ വാദിയായോ പ്രതിയായോ കോടതികയറാനുള്ള ദൌർഭാഗ്യവും ഉണ്ടാകയില്ല. എനിക്ക് ഒരിക്കൽ അമേരിക്കയിൽവെച്ചു കോടതിയിൽ ഹാജരാകുവാൻ ഒരു സൌകര്യമുണ്ടായി. ഒരു ഭാരതീയ

കപ്പൽക്കാരനെ കൊലപാതകക്കുററം ചുമത്തി വിസ്തരിച്ചുവരവെ പ്രതിക്കു് ഇംഗ്ലീഷ് നിശ്ചയമില്ലായ്കയാൽ മൊഴികൊടുപ്പാൻ പ്രയാസമായി. സർവ്വകലാശാലമുഖാന്തിരം എന്നെ വരുത്തിയെങ്കിലും, പ്രതിയുടെ ഭാഷയായ ഹിന്ദുസ്ഥാനി എനിക്കു നിശ്ചയമില്ലായ്കയാൽ ആ കാര്യത്തിനു് ഒരു പഞ്ചാബിയെ ചുമതലപ്പെടുത്തിഞാൻ വിരമിച്ചു.

ആലപ്പുഴക്കാരൻ ഒരു കുരുമുളകുവ്യാപാരി നഷ്ടവ്യവഹാരം കൊടുക്കുവാൻ അമേരിക്കയിൽ വരികയുണ്ടായി. ന്യൂയോക്കിലെ ഒരു കച്ചവടക്കാരൻ ഇദ്ദേഹവുമായിട്ടു് എഴുത്തുകുത്തു നടത്തിയതിന്റെ ഫലമായി ആ വ്യാപാരി കുരുമുളകു റബ്ബർ മുതലായവ മുറയ്ക്കു കയററിയയച്ചുകൊടുത്തു. 'കൺസൈൻമെൻ്റ്' ഏർപ്പാടിൽ അയച്ചുകൊണ്ടിരുന്ന ഇതിന്റെയൊന്നും പണം കാണാതായപ്പോൾ വ്യാപാരിക്കു പരിഭ്രമംതുടങ്ങി. ഉദ്ദേശം അൻപതിനായിരം രൂപയുടെ ചരക്കു കൈവിട്ടുപോയി. ഇതു് അന്യായം കൊടുത്തുതന്നെ ഈടാക്കുവാൻ ആ നാട്ടിലെത്തിയപ്പോൾ കോടതിച്ചെലവുകൾ വിചാരിച്ചതിൽക്കൂടുതലാണെന്നറിഞ്ഞു. അതിനുപുറമേ, ആ നാട്ടിലെ നടപ്പനുസരിച്ചു് ഓരോ ഇനം കച്ചവടക്കാർക്കുമുള്ള പ്രത്യേകസംഘങ്ങൾ ഏർപ്പെടുത്തുന്ന പഞ്ചായത്തുമുഖേന കച്ചവടക്കാർ തമ്മിലുള്ള കേസ്സുകൾ തീർക്കുവാൻ ശ്രമിച്ചതിനുശേഷമേ കോടതിയിൽ വ്യവഹാരപ്പെടാൻ അവകാശമുള്ളു. ആദ്യം ഈ നടപടി നടത്തിയില്ലെങ്കിൽ കോടതിയിൽനിന്നു വ്യവഹാരച്ചെലവു് അനുവദിക്കാതിരുന്നേക്കാം. കുരുമുളകുവ്യാപാരസംഘം പഞ്ചായത്തു് ആ കച്ചവടക്കാരനു ഗുണമായി തീരുമാനംചെയ്തെങ്കിലും, എതിർകക്ഷി നിർദ്ധനനായിരുന്നതിനാൽ ഒന്നും ഈടാകയില്ലെന്നു മനസ്സിലായി. ഭംഗിയിൽ പേരും മേൽവിലാസവും അച്ചടിച്ച മേനിക്കടലാസ്സിനാൽ അദ്ദേഹം ആദ്യമേ വഞ്ചിതനായി എന്നു പറഞ്ഞാൽ മതിയല്ലോ.

ഇതുപോലെ അന്യദിക്കുകളിലേക്കു സ്റ്റാമ്പു മുതലായവ അയച്ചുകൊടുത്തു നഷ്ടപ്പെട്ടിട്ടുള്ള ആളുകളെയും എനിക്കറിയാം. വല്ല പത്രത്തിലും ഇവരുടെ പരസ്യം കണ്ടു വിശ്വസിച്ചിട്ടാണ് ഇങ്ങിനെ സംഭവിക്കുന്നതു്. പാശ്ചാത്യരെല്ലാവരും സത്യസന്ധരാണെന്നും അമേരിക്കരെല്ലാം കണിശക്കാരായ കച്ചവടക്കാരാണെന്നും നമ്മുടെയിടയിൽ ഒരു മിഥ്യാബോധമുണ്ടു്. എന്നാൽ ആ നാട്ടിലുള്ളതുപോലെ വലിയ കള്ളക്കച്ചവടക്കാർ ഭൂലോകത്തെങ്ങുമില്ല.

ഇപ്പോൾ തിരുവിതാംകൂറിൽ ഒരു ഉയൎന്ന ഉദ്യോഗസ്ഥനായ ഒരു സ്നേഹിതനും ഞാനുംകൂടി ഒരുദിവസം നടക്കാൻപോകവെ ഒരു വലിയ കാർ ഞങ്ങളുടെ സമീപത്തെത്തി നിലകൊണ്ടു. "ഇംഗ്ലീഷ് ഫാഷ്യൻ ഫാബ്രിക്ക്സ്" എന്നു കമ്പനിയുടെ പേർ അതിന്റെ കണ്ണാടിജ്ജനലിൽ ഭംഗിയായി കൊത്തിയിരുന്നു.

"ഹേ! ഹിന്ദുസ്നേഹിതരേ! ഞങ്ങളുടെ കയ്യിൽ സൂട്ടിങ്ങിനു കുറെ തുണി ബാക്കിയുണ്ട്. അതു നിങ്ങൾക്കു ചുരുങ്ങിയ വിലയ്ക്കു തരാം" എന്നു പറഞ്ഞു നാലു സൂട്ടിനുള്ള നല്ല ഒന്നാന്തരം തുണി ഞങ്ങളെ കാണിച്ചു. "ഇതിനു നൂററിഇരുപതു ഡോളർ (മുന്നൂററിഅറുപതു രൂപ) തന്നാൽ മതി."

ദൌർഭാഗ്യവശാൽ, എന്റെയും സ്നേഹിതന്റെയും കയ്യിൽ ആകെ ഉണ്ടായിരുന്ന ഇരുപത്തിഅഞ്ചു ഡോളറിനു തുണി വാങ്ങി. ഒരുസൂട്ടു തയ്ക്കുവാൻ എഴുപത്തിഅഞ്ചു രൂപായോളം തയ്യ്കൂലിവരുന്ന ആ നാട്ടിൽ, മുപ്പതു രൂപയ്ക്കു തയ്ക്കുന്ന ഒരു തയ്യല്ക്കാരന്റെ മേൽവിലാസവും അവർ തന്നു. ഇങ്ങിനെ കണക്കുകൂട്ടി ഒരു സൂട്ടിനു പതിനാറിൽച്ചില്വാനം ഡോളറല്ലേ വിലയായുള്ളു, കമ്പോളത്തിൽ സൂട്ടിനു മുപ്പതുഡോളർ വില വരും എന്നോർത്തു ഞങ്ങൾ കച്ചവടം വളരെ ലാഭമെന്നു തീരുമാനിച്ചു. എന്നാൽ, ആ തയ്യൽക്കാരനെ അന്വേഷിച്ചു നാടൊക്കെ നടന്നിട്ടും അങ്ങിനെ ഒരു സ്ഥലവും കാണാതായപ്പോൾ ഞങ്ങൾക്കു ചതിവുപററി എന്ന സംശയം മനസ്സിൽ കടന്നുകൂടി. തുണിയുംകൊണ്ടു ഞങ്ങളുടെ കോളജ്ജുടെയിലവടെ അടുത്തുചെന്നു. "ഇതു ടീഡോ വൂളോ ഒന്നുമല്ല. വെറും കോട്ടൺ തുണിയാണ്. തണുപ്പുരാജ്യത്തു് ഇതുകൊള്ളുകയില്ല. എന്നല്ല, ഇതു നാലു സൂട്ടിനില്ല; കഷ്ടിച്ചു രണ്ടിനേ ഉള്ളു. ഒരു സൂട്ടിനു തയ്യൽകൂലിതന്നെ എഴുപത്തിഅഞ്ചു രൂപായാകും. അങ്ങിനെ സൂട്ടു തയ്പിച്ചാൽത്തന്നെ, ടീഡ് അല്ലാത്തതുകൊണ്ടു ദിവസവുംഇസ്തരിയിടേണ്ടിവരും. അതിന് ഒന്നിടവിട്ട ദിവസങ്ങളിൽ പന്ത്രണ്ടണ! അതുകൊണ്ടു നിങ്ങളുടെ നാട്ടിൽചെന്നശേഷം ലാഭത്തിനു തച്ചാൽ മതി; ഇവിടെയെങ്ങും തയ്യ്ക്കണ്ടാ."

ഞങ്ങളെ കാണിച്ച തുണി ഒന്ന്, കിട്ടിയതു വേറൊന്ന് എന്ന് ഒടുവിൽ മനസ്സിലായി. ഇങ്ങിനെ ഒരു കച്ചവടത്തിൽ തുണിക്കുപകരം വേറൊരു ഭാരതീയനു കിട്ടിയതു കാർഡ്ബോർഡ് പെട്ടിയിൽവെച്ചിരുന്ന ഇഷ്ടികയാണ്. ഒരു പെട്ടിയിൽ സാക്ഷാൽത്തുണിയും അതേ മാതിരി വേറൊരു പെട്ടിയിൽ ഇഷ്ടികയുംവെച്ച്, ഒടുവിൽ ഇന്ദ്രജാല

വിദ്യപോലെ പരസ്പരം മാററിക്കൊടുക്കുന്നതാണ് ഈ കൂട്ടരുടെ കച്ചവടനയം. ഈ തിരക്കിനിടയിൽ 'ഇംഗ്ലീഷ്ഫാഷ്യൻ ഫാബ്രിക്സ്' കമ്പനിയുടെ ചന്തമേറിയ മോട്ടോർവണ്ടി കടന്നുകളയുന്നു.............

അമേരിക്കയിലെ പ്രത്യേക രാഷ്ട്രീയഘടനയുടെ ഫലമായി ന്യൂയോക്കിൽത്തന്നെ ഉദ്ദേശം എഴുപതു കോടതികളുണ്ട്. ഒരു് അതിർത്തിയിൽത്തന്നെ അധികാരമനുസരിച്ചു ഫെഡറൽ, സ്റ്റേററ്, മുനിസിപ്പൽ എന്നീ കോടതികൾ സ്ഥാപിച്ചിരിക്കുന്നു. നമ്മുടെ നാട്ടിലില്ലാത്തതരം ചില കോടതികൾ അമേരിക്കയിൽ കാണാം. ബാലരായ കുററപ്പുള്ളികളെ വിസ്തരിക്കുന്നതിനു് ജൂവനൈൽകോർട്ടും, മദ്യപിച്ചും മോഷ്ടിച്ചും രാത്രി നടക്കുന്നവരെ ഉടനടി ശിക്ഷിക്കുന്നതിനു നൈററ്കോർട്ടും ഇതിനു് ഉദാഹരണങ്ങളാകുന്നു. ജഡ്ജിമാരുടെ വാർഷികശമ്പളം ശരാശരി അറുപതിനായിരംരൂപയും, മജിസ്ട്രേട്ടന്മാരുടേതു മുപ്പതിനായിരംരൂപയുമാണു്. എന്നാൽ ഫെഡറൽ സുപ്രീംകോടതിയിലെ ചീഫ്ജസ്റ്റീസിന്റെ ശമ്പളം അറുപതിനായിരം ഉറപ്പികയായിരിക്കെ, ന്യൂയോക്ക്സ്റ്റേററ് സുപ്രീംകോടതിയിലെ ചീഫ്ജസ്റ്റിസിനു് അറുപത്താറായിരംരൂപയാണു ശമ്പളം. എന്നാലും ബഹുമാനം ഫെഡറൽ സുപ്രീംകോടതി ജഡ്ജിമാർക്കാകകൊണ്ടു ചിലർ ന്യൂയോക്ക് സുപ്രീംകോടതിയിൽനിന്നു ശമ്പളക്കുറവോടുകൂടിയ ഉദ്യോഗകയററം സ്വീകരിച്ചു് അങ്ങോട്ടു പോകാറുണ്ടു്.

അമേരിക്കയിലെ വക്കീലന്മാരോ? നമ്മുടെ നാട്ടിലെന്നപോലെ അവിടെയുമുണ്ടു വേണ്ടതിലധികം. പക്ഷേ നിയമപരീക്ഷ ജയിച്ചവരെല്ലാം 'അറേറാർണി'യാകുന്നില്ല. പലരും മററു വ്യവസായങ്ങളിൽ ഏർപ്പെടുന്നു. ഏതുജോലിക്കും നിയമപാണ്ഡിത്യം സഹായമാണെന്നു് അവർ കരുതുന്നു. അമേരിക്കയിൽ അധികം വരുമാനമുള്ളതു കമ്പനിക്കേസുകൾനടത്തുന്ന വക്കീലന്മാർക്കാണു്. ഫിലഡൽഫിയാപട്ടണത്തിലെ 'അറേറാർണി'മാർക്കു് കമ്പനികാര്യങ്ങളിൽ പ്രത്യേകം നിപുണതയുണ്ടത്രേ! അവരിൽ ചിലക്കു പ്രതിവർഷം പത്തുലക്ഷംരൂപാ വരവുണ്ടെന്നു പറയപ്പെടുന്നു. അതുകൊണ്ടു ചിലർ ജഡ്ജിജോലി സ്വീകരിക്കാതെയും സ്വീകരിച്ചവർ രാജിവെച്ചും വക്കീലന്മാരാകാറുണ്ടു്. ഇത്തരം അഭിഭാഷകാഗ്രേസരന്മാർ നിയമപഠനത്തിനു് അദ്വിതീയമായ ഹാർവാർഡ്സർവ്വകലാശാലയിൽ പ്രതിവർഷം ഒരു ഡോളർ മാത്രം പാരിതോഷികം സ്വീകരിച്ചു പഠിപ്പിക്കുന്നു. എന്തെങ്കിലും ശമ്പളംപററാതെ

പഠിപ്പിക്കാൻ അനുവാദമില്ലാത്തതിനാലാണ് ഒരു ഡോളർ വെച്ചിരിക്കുന്നതു്. ഇവരിൽ പലരും അഭിമാനത്തിനുവേണ്ടിയാണ് ഇത്തരം ജോലികളിൽ പ്രവേശിക്കുന്നതു്.

ന്യൂയോർക്കിലെ പല കോടതികളിലും ഞാൻ പോവുക പതിവായിരുന്നു. അപ്പീൽകോടതിജഡ്ജിമാർ ഗൌൺധരിച്ചാണിരിക്കുന്നതെങ്കിലും, വക്കീലന്മാർക്ക് ഈ നാട്ടിലെപ്പോലെ പ്രത്യേകതരം വേഷമൊന്നുമില്ല. ക്രിമിനൽക്കേസുകളിൽ പ്രതികളെ ഇരുത്തിയാണു വിസ്താരംനടത്തുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ ക്രിമിനൽപ്പുള്ളികളോടു പ്രത്യേകം ഒരാദരവുള്ളതുപോലെ തോന്നും. ഒരുമാതിരി നാടകശാലപോലെ അലങ്കരിച്ച കോടതികളിൽ വില്ലുവെച്ചിട്ട ബെഞ്ചുകളിട്ടിരിക്കും. സന്ദർശകന്മാർക്കു കാമറയോടുകൂടി അവിടെ കടന്നുകൂടാ; പടമെടുത്താൽ കോർട്ടലക്ഷ്യത്തിനു കുററംചുമത്തപ്പെടും. ഇരിക്കുന്ന സ്ഥലത്തുനിന്നു സൌകര്യംപോലെ മാറി ഇരിക്കുന്നതിനു സന്ദർശകന്മാർക്ക് അനുവാദമില്ല.

മാർഷൽ, സ്റ്റോറി, ഹോംസ് എന്നിങ്ങിനെ വിശ്വവിശ്രുതരായ അനേകം ജഡ്ജിമാർ അമേരിക്കയിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവിടത്തെ ന്യായംനടത്തൽ ഇംഗ്ലണ്ടിലെപ്പോലെ സുസമ്മതമല്ല. ക്രിമിനൽ നടപടികളിൽ മജിസ്ട്രേട്ടന്മാർ പലപ്പോഴും കള്ളത്തലവന്മാരുടെ ഭാഗം പിടിക്കുമെന്നും മുതലാളി-തൊഴിലാളിതർക്കങ്ങളിൽ ജഡ്ജിമാർ മുതലാളിമാരുടെവശം ചേരുമെന്നും പറയപ്പെടുന്നു. എവിടെച്ചെന്നാലും പണംതന്നെ ബലം. സ്റ്റാൻഡേർഡ് ഓയിൽകമ്പനിയെസംബന്ധിച്ചു റോക്ഫെല്ലർനടത്തിയ കേസുകളിൽനിന്ന് ഇതു പ്രത്യക്ഷമാകുന്നുണ്ടു്. ചില ജഡ്ജിമാരെയും മജിസ്ട്രേട്ടന്മാരെയും ജനങ്ങൾ തിരഞ്ഞെടുക്കുന്ന സമ്പ്രദായമാണു ന്യായം ഇങ്ങനെ കളങ്കപ്പെടുന്നതിനുള്ള പ്രധാനകാരണം. നിയമസഭകളിലേക്കെന്നപോലെ ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യന്മാരാകണമെന്നില്ലല്ലോ. ചിലപ്പോൾ രാഷ്ട്രീയകക്ഷിയനുസരിച്ചായിരിക്കും നിയമനം. അമേരിക്കൻ സുപ്രീംകോടതിയിലെ ഒമ്പതുജഡ്ജിമാരെയും പല തോതുകളുംവെച്ചാണു പ്രസിഡൻറ നിയമിക്കുന്നതു്. മുതലാളിത്തം സുരക്ഷിതമാക്കാൻ വലിയ കമ്പനികളുടെ വക്കീലന്മാരെയും, തൊഴിലാളികളെ തൃപ്തിപ്പെടുത്താൻ ട്രേഡ്‌യൂണിയൻ സംഘങ്ങളുടെ നിയമോപദേഷ്ടാക്കളെയും വ്യവസായവിഭാഗമായ കിഴക്കൻതീരങ്ങളിൽനിന്നും കൃഷിപരമായ പടിഞ്ഞാറൻ ദിക്കുകളിൽനിന്നും വൻതോതിൽ പഞ്ഞിക്കൃഷിനടത്തുന്ന തെക്കൻ

പ്രദേശങ്ങളിൽനിന്നും പരസ്പരവിരുദ്ധങ്ങളായ അതാതാദർശങ്ങൾക്കു പ്രതിനിധീകരിക്കുന്നവരെയാണു് ആ കോടതികളിൽ നിയമിക്കുന്നതു്.

വെള്ളക്കാരനും കാപ്പിരിയുംതമ്മിലുള്ള ക്രിമിനൽക്കേസുകളിൽ കാപ്പിരിക്കു ന്യായംലഭിക്കുക ചുരുക്കമാണു്. കോടതിവരെ എത്തുന്നതിനുമുമ്പുതന്നെ കാപ്പിരിയെ 'ലിഞ്ചു്'ചെയ്തു എന്നും വരാം. തെക്കൻ പ്രദേശങ്ങളിൽ വെള്ളക്കാരോടു സ്വാതന്ത്ര്യമായി പെരുമാറുന്ന കാപ്പിരികളെ പിടിച്ചു മരത്തിൽകെട്ടിത്തൂക്കിക്കൊല്ലുകയോ തീയിലിട്ടു ചുട്ടുകയോ ആണു ശിക്ഷ. ഈ അക്രമപ്രവൃത്തികളെ അമർത്തുവാൻ പൊല്ലീസ്സിനും പട്ടാളത്തിനും കഴിവില്ല: കഴിവുണ്ടെങ്കിലും അവർ അനങ്ങുകയില്ല. എന്നിരുന്നാലും അമേരിക്കൻ സുപ്രീംകോടതി കാപ്പിരികളുടെ സഹായാർത്ഥം ചിലപ്പോഴെല്ലാം ഇടപെടാറുണ്ടു്. ഒരു കേസിൽ പതിനാലുമുതൽ പ്രായമുള്ള പത്തുപന്ത്രണ്ടു കാപ്പിരികളെ കീഴ്ക്കോടതി കൊലയ്ക്കു വിധിച്ചെങ്കിലും ഉടനടി സുപ്രീംകോടതി ഇടപെടുകയുണ്ടായി. അതൊരു കള്ളക്കേസാണെന്നു പൊതുവേ സംസാരമുണ്ടായിരുന്നതുകൊണ്ടു് ഐൻസ്റ്റൈൻ, ടാഗോർ, വെത്സ് മുതലായ മഹാശയന്മാർ സന്ദേശമയച്ചതിന്റെ ഫലമായി വീണ്ടും വിസ്തരിച്ചു് ഒടുവിൽ എല്ലാവരെയും വെറുതേവിട്ടു. ഇത്തരം പ്രക്ഷോഭജനകമായ കേസുകളിൽ പൊതുജനാഭിപ്രായത്തിനു വലിയ വിലയുണ്ടു്. ജൂറിയുള്ളതുകൊണ്ടാണു് ഇങ്ങനെ വന്നുകൂടുന്നതു്.

നിയമപാലനത്തിനു ന്യൂയോർക്കിൽ പതിനെണ്ണായിരം പൊല്ലീസുകാരുണ്ടു്. ഇവർക്കു പ്രതിവർഷം ശമ്പളം പതിനാലുകോടി രൂപയാണു്. പൊല്ലീസ്കമ്മീഷണരുടെ ശമ്പളം പ്രതിവർഷം മുപ്പതിനായിരംരൂപായും ഒരു പൊല്ലീസുകാരന്റെ ശമ്പളം അയ്യായിരംമുതൽ ഏഴായിരത്തഞ്ഞൂറു രൂപാവരെയുമാകുന്നു. ഇങ്ങനെ മേലദ്ധ്യക്ഷന്റെയും കീഴുദ്യോഗസ്ഥന്റെയും ശമ്പളങ്ങൾക്കുതമ്മിൽ അഞ്ചോ ആറോ ഇരട്ടിയേ വ്യത്യാസമുള്ളു. നമ്മുടെ നാട്ടിലാകട്ടെ ഇവർതമ്മിലുള്ള വ്യത്യാസം നൂറോ ഇരുനൂറോ ഇരട്ടിയാണു്. കീഴുദ്യോഗസ്ഥന്മാർക്കു ശരിയായി ശമ്പളംകൊടുത്താൽ അഴിമതികൾ കുറയുമെന്ന വിചാരംകൊണ്ടായിരിക്കാം അമേരിക്കയിൽ ഇങ്ങിനെ നല്ല ശമ്പളംവെച്ചിരിക്കുന്നതു്.

അമേരിക്കൻപൊല്ലീസ്സിനു ലണ്ടനിലുള്ളവരെപ്പോലെ സാമർത്ഥ്യമോ മാനമര്യാദകളോ ഇല്ല. ഇംഗ്ലീഷ്പൊല്ലീസ്സുകാർക്കു—പ്രത്യേ

കിച്ചു ലണ്ടനിലുള്ളവക്ക്—സ്വന്തം പട്ടണങ്ങളിലെ റോഡുകളും വഴികളും കയ്യിലെ രേഖകളെപ്പോലെ നിശ്ചയമുണ്ട്. "വഴി തെറ്റിപ്പോയാൽ ലണ്ടൻപൊല്ലീസ്സിനോടു ചോദിക്കുക." എന്നാൽ അമേരിക്കൻപൊല്ലീസ്സിന് ഈ കാര്യത്തിൽ വേണ്ട ക്ഷമയൊന്നും എന്റെ അനുഭവത്തിൽ കണ്ടിട്ടില്ല. ഒറ്റനോട്ടത്തിൽ കാപ്പിരിയാണെന്നു ധരിച്ചായിരിക്കാം എന്നോട് അങ്ങിനെ പെരുമാറാൻ ഇടയായതു്. ഭൂലോകത്തിൽ ഏറ്റവും വലിയ കൈക്കൂലിക്കാർ അമേരിക്കയിലെ പൊല്ലീസ്സുകാരാണ്. എന്നാൽ അവർ വണ്ടിക്കാരെയും കൂലിക്കാരെയും ചില്ലറക്കാരെയും ഉപദ്രവിക്കാറില്ല. കാപ്പികുടിച്ചാൽ കാശുകൊടുക്കും. ബസ്സിൽകയറിയാൽ ടിക്കറ്റുവാങ്ങുകയും ചെയ്യും. തസ്കരപ്രമാണികളുടെയും കുത്തകക്കാരുടെയും കള്ളച്ചരക്കുകച്ചവടക്കാരുടെയും പക്കൽനിന്നു വലിയ തുകകൾ തട്ടിയെടുക്കാൻ സാധിക്കുന്നതുകൊണ്ടു് ഇത്തരം ചില്ലറ കളവുകൾ അവർ ചെയ്യിട്ടാവശ്യമില്ലല്ലോ. അയർലണ്ടിൽ ഉള്ളതിലേക്കാൾ കൂടുതൽ ഐറിഷ്കാരെ അമേരിക്കയിൽ കാണാം. ഡിവാലറ തന്നെ ന്യൂയോക്കിൽ ജനിച്ചുവളർന്നയാളാണ്. എന്നാൽ അനേകം തലമുറകളായി അമേരിക്കയിൽ താമസിക്കുന്ന ഐറിഷ്കാരുകൂടി അവരുടെ മാതൃഭൂമി അയർലണ്ടായി കരുതുന്നതു് ഈ ജാതിയുടെ ഒരു വിശേഷസ്വഭാവമാണ്.

ന്യൂയോക്കിലെ പൊല്ലീസ്സുകാർ മിക്കവരും ഐറിഷ്കാരാണ്. ഡിവാലറയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഐറിഷ് സ്വാതന്ത്ര്യസമരത്തിനു പണവും പട്ടാളക്കാരെയും അയച്ചതു് ഇവർതന്നെ. അവരുടെ സഹായമില്ലായിരുന്നെങ്കിൽ ആ പോരാട്ടം ഇത്ര സ്തുത്യർഹമായ വിജയത്തിൽ കലാശിക്കയില്ലായിരുന്നു.

ഘോഷയാത്ര നോക്കിനിന്ന ഒരു ഭാരതീയവിദ്യാർത്ഥിയെ ഒരു പൊല്ലീസ്സുകാരൻ കോളറിൽ പിടികൂടി പുറകോട്ടു തള്ളുകയുണ്ടായി. പിറ്റേന്നു പൊല്ലീസുകാരനും ഇൻസ്പെക്ടരുംകൂടിവന്നു ക്ഷമായാചനംചെയ്തു. ഇതിനു കാരണം ആ സംഭവം കണ്ടുനിന്ന ഒരു അമേരിക്കൻ പൊല്ലീസ്സുകമ്മീഷണർക്ക് ഇപ്രകാരം എഴുതിയതാണ്. "നിങ്ങളുടെ ഒരു സിൽബന്തി ഒരു ഹിന്ദുവിദ്യാർത്ഥിയുടെ കഴുത്തിൽപ്പിടിച്ചുതള്ളി അപമര്യാദ കാണിച്ചതു ഞാൻ കാണുകയുണ്ടായി. നമ്മുടെ പൊല്ലീസ്സുകാർ ഇങ്ങിനെ പ്രവർത്തിക്കാൻ തുടങ്ങിയാൽ നമ്മുടെ നാട്ടിൽ സർവ്വകലാശാലകളിൽ പഠിക്കാൻ വിദേശങ്ങളിൽനിന്നു്

ആയിരക്കണക്കിന വരുന്നവർ തങ്ങളുടെ രാജ്യങ്ങളിൽ തിരിച്ചുചെല്ലുമ്പോൾ നമ്മെക്കുറിച്ചു് എന്തെല്ലാമായിരിക്കും പറഞ്ഞുപരത്തുക?"

"ന്യൂയോർക്കുപൊല്ലീസ്സുകാർ സദാ മരണത്തിന്നിടയിലൂടെയാണ സഞ്ചരിക്കുന്നതു്. എവിടെവെച്ചാണ തസ്കരന്മാരും കൊള്ളക്കാരും വെടിപൊട്ടിക്കുക എന്നു നിശ്ചയിക്കാൻ വയ്യാ. പ്രതിവർഷം പന്തീരായിരം കൊലപാതകമാണു് ആ നാട്ടിൽ നടക്കുന്നതെന്നു കണക്കാക്കിയിരിക്കുന്നു. ജയിൽപ്പുള്ളികൾതന്നെ ഒരു ലക്ഷത്തോളമുണ്ടത്രേ! ഈ കാര്യങ്ങളെല്ലാം വിവരിച്ചുകൊണ്ടു് മിസ്സ് മേയോ സ്വരാജ്യത്തെക്കുറിച്ചു് ഒരു പുസ്തകമെഴുതിയിരുന്നാൽ എത്ര രസാവഹവും പ്രയോജനപ്രദവുമായിരിക്കും."

---

29. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുനാളാഘോഷം

ന്യൂയോർക്കിലെ മലയാളിസംഘം—തിരുവിതാംകൂർ മാഹാത്മ്യം.

തിരുവിതാംകൂറിൽനിന്നു് അക്കാലങ്ങളിൽ ന്യൂയോർക്കിൽ പഠിക്കുന്നവരായി മൂന്നുപേരു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവരിൽ ഒന്നു് ഒരു സ്ത്രീയായിരുന്നു. മലയാളികളായി മൂന്നുനാലു പേരുകൂടി ഉണ്ടായിരുന്നവരിൽ മിക്കവരും കൊച്ചിസംസ്ഥാനത്തുകാരായിരുന്നു. ഞങ്ങൾ എല്ലാവരും സദാസമയവും ഒന്നിച്ചുകഴിഞ്ഞുകൂടിവന്നതു് ഇത്ര കുറച്ചുപേർ മാത്രമായിരുന്നതുകൊണ്ടായിരിക്കാം.

കരുണാവാരിധിയായ തിരുവിതാംകൂർമഹാരാജാവുതിരുമനസ്സിലെ തിരുനാൾദിനം നവംബർമാസത്തിൽ ആഗതമായി. തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനം ആ മാസത്തിൽതന്നെയായിരുന്നു. അതുകൊണ്ടു 1931-ലെ തിരുനാൾദിനം രണ്ടുവിധത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഞങ്ങൾ മൂന്നുപേർമാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും ആ സുദിനത്തെ സാഘോഷം കൊണ്ടാടുവാൻ നിശ്ചയിച്ചു. അതും ശുദ്ധമായ മലയാളരീതിയിൽ. രണ്ടോ മൂന്നോ കൊച്ചിക്കാരുണ്ടായിരുന്നവരും മററു ഭാരതീയവിദ്യാർത്ഥികളും സസന്തോഷം ഞങ്ങളോടു ഹൃദയപൂർവ്വം സഹകരിച്ചു.

ആദ്യമായി വിഭവസമൃദ്ധമായ ഒരു സദ്യ നടത്തി. നാട്ടുരീതിയനുസരിച്ചുള്ള ചോറും കറികളുമായിരുന്നു വിളമ്പിയതു്. നമ്മുടെ ഒരു സദ്യയും പപ്പടകവും പായസവും കൂടാതെ പരിപൂർണ്ണമാകയില്ലല്ലോ. പപ്പടകത്തിനുവേണ്ടി അടുത്തും അകലെയുമായി ഞങ്ങൾ വളരെ അന്വേഷണം നടത്തി. തുർക്കികളുടെയും അർമീനിയാക്കാരുടെയും അറേബ്യാക്കാരുടെയും ചൈനാക്കാരുടെയും വക ഹോട്ടലുകളിലെല്ലാം അന്വേഷിച്ചു. സകല ദേശക്കാരുടെയും ഹോട്ടലുകൾ ന്യൂയോർക്കിൽ ഉണ്ടു്. എന്നാൽ പപ്പടകം എന്നൊരു സാധനം അവരാരും കേട്ടിട്ടുപോലുമില്ല. ഞങ്ങളുടെ കൂട്ടലായ അന്വേഷണത്തിന്റെ ഫലമായി ന്യൂയോർക്കിൽ രണ്ടു ഇൻഡ്യൻ ഹോട്ടലുകൾ ഉണ്ടെന്നു് അറിഞ്ഞു. അവയിൽ ഒന്നു സിലോൺ ഇൻഡ്യാഇന്നും മറേറതു രാജാ റെസ്റ്റോറൻറും ആയിരുന്നു. അവർ രണ്ടുകൂട്ടരിൽനിന്നു അഞ്ചു ഡാളർ (പതിനഞ്ചുരൂപാ) കൊടുത്തു ഒരു പപ്പടകം വാങ്ങി. അന്നത്തെ സദ്യക്കു നല്ല തൈരും കിട്ടി. തൈരും മോരും കുപ്പികളിൽ അടച്ചു ജൂയിഷ് റെസ്റ്റോറൻറിലും ഈസ്റ്റ് യൂറോപ്യൻ റെസ്റ്റോറൻറിലും വില്ക്കപ്പെടുന്നുണ്ടു്. സദ്യക്കുള്ള വാഴപ്പഴം ഒരെണ്ണത്തിനു നാലണ വിലവച്ചു വാങ്ങി. ഇപ്രകാരം ഞങ്ങളുടെ സദ്യക്കു് അത്യാവശ്യമായവയെല്ലാം ശേഖരിച്ചു.

സാധനങ്ങൾ പാകംചെയ്തതു് മലയാളിവനിതയുടെ മേൽനോട്ടത്തിൽ ഞങ്ങൾതന്നെയായിരുന്നു. ബംഗാളി വിദ്യാർത്ഥികൾ ഇക്കാര്യത്തിൽ അതിസമർത്ഥരാണു്. ടൊമേറോകൊണ്ടു പച്ചടി ഉണ്ടാക്കി. വെണ്ടയ്ക്കാ കത്തിരിക്കാ പച്ചമുളകു മുതലായവ അവിടെ സുലഭമായി കിട്ടുന്നതുകൊണ്ടു നല്ലതരം കറികൾ വയ്ക്കുന്നതിനു വിഷമം നേരിട്ടില്ല. അതികേമമായിരുന്ന ആ സദ്യയുടെ അവസാനത്തിൽ ഉമരയും പാലും പഞ്ചസാരയും (ശക്കര കിട്ടായ്കയാൽ) ചേർത്ത പ്രഥമനും ഉണ്ടായിരുന്നു. വാഴയില കിട്ടുന്നതിനുള്ള വിഷമംകൊണ്ടു പിഞ്ഞാണങ്ങളിൽതന്നെ ഊണുകഴിക്കേണ്ടതായിട്ടുവന്നു; പോരെങ്കിൽ ഞങ്ങളുടെ അമേരിയ്ക്കൻ അതിഥികൾക്കു പ്രത്യേകിച്ചും സ്ത്രീകൾക്കു അതു കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നു തോന്നി. സദ്യ നിലത്തുവച്ചുതന്നെയായിരുന്നു. കത്തിയും മുള്ളും ഒന്നും ഉപയോഗിക്കാതെ കൈകൊണ്ടു ഉണ്ടു. നിലത്തിരുന്നു് ഉണ്ണുന്നതു പാശ്ചാത്യർക്കു കുറെ വിഷമമായിരുന്നിരിക്കണം. മൂന്നു വിരലുകൾകൊണ്ടു വെള്ളക്കാർ ചോറു പെറുക്കി വായിലിടുന്നതു കാണാൻ നേരമ്പോക്കാണു്. ഇതെല്ലാം ഒരു പിക്നിക്കു് എന്ന മട്ടിൽ അവർ കരുതിയിരിക്കണം. അമേരിയ്ക്കയിലെ ഒരു പ്രധാന മാസികയായ

ഏഷ്യയിൽ "മലബാർ—സ്ത്രീ സ്വർഗ്ഗം" എന്ന എൻെറ ലേഖനപരമ്പര വായിച്ച ഇക്കൂട്ടർ മലയാളക്കരയിലെ നടപടികൾ അന്നു നേരിട്ടു മനസ്സിലാക്കി.

സദ്യക്കുശേഷം ഒരു വമ്പിച്ച പൊതുയോഗം നടന്നു. മഹാരാജാവു തിരുമനസ്സിലെ പടം ഞാൻ നാട്ടിൽനിന്നു കൊണ്ടുപോയിരുന്നതു ഹാളിൽ അലങ്കരിച്ചുവച്ചിരുന്നു. അദ്ധ്യക്ഷംവഹിച്ചതു കൊളമ്പിയാ സർവ്വകലാശാലയിലെ ടീച്ചേഴ്സ് കോളജിൻെറ പ്രിൻസിപ്പാളായ ഡാക്ടർ ബാഗ്ളിയായിരുന്നു. ന്യൂയോക്കിലെ മേയറും ബ്രിട്ടീഷ്കോൺസലും മററു പല പൌരപ്രധാനികളും ഞങ്ങൾക്കു് ആശംസാസന്ദേശങ്ങൾ അയച്ചിരുന്നു. എൻെറ സ്നേഹിതൻ കെ. എം. ജെ. തിരുമനസ്സിലേക്ക ടോസ്റ്റ് അർപ്പിച്ചു. കാര്യസമ്പൂർണ്ണമായ ആ പ്രസംഗത്തെ തുടർന്നു ഞാനും ഒരു പ്രസംഗംനടത്തി. വിദ്യാഭ്യാസത്തിലും ഭരണപരിഷ്കാരത്തിലും അടുത്തകാലത്തു തിരുവിതാംകൂറിനു വന്നിട്ടുള്ള പുരോഗതിയെ പരാമർശിച്ചു മററു നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂറിനു സിദ്ധിച്ചിട്ടുള്ള അനന്യമായ നിലയെ ഞാൻ വിശദീകരിച്ചു. ഇതിനുശേഷം സർവ്വകലാശാലയിലെ ഒരു പ്രസിദ്ധ പ്രഫസറും അടുത്തകാലത്തുതന്നെ തിരുവിതാംകൂർ സന്ദർശിച്ച ദേഹവുമായ ഡാക്ടർ കിൽപാട്രിക്കു് തിരുവിതാംകൂർ രാജവംശത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തിച്ചു.

വഞ്ചീശമംഗളഗാനം പാടി ആഘോഷം സമാപിച്ചു.

അടുത്തദിവസത്തെ ന്യൂയോക്ക്ടൈംസ്പത്രത്തിൽ മഹാരാജാവു തിരുമനസ്സിലെ തിരുനാൾ അമേരിക്കയിൽ കൊണ്ടാടിയതിനെക്കുറിച്ചുള്ള റിപ്പോർട്ടു് ഉണ്ടായിരുന്നതു ഞങ്ങൾക്കെത്രമാത്രം ആഹ്ളാദജനകമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. വിദേശങ്ങളിൽ എവിടെത്തന്നെ താമസിച്ചിരുന്നാലും നാം തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ രാജഭക്തരായ ഉത്തമപ്രജകളാണെന്നുള്ള ബോധം ഒരിക്കലും വിസ്മരിക്കാവതല്ല.

നമ്മുടെ പൊന്നുതമ്പുരാൻ നീണാൾ വാഴട്ടെ!

30. ഹോളിവുഡ്

ബാലാദർശങ്ങൾ—സ്വകാര്യജീവിതരീതി—ഭേദമാനം—'ഡബ്ബിംഗ്' സൂത്രം—ഒരു മലയാളിനടി—ഹിപ്നോഫസ് എന്നാൽ എന്ത്?—വെറും വെള്ളം.

അമേരിക്കയെന്നു പറയുമ്പോൾ സിനിമയും താരങ്ങളും ഹോളിവുഡും എന്ന ഓർമ്മയാണു പലർക്കും തോന്നാറുള്ളത്. അവിടത്തെ ബാലന്മാരുടെ ആഗ്രഹം ഭാവിയിൽ ആ നാട്ടിലെ പ്രസിഡന്റാകണമെന്നായിരിക്കുന്നതുപോലെ സകല ബാലികമാരും സിനിമാതാരമാകണമെന്ന് ആഗ്രഹിക്കുന്നു.

ന്യൂയോർക്കിൽനിന്നു ഹോളിവുഡിലേക്കു നാലായിരം നാഴിക ദൂരമുണ്ട്. തീവണ്ടിയിൽ അവിടെ എത്തുന്ന ചെലവുകൊണ്ടു ഫ്രാൻസിലോ ഇംഗ്ലണ്ടിലോ പോകാം. എന്നാൽ ഗ്രേഹൌണ്ട്ബസ്സിൽ ഇൻഡ്യയുടെ ഒന്നരഇരട്ടിവലുപ്പമുള്ള അമേരിക്കയുടെ ഏതു ഭാഗത്തും എത്താം. തീവണ്ടിയുടെ പകുതിയേ ബസ്സ്കമ്പനി ചാർജ്ജ്ചെയ്യാറുള്ളു. ഉറങ്ങുവാൻ കിടക്കയും തലയിണയും പ്രത്യേകം കൂലികൊടുത്താൽ കിട്ടുന്നതിനു പുറമേ യാത്രക്കാരുടെ വിശ്രമത്തിന് ഇടയ്ക്കിടെ വലിയ സ്റ്റേഷനുകളും ഹോട്ടലുകളും സ്ഥാപിച്ചിട്ടുണ്ട്. കന്യാകുമാരി മുതൽ കാശ്മീർവരെ ഇങ്ങിനെ ഒരു ബസ്സേർപ്പാടുണ്ടായാൽ നമുക്ക് എത്ര സൌകര്യവും ലാഭവുമായിരിക്കും!

യാത്രാമദ്ധ്യേ ഞങ്ങൾ ഷിക്കാഗോ മുതലായ പല വലിയ പട്ടണങ്ങളും കടന്നുപോയി. അമേരിക്കയിൽ ഒരു പട്ടണം വേറൊരു പട്ടണം പോലിരിക്കും. ഉന്നതസൌധങ്ങളും, റോഡും, വീഥിയും മൂലകളിൽ മരുന്നുഷാപ്പുകളും എല്ലാം ഒരുപോലെതന്നെ. ആ നാട്ടിൽ സ്വീകാര്യമായ സമരൂപീകരണപദ്ധതിയുടെ ഫലമാണിത്. തെണ്ടിജ്ഞാനികൾക്കും ചിത്രമെഴുത്തുകാർക്കും ഇതത്ര പിടിച്ചെന്നു വരികയില്ല. നമ്മുടെനാട്ടിലാകട്ടെ, മുന്നൂറോ നാനൂറോ നാഴിക അപ്പുറംപോയാൽ ഭാഷയും വസ്ത്രധാരിതിയും നാണയവും ഭക്ഷണവും എല്ലാം മാറുമല്ലോ.

കാലിഫോർണിയാസംസ്ഥാനത്തിൽ ലോസ്ഏൻജലീസ് എന്ന നഗരത്തിനു പത്തുനാഴിക അകലെയാണു ഹോളിവുഡ്. ലോസ് ഏൻജലീസിൽനിന്നു കാർമാർഗ്ഗം പതിനഞ്ചുമിനിററും തീവണ്ടിമാർഗ്ഗം അരമണിക്കൂറുംമാത്രമേ ഹോളിവുഡിലെത്തുവാൻ വേണ്ടൂ. കാലിഫോർണിയായിലെ ശീതോഷ്ണാവസ്ഥ പരിമിതമാകകൊണ്ടു മധുരനാരങ്ങ

മുന്തിരിങ്ങ മുതലായ കായ്കനികൾ അവിടെ സമൃദ്ധമായി വളരുന്നു. കാലിഫോർണിയാ അമേരിക്കയിലെ ഉദ്യാനമാണ്. ഫലമൂലാദികൾകഴിഞ്ഞാൽ അവിടെ സമൃദ്ധമായുള്ളതു മണ്ണെണ്ണയും സിനിമാതാരങ്ങളും. പനാമാത്തോട്ടിൽ ജോലിക്കാരായിരുന്ന സിക്കുകാർ കാലിഫോർണിയായിൽ ഒട്ടേറെ കുടിയേറിപ്പാർക്കുന്നു; അവർക്ക് അവിടെ ക്ഷേത്രങ്ങളുമുണ്ട്. അവിടെ മഞ്ഞു ചുരുക്കമായിട്ടേ പെയ്യൂ. ആണ്ടിൽ മുന്നൂറ്റമ്പതുദിവസവും ആകാശം തെളിഞ്ഞിരിക്കും. കുന്നും കുഴിയും വൃക്ഷലതാദികളുംകൊണ്ടു നിറഞ്ഞിരിക്കുന്നതിനാൽ സിനിമാനിർമ്മാണത്തിനു ഹോളിവുഡ് ഏറ്റവും യോജിച്ച സ്ഥലമാണ്.

ഇംഗ്ലണ്ടിലും ഫ്രാൻസിലും ജർമ്മനിയിലും ഒന്നാന്തരം സിനിമാനിർമ്മാണശാലകളുണ്ടെങ്കിലും പ്രസിദ്ധി മുഴുവൻ ഹോളിവുഡിനു തന്നെ. മററു ശാലകളെ അപേക്ഷിച്ച് ഇവിടെയുള്ള സജ്ജീകരണങ്ങൾ അദ്വിതീയമാണ്. മലകളുടെയും കുന്നുകളുടെയും ഇടയിൽ ഇരുപതു ചതുരശ്രനാഴിക വിസ്താരത്തിൽ ഹോളിവുഡ് പരിലസിക്കുന്നു. നാനൂറുകോടി രൂപയാണ് ഈ സിനിമാവ്യവസായത്തിൽ നിക്ഷേപിച്ചിട്ടുള്ളതു്. അറുപതുലക്ഷംരൂപാവരെ ചെലവായ ചിത്രങ്ങളുമുണ്ട്. രണ്ടു ചിത്രമെങ്കിലും പ്രതിദിനം ഇവിടെ നിർമ്മിക്കുന്നു. ഇവിടെയുള്ള അറുപതിൽപ്പരം സ്റ്റുഡിയോകളിൽ പതിനായിരംപേർ ജോലിചെയ്യുന്നു; അവരുടെ ശമ്പളം പ്രതിവർഷം നാലുകോടി ഒൻപതുലക്ഷംരൂപയാണ്. ഇതിൽ പ്രതിവാരം പതിനായിരംരൂപാ കിട്ടുന്ന നടിയും പതിനഞ്ചുരൂപ കിട്ടുന്ന 'എക്സ്ട്ര'യും ഉൾപ്പെടും. മോട്ടോർകാർ നിർമ്മാണംപോലെ ചലച്ചിത്രനിർമ്മാണവും വമ്പിച്ച ഒരു വ്യവസായമായിത്തീർന്നിരിക്കുന്നു.

ലോസ്ഏൻജലീസിലുള്ള സാൻറാമോണിക്കാ എന്ന കുന്നിൻപുറത്തുനിന്നു നോക്കിയാൽ കമനീയമായ ഹോളിവുഡും പാസഫിക് സമുദ്രവും കാണാം. സിനിമാതാരങ്ങൾ കൂട്ടതലായിത്താമസിക്കുന്നതു 'ബിവർലി' എന്ന കുന്നിൻപുറങ്ങളിലാണ്. മേരിപിക്ഫോർഡ്, ഗ്രേറാഗാർബോ, നോർമ്മാഷീറർ, ഷെർലിടെമ്പിൾ, ക്ലാർക്കുഗേബിൾ, ബാറിമോർ മുതലായ സുപ്രസിദ്ധ നടീനടന്മാരുടെ ഗൃഹങ്ങൾ ഇവിടെയത്രേ. ഇവരുടെ വസതികളുടെ കൌതുകവും സജ്ജീകരണങ്ങളും ഇവയ്ക്കുള്ള ചെലവും ആലോചിച്ചാൽ കോടീശ്വരന്മാർക്കുകൂടി അസൂയപ്പെടും. സാധാരണ ഒരു നാട്ടിൽ കാണാവുന്നതുപോലെ ഒരു ഗൃഹം വേറൊന്നുപോലെയല്ല ഹോളിവുഡിൽ പണിതി

രിക്കുന്നതു്. സ്പാനിഷ് കാസ്സിൽമട്ടുമുതൽ ഏററവും നൂതനമായ 'ക്യൂബിസ്റ്റിക്'രീതിയിലുള്ള സൌധങ്ങളും കാണാം. എന്നിരുന്നാലും രണ്ടിൽ കൂടുതൽ നിലകൾ ഒന്നിനുമില്ല. ഈ ഗൃഹങ്ങളുടെ ചുററുമുള്ള തോട്ടങ്ങളിൽ പലതരം പനകളുണ്ടു്. അവിടെയുള്ള റോഡുകളിലെയും കാഴ്ച ഇതുതന്നെയാണു്.

ഗൃഹങ്ങൾക്കുള്ളിലും പുറത്തും ഇഷ്ടംപോലെ വ്യായാമംചെയ്യുവാൻ സകല സൌകര്യങ്ങളുമുണ്ടു്. വീട്ടിനുള്ളിൽ കുതിരസ്സവാരിചെയ്യുവാൻ സ്പ്രിങ്ങ് കുതിരകളും പുറത്തു സാക്ഷാൽ കുതിരകളും ഉണ്ടു്, കുളിക്കാനും നീന്താനും തടാകങ്ങളും അഭിരുചിയനുസരിച്ചു തരത്തിനു സമയംകഴിക്കാൻ ചില മുറികൾ ചുമപ്പുനിറത്തിലും മററുചിലതു പച്ചനിറത്തിലും അലങ്കരിച്ചിരിക്കുന്നു. ഈ സിനിമാതാരങ്ങൾ അനുഭവിക്കുന്ന സുഖങ്ങൾ കോടീശ്വരന്മാർക്കുകൂടി ആസ്വദിക്കുവാൻ സാധിക്കുമോ എന്നു സംശയമാണു്. എന്നാൽ കൊള്ളക്കാരെ പേടിച്ചു് ഇവർക്കു മനസ്സമാധാനത്തോടെ ഉറങ്ങാൻ സാധിക്കുമോ? പ്രസിദ്ധതാരങ്ങളുടെ വീടുകളിൽ ഗാട്ടിട്ടിട്ടുണ്ടു്. പോകുന്നിടത്തെല്ലാം അംഗരക്ഷകന്മാർ. അല്ലെങ്കിൽ അവരെ വല്ലവരും കിഡ്നാപ്പു ചെയ്തു കൊണ്ടുപോയാലോ! അതുകൊണ്ടു് അപരിചിതരായ ആരെയും അകത്തുകടത്തുകയില്ല. ലോകപ്രസിദ്ധിയുള്ള ഒരു സിനിമാതാരത്തെയെങ്കിലും സന്ദർശിക്കണമെന്ന എന്റെ ഉദ്യമം നിഷ്ഫലമായി. എന്നാൽ വിലപിടിച്ച കാറുകളിൽ അവിടെ സഞ്ചരിച്ചിരുന്നവരിൽ പലരും ഗ്രെട്ടാഗാർബോയോ, മേവെസ്റ്റോ, അന്നാസീഗളോ ആയിരിക്കുമെന്നു വിചാരിച്ചു ഞാൻ തൃപ്തിപ്പെട്ടു.

സന്ദർശകന്മാരെ അനുവദിക്കുന്നപക്ഷം താരങ്ങൾക്കു വേറൊന്നും ചെയ്യാൻ സമയംകിട്ടുകയില്ല. വല്ലവിധത്തിലും ഖ്യാതിയോ അപഖ്യാതിയോ സമ്പാദിച്ചവരെ കാണാനും തൊടാനും അവരുടെ ഒപ്പു വാങ്ങാനും അമേരിക്കർക്കുള്ള ഭ്രമം ഒന്നു പ്രത്യേകമാണു്. സിനിമയിൽ അഭിനയിക്കുന്നതു വളരെ ബുദ്ധിമുട്ടുള്ളതാണല്ലോ. ഈ അദ്ധ്വാനം കഴിഞ്ഞാൽ നടികൾ സ്വസ്ഥമായിരിക്കയാണു പതിവു്. ഗൃഹങ്ങളാകട്ടെ നിശ്ശബ്ദംതന്നെ! താരങ്ങൾ സഞ്ചരിക്കുന്നതു വേഷംമാറിയും മുഖത്തു മൂടുപടമിട്ടും ആയിരിക്കും.

ബീവർലികുന്നിന്റെ താഴ്വരകളിൽ സിനിമായിൽ ജോലിയുള്ള മററു പല കീഴ്ജോലിക്കാരും താമസിക്കുന്നുണ്ടു്. ഈ പ്രദേശങ്ങളിൽ കാണുന്ന സകല സ്ത്രീകളും—ഹോട്ടൽജോലിക്കാരിയും തയ്യൽക്കാ

രിയും—സുന്ദരികളും താരങ്ങളാകാൻ സർവഥാ യോഗ്യതയുള്ളവരെന്നു നമുക്കു തോന്നുന്നവരുമാണ്. ഇവരിൽ ലക്ഷത്തിലൊന്നു താരമാകയും ചെയ്തേക്കും.

ഇങ്ങനെ കാഴ്ചകൾ കണ്ടു നടന്നുവരവേ അവിടങ്ങളിൽ ജോലി ചെയ്യുന്ന ഒരു യുവാവിനെ ഞാൻ കണ്ടുമുട്ടി.

ഞാൻ—ഈ ദേവലോകം കാണുവാനാണ് വിദൂരമായ ഇൻഡ്യയിൽനിന്നു ഞാൻ വന്നിരിക്കുന്നത്. നിങ്ങളുടെ അമേരിക്കതന്നെ സ്വർഗ്ഗം; അതിൽ വേറൊരു സ്വർഗ്ഗമാണു ഹോളിവുഡ്.

അമേരിക്കൻ—അതെല്ലാം ശരി. പക്ഷെ സുന്ദരവനമായ കാലിഫോർണിയാ ഞങ്ങൾ മെക്സിക്കോക്കാരോടു യുദ്ധംചെയ്തു തട്ടിപ്പറിച്ചതാണ്. ഞങ്ങളുടെ കയ്യിൽ കിട്ടിയശേഷം വനം തെളിച്ചു ഉദ്യാനമാക്കി. ഈ ഹോളിവുഡ്തന്നെ പത്തിരുപതു വർഷങ്ങൾക്കുമുമ്പ് ഓണംകേറാമൂലയായിരുന്നു. അങ്ങിനെയിരിക്കെ സിനിമാവ്യവസായംതുടങ്ങി. പുറമെയെല്ലാം ഈ വ്യവസായത്തിനു വലിയ വർദ്ധനവുതന്നെ. പക്ഷെ കുറെ ഉള്ളുകള്ളികൾകൂടി അറിയണം. ഈ കമ്പനികളെല്ലാം വാൾസ്ട്രീററിലുള്ള വലിയ ബാങ്കുകാരോട് വൻതുകകൾ കടം വാങ്ങിയിട്ടാണ് കാര്യം നടത്തിവരുന്നത്. പലിശ മുടങ്ങുമ്പോൾ ബാങ്കുകാർ ഇവിടെയെത്തും. പണം കൊടുക്കുന്നതിനുപകരം സിനിമാ ഉടമസ്ഥന്മാർ അവർക്കു വിരുന്നുകൊടുക്കയും നൃത്തംനടത്തി ഉല്ലസിപ്പിക്കയും ചെയ്യുന്നു. ഇതിനിടയ്ക്ക് അവർ പണത്തിന്റെ കാര്യം തീരെ മറന്നുപോകും.

ഞാൻ—സിനിമാതാരങ്ങൾക്കു ബഹുസുഖംതന്നെയായിരിക്കണം. എപ്പോഴും തുള്ളിച്ചാടിനടന്നു ജീവിതം ഒരു തമാശപോലെ കഴിക്കാമല്ലോ. ലോകം മുഴുവനും അവരുടെ കാൽക്കൽവീണു വന്ദിക്കുന്നു. ഈ പദവി എത്രനാൾ നില്ക്കുമെന്നുമാത്രമേ സംശയമുള്ളു.

അമേരിക്കൻ—ശരി! പക്ഷെ മിന്നുന്നതെല്ലാം പൊന്നല്ല. ദിവസംപ്രതി തങ്ങളുടെ വയസ്സുകൂടിയും സൌന്ദര്യം കുറഞ്ഞും വരുന്ന എന്ന ഭീതിയിലാണു താരങ്ങളിൽ അധികംപേരും കഴിച്ചുകൂട്ടുന്നത്. പുതിയ താരങ്ങൾ പ്രത്യക്ഷപ്പെടുന്നു........പിന്നെ, അവർക്ക് ഒരു സ്വകാര്യജീവിതം സാധ്യമല്ലെന്നു വന്നിരിക്കയാണ്. അവരുടെ ഭക്ഷണം, വ്യായാമം, ഘനം എന്നിതെല്ലാം നിശ്ചയിക്കുന്നതു കമ്പനിയുടമസ്ഥന്മാരാണ്. വണ്ണംകൂടിയാൽ താരത്തിന്റെ നില അപകടത്തിലാകും.

തടിച്ച താരത്തിന്ന ചിത്രലോകത്തിൽ സ്ഥാനമില്ല. അവർ അഭിനയിക്കുന്ന ചിത്രം കാണാൻ ആളുകൾ വരികയില്ല. താരത്തിന്ന ചില യോഗ്യതകൾ വേണം. അവർ എപ്പോഴും മുന്നണിയിൽ തന്നത്താൻ പ്രദർശിപ്പിക്കണം. സംഭാഷണചാതുര്യം ഉണ്ടായിരിക്കണം. ഉടുപ്പിലും കാറിലും പ്രത്യേകതകൾ വേണം. ആയിരക്കണക്കിന്ന വരുന്ന പ്രശംസാപത്രങ്ങൾക്കു മറുപടി അയയ്ക്കണം. അല്ലെങ്കിൽ ആളുകൾ ഇച്ഛാഭംഗപ്പെട്ടു പിണങ്ങി അവർ അഭിനയിക്കുന്ന ചിത്രം കാണുവാൻ ചെല്ലുകയില്ല. മറുപടി അയച്ചു മത്സരിക്കാൻ വേറെ നടികളുണ്ട്. ഇതിന്നുപുറമെ, രാവിലെ ഏഴുമണിയോടു സ്റ്റുഡിയോയിൽ ചെന്ന് അഭിനയിക്കയും വേണമല്ലോ. തനിക്കു പറയാനുള്ള ഭാഗം രാത്രിയിൽ കാണാപ്പാഠം പഠിക്കണം. ഒരേഭാഗം എട്ടും പത്തും തവണ ആവർത്തിച്ച് അഭിനയിക്കേണ്ടിവരും.

നടനം നൃത്തം മുതലായ കലകൾ അഭ്യസിപ്പിക്കുന്നതിന്ന് അനവധി വിദ്യാലയങ്ങൾ ഹോളിവുഡിൽ ഉണ്ട്. വലിയ ഫീസുകൊടുത്ത് ഇവിടെ പഠിച്ചു നടികളാകാൻ പലരും ശ്രമിച്ചുവരുന്നു. എന്നാൽ ഇവരെല്ലാം താരങ്ങളാകുന്നില്ല. കവിതയെഴുത്തുപോലെ നടനപാടവം ജന്മസിദ്ധമാണ്.

ഏതെങ്കിലും ഒരു കലയിലോ വിദ്യയിലോ അനിതരസാധാരണമായ സാമർത്ഥ്യം പ്രദർശിപ്പിച്ചാൽ സിനിമയിൽ ജോലിയായി. ടാപ്പ് ഡാൻസിങ്ങ് കുതിരസ്സവാരി കോമാളിത്തരം മുതലായവയിൽ വിദഗ്ദ്ധത പ്രകടിപ്പിക്കാൻ അവർക്കുവേണ്ടി പ്രത്യേകം നാടകം എഴുതിയുണ്ടാക്കുന്നു. ഇതിന്ന് അനവധി സിനേറിയോ എഴുത്തുകാർ ഇവിടെയുണ്ട്. ബാലതാരമായ സൊഞ്ചെഹെനി സ്കേറ്റിങ്ങിന്ന മനോഹര പാടവം പ്രദർശിപ്പിച്ചപ്പോൾ ഇതാ "ഹാപ്പിലാൻഡിങ്ങ്" എന്ന ചിത്രം. വനങ്ങളിൽപോയി ജീവനോടുകൂടി മൃഗവർഗ്ഗങ്ങളെ ഫ്രങ്കുബക്കു പിടിച്ചു തുടങ്ങിയപ്പോൾ "ജീവനോടുകൂടി കൊണ്ടുവരിക" എന്ന സംഭ്രമജനകമായ പടം ആവിർഭവിച്ചു.

നാം പടത്തിൽ കാണുന്നതുപോലെ താരങ്ങളിൽ പലരും അത്ര സൌന്ദര്യവതികളല്ല. മാക്സ്ഫാക്ടർ മുതലായ വിദഗ്ദ്ധരാണ് ഇവരെ രംഭയും തിലോത്തമയും ആക്കുന്നത്. ഫാഷ്യൻകമ്പനിക്കാർ വേണ്ട ഉടുപ്പും കോപ്പുമെല്ലാം ഇവർക്കു വെറുതെ കൊടുക്കുന്നു. ചില താരങ്ങളുടെ ശമ്പളം കേട്ടാൽ നിങ്ങൾ അത്ഭുതപ്പെടും. ആഴ്ചയിൽ പതിനായിരം ഡോളർ കിട്ടുന്ന താരവുമുണ്ട്. പക്ഷെ എല്ലാ ആഴ്

കളിലും ജോലിയുണ്ടായി എന്നു വരികയില്ല. പടമൊന്നുക്കു ഒരു തുക മൊത്തമായി കൊടുക്കാമെന്നു കരാറുള്ളവരുമുണ്ടു്. ചിത്രപ്രദർശനത്തിൽ നിന്നുള്ള വരവിൽ ഒരു ക്ലിപ്തശതമാനം കൊടുക്കുന്ന ഏർപ്പാടുമുണ്ടു്. ലാഭത്തിൽ സിംഹഭാഗവും കമ്പനിയുടമസ്ഥന്മാർക്കു കിട്ടുന്നുള്ളു എന്നു ചില പ്രധാന നടീനടന്മാർക്കു തോന്നിയതിനാൽ ചാർലിചാപ്ലിൻ, മേരി പിക്ഫോർഡ് മുതലായവർ ചേർന്നു 'യുണൈറ്റഡ് ആർട്ടിസ്റ്റ്സ് കോപ്പറേഷൻ' എന്നൊരു പുതിയ കമ്പനി തുടങ്ങി.

"ചലച്ചിത്രത്തിൽ സുപ്രസിദ്ധി സമ്പാദിച്ച ചില താരങ്ങൾക്കു ശബ്ദചിത്രം വന്നതോടുകൂടി പല പ്രയാസങ്ങളും ഉണ്ടായി. പാടുവാനും സംഭാഷണം ചെയ്യാനും മററുള്ളവരെപ്പോലെ പാടവമില്ലായിരുന്നതുകൊണ്ടു് ഈ കൂട്ടർ 'ബാക്ക്നമ്പർ'കളായിപ്പോയി. എന്നാൽ അഭിനയിപ്പാൻ മിടുക്കുണ്ടെങ്കിലും സംഗീതവാസനയോ സംഭാഷണചാതുര്യമോ ഇല്ലാത്ത താരങ്ങളെ സഹായിക്കാൻ—ഈ വിശേഷങ്ങൾകൂടി ഏച്ചുകെട്ടാൻ—സിൻക്രണൈസേഷൻ എന്ന ശാസ്ത്രീയവ്യവസ്ഥ സ്വീകരിക്കാറുണ്ടു്. എന്നാലും ഇതെല്ലാം തികച്ചു കിട്ടുന്ന ഈ കാലത്തു് ഇത്ര ബുദ്ധിമുട്ടിയിട്ടു് എന്തുവേണം?

"ഗ്രെട്ടാ ഗാർബ്ബോ, മാർലിൻ ഡീട്രിച്ച്, പാൾമൂനി മുതലായ താരങ്ങളിൽ പലരും വിദേശിയരാണു്. അതുകൊണ്ടു സ്വദേശിയരായ നടികൾക്കു് അസൂയ തോന്നി, വിദേശിയരെ സംബന്ധിക്കുന്ന ചില നിയമങ്ങളുപയോഗിച്ചു് അവരെ നാടുകടത്താൻ ശ്രമിച്ചെങ്കിലും അതു ഫലിച്ചില്ല......ഗ്രെട്ടാഗാർബ്ബോയുടെ സാക്ഷാൽ പേരു ഗ്രെട്ടാഗുസ്റ്റഫ്സൺ എന്നായിരുന്നു. സാക്ഷാൽ പേരുമാററി ചെവിക്കിമ്പം കൊടുക്കുന്ന പുതുനാമധേയങ്ങൾ ചില നടികൾ സ്വീകരിക്കുന്നു. ഒരമേരിക്കൻ ആക്ട്രസ്സ് അറബിയായ കഥ നിങ്ങൾക്കറിയാമോ? അവരുടെ ആദ്യപേരിന്റെകൂടെ ആറബ് (Arab) എന്ന വാക്കു തലതിരിച്ചുവെച്ചു തിഡാബാറാ എന്നാക്കി ആളുകളെ അത്ഭുതപരതന്ത്രരാക്കി."

ദിനംപ്രതി പതിനായിരവും ഇരുപതിനായിരവും പ്രശംസകത്തുകൾ പ്രസിദ്ധതാരങ്ങൾക്കു വന്നുകൊണ്ടിരിക്കും. അതിനെല്ലാം മറുപടിയും എഴുതണം. എഴുത്തെഴുതുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളും കുട്ടികളുമാണു്. പക്ഷെ മറുപടിയയയ്ക്കുന്നതു താരം അറിഞ്ഞെന്നുകൂടി വരികയില്ല. ഈ കാര്യം അവളുടെ അനേകം സിക്രട്ടറിമാർ നിർവ്വഹിച്ചുകൊള്ളും. ചെക്കിൽ ഒഴിച്ചു മററു സകലതിലും അവളുടേതുപോലെ ഒപ്പിടുവാൻ അവക്കു് അനുവാദം കൊടുത്തിട്ടുണ്ടു്.

മറുപടിക്കു സ്റ്റാമ്പിനും മററുമായി കുറേ ചെലവുണ്ട്. ഇതിനുംപുറമേ, സ്വന്തംകീർത്തി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാനും മററും നല്ല ഒരു തുക മാററിവെയ്ക്കണം. ഈ നഷ്ടം പരിഹരിക്കാൻ വല്ല സോപ്പിന്റെ സൌന്ദര്യവർദ്ധകത്വം പുകഴ്ത്തി സാക്ഷിപത്രംകൊടുത്തു നല്ല കൈമടക്കും ചിലർ വാങ്ങിവരുന്നു.

"മററു ചിലർ വേറൊരു വിദ്യയും കണ്ടുപിടിച്ചിട്ടുണ്ട്. തങ്ങളോടു മുഖസാദൃശ്യമുള്ള പലരെ ഡബ്ബിൾ ആയി നിയമിച്ചു തങ്ങൾക്കുപകരം ചിത്രത്തിൽ അഭിനയിപ്പാനും പരസ്യകാര്യങ്ങൾക്കു പുറത്തയപ്പാനും ഉപയോഗിക്കുന്നു. ഡബ്ബിൾനെക്കൊണ്ടു ജോലിചെയ്യിച്ചു ശമ്പളത്തിൽ പകുതിയോ മുക്കാലോ സാക്ഷാൽ താരം തട്ടിയെടുക്കുന്നു. താരങ്ങളുടെ വരവുകേട്ടു നിങ്ങൾ ഭ്രമിച്ചുപോകുമായിരിക്കും. നിങ്ങളുടെ വൈസ്രോയിക്കു കിട്ടുന്നതിൽ കൂടുതൽ ഇവർക്കു ശമ്പളമുണ്ട്. അമേരിക്കയിൽ ഞങ്ങളുടെ പ്രസിഡണ്ടിനെക്കാൾ കൂടുതൽ ശമ്പളം ബിസിനസ്സ് എക്സിക്യൂട്ടീവിനാണ്. ബേസ്ബോൾകളിയുടെ അദ്ധ്യക്ഷനായിരിക്കുന്ന ബേബ്റൂത്തിനു പ്രതിവർഷം മൂന്നുലക്ഷം രൂപയാണു ശമ്പളം. ഒരുമാതിരി "ച്യൂയിങ്ങ്ഗമ്മിനു" തന്റെ പേർ കൊടുക്കാനുള്ള അനുവാദത്തിനു് ഒരു നല്ല സംഖ്യ ആ കമ്പനിക്കാർ അദ്ദേഹത്തിനു് ആണ്ടുതോറും കൊടുത്തുവരുന്നു.

"വേറൊരു കഥ കേൾക്കണമോ? [illegible]....ഡ ......ഒരു പ്രസിദ്ധ നടിയാണ്. ഫലിതംപറയാൻ വലിയമിടുക്കി! അതെല്ലാം ഹോളിവുഡിൽനിന്നു പുറപ്പെടുന്ന മാസികകളിൽ വായിക്കാം. പക്ഷേ അതിൽകാണുന്ന ഫലിതങ്ങൾ ഇവർതന്നെ പറയുന്നതോ, അവൾക്കുവേണ്ടി സമർത്ഥനായ സെക്രട്ടറി എഴുതി അയക്കുന്നതോ എന്നു് ആർക്കറിയാം.

"വേനല്ക്കാലത്തു വിശ്രമിക്കുവാനായി ഒരുലക്ഷത്തിഇരുപതിനായിരംഡോളർ ചെലവാക്കി ഒരു 'കുടിൽ' ഈ താരം കെട്ടിയിട്ടുണ്ട്.. ഇഷ്ടമുള്ളിടത്തേയ്ക്കെല്ലാം മാററുവാൻതക്കവണ്ണം ആ കെട്ടിടം ഏഴായി പിളക്കാവുന്ന വിധത്തിലാണു നിർമ്മിച്ചതു്. അവരുടെ കിറുക്കു് അനുസരിച്ചു് ഒരുവർഷത്തിനകം മൂന്നുനാലു സ്ഥലങ്ങളിൽ ഇതു മാററി സ്ഥാപിക്കയുണ്ടായി. ഓരോ തവണയും ഇങ്ങിനെ അഴിച്ചു ട്രക്കിൽ കയററി മാററി സ്ഥാപിക്കുവാൻ പതിനായിരം ഡോളർവീതം ചെലവുണ്ട്. ഹോളിവുഡിനെ ഫോളിഹുഡ് (Follyhood) എന്നു് ഈ നാട്ടുകാർ ചിലപ്പോൾ പറയാറുള്ളതു് ഇതുപോലെയുള്ള പ്രവൃത്തികൾകൊണ്ടാണു്.

"സ....ഹെ....എന്ന താരത്തിന് ഇപ്പോൾ കഷ്ടിച്ച് ഇരുപത്തിനാലുവയസ്സുകാണും. സ്റ്റേററിങ്ങിന് അതിസമർത്ഥയായ ഇവൾക്ക് ഒരു ചിത്രത്തിൽ അഭിനയിക്കുവാൻ മൂന്നുലക്ഷം ഡോളറാണു കൊടുത്തത്. ഇതു വലിയ തുകതന്നെ, പക്ഷെ കമ്മീഷനിലും മററും എത്ര പോകുമെന്ന് ആർക്കറിയാം! ഗാർബ്ബോ സ്വീഡൻകാരിയാണ്; ഹെ.... നോർവെക്കാരിയും. ഈ പ്രദേശങ്ങളിൽനിന്നാണത്രെ ത്രിലോകസുന്ദരികളുടെ ഉത്ഭവം. എന്നാൽ ഇവരെല്ലാം കിട്ടുന്ന പണം സൂക്ഷിച്ചുവെന്നു വരികയില്ല. ചില താരങ്ങൾ പാപ്പരായിട്ടാണു മരിക്കുന്നത്. ഐവർക്രൂഗറിന്റെ പൊളിപ്പെട്ടി ഷെയറുകൾ വാങ്ങി ഗാർബ്ബോ പത്തു ലക്ഷം ഡോളർ നഷ്ടപ്പെട്ടു എന്നു കേട്ടിട്ടുണ്ട്."

"പിന്നെ ബാലബാലികാതാരങ്ങളുണ്ട്. ഷർലി ടെമ്പിൾ ബാല്യത്തിൽത്തന്നെ കോടീശ്വരിയായി. എന്നാൽ കുറച്ചുപ്രായം ചെന്നാൽ ഇവരുടെ സ്ഥാനം കണ്ടുതന്നെ അറിയണം. ജാക്കി കൂഗൻ, ഫ്രെഡ്ഡി ബാർത്തലോമ്യൂ മുതലായ ബാലതാരങ്ങൾ ഇപ്പോൾ സ്ഥാനഭ്രഷ്ടരായ രാജാക്കന്മാരെപ്പോലെയിരിക്കയാണ്. എന്നാലും അവർക്കു പണമുണ്ടാക്കാൻ പല മാർഗ്ഗങ്ങൾ ഇപ്പോഴുമുണ്ട്. തന്നെത്താൻ നടന്നു പ്രദർശിപ്പിക്കുക, ഹോളിവുഡിനെക്കുറിച്ചു പ്രസംഗിക്കുക മുതലായവയാണ് ഈ മാർഗ്ഗങ്ങൾ. ഇപ്പോൾ സാബു എന്ന പ്രസിദ്ധ ഹൈന്ദവബാലതാരമുള്ളതു നിങ്ങളുടെ രാജ്യത്തിനു വലിയ കീർത്തിതന്നെയാണല്ലോ. മൃണാളിനിദേവിയെന്ന ഹിന്ദുനടി ഇപ്പോൾ ഇവിടെ വന്നിട്ടുണ്ട്. അതിപ്രഭയോടെ ശോഭിച്ചുവരുന്ന താരമാണ് ഈ യുവതീരത്നം."

(ശ്രീമതി അമ്മു സ്വാമിനാഥന്റെ പുത്രിയാണ് മൃണാളിനിദേവി).

ഞാൻ—ഇവരെക്കൂടാതെ വേറെ വല്ല 'ഹിന്ദുക്കളും' ഹോളിവുഡിലുണ്ടോ? എനിക്കുതന്നെ ഒരു താരമായി ശോഭിക്കാൻ വല്ല ലാക്കുമുണ്ടോ?

എന്റെ ചോദ്യത്തിന്റെ അവസാനഭാഗം കേട്ടിട്ടു പൊട്ടിച്ചിരിച്ചുകൊണ്ട് അയാൾ തുടർന്നു:—"ഫിലിംഫേസ്" എന്ന വാക്കു നിങ്ങൾ കേട്ടിട്ടുണ്ടോ? എന്നുവെച്ചാൽ നേർത്ത മൂക്ക്, നേർത്ത ചുണ്ട്, ശോഭനിറഞ്ഞ കണ്ണ്......ഇതെല്ലാം താങ്കൾക്കുണ്ടെന്നു തോന്നുന്നുണ്ടോ? വടക്കേ ഇന്ത്യയിലെ പഞ്ചാബികൾക്ക് ഇതെല്ലാം ഏറെക്കുറെയുണ്ടെന്നു ഞങ്ങളുടെ ഒരു ഗവേഷകൻ കണ്ടുപിടിച്ചിരിക്കുന്നു. ചില സിക്കുകാർ ഹോളിവുഡിൽ ജോലിചെയ്തുവരുന്നു. "ലൈവ്സ് ഓഫ് ദി ബംഗാൾ

ലാൻസർ" മുതലായ ഇൻഡ്യൻ ചിത്രങ്ങളിൽ അവർ ചില്ലറഭാഗങ്ങൾ അഭിനയിക്കുന്നു. ഹൈന്ദവസംഗീതവും നൃത്തവും പഠിപ്പിക്കാനും തലപ്പാവുകെട്ടാനും ഞങ്ങൾക്കു ഒരു ഹിന്ദുവിദഗ്ദ്ധനുണ്ടു്. എന്നാൽ നായകവേഷംകെട്ടാൻ പാടവമുള്ള ഒരു ഹിന്ദുവിനെയും ഇവിടത്തെ ഡയറക്ടർമാർ ഇതേവരെ കണ്ടെത്തിയിട്ടില്ല.

"ഒരുസംഘം ഭാരതീയനടന്മാർ ഇവിടെ വന്നു ചില ഹിന്ദുപുരാണകഥകൾ അഭിനയിക്കാനുള്ള കോൺട്രാക്റ്റ് ഉണ്ടായിരുന്നു. എന്നാൽ ഇവിടെ എത്തുന്നതിനുമുമ്പ് കാര്യങ്ങൾ കുഴപ്പത്തിലായി. ന്യൂയോർക്കിൽവെച്ചു് അവർ ഒരു നാടകം അഭിനയിച്ചു. രാജാപ്പാർട്ട് കടിച്ചുകീറി പറയുന്നതും സ്ത്രീപ്പാർട്ട് വേണ്ടിടത്തും വേണ്ടാത്തയിടത്തും പാടുന്നതും കൃത്രിമനടനവും അസംഭാവ്യതകളും കണ്ടപ്പോൾ കോൺട്രാക്റ്റ് അസ്ഥിരപ്പെടുത്തി. നിങ്ങളുടെ നാട്ടിലെ അക്ടിങ്ങു പഴയമട്ടാണ്. അതെല്ലാം പരിഷ്കരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കൂടുതൽ പഠിപ്പും വിദ്യയും ഉള്ളവർ ശ്രമിച്ചാൽ സാധിക്കും."

ഇനി നമുക്കു് അവരുടെ സ്റ്റുഡിയോകളിൽ പ്രവേശിക്കാം. മെട്രോ, പാരമൌണ്ട്, യൂനിവേർസൽ, വാർണർ, റേഡിയോകീത്തു കോർപ്പറേഷൻ മുതലായ കമ്പനികളുടെ സ്റ്റുഡിയോകൾ വെവ്വേറെ "പട്ടണ"ങ്ങളിലാണ് സ്ഥിതിചെയ്യുന്നതു്. സർവ്വവും തികഞ്ഞതുകൊണ്ട് അവയെ ചെറിയ പട്ടണം എന്നു പറഞ്ഞുവരുന്നു. മെട്രോ കൾവർ സിററിയിലാണ് ഇവരുടെ ആഫീസുകൾ തിരുവനന്തപുരം ഹജൂർക്കച്ചേരിയെക്കാൾ വലിയ സൌധങ്ങളിലാണ്. അവിടെ ഗവേഷണം, കാമറ, സൌണ്ട്, മേക്കപ്പ് മുതലായ മുപ്പതു ഡിപ്പാർട്ടുമെൻറുകളുണ്ടു്. പതിനഞ്ചു രൂപയുടെ ഒരു ടിക്കററു വാങ്ങിയാൽ ഈ കാഴ്ചകളെല്ലാം സന്ദർശകരെ കൊണ്ടുനടന്നു കാണിക്കുവാൻ അവിടെ ഒരു "ഗൈഡ്" ഏർപ്പാടുണ്ട്. ചില സ്റ്റുഡിയോകൾ പത്തും പതിനഞ്ചും ഏക്കർവരെ വിസ്താരമുള്ളവയാണ്.

പടം എടുക്കുന്നതു സാധാരണയായി വലിയ ഒരു ഹാളിൽവെച്ചാകുന്നു. നാലു മതിലിന്മേലും പല സ്ഥാനങ്ങളിലായി അനേകം കാമറ ഘടിപ്പിച്ചിരിക്കും. ഏതുവശത്തു നിന്നാണ് കൂടുതൽ നന്നായ ഫലം കിട്ടുന്നതെന്നറിയാനാണ് ഈ വിദ്യ. സുപ്രസിദ്ധ ഡയറക്ടർമാരായ വാൻഡൈക്ക്, സാറെക്ക്, ഡിമിൽ മുതലായവരുടെ ഊർജ്ജസ്വലമായ നടപടികൾ ഇവിടെയാണ് കാണുന്നതു്. സ്കൂൾകുട്ടികളെപ്പോലെ താരങ്ങളെ ശാസിക്കുന്നതുകാണേണ്ടതുതന്നെ. കോട്ട് അഴിച്ചിട്ട്

ഷർട്ടുകൈ ചുരുട്ടിവെച്ചു "നന്നായില്ലാ, ഒന്നുകൂടി പറയൂ..........അത്ര നിവർന്നുനില്ക്കാൻ പാടില്ല .....ഒന്നു പതുക്കെ കുനിഞ്ഞു്......നാണം കുണുങ്ങി....... എന്നുംമററും ഗർജ്ജിക്കുന്നതു നമുക്കു കേൾക്കാം.

ഏതു ഭാഗമാണു് ചിത്രത്തിൽ ആദ്യം എടുക്കുക എന്നൊരു വ്യവസ്ഥയുമില്ല. ചിലപ്പോൾ നടുഭാഗമെങ്കിൽ മററു സന്ദർഭങ്ങളിൽ അവസാനഭാഗമായിരിക്കും. ഒരു ഭാഗംതന്നെ പലതവണ ആവർത്തിച്ചെടുക്കും. എന്നിട്ടു് ഒടുവിൽ എല്ലാം കൂട്ടിച്ചേർക്കയാണു്. പിന്നീടു പല ഭാഗവും വെട്ടിക്കുറച്ചു ചെറുതാക്കി രണ്ടു രണ്ടര മണിക്കൂറിൽ കൂടുതൽ നീണ്ടുനില്ക്കാതിരിക്കത്തക്കവണ്ണമാക്കുന്നു. ചിത്രം കാണുന്നതുപോലെയുള്ള തമാശയൊന്നും സ്റ്റുഡിയോയിൽ കാണുകയില്ല. അതു വെറും വ്യവസായശാലമാത്രം.

കേരള സാഹിത്യ അക്കാദമി

ചിത്രങ്ങൾ കഴിവുള്ളിടത്തോളം സ്റ്റുഡിയോയിൽ വെച്ചുതന്നെയാണെടുക്കുക. മഞ്ഞും മഴയുമെല്ലാം കാലഭേദമന്യേ അവർക്കു സൃഷ്ടിക്കാൻ സാധിക്കും. ഉപ്പു കോരിയിട്ടു മഞ്ഞിന്റെയും, പാരാഫിൻവാക്സ് ഇട്ടു മഞ്ഞുകട്ടിയുടെയും ഫലമുണ്ടാകുന്നു. ഏറോപ്ലെയിന്റെ പ്രൊപ്പല്ലർ വലിയ ശക്തിയിൽതിരിച്ചു കൊടുങ്കാററു സൃഷ്ടിക്കുന്നു. ചിലപ്പോൾ മൃഗങ്ങൾകൂടി ഇരിമ്പും സ്പ്രിങ്ങും കൊണ്ടുണ്ടാക്കപ്പെട്ടവയായിരിക്കും. എഡ്ഡികാൻറർ ഒരു കാളയുമായി പോരാടുന്ന ചിത്രം ഓർക്കുന്നുവോ? കാള സ്പ്രിങ്ങ്വിദ്യയാണു്. എന്നാൽ സാക്ഷാൽ സിംഹം കടുവ പാമ്പു് മുതലായവയെ വളർത്തി സ്റ്റുഡിയോക്കാർക്കു വാടകയ്ക്കു കൊടുക്കുന്നവരും ഹോളിവുഡിലുണ്ടു്. "ട്രിക്ക് ഫോട്ടോഗ്രാഫി" അത്ഭുതകരമാണു്. വലിയ കപ്പലുകളും മന്ദിരങ്ങളും തുണിയിലും കടലാസ്സിലുമാണുണ്ടാകുന്നതു്. കടലിനുപകരം കണ്ണാടികൊണ്ടുണ്ടാക്കപ്പെട്ട മുറിയിൽ വെള്ളം നിറയ്ക്കും; വെള്ളം ചാമ്പുന്ന യന്ത്രങ്ങൾകൊണ്ടു തിരമാലകൾ സൃഷ്ടിക്കുന്നു. വലിയ മുഖക്കണ്ണാടിയിൽ പ്രതിബിംബിപ്പിച്ചിട്ടാണു് ദേവതമാരുടെ പടമെടുക്കുന്നതു്. മിക്കിമൌസ് എന്ന തമാശചിത്രമെടുക്കുന്നതു് ഏററവും ആയാസകരമാണു്. ഇതിൽ കാണുന്ന മൃഗങ്ങളുടെ ഓരോ പ്രവൃത്തിയും ചിത്രമെഴുത്തുകാർ വരച്ചുണ്ടാക്കുന്നു. അതുകൊണ്ടു് അനേകായിരം പടങ്ങൾ വരച്ചേ ഇതു സാധ്യമാകൂ. ഇതിനെല്ലാം എത്ര വലിയ സംഖ്യ ചെലവാകുമെന്നു് ഊഹിക്കാമല്ലോ.

നമുക്കിനി മേക്കപ്പ്മുറിയിൽ പ്രവേശിക്കാം. യുവാക്കന്മാരെ വൃദ്ധന്മാരാക്കുന്നതും, മെലിഞ്ഞവരെ കുടവയറന്മാരാക്കുന്നതും, സായ്പന്മാരെ ചുണ്ടുതടിച്ചു കറുത്ത കാപ്പിരികളാക്കുന്നതും ഇവിടെയാണ്. കവിൾത്തടങ്ങൾ തട്ടിവീർപ്പിക്കുവാൻ വായിൽ പഞ്ഞി കുത്തിക്കയറ്റുന്നു; മുറിവുകൾ കാണിക്കുവാൻ കൊളോഡിയൻ; ജരയും നരയും നിറഞ്ഞ വാർദ്ധക്യം കാണിക്കുവാൻ മുഖത്തു "പട്ടി" എന്ന കുഴമ്പു തേച്ചു വരകൾ വരയ്ക്കുന്നു. വീതികൂടിയ മൂക്കു നേർത്തുവരാൻ മൂക്കിൻപാലത്തിന്മേൽ നേരിയ വര വരച്ചു ഷേഡ് ചെയ്യുന്നു. തലമുടി നരയ്ക്കാൻ അലുമിനിയംപൌഡർ തൂകുന്നു. കൊന്തൻപല്ലു കാണിക്കാൻ സാക്ഷാൽ പല്ലിന്റെ മുകളിൽ ഡെന്റിസ്റ്റിനെക്കൊണ്ടു കൃത്രിമപ്പല്ലു വെപ്പിക്കുന്നു.

ചിത്രം പൂർത്തിയാക്കി ഒരു സ്വകാര്യപ്രദർശനത്തിനുശേഷമേ പുറത്തയയ്ക്കൂ. ഈ പ്രദർശനം ഹോളിവുഡിൽവെച്ചുതന്നെയാണ്. അതിൽ അഭിനയിച്ച നടീനടന്മാർ ഇതു കണ്ട് കാഴ്ചക്കാരുടെ മുഖഭാവങ്ങളിൽനിന്നും ശബ്ദമേളങ്ങളിൽനിന്നും തങ്ങളുടെ പ്രയത്നങ്ങൾ എത്രത്തോളം ഫലപ്രദമായി എന്നു മനസ്സിലാക്കും.

പല ക്രിസ്തീയവിഭാഗക്കാർക്കായി ഹോളിവുഡിൽ നാല്പതു പള്ളികളുണ്ട്. ഇവരിൽ ചിലരു—ഇത്തരക്കാർ അപൂർവമായിരിക്കാം—വലിയ ദൈവഭക്തരാണ്. കന്യകാസ്ത്രീമഠങ്ങളിൽ ജീവിതാവസാനകാലം കഴിച്ചുകൂട്ടുന്നു. ചാർലിചാപ്ലിൻ മുതലായവർക്കു മഹാത്മാഗാന്ധിയോടു അഗാധമായ ബഹുമാനമുണ്ട്. ഗാന്ധിജി ലണ്ടനിൽ എത്തിയപ്പോൾ സുപ്രസിദ്ധനടനായ ചാപ്ലിൻ അദ്ദേഹത്തെ കാണുന്നതിന് അങ്ങോട്ടുപുറപ്പെട്ടു. അമേരിക്കർ ആഡംബരപരമായ ഭൗതികസല്ലാപങ്ങളിൽ മാത്രം മുഴുകിയിരിക്കുന്നെന്നു പറയുന്നതു അബദ്ധമാണെന്ന് ഈ ഉദാഹരണത്തിൽനിന്നു മനസ്സിലാകുമല്ലോ.

സ്റ്റുഡിയോയിലെ പരിസരങ്ങളിൽ രസാവഹങ്ങളായ വേറെയും പല കാഴ്ചകളുണ്ട്. അനവധി പ്രതിമകൾ, കൊട്ടാരങ്ങൾ, ചെറുപട്ടണങ്ങൾ മുതലായവ അവിടവിടെയായി കാണാം. ഒന്നുകൂടി അടുത്തു നോക്കിയാൽ ഇവയെല്ലാം കാർഡ്ബോർഡും കടലാസ്സും കൊണ്ടുണ്ടാക്കപ്പെട്ടവയാണെന്നു മനസ്സിലാകും. എല്ലാം പൊള്ളയാണെന്നു തന്നെയല്ല പിൻഭാഗം ഉണ്ടായിരിക്കയുമില്ല. ഇങ്ങിനെതന്നെയാണ് സാക്ഷാൽ ഹോളിവുഡും അവിടത്തെ ജീവിതരീതിയും.

31. മംഗളം

ഞാൻ അമേരിക്കാ വിടുന്നു—നവലോകാദർശങ്ങൾ—പരിശ്രമശീലം—"ആനയെ ഇനിയും വലുതാക്കണം"—"സർവ്വശക്തനായ ഡോളർ"—വിശ്വസമ്രാട്ടായ മനുഷ്യൻ.

"നാലുസംവത്സരത്തോളം അമേരിക്കരുടെ സ്നേഹസമ്പൂർണ്ണമായ ആതിഥ്യം സ്വീകരിച്ചു ന്യൂയോർക്കുനഗരത്തിലെ സംഭവബഹുലമായ ജീവിതത്തിൽ ഭാഗഭാക്കായശേഷം അവസാനമിതാ ഭാരതത്തിലേക്കു മടങ്ങി യാത്ര ആരംഭിക്കാൻ "എമ്പ്രസ് ഓഫ് ബ്രിട്ടൺ" എന്നകപ്പലിന്റെ ഡെക്കിൽ ഞാൻ നിലകൊള്ളുന്നു. ചില മാന്യസ്നേഹിതന്മാരും സ്നേഹിതകളും എന്നെ യാത്ര അയയ്ക്കാൻ വന്നിട്ടുണ്ടു്. യാത്രാമദ്ധ്യേ ഭക്ഷിക്കുന്നതിനു മധുരസാരങ്ങളും ബിസ്കറ്റും, വായിക്കാൻ പുസ്തകങ്ങളും, അവരേയും നാടിനേയും സദാ അനുസ്മരിക്കുന്നതിനു വിവിധ വിശിഷ്ടസമ്മാനങ്ങളും അവർ എനിക്കു തരികയുണ്ടായി. ഒരു വിദേശീയനായ എന്നോടു ഇത്രത്തോളം സ്നേഹാദരവു പ്രകടിപ്പിച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. കൃഷ്ണവർണ്ണനായതുകൊണ്ടു് അപൂർവ്വമായി ചില സന്ദർഭങ്ങളിൽ എനിക്കു നേരിട്ട അവമാനങ്ങൾ ഈ അവസാന നിമിഷങ്ങളിൽ ഞാൻ വിസ്മരിച്ചു. അവിടെ എന്റെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുവേണ്ട പതിനയ്യായിരംരൂപാ സ്വപ്രയത്നംകൊണ്ടു സമ്പാദിക്കുന്നതിനു സൌകര്യങ്ങൾ പ്രദാനംചെയ്ത അമേരിക്കയെ ഞാൻ നമസ്കരിച്ചുപോയി. ആ നാട്ടുകാർക്കു വല്ല ദോഷങ്ങളും ഉണ്ടെങ്കിൽതന്നെ അവരോടുള്ള എന്റെ കൃതജ്ഞതയുടെ പാരമ്യത്തിൽ അവ ലയിച്ചുപോകയും ചെയ്തു...............

അടുത്തതായി ഞാൻ ഓർമ്മിക്കുന്നതു കപ്പലിലെ എഞ്ചിൻപ്രവൃത്തി ആരംഭിക്കുന്ന തഡ് തഡ് എന്ന ശബ്ദഘോഷമായിരുന്നു. അമേരിക്കയെ വീണ്ടും സന്ദർശിക്കണമെന്നുള്ള അഭ്യർത്ഥനയോടെ എന്റെ സ്നേഹിതർ യാത്രപറഞ്ഞു പിരിഞ്ഞു. നാഗരീകതയിൽ പരമകാഷ്ഠയെ പ്രാപിച്ച ഐക്യനാടു വീണ്ടും ഒന്നു ദർശിക്കാനുള്ള ഭാഗ്യം എനിക്കുണ്ടാകുമോ ?........ ......

ഹിമവൽ പർവ്വതപംക്തികൾകണക്കെ അവിടെയുള്ള അംബരചുംബികളായ സൌധങ്ങൾ വീണ്ടും എന്റെ നയനങ്ങളിൽ പതിഞ്ഞു. ന്യൂയോർക്കുതുറമുഖം ഇദംപ്രഥമമായി ദർശിച്ചപ്പോൾ കണ്ട ആ മഹൽക്കാഴ്ചയെ കണ്ണെടുക്കാതെ അവസാനമായി ഞാൻ കുറേനേരം നോക്കിനിന്നു....

മന്ദംമന്ദം ആരംഭിച്ച കപ്പലിന്റെ ഗതിവേഗം ക്രമേണ വർദ്ധിച്ചു തുടങ്ങി. നൂററിരണ്ടു നിലകളുള്ള എമ്പയർസ്റ്റേററ്ബിൽഡിങ്ങിന്റെ രജതഗോപുരവും ഒടുവിൽ അപ്രത്യക്ഷമായി. സംഭവബഹുലമായ അമേരിക്കയിലെ എന്റെ ജീവിതാനുഭവങ്ങളെയും തദ്ദേശവാസികളുടെ പരമാദർശങ്ങളെയുംകുറിച്ചു ചിന്തിച്ചു കുറെസമയം നിശ്ചലനായി ഞാൻ നിലകൊണ്ടു.

അൻപതും നൂറും നിലകളുള്ള അംബരചുംബികൾ ചിതൽപുററുപോലെ താനെ ഉണ്ടായതാണോ? ഇവയൊന്നും വാഴപ്പിണ്ടികൊണ്ടു് ഉണ്ടാക്കപ്പെട്ടവയുമല്ല. ഈ മഹൽസ്ഥാപനങ്ങളിൽ അന്തർലീനമായിരിക്കുന്ന ശക്തി എന്തു്? ഇവയുടെ നിദാനങ്ങളായ ബുദ്ധിവൈഭവത്തിന്റെയും ഭാവനാശക്തിയുടെയും ഉത്ഭവസ്ഥാനം ഏതു്? തുറമുഖത്തിന്റെ നാലുപാടും നങ്കൂരം ഇട്ടു് അസംഖ്യം കപ്പലുകൾ അവിടെ എന്താവശ്യത്തിനായി കാത്തുകിടക്കുന്നു? "ഭൂലോകസ്വർഗ്ഗം" "തൊഴിലാളിസ്വർഗ്ഗം" എന്നീ അപരനാമങ്ങൾ ആ രാജ്യത്തിനു് എങ്ങിനെ സിദ്ധിച്ചു. ലോകത്തിൽ ആകെയുള്ള സ്വർണ്ണത്തിൽ സിംഹഭാഗവും അവിടെ എങ്ങനെ ചെന്നുചേന്നു? സമ്പൽസമൃദ്ധിയിൽ അദ്വിതീയമായി നിലകൊള്ളുന്ന രാഷ്ട്രം ഐക്യനാടാണല്ലോ. അവിടെ ഒരു പൌരന്റെ സ്വത്തു് ശരാശരി ഏഴായിരംരൂപായായിരിക്കെ ഭാരതത്തിൽ അതു നൂററിമുപ്പതുരൂപാ മാത്രമാണെന്നു ധനശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരിക്കുന്നു. ഇതിന്റെ രഹസ്യംഎന്തു്? പ്ലിനി എന്ന പൂർവ്വ ചരിത്രകാരൻ ഇൻഡ്യാസാമ്രാജ്യത്തെ ഒരു സ്വർണ്ണഖനിയോടു സാദൃശ്യപ്പെടുത്തിയെങ്കിലും ലോകത്തിൽ ആകെയുള്ള സ്വർണ്ണത്തിന്റെ എട്ടിൽ ഒരംശം മാത്രമേ ഇവിടെ ഇന്നു അവശേഷിച്ചിട്ടുള്ളു. ഇതിനു കാരണമെന്തു്?

ഹ്രസ്വകായന്മാർ നിവസിച്ചിരുന്ന ലില്ലിപുട്ടു സന്ദർശിച്ചപ്പോൾ വിശ്വസഞ്ചാരിയായ ഗള്ളിവറിനുണ്ടായ അത്ഭുതത്തോടു തുല്യമായ ഒരു അനുഭവമാണു് അമേരിക്കാ കണ്ടശേഷം മററു രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ എനിക്കു് ഉണ്ടായതു്. ആനയും എറുമ്പുംപോലെയുള്ള വ്യത്യാസം നവലോകമായ അമേരിക്കയും പൌരാണികമായ ഹിന്ദുസ്ഥാനംതമ്മിൽ ഉണ്ടെന്നു് ആർക്കും ബോദ്ധ്യമാകുന്നതാണു്. അവിടെ ഒരു തൊഴിലാളിയുടെ പ്രതിദിനവരുമാനം പത്തുരൂപായും ഇവിടെ നാലണയുമാണല്ലോ. പട്ടും വിലപിടിച്ച മററുപല സാധനങ്ങളും ഒരുകാലത്തു് ഇൻഡ്യയിൽനിന്നു പാശ്ചാത്യരാജ്യങ്ങളിലേക്കു കയററുമതിചെയ്തി

രുന്നു. എന്നാൽ ആധുനികകാലങ്ങളിലാകട്ടെ അസംസ്കൃതസാധന ങ്ങൾമാത്രം അയച്ചു പകരം അമേരിക്കാ മുതലായ വ്യാവസായികരാജ്യ ങ്ങളിൽനിന്നു മോട്ടാർകാർ ടൈപ്പ്റൈറ്റർ മുതലായ യന്ത്രസാമഗ്രിക ളും, വാച്ച്, ടോർച്ച് മുതലായ ചില്ലറ ഉപകരണങ്ങളും നാം ഇറക്കുമ തിചെയ്യുന്നു. ഇവ നമ്മുടെ സാധാരണ ജീവിതരീതിയിൽ അത്യന്താപേ ക്ഷിതങ്ങളായിരിക്കുന്നല്ലോ. മേശ കസേര കട്ടിൽ എന്നിവയ്ക്കു പുറമേ പരിഷ്കാരചിഹ്നങ്ങളായ റേഡിയോ, എലക്ട്രിക്‌ലൈറ്റ്, എലക്ട്രി ക്‌ഫാൻ, ടെലഫോൺ ആദിയായ അനവധി വിഭവങ്ങൾ അവിടത്തെ കൂലിക്കാരുടെ ഭവനങ്ങളിൽപ്പോലും സജ്ജീകരിച്ചിട്ടുണ്ട്. നാലുപേർക്ക് വീതം ഒരു കാർ അവിടെയുണ്ടത്രെ! കൂലിക്കാർ ജോലിസ്ഥലത്തു പോ കുന്നതു സ്വന്തം കാറിലാണ്. ആദ്ധ്യാത്മികസംസ്കാരത്തിലും യോഗാ ഭ്യാസങ്ങളിലും ബദ്ധശ്രദ്ധരായിരിക്കുന്ന ഭാരതസന്താനങ്ങൾക്ക് ഇതെ ല്ലാം നിസ്സാരങ്ങളായ ഭൗതികഭോഷ്കുകൾ മാത്രമെന്നു തോന്നുമായിരി ക്കും. മാംസം മത്സ്യം മുട്ട പാൽ മുതലായ പോഷകപദാർത്ഥങ്ങൾ അവി ടെയുള്ള സാധുക്കൾക്കുടി സാധാരണയായും ധാരാളമായും ഭക്ഷിക്കുന്നു. താമസിക്കുന്നതിനു് അവക്കു കൊട്ടാരതുല്യമായ ഭവനങ്ങൾ, ധരിക്കുന്ന തിനു പട്ടും കമ്പിളിയുംകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങൾ! അമേരിക്കരെപ്പോ ലെ ഭോഗസുഖങ്ങൾ അനുഭവിക്കുന്ന വേറൊരുകൂട്ടർ ഭൂമുഖത്തുണ്ടായെ ന്നു സംശയമാണ്. താരതമ്യേന ആ നാട്ടിൽദാരിദ്ര്യമില്ലെന്നു സമർത്ഥി ക്കാം. എന്നാൽ നാമോ അർദ്ധപട്ടിണിക്കാരായ ദരിദ്രനാരായണന്മാർ! വയറുനിറച്ചു് വിശപ്പടക്കാൻ ദിവസം ഒരുനേരംപോലും ആഹാരം കിട്ടാതെ എത്രലക്ഷംജനങ്ങൾ ഭാരതത്തിലും ചൈനയിലും ഉഴലുന്നു! ഒരു അമേരിക്കന്റെ ശരാശരി ജീവിതദൈർഘ്യം അൻപതുവർഷവും നമുക്ക് ഇരുപത്തഞ്ചുവർഷവുമായിരിക്കുന്നതു് ഈ വ്യത്യാസങ്ങളുടെ പരിണാമമല്ലയോ?

ഐക്യനാട്ടിലെ വിവിധങ്ങളായ ഈ നേട്ടങ്ങൾ യാദൃച്ഛിക മായി ആവിർഭവിച്ചതാണോ? കരുണാനിധിയായ ഒരു ദേവത രാത്രി യിൽ വന്നു് ഇവയെല്ലാം ദത്തംചെയ്തശേഷം അപ്രത്യക്ഷയായതാ ണോ? ഒന്നുമല്ല. മഞ്ഞുകാലങ്ങളിൽ മഞ്ഞുകൊണ്ടു വിറച്ചും, വേന ല്ക്കാലങ്ങളിൽ വെയിൽഏററു് വിയർത്തൊലിച്ചും വിശ്രമരഹിതരായി അദ്ധ്വാനിച്ചതിന്റെ ഫലമാണു മഹത്തായ ഈ നേട്ടങ്ങൾ. പരിശ്ര മവും അദ്ധ്വാനവും ആകുന്നു അവരുടെ ശാശ്വതവിജയത്തിന്റെ പര മരഹസ്യം.

ഐക്യനാട്ടിൽ ഇന്നു കാണുന്നതെല്ലാം നൂററിയൻപതുവർഷം മാത്രം അവർ പ്രവർത്തിച്ചതിൻെറ ഫലമാണ്. ഒരു രാഷ്ട്രത്തിൻെറ ചരിത്രത്തിൽ നൂററിയൻപതുവർഷം സ്വപ്നസമമാണല്ലോ. അമേരിക്കാഭൂഖണ്ഡത്തെ പതിനഞ്ചാംശതകത്തിൽ കണ്ടുപിടിച്ചെങ്കിലും നൂറുവർഷത്തേക്കു യൂറോപ്യന്മാർ അപൂർവമായിട്ടേ അവിടെ കുടിയേറിപ്പാർക്കുന്നതിന് ഉദ്യമിച്ചുള്ളു.

ഫലപുഷ്ടിയുള്ള ആ അർദ്ധഗോളവും അതിലുള്ള വിവിധവിഭവങ്ങളും ലോഹദ്രാവകഖനികളും അവിടുത്തെ ആദിമനിവാസികളായ റെഡ്ഇൻഡ്യാക്കാരുടെ ആധിപത്യത്തിൽതന്നെ സ്ഥിതിചെയ്തിരുന്നു. എന്തു പ്രയോജനം? ഗതിയില്ലാതെ അലഞ്ഞുതിരിഞ്ഞു കടൽകടന്ന് അവിടെ അഭയംപ്രാപിച്ച യൂറോപ്യന്മാർ തങ്ങളുടെ പരിശ്രമശീലവും ബുദ്ധിവൈഭവവും അല്ലാതെ വേറൊന്നും അവിടെ കൊണ്ടുചെന്നിരുന്നില്ല. ഈ പരിശ്രമശീലവും ബുദ്ധിവൈഭവവും ആ നാട്ടിലെ അസംസ്കൃതസാധനങ്ങളിൽ പ്രയോഗിച്ചപ്പോൾ അമേരിക്കാഖണ്ഡത്തിന് എന്തൊരു രൂപാന്തരമാണ് ഉണ്ടായിരിക്കുന്നതു്!

വെള്ളക്കാർ ആദ്യം അമേരിക്കയുടെ കിഴക്കൻപ്രദേശങ്ങളിൽ കുടിപാർത്തു ക്രമേണ ഒരു ശതവർഷംകൊണ്ടു പടിഞ്ഞാറോട്ടു പുരോഗമിച്ചു പെസഫിക്ക്മഹാസമുദ്രതീരംവരെ പടർന്നു. ഇതു് അതിദുർഘടമായ ഒരു പര്യടനമായിരുന്നു. പുത്രകളത്രാദികളെ വണ്ടിയിൽ കയററിയും പുരുഷന്മാർ കാൽനടയായും ചിലപ്പോൾ അശ്വാരൂഢരായുമാണ് ഈ വിദൂരയാത്ര പൂർത്തിയാക്കിയതു്. യാത്രാമദ്ധ്യേ അവർക്കുണ്ടായ ക്ലേശങ്ങൾ അനവധിയും അവർണ്ണനീയവുമായിരുന്നു. വിഷംകലർത്തിയ അമ്പുകൾ എയ്തു് റെഡ്ഇൻഡ്യാക്കാർ അനേകായിരം വെള്ളക്കാരെ സംഹരിച്ചു. എന്നാൽ തോക്കും വെടിമരുന്നും കൈയിലുള്ള യൂറോപ്യന്മാർതന്നെ അവസാനത്തിൽ വിജയികളായി. വനങ്ങളും, നദികളും, മണലാരണ്യങ്ങളും, തരണംചെയ്തു ക്രൂരമൃഗങ്ങളേയും സർപ്പങ്ങളേയും കൊന്നൊടുക്കി അററ്ലാൻറിക്ക്മഹാസമുദ്രം മുതൽ പെസഫിക്ക്മഹാസമുദ്രംവരെയും, മെക്സിക്കൻ ഉൾക്കടൽ മുതൽ ആർക്ടിക്ക് ശൈത്യസമുദ്രംവരെയും ഉള്ള സകല ഭൂവിഭാഗവും അവർ കൈവശപ്പെടുത്തി. ഇതാണു ചുരുക്കത്തിൽ അമേരിക്കരുടെ കാവ്യസമമായ ചരിത്രം. പൂർവ്വികന്മാരിൽ വിളയാടിയ പരാക്രമവും പരിശ്രമശീലവും ഇന്നും അവരുടെ രക്തസിരകളിൽക്കൂടെ പ്രവഹിച്ചു

നവംനവങ്ങളായ ഉദ്യമങ്ങളിലേക്കു സദാ അമേരിക്കരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

പൌരസ്വാതന്ത്ര്യത്തിനുവേണ്ടി കാഹളധ്വനിമുഴക്കി ഭരണകർത്താക്കളായ ബ്രിട്ടീഷ്കാരോടു ഇവർ പതിനെട്ടാംശതകത്തിൽ പടവെട്ടി. ഒടുവിൽ വിജയം കരസ്ഥമാക്കി ജനാധിപത്യഭരണം സ്ഥാപിച്ചു രാഷ്ട്രീയ സ്വാതന്ത്ര്യം പ്രഖ്യാപനംചെയ്തു ലാലസിക്കുന്നു. പല ആഭ്യന്തരകലഹങ്ങൾക്കുശേഷം അമേരിക്കയിലെ നാല്പത്തിഎട്ടു വിഭാഗങ്ങളും സംഘടിച്ചു് ഐക്യനാടു് എന്ന നാമധേയവും സ്വീകരിച്ചു. ജനതയുടെ ഇടയിൽ ഐക്യവും ഐശ്വര്യവും ക്രമേണ വർദ്ധിച്ചു. തുലോം ചുരുങ്ങിയ കാലത്തിനുള്ളിൽ ഭീമമായ ഒരു യുദ്ധത്തിൽ വിജയോദർക്കമാകുംവണ്ണം സമരംചെയ്യുകയും, കൃഷിയിൽമാത്രം വ്യാപരിച്ചിരുന്ന ആ ദേശം തേനീച്ചക്കൂട്ടുപോലെ വ്യവസായങ്ങൾകൊണ്ടു നിറയ്ക്കുകയും, 1914-ലെ മഹായുദ്ധത്തിനുമുമ്പു കടക്കാരായിരുന്നവർ, അതിനുശേഷം കൊഴുത്ത ധനാഢ്യരായി പരിലസിക്കയും ചെയ്യുന്നു. ഇതാണ് ആധുനിക അമേരിക്കയുടെ ചരിത്രസംക്ഷേപം.

ഭാരതീയരോടു താരതമ്യപ്പെടുത്തിയാൽ വെള്ളക്കാർക്കു കൂടുതൽ ബുദ്ധികൂർമ്മയുണ്ടെന്നുപറയാൻ നിവൃത്തിയില്ല. എന്നാൽ നാം അധഃപതിക്കുമ്പോൾ അവർ വിജയം വരിക്കുന്നതു് എന്തുകൊണ്ടാണെന്നു ചിന്തിക്കുക. അവരുടെ പരിശ്രമശീലം ഒന്നുകൊണ്ടുമാത്രം. ഇതിനുപുറമേ, വേണ്ട മനഃസ്ഥൈര്യവും സ്വഭാവസംസ്കാരവും അവർക്കുണ്ടു. അവരെപ്പോലെ ബുദ്ധിമുട്ടി ജോലിചെയ്യുന്നവർ ഭൂലോകത്തിൽ വേറെ കാണുമോ എന്നു സംശയമാണു്. കർമ്മക്ഷമതയെ അഭിനവദേവതയായി അവർ ആരാധിക്കുന്നു. ഈ ദേവതയുടെ നാമത്തിൽ മുതലാളികൾ തൊഴിലാളികളെ ചൂഷണംചെയ്തു് അവരുടെ രക്തംപിഴിഞ്ഞു് എടുക്കുന്നുണ്ടായിരിക്കാം. എന്നാൽ മുതലാളികൾപോലും അദ്ധ്വാനികളാകുന്നു. നമ്മുടെ പ്രഭുക്കന്മാർക്കുള്ളതുപോലെ കൈയിൽ വെള്ളം ഒഴിക്കാനും വെററില തെറുത്തു വായിലിട്ടുകൊടുക്കാനും പ്രത്യേകം പരിചാരകന്മാർ അവർക്കു് ആവശ്യമില്ല. ഉപജീവനത്തിനായി ഏതെങ്കിലും ഒരു തൊഴിൽ അഭ്യസിക്കുന്നതിനു-വേണ്ടിവന്നാൽ കൂലിവേല ചെയ്യുന്നതിനും—അവർക്കു മടിയില്ല. യൂറോപ്പിലെ തൊഴിലാളികളുടെ സന്താനങ്ങളായതുകൊണ്ടായിരിക്കാം അവർക്കു് ഈ ചാരിത്രം സിദ്ധിച്ചിട്ടുള്ളതു്.

ചാരിത്രം എന്നാൽ എന്താകുന്നു ? വിഷയാസക്തികൾ വർജ്ജിച്ചു പരിപാവനമായ ജീവിതരീതി നയിക്കുന്നതാണു ചാരിത്രം എന്നു നാം പറയുന്നു. അമേരിക്കയിലും ഈ പദത്തിനു് ഇതേ അത്ഥം തന്നെയാണുള്ളതു്. എന്നാൽ അതിനു വേറൊരു അത്ഥംകൂടി അവർ കല്പിക്കുന്നുണ്ടു്. വാക്കുപാലിക്കുന്നവരേയും "നേരേ വാ നേരേ പോ" എന്ന മനഃസ്ഥിതിയുള്ളവരേയും കുറിക്കുന്നതിനു് ഈ പദം ഉപയോഗിക്കാറുണ്ടു്. ചതിവും സൂത്രവും പകിട്ടും വക്രതയും നമ്മെ അപേക്ഷിച്ചു വെള്ളക്കാക്കു് തുലോം കുറവുതന്നെ. സ്വരാജ്യത്തോടും നാട്ടുകാരോടും അവക്കുള്ള സ്നേഹം അപാരമാണു്. ഈ വിശേഷഗുണങ്ങളുടെ അഭാവംനിമിത്തം ഭാരതം അധഃപതിച്ചിരിക്കുന്നു: എന്നാൽ അവയുടെ അനുഗ്രഹംകൊണ്ടു് അമേരിക്കാ സർവ്വദാ പുരോഗമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

കള്ളക്കമ്പനികൾ ആ രാജ്യത്തിൽ ധാരാളമുണ്ടായിരിക്കാം; എന്നാൽ മനുഷ്യരിൽ കാണേണ്ട പരസ്പരവിശ്വാസം തീരെ നശിച്ചിട്ടില്ല. അതുകൊണ്ടു പുതിയ കമ്പനികൾ തുടങ്ങാനും ഓഹരികൾ വില്ക്കാനും അവിടെ കൂടുതൽ സൗകര്യമുണ്ടു്. ഈ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണു ലോകത്തിൽ ഏററവും സ്വത്തുള്ള ചെയിസ് നാഷനൽബാങ്കു്, സ്റ്റാൻഡേർഡ് ഓയിൽകമ്പനി, ജനറൽ എലക്ട്രിക്കമ്പനി മുതലായ മഹൽസ്ഥാപനങ്ങൾ നിലനിന്നുവരുന്നതു്. ഈ കമ്പനികളിലെ ഓഹരികൾ ലക്ഷോപലക്ഷം ആളുകളുടെ ഉടമസ്ഥതയിൽ ഇരിക്കുന്നു.

പരസ്പരവിശ്വാസം പുലത്തുന്നതിനു് അമേരിക്കർ എത്ര ജാഗരൂകരാണെന്നു ഒരു സംഭവം വെളിപ്പെടുത്തി. ഒരു ബാങ്കു പൊളിഞ്ഞു; അനേകായിരം നിക്ഷേപകന്മാരുടെ സമ്പാദ്യം വെള്ളത്തിലായി. ഇക്കൂട്ടത്തിൽ വിദ്യാത്ഥികളും ഉൾപ്പെട്ടിരുന്നു. പൊതുസ്ഥാപനങ്ങളിലും മനുഷ്യനിലും ഉള്ള വിശ്വാസം ബാലഹൃദയങ്ങളിൽനിന്നു് നശിച്ചുപോകുമെന്നു ഭയന്ന ഒരു ധനികൻ ആ ബാങ്കിൽചെന്നു കുട്ടികളെ വരുത്തി പാസ്സുബുക്കുപ്രകാരം അവക്കു ചെല്ലാനുണ്ടായിരുന്ന സംഖ്യ പലിശസഹിതം കൊടുത്തുതീക്കയുണ്ടായി.

വലിയ വ്യവസായശാലകളും കമ്പനികളും രൂപവൽക്കരിക്കാൻ അമേരിക്കക്കുള്ള പാടവം ഉദാഹരിക്കുന്ന ഒരു കഥ പറയട്ടെ. ഫ്രഞ്ചു്, സ്കോച്ചു്, ജമ്മൻ, അമേരിക്കൻ എന്നീ വിദ്യാത്ഥികളടങ്ങിയ ഒരു കോളജ്ജുക്ലാസ്സിൽ ആനയെക്കുറിച്ചു് ഒരു ഉപന്യാസം എഴുതുവാൻ കൊടു

ത്തത്രെ. ഓരോ നാട്ടുകാരുടെ പ്രത്യേക വാസനയനുസരിച്ചു ഫ്രെഞ്ചുകാരൻ "ആനയുടെ പ്രണയകഥകൾ," സ്കോച്ചുകാരൻ "ആനയും മിതവ്യയവും," ജർമ്മൻകാരൻ "ആനയും നാസ്തിതത്വങ്ങളും" എന്നി പ്രൗഢപ്രബന്ധങ്ങൾ തയ്യാറാക്കി. എന്നാൽ ആനയെക്കുറേക്കൂടി വലുതാക്കാനുള്ള മാർഗ്ഗങ്ങളെപ്പററിയാണു നമ്മുടെ അമേരിക്കൻയുവാവു പ്രതിപാദിച്ചതു്. ഓരോന്നും പർവ്വതാകൃതിയിൽ സൃഷ്ടിക്കാനുള്ള ചൈതന്യം അവരിൽ സ്ഫുരിക്കുന്നു. കോടിക്കണക്കിനു നിർമ്മിക്കണം, കോടിക്കണക്കിനു വില്ക്കണം, കോടിക്കണക്കിനു സമ്പാദിക്കണം എന്നാണു് അവരുടെ ജീവിതപല്ലവി.

അമേരിക്കക്കു ആസ്തികത്വം കുറവായിരിക്കാം. പക്ഷെ ദേവാലയങ്ങൾ, അനാഥശാലകൾ, ആശുപത്രികൾ, ഗ്രന്ഥശാലകൾ, സർവ്വകലാശാലകൾ മുതലായ സ്ഥാപനങ്ങൾക്കു് അവർ സംഭാവനചെയ്യുന്നതു് കോടിക്കണക്കിനാണു്. ഈ കാര്യം ചില ഉദാഹരണങ്ങൾ സഹിതം മുൻ അദ്ധ്യായങ്ങളിൽ സ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. എന്നാൽ കുബേരനായ റോക്ക്ഫെല്ലർകൂടി ഒററക്കാശു നേരിട്ടു ധർമ്മം കൊടുക്കുമെന്നു വിചാരിക്കേണ്ട. വരുമാനത്തിൽ ഒരു ക്ലിപ്തശതമാനം ധർമ്മവിഷയങ്ങൾക്കു മാററിവെച്ചു് അതു് ഒരു ട്രസ്റ്റിനെ ഏല്പിക്കയല്ലാതെ ഭിക്ഷക്കാർക്കു ഒന്നോ രണ്ടോ കാശോ കുറെ അരിയോ കൊടുക്കുന്ന സമ്പ്രദായം പാശ്ചാത്യർ അനുകരിക്കാറില്ല.

കൊള്ളക്കാരും കള്ളന്മാരും 'ഭ്രാന്തന്മാരും' അമേരിക്കയിൽ അനവധിയുണ്ടു്. എങ്കിലും ഭൂരിപക്ഷം ജനങ്ങളും ദയാലുക്കളും പരോപകാരികളും ഗുണവാന്മാരും ആകുന്നു. എന്തെങ്കിലും ആപത്തിലോ പ്രയാസത്തിലോ അകപ്പെടുന്നവരെ സർവ്വാത്മനാ സഹായിക്കാൻ അവർ സന്നദ്ധരാണു്. ഈ കാര്യം എനിക്കു് ഒരിക്കൽ നേരിട്ടു് അനുഭവപ്പെട്ടു. ഒരു രാത്രിയിൽ പെട്രോൾ തീർന്നുകൊണ്ടു ഞങ്ങൾ ഓടിച്ചുപോയ മോട്ടാർകാർ ഇടയ്ക്കിടെ നിന്നുതുടങ്ങി. പെട്രോൾപമ്പുവരെ എങ്ങനെ എത്തും എന്നു വിഷമിച്ചിരിക്കവെ പെട്ടെന്നു് ഒരു കാർ പുറകേവന്നു ഞങ്ങളുടെ കാറിനെ ഉന്തി പെട്രോൾപമ്പുവരെ തള്ളിക്കൊണ്ടുചെന്നാക്കി. ഇത്രയും ചെയ്തശേഷം ആ കാർ ഇരുട്ടത്തു മറയുകയുംചെയ്തു. അജ്ഞാതമായി സഹായിച്ചതു് ആരെന്നു ഞങ്ങൾക്കറിയാൻസാധിച്ചില്ല; ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കുവാൻ കാത്തതുമില്ല.

പരസ്പരസഹായാർത്ഥമുള്ള മനസ്ഥിതിയുടെ ഫലമായി ഐക്യനാട്ടിൽ 'ഹിച്ച് ഹൈക്കിങ്ങ്" എന്നൊരു സ്വാതന്ത്ര്യസഞ്ചാരപദ്ധതി ആവിർഭവിച്ചിട്ടുണ്ട്. യാത്രച്ചെലവിനു പണമില്ലെങ്കിൽ പ്രധാന വീഥികളിൽനിന്നു കയ്യ്കാണിച്ചാൽ ആ വഴിയെ പോകുന്ന മിക്ക കാർഉടമസ്ഥന്മാരും വണ്ടിനിറുത്തി ആളുകളെ വെറുതെ കയററിക്കൊണ്ടുപോകുന്നു. ന്യൂയോക്കുമുതൽ സാൻഫ്രാൻസിസ്കോവരെ—ഉദ്ദേശം നാലായിരംനാഴികദൂരം— ഒരു പ്രയാസവുംകൂടാതെ രണ്ടുമൂന്ന് ആവർത്തി യാത്രചെയ്ത വിദ്യാർത്ഥികളെ ഞാൻ അറിയും. ചിലപ്പോൾ മോട്ടാർഉടമസ്ഥന്മാർ ഹോട്ടലിലോ വീട്ടിലോ കൊണ്ടുപോയി അവരെ സൽക്കരിക്കാറുമുണ്ട്.

ഇഹലോകവാസാനന്തരം വേറൊരു ജീവിതമുണ്ടോ എന്നു സംശയിക്കുന്ന അമേരിക്കർ ഇവിടെവെച്ചുതന്നെ സകല സുഖസന്തോഷങ്ങളും ആസ്വദിക്കാൻ ധൃതികൂട്ടുന്നതിൽ അതിശയിക്കാനില്ല. അതുപോലെ എപ്പോൾ മരണം വന്നു പിടികൂടുമെന്നു അറിയാൻ നിർവാഹമില്ലാത്തതുകൊണ്ടു ജീവിതത്തിലെ താളമേളങ്ങളെല്ലാം ഒന്നിച്ചു ആഘോഷിക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ടാകാതിരിക്കയില്ല. ഇങ്ങനെ ദ്രുതഗതിയിലുള്ള ജീവിതരീതി സ്വീകരിക്കുന്നതിൽ പല അനിഷ്ടഫലങ്ങളും ഉത്ഭവിക്കുന്നു. മദ്യപാനം, ദുർനടപ്പ്, അകാലമരണം എന്നിവ പാശ്ചാത്യരാജ്യങ്ങളിൽ ക്രമാതീതമായി വർദ്ധിക്കുന്നതിൻെറ രഹസ്യം ഇതാണ്.

സഞ്ചാരപ്രിയരായ അമേരിക്കക്കു എല്ലാരാജ്യങ്ങളും കാഴ്ചകളും കാണണം. ഒരുമാസത്തിനുള്ളിൽ ഭൂലോകം പ്രദക്ഷിണംചെയ്തു സകലതും ഗ്രഹിക്കണം. ഇങ്ങനെ ഓടിനടന്നു എത്തിനോക്കുന്നതുകൊണ്ടു വിദേശങ്ങളിലെ പുറംകാഴ്ചകൾ കാണാമെന്നല്ലാതെ തദ്ദേശീയരുടെ സാമൂഹ്യമോ, രാഷ്ട്രീയമോ, മതപരമോ, ആയ സംസ്കാരത്തിൽ അന്തർലയിച്ചിരിക്കുന്ന പരമതത്വങ്ങൾ ഗ്രഹിക്കാൻ സാദ്ധ്യമാകയില്ലല്ലോ: ലോകസഞ്ചാരികളെ ഈ കാരണംകൊണ്ടു പലരും പരിഹസിക്കാറുണ്ട്. ആഗാഖാനെ പൂനിലാവിൽ കാണുന്നതാണു ഭാരതത്തിലെ ഏററവും മനോഹരകാഴ്ച എന്ന് ഒരു അമേരിക്കൻ അഭിപ്രായപ്പെട്ടതു് ഇതിനു മകുടോദാഹരണമാണ്. താജ്മഹാൾ എന്നതിനു ആഗാഖാൻ എന്നു തെററിയെന്നേയുള്ളു.

അമേരിക്കരുടെ ഈശ്വരൻ ധനമാണെന്നും, "സർവശക്തനായ ഡോളറി"നോടാണ് അവർ പ്രാർത്ഥിക്കുന്നതെന്നും സരസകവിയായ

വാഷിംഗ്ടൺ ഇർവിങ്ങ് പ്രസ്താവിച്ചിരിക്കുന്നു. ശരിയായ ശമ്പളം കൊടുത്താൽ ഏതൊരു അമേരിക്കനേയും എന്തു ജോലിക്കും കിട്ടും. പക്ഷെ അവൻെറ വമ്പിച്ച ശമ്പളം മുതൽക്കൂട്ടി ദുർമ്മാർഗ്ഗികളായ സന്താനങ്ങൾക്കു് നശിപ്പിക്കാനും ദീപാളികുളിക്കാനും അവൻ വിട്ടുകൊടുക്കുന്നില്ല. സമ്പാദിക്കുന്നതുപോലെ ചെലവാക്കുന്നു. കാലത്തു് ഒൻപതുമണിമുതൽ വൈകിട്ടു അഞ്ചുവരെ ശ്വാസംവിടാതെ ജോലിചെയ്തശേഷം രാത്രി വിനോദങ്ങളിൽ മുഴുകുന്നതിൽ അത്ഭുതമുണ്ടോ? നമ്മെപ്പോലെ ജോലിയും കളിയും കൂട്ടിക്കലർത്താറില്ല.

പൊതുനന്മക്കുവേണ്ടി വ്യക്തിപരമായ സ്വാതന്ത്ര്യം കുറെയൊക്കെ പരിത്യജിക്കാൻ സമ്മതമാണെങ്കിലും വേണ്ടപ്പോൾ പരിപാവനമായ തങ്ങളുടെ പൗരാവകാശങ്ങൾ സുരക്ഷിതമാക്കുന്നതിനു സധൈര്യം പോരാടാനും ത്യാഗങ്ങൾ അനുഭവിക്കാനും ജീവൻ ബലികഴിക്കാനും അവർ സദാ സന്നദ്ധരാണു്. അവരുടെ ഭവനം അവരുടെ കോട്ടയും കൊട്ടാരവുംകൂടിയാണു്. സ്വകാര്യവസ്തുഉടമസ്ഥാവകാശം ഈശ്വരദത്തമായ ഒരു സ്ഥാപനമായി അവർ കരുതുന്നു. പ്രധാനോദ്യോഗസ്ഥനായ പ്രസിഡണ്ടിൻെറ സ്ഥാനംവരെയുള്ള സകല പൗരാവകാശങ്ങളും അവർക്കുള്ളതാണെന്നുള്ള ബോധം അവരുടെ മനസ്സിൽ സദാ ജ്വലിക്കുന്നു. ജനനംകൊണ്ടു മാത്രമുള്ള മഹിമയോ, കുലംകൊണ്ടു മാത്രമുള്ള യശസ്സോ അവർ ആദരിക്കാറില്ല. ഒരാൾ പ്രസിഡണ്ടോ കോടീശ്വരനോ ആകുന്നില്ലെങ്കിൽ അയാൾ തന്നത്താൻ കുററപ്പെടുത്തുകയല്ലാതെ അന്യരേയോ വിധിയേയോ ശപിക്കാറില്ല.

സന്തുഷ്ടരായി കഴിഞ്ഞുകൂടുന്ന പാശ്ചാത്യരെ വെറും ഭൗതികവാദികളായിട്ടാണു പൗരസ്ത്യർ പലരും ഗണിക്കാറുള്ളതു്. എന്നാൽ സ്വയം പ്രകീർത്തിതമായ നമ്മുടെ ആദ്ധ്യാത്മികജീവിതത്തെക്കാൾ എത്രയോ ഉൽകൃഷ്ടമാണു് അവരുടെ ഭൗതികജീവിതാദർശങ്ങൾ!

ഉന്നതവിദ്യാഭ്യാസാർത്ഥം പാശ്ചാത്യരാജ്യങ്ങളിൽ പോകുന്ന യുവാക്കളോടും പശ്ചാത്യസമ്പ്രദായങ്ങൾ അനുകരിക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരികളോടും എനിക്കു് ഒരു അഭ്യർത്ഥനയേ ഉള്ളൂ. യൂറോപ്യന്മാരുടെ ദോഷവശങ്ങൾ മാത്രം കണ്ടുപഠിക്കാതെ ഗുണാംശങ്ങൾകൂടി മനസ്സിലാക്കിയാൽ ഭാരതസാമ്രാജ്യത്തിനു് വലിയ പ്രയോജനമായിരിക്കും. വിസ്കികുടിക്കുന്നതുകൊണ്ടോ, ഹാററ് ധരിക്കുന്നതുകൊണ്ടോ ഭാരതത്തിലെ പുരുഷന്മാർ സായ്പന്മാരും, പൌഡർ ഇടുന്നതുകൊണ്ടോ കൈയില്ലാത്ത ബ്ളൗസു ധരിക്കുന്നതുകൊണ്ടോ നമ്മുടെ സ്ത്രീകൾ മദാമ്മമാരും ആകുന്നില്ല.

അമേരിക്കരുടെ—പാശ്ചാത്യരുടെ—അനശ്വരമായ സിദ്ധാന്തങ്ങൾ എന്താണെന്നു പരിശോധിക്കാം.

മനുഷ്യബുദ്ധിക്കു അസാദ്ധ്യമായി യാതൊന്നുമില്ല. മത്സ്യത്തെപ്പോലെ ജലത്തിലും പക്ഷിയെപ്പോലെ ആകാശത്തിലും അവനു സഞ്ചരിക്കാൻ സാധിക്കുന്നു. അവന്റെ നിർമ്മാണശക്തിയും ബുദ്ധിയും അപാരമെന്നേ പറയാനുള്ളു. വിധിയെയും മരണത്തെയും ഒരുപോലെ അവൻ വെല്ലുവിളിച്ചു അസാദ്ധ്യമെന്നു വിചാരിക്കുന്ന പലതും സാദ്ധ്യമാക്കുന്നു. അമേരിക്കയിൽനിന്നു യൂറോപ്പിലേക്കു യുവാവായ കർന്നൽ ലിണ്ട്ബർഗ്ഗ് പുറപ്പെട്ട ഏകാന്ത വ്യോമയാത്ര ഇതിനെ ഉദാഹരിക്കുന്നു. തന്നിൽത്തന്നെ വിശ്വസിക്കുക, തന്നിൽത്തന്നെ ആശ്രയിക്കുക എന്നാണ് അവന്റെ പ്രമാണം.

ഉത്തരവാദിത്വബോധം, പരിശ്രമശീലം, സഹകരണം, സത്യസന്ധത, ധൈര്യം—സദാ ധൈര്യം എന്നീ സ്വഭാവവിശേഷങ്ങൾ അവനിൽ പ്രകാശിക്കുന്നു. ലോകത്തിന്റെ യജമാനൻ മനുഷ്യനാണെന്നും, അവനല്ലാതെ വിധിനിർമ്മാതാവായി വേറെ ആരും ഇല്ലെന്നുമുള്ള പ്രൌഢഗംഭീരമായ ആത്മാഭിമാനം അവനിൽ എപ്പോഴും പ്രോത്സാഹജനകമായി വർത്തിക്കുന്നു. അമേരിക്കരുടെ സംസ്കാരവും ശ്രേയസ്സും ഈ മഹനീയാദർശങ്ങളിൽ പാറമേലെന്നപോലെ സുസ്ഥാപിതമായിരിക്കുന്നു.

കേരളസാഹിത്യ
അക്കാദമി